

ഖുത്ബ്ബ:
റവീൽ ബുഖാറെയോവ് സാഹിബ് :
അനുസ്മരണം

# സത്യദൂതൻ

2012 ഫെബ്രുവരി | ലക്കം 2 വില ₹ 20




## നബിദിനവും
### അതിന്റെ പശ്ചാത്തലവും

## അറബ് വസന്തം

## വിശുദ്ധ ഖുർആനിൽ നിന്ന്



വിശ്വസിക്കുകയും സൽക്കർമങ്ങൾ അനുഷ്ഠിക്കുകയും മുഹമ്മദിൽ ഇറക്കപ്പെട്ടതിൽ - അവരുടെ നാഥനിൽ നിന്നുള്ള സത്യമാണത് - വിശ്വസിക്കുകയും ചെയ്തവരാരോ, അവരുടെ തിന്മകൾ അവരിൽ നിന്ന് അകറ്റുകയും അവരുടെ സ്ഥിതി നന്നാക്കിത്തീർക്കുകയും ചെയ്യുന്നതാണ്. **(47: 3)**

## നബിവചനം



നബിതിരുമേനി(സ) തന്റെ വീട്ടിൽ എന്താണ് ജോലി ചെയ്തിരുന്നതെന്ന് ആയിശ (റ) യോട് ചിലർ ചോദിച്ചു. അവർ പറഞ്ഞു: നബി തിരുമേനി(സ) തന്റെ ഭാര്യമാരെ വീട്ടു ജോലികളിൽ സഹായിച്ചു കൊണ്ടിരിക്കും. നമസ്കാരത്തിന് സമയമായാൽ നമസ്കാരത്തിന് വേണ്ടി പള്ളിയിലേക്ക് പോകുകയും ചെയ്യും. **(ബുഖാരി)**

## വാഗ്ദത്ത മസീഹിന്റെ വചനം



### റസൂൽ തിരുമേനി(സ)യെ അവർ അറിയുന്നില്ല

നിർഭാഗ്യകരമെന്ന് പറയട്ടെ, മുസ്‌ലിംകളിൽ വലിയൊരു വിഭാഗം ദിവ്യാദ്ഭുതങ്ങളുടെ കാലഘട്ടം പണ്ടെന്നോ കഴിഞ്ഞുപോയി എന്ന് വിശ്വസിക്കുന്നു. ഇത് അവരുടെ ഭാഗ്യദോഷവും നഷ്ടബോധവും ആണ് കാണിക്കുന്നത്. യഥാർഥ ഇസ്‌ലാമിന്റെ ശ്രേഷ്ഠതകളും പരിപൂർണതകളും അതുപോലെതന്നെ റസൂൽ തിരുമേനി(സ)യെ അനുസരിക്കുന്നതിലും അനുഗമിക്കുന്നതിലും ഉണ്ടാകുന്ന മഹാത്മ്യങ്ങളും അവർ അറിയുന്നില്ല. ഈ പ്രഭാവങ്ങളും അനുഗ്രഹങ്ങളും പണ്ടു കഴിഞ്ഞുപോയി എന്നും ഇതൊന്നും ഇപ്പോൾ ഉണ്ടാവുന്നില്ല എന്നും ഇക്കൂട്ടർ കരുതുന്നു. ഇത്തരത്തിലുള്ള മൂഢവിശ്വാസം കാരണമായി ഹദ്റത്ത് റസൂൽ തിരുമേനി(സ)യെ അനുസരിക്കുന്നതിലും അനുഗമിക്കുന്നതിലും ഉണ്ടാകുന്ന മഹാത്മ്യങ്ങളും അറിയുന്നില്ല. ഇത്തരത്തിലുള്ള മൂഢ വിശ്വാസം കാരണമായി ഇവർ റസൂൽ തിരുമേനി (സ)യുടെ മഹത്വത്തിന് മേൽ ആക്രമണം നടത്തുകയും ഇസ്‌ലാമിന് ദുഷ്പേരുണ്ടാക്കുകയും ചെയ്യുന്നു. **(മൽഫൂസാത്ത് വാ.6 പേ 276)**


The Sathyadoothan Monthly

لاالہ الااللہ محمد رسول اللہ

# സത്യദൂതൻ

2012 ഫെബ്രുവരി
ഹി.ശ.1390 - തബ്‌ലീഗ്
1433 റ.അവ്വൽ - റ.ആഖർ
പുസ്തകം 84 ലക്കം 2
വില 20 രൂപ

ഒരു നൂറ്റാണ്ടിനോടടുക്കുന്ന മലയാളത്തിലെ ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം



4 യുഗശബ്ദം

5 എഡിറ്റോറിയൽ



6
ഖുത്വ്ബ
**റവീൽ ബുഖാറെയോവ് സാഹിബ് : അനുസ്മരണം**
ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു..)




12
**നബിദിനവും അതിന്റെ പശ്ചാത്തലവും**
മൗലവി മുഹമ്മദ് ഇസ്മായീൽ, ആലപ്പുഴ

17
**ഹദ്റത്ത് അഹ്മദ് (അ) ജനനവും കുട്ടിക്കാലവും**
ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ്(റ)

19
**മുസ്‌ലിഹ് മൗഊദ് ദിനം**

20
**ഈസാനബി(അ)യുടെ അഭയ കേന്ദ്രം**
മഹ്മൂദ് കൽക്കുളം
ഭയാനകമായ പീഢനത്തിൽ നിന്നും കുരിശു മരണത്തിൽ നിന്നും  അല്ലാഹു ഈസാ നബി(അ)യെ രക്ഷപ്പെടുത്തുകയും കശ്മീർ ദേശത്ത് അഭയം നൽകുകയുമാണ് ചെയ്തത്. മുജാഹിദുകൾ പറയുന്നത് പോലെ മർയം ബീവി പ്രസവിക്കാൻ വേണ്ടി ഒരു മലയിലേക്ക് പോയ സംഭവമല്ല. ഖുർആൻ വചനങ്ങളുദ്ധരിച്ച് ലേഖകൻ ഇക്കാര്യം വിശദീകരിക്കുന്നു.



22
**അറബ് വസന്തം**
കൽപ്പേനി ജലാലുദ്ദീൻ
ദൈവ ഭക്തിയിലധിഷ്ഠിതമായ സാമൂഹിക മാറ്റങ്ങൾക്കേ സുസ്ഥിരമായ ശാന്തിയും സമാധാനവും വികസനവും കൊണ്ടു വരാൻ സാധ്യമാവുകയുള്ളൂ.



25
**ഭീതിജനകമായ  ചില ജലചിന്തകൾ**
എ. ക്യു. മഹ്ദി
ജീവനാധാരമായ ദൈവത്തിന്റെ അമൂല്യമായ ഈ അനുഗ്രഹത്തെ അതീവ ശ്രദ്ധയോടെ കൈകാര്യം ചെയ്യണമെന്ന സന്ദേശമാണ് ലേഖകൻ നൽകുന്നത്.



31
**അഹ്മദികൾ മുസ്‌ലിംകൾ തന്നെ**
ജസ്റ്റീസ്. വി ആർ കൃഷ്ണയ്യർ
അഹ്മദി ആയതിന്റെ പേരിൽ മതമുപേക്ഷിച്ചവനായി പ്രഖ്യാപിച്ച് ഏകപക്ഷീയമായി വിവാഹ മോചനം നടപ്പാക്കിയ ഖാസിയുടെ വിധിക്കെതിരെ 1971 ൽ കേരളാ ഹൈക്കോടതി ജഡ്ജിയായിരുന്ന ബഹുമാനപ്പെട്ട ജസ്റ്റിസ് കൃഷ്ണയ്യരുടെ കോടതി വിധി കഴിഞ്ഞലക്കത്തിൽ നിന്ന് തുടർച്ച

34
**അഹ്മദിയ്യാപ്രസ്ഥാനത്തിന്റെ ദിവ്യമായ ദൗത്യം**
സുകുമാർ അഴീക്കോട്
പ്രഗല്ഭ വാഗ്മിയായ സുകുമാർ അഴീക്കോട് 1989 ഏപ്രിൽ 1, 2 തീയതികളിൽ കണ്ണൂരിൽ വെച്ച് നടന്ന അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് സംസ്ഥാനസമ്മേളനത്തിൽ ചെയ്ത പ്രസംഗത്തിന്റെ പൂർണ രൂപം.

40
കുറിപ്പുകൾ
**ഭഗവദ്ഗീതയും റഷ്യയിലെ കോടതി വിധിയും**
മുസാഫിർ

42
**വാർത്തകൾ**



**സത്യദൂതൻ**
മസ്ജിദ് ഉമർ, സെന്റ്ബെനഡിക്ട് റോഡ്,
എറണാകുളം നോർത്ത്, കൊച്ചി-682018
email-sathyadoothan1@gmail.com

ചീഫ് എഡിറ്റർ
**എം. നാസിർ അഹ്മദ്**
**ഫോൺ:** 9497343704

എഡിറ്റർ
**എ. എം. മുഹമ്മദ് സലീം**
**ഫോൺ:** 8907182933
Email-salimqld@gmail.com

മാനേജർ
**എച്ച്. അഹ്മദ് ഷാഫി**
**ഫോൺ:** 8089574250

Printed & Published by B.B. Ahmad Kabeer, for the Kerala Ahmadiyya Muslim Jama-ath
Printed at Anaswara Offset, Perandoor Jn.,Elamakkara, Ernakulam-682 026.
Published at Masjid Umar, St. Benedict Road, Ernakulam, Kochi-18. Edited by A.M. Muhammed Salim. Design: Ziyad Rahman

# ചാരിത്ര്യ ശുദ്ധി

ഹദ്റത്ത് അഹ്മദ് (അ)



മനുഷ്യന്റെ വിചാര ഗതികളെയും അംഗവിന്യാസങ്ങളെയും സ്വഭാവഗുണങ്ങളെയും പ്രത്യേകമായി ഒറ്റ പദങ്ങൾ കൊണ്ട് വിവരിക്കുന്നതിനുമാത്രം പദബാഹുല്യമുള്ള അറബി ഭാഷയിൽ, അഹിംസാത്മക സ്വാഭാവത്തെ സമ്പാദിക്കുന്നതിന് ദൈവം നിർദേശിച്ചിട്ടുള്ള ധാർമിക ഗുണങ്ങൾ നാലു പ്രത്യേക നാമങ്ങളിലാണ് വിവരിക്കപ്പെട്ടിരിക്കുന്നത്. ഇവയിൽ ഒന്നാമത്തേതിന് ഇഹ്സാൻ (ചാരിത്ര്യ ശുദ്ധി) എന്നു പേർ നൽകിയിരിക്കുന്നു. ഈ പദം സ്ത്രീ പുരുഷന്മാരുടെ സന്താനോൽപ്പാദന ശക്തികളെ സംബന്ധിച്ച പരിശുദ്ധതയെ കുറിക്കുന്ന ഒന്നാണ്. പുരുഷനെ 'മുഹ്സിൻ' എന്നും (സുചരിതൻ) സ്ത്രീയെ 'മുഹ്സിന' (സുചരിത) എന്നും പറയുന്നത് രണ്ടു പേർക്കും ഇഹത്തിൽ അപമാനവും നാശവും പരലോകത്ത് ഭയങ്കര ശിക്ഷയും അതിനുപുറമേ ബന്ധുക്കൾക്ക് മാനഹാനിയും നഷ്ടവും ഉണ്ടാക്കിത്തീർക്കുന്ന വ്യഭിചാരത്തിൽ നിന്നും അതിന്റെ സന്നാഹങ്ങളിൽ നിന്നും അകന്ന് സച്ചരിതരായിരിക്കുമ്പോഴാണ്. ഒരുവൻ അന്യന്റെ ഭാര്യയുമായി അനാശ്യാസ്യ ബന്ധം പുലർത്തുകയോ വ്യഭിചാരത്തിനുള്ള ഒരുക്കങ്ങൾ ചെയ്യുകയോ ചെയ്തതായി വെളിപ്പെടുന്ന പക്ഷം അതിന് അനുകൂലിച്ച സ്ത്രീയെ അഭിമാനിയായ ഭർത്താവ് വിവാഹ മോചനം ചെയ്ത് പിരിക്കേണ്ടി വരുന്നതായിരിക്കും. അവൾക്ക് സന്താനങ്ങളുണ്ടായിട്ടുണ്ടെങ്കിൽ അവർക്ക് തമ്മിൽ വിയോഗവും തന്മൂലം ഗൃഹത്തിൽ അസമാധാനവും ഉണ്ടായിതീരുന്നതുമായിരിക്കും. ഗൃഹസ്ഥൻ, ഈ കഷ്ട നഷ്ടങ്ങളെല്ലാം ആ വിടൻ ഹേതുവായിട്ടായിരിക്കും അനുഭവിക്കേണ്ടിവരിക.

ഇഹ്സാൻ അഥവാ ചാരിത്ര്യ ശുദ്ധി എന്ന ഗുണം യഥാർഥ ധാർമിക ഗുണമായി തീരുന്നത് ദുർനോട്ടം, ദുർവൃത്തി എന്നീ അപരാധങ്ങൾ പ്രവർത്തിക്കാനുള്ള ശക്തി പ്രകൃതിദത്തമായിട്ടുള്ളവൻ ആ വക നിന്ദ്യ കൃത്യങ്ങളിൽ നിന്നും സ്വമേധയാ അകന്ന് നിൽക്കുന്ന അവസ്ഥയിലാണ്. എന്നല്ലാതെ ധാതുക്ഷയത്താലോ നപുംസകത്വം കൊണ്ടോ പ്രായാധിക്യം കാരണമായിട്ടോ ഒരുവനു ശക്തിയില്ലെന്നു വരികിൽ അവന്റെ വിഷയ വിരക്തിയെ ഇഹ്സാൻ (ചാരിത്ര്യ ശുദ്ധി) എന്ന ധാർമിക ഗുണമായി വിചാരിക്കാവതല്ല. മറിച്ച് അത് അവന്റെ സ്വാഭാവികമായ അവസ്ഥയാണെന്ന് പറയേണ്ടിയിരിക്കുന്നു. ഈ സ്വാഭാവികാവസ്ഥയെ ധാർമികഗുണമായി പരിഗണിക്കാവുന്നതല്ലെന്ന് മുമ്പേ വിവരിച്ചിട്ടുണ്ടല്ലോ. സഹജാത ഗുണങ്ങൾ വിവേചന ബുദ്ധിയുടെ അടിസ്ഥാനത്തിൽ അവസരോചിതം വെളിപ്പെടുത്തുകയോ യഥാവിധി വെളിപ്പെടുത്തുവാൻ ശക്തങ്ങളായി ഭവിക്കുകയോ ചെയ്യുന്നതായാൽ മാത്രമേ അവ ധാർമിക ഗുണങ്ങളായി തീരുകയുള്ളൂ. അതിനാൽ, മുമ്പേ പ്രസ്താവിച്ച പ്രകാരം പ്രായം തികയാത്തവരും ധാതുശക്തി വിനഷ്ടമായവരും നപുംസകരും പ്രത്യക്ഷത്തിൽ കാമ വികാര വിരക്തരായി ചാരിത്ര്യത്തോടു കൂടി ജീവിച്ചു പോരുന്നതായാലും അവർ ചാരിത്ര്യ ശുദ്ധിയാകുന്ന ധാർമിക ഗുണത്തിന് അധികാരികളാകുന്നില്ല. അവരുടെ ഭോഗവിരക്ത ഭാവത്തെ ശക്തിയുടെ അഭാവത്തിലുള്ള സ്വാഭാവികാവസ്ഥ യാണെന്നല്ലാതെ സൽഗുണമാണെന്ന് പറയാനാവുകയില്ല.

ചാരിത്ര്യത്തെ ഭഞ്ജിക്കുന്ന നിന്ദ്യ കർമവും തത്സാഹചര്യങ്ങളും പുരുഷന്മാരിൽ നിന്നെന്നപോലെ സ്ത്രീകളിൽ നിന്നും ഉണ്ടാകാവുന്നതായതിനാൽ വിശുദ്ധ ഖുർആൻ ഇരുകൂട്ടർ ക്കും താഴെ പറയും പ്രകാരമുള്ള കൽപ്പനകൾ നൽകിയിരിക്കുകയാണ്. വിശ്വാസികളോട് അവരുടെ ദൃഷ്ടികളെ പരസ്ത്രീ ദർശനത്തിൽ നിന്നും തടയുകയും കാമവികാരം ജനിക്കാൻ കാരണമാകുന്ന സ്ത്രീകളുടെ നേരെ നോക്കാതിരിക്കുകയും ചെയ്യുമാറ് തങ്ങളുടെ നോട്ടങ്ങളെ കീഴ്പോട്ട് പതിപ്പിക്കാനും തങ്ങളുടെ രഹസ്യസ്ഥാനങ്ങളെ നിർബാധം സൂക്ഷിക്കാനും അങ്ങനെതന്നെ തങ്ങളുടെ കർണ പുടങ്ങളെ അന്യ സ്ത്രീകളുടെ മധുര ഗാനങ്ങളും മൃദുല ശബ്ദങ്ങളും ശൃംഗാരകഥകളും ശ്രവിക്കുന്നതിൽ നിന്ന് തടയുവാനും പറയുക. ഇത് ദൃഷ്ടികളെയും കർണപുടങ്ങളെയും പരിശുദ്ധമാക്കി വെക്കുന്നതിനുള്ള ഉത്തമ മാർഗങ്ങളാകുന്നു... അപ്രകാരം തന്നെ വിശ്വാസിനികളോടും, അവരുടെ നേത്രങ്ങളെ പരപുരുഷ ദർശനത്തിൽ നിന്ന് തടയുവാനും വിഷയ വികാര ജന്യങ്ങളായ ഭാഷണങ്ങളെ ശ്രവിക്കാതിരിക്കുവാനും തങ്ങളുടെ രഹസ്യസ്ഥാനങ്ങളെ നിർബാധം കാത്തു രക്ഷിക്കുവാനും തങ്ങളുടെ സൗന്ദര്യത്തെ, സ്വയം വെളിപ്പെടുന്ന തൊഴികെയുള്ള ഭാഗത്തെ അന്യർക്ക് വെളിപ്പെടുത്താതിരിക്കുവാനും തങ്ങളുടെ മാറിടങ്ങളും ചെവികളും ചെന്നികളും ശിരസ്സുകളും ആച്ഛാദിക്കപ്പെടത്തക്കവിധത്തിൽ പുതപ്പുകൾ മാറിടത്തു കൂടി തലയിൽ ധരിക്കുവാനും നർത്തകികളെ പോലെ പാദങ്ങൾ നിലത്തിട്ടടിച്ച് നടക്കാതിരിക്കാനും പറയുക. ഇതാണ് ചാരിത്ര ഭ്രംശത്തെതടുക്കുവാനുള്ള ഒരു മാർഗം. രക്ഷ പ്രാപിക്കുന്നതിനുള്ള മറ്റൊരു വഴി, ദൈവത്തിലേക്ക് തിരിയുകയും സകല വിധ വീഴ്ചയിലും ചാപല്യ ത്തിലും രക്ഷക്കായി പ്രാർഥിക്കുകയും ചെയ്യുക എന്നതാകുന്നു. (വി. ഖുർ ആൻ 24:33)

▶ ശേഷം പേജ് 32 ൽ

എഡിറ്റോറിയൽ

# റസൂൽ തിരുമേനി(സ)യുടെ അനുഗ്രഹങ്ങൾ

റസൂൽ തിരുമേനി(സ)യെ സ്വന്തം അനുയായികൾ തന്നെ തെറ്റിദ്ധരിച്ച ഒരു കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. ആചാര പ്രധാനവും ആത്മീയശൂന്യവുമാണ് റസൂൽ തിരുമേനി(സ)യോടുള്ള അവരുടെ സ്നേഹം. നമ്മെ ഏറ്റവും അമ്പരപ്പിക്കുന്നത് യാതൊരു സങ്കോചവുമില്ലാതെ റസൂൽ തിരുമേനി (സ)യുടെ തിരുശേഷിപ്പുകൾ എന്ന വ്യാജേന ചില വസ്തുക്കൾ ഭൗതിക ലാഭത്തിനും സ്വാർഥതാൽപര്യത്തിനും വേണ്ടി പ്രദർശിപ്പിക്കാനുള്ള അക്കൂട്ടരിലൊരുവിഭാഗത്തിന്റെ ശ്രമമാണ്. വിശുദ്ധ ഖുർആൻ ഇതിനെ പറ്റി നൽകുന്ന താക്കീത് ശ്രദ്ധേയമാണ്. ***വിശ്വസിച്ചവരേ, മത പണ്ഡിതന്മാരിൽ നിന്ന് അധിക പേരും മനുഷ്യരുടെ ധനം അന്യായമായി കരസ്ഥമാക്കി ഭക്ഷിക്കുകയും അല്ലാഹുവിന്റെ മാർഗത്തിൽ നിന്ന് ജനങ്ങളെ തടയുകയും ചെയ്യുന്നു. സ്വർണവും വെള്ളിയും സംഭരിച്ചു വെക്കുകയും അല്ലാഹു മാർഗത്തിൽ അത് ചെലവഴിക്കാതിരിക്കുകയും ചെയ്യുന്നവരാരോ അവർക്ക് വേദനാജനകമായ ശിക്ഷയുണ്ടെന്ന് മുന്നറിയി പ്പ് നൽകുക. (9 :34)*** റസൂൽ തിരുമേനി (സ)യുടെ അത്യുന്നതമായ സ്ഥാനത്തെ പറ്റിയും ആത്മീയ അനുഗ്രഹങ്ങളെപറ്റിയും ഇക്കൂട്ടർക്ക് എങ്ങനെ ബോധമുദിക്കും?!

റസൂൽ തിരുമേനി (സ)യുടെ വിനീത ദാസനും സേവകനും, അവിടുത്തെ പ്രവചന പ്രകാരം അല്ലാഹു അയച്ച വാഗ്ദത്ത മസീഹ് ഹദ്റത്ത് അഹ്മദുൽ ഖാദിയാനി(അ) തന്റെ യജമാനനെ പറ്റി പറഞ്ഞു.: *ഹദ്റത്ത് റസൂൽ കരീം (സ) ഒരു പരിപൂർണ മനുഷ്യനാണെന്ന് തെളിയിച്ചു കൊണ്ട് വിശുദ്ധഖുർആൻ ഇപ്രകാരം അരുൾ ചെയ്യുന്നു:* ***'സുമ്മ ദനാ തദല്ലാ ഫക്കാന കാബ ഖൗസയ്നി അൗ അദ്നാ'*** *അതായത് നബി തിരുമേനി(സ) അല്ലാഹുവിലേക്ക് ഉയർന്ന് തന്റെ കഴിവിന്റെ പരമാവധി ഉപയോഗിച്ചുകൊണ്ട് അല്ലാഹുവിന്റെ സാമീപ്യത്തിലെത്തി. അങ്ങനെ എല്ലാ പരിപൂർണതയും അദ്ദേഹം തരണം ചെയ്തു.*

*'ലാഹൂത്തി മഖാമ്' ൽ നിന്നും (ദിവ്യസ്ഥാനത്ത് നിന്നും ) പരി പൂർണമായ അംശം (പങ്ക്) ലഭിച്ചതിന് ശേഷം 'നാസൂത്ത്' ലേക്ക് (മനുഷ്യത്വത്തിലേക്ക്) പൂർണമായും തിരിച്ചു ചെല്ലുകയുണ്ടായി. അതായത് 'ഉബൂദിയ്യത്ത്' ന്റെ (ദാസത്വത്തിന്റെ) പാരമ്യത്തിലേക്ക് തന്നെ എത്തിക്കുകയും മനുഷ്യത്വത്തിന്റെ സൽഭാവനകളായ അനുകമ്പ, ആർദ്രത, സ്നേഹം എന്നീ ഗുണങ്ങൾ പരിപൂർണമായും ഉൾക്കൊള്ളുകയുമുണ്ടായി. ചുരുക്കത്തിൽ ആ മഹാത്മാവ് ഒരു ഭാഗത്ത് ദൈവസ്നേഹത്തിലും സൃഷ്ടി സ്നേഹത്തിലും പരിപൂർണത പ്രാപിക്കയുണ്ടായി (റിവ്യൂ ഓഫ് റിലീജിയൻസ്, ഉറുദു വാല്യം1, ഭാ.182)*

പ്രവാചകന്മാർ പാപസുരക്ഷിതരാണ്. മനുഷ്യ വംശത്തിന്റെ മാർഗദർശകരാണവർ. അത്തരം ദിവ്യാത്മാക്കളിൽ വെച്ച് ഏറ്റവും പരിപൂർണനായ റസൂൽ തിരുമേനി(സ)യുടെ അനുഗ്രഹങ്ങൾ ഒരിക്കലും നിലക്കുന്നതല്ല. ഖുർആൻ പറയുന്നു: ***നിശ്ചയമായും നിനക്ക് ഒരിക്കലും അവസാനിക്കാത്ത പ്രതിഫലമുണ്ട്. നീ മഹത്തായ ധാർമിക ഗുണമുള്ളവൻ തന്നെയാണ്*** .(68:4,5) മാത്രമല്ല, റസൂൽ തിരുമേനി(സ)യെ പൂർണമായും അനുസരിക്കുന്നയാൾക്ക് നുബൂവ്വത്ത് എന്ന ആത്മീയ പദവി വരെ പ്രാപിക്കാൻ സാദ്ധ്യമാവുമെന്നതാണ് ഖുർആൻ ആ മഹാത്മാവിന് നൽകുന്ന ഏറ്റവും വലിയ ബിരുദം. ***വല്ലവരും അല്ലാഹുവിനെയും ഈ ദൂതനെയും അനുസരിക്കുന്നതായാൽ അവർ അല്ലാഹു അനുഗ്രഹിച്ചിട്ടുള്ള പ്രവാചകന്മാർ, സിദ്ദീഖുകൾ, ശുഹദാക്കൾ, സാലിഹീങ്ങൾ എന്നിവരുടെ കൂടെ ആയിരിക്കും. ഏറ്റവും നല്ല കൂട്ടുകാരത്രെ അവർ (4:70).*** നമ്മുടെ റസൂൽ തിരുനേ(സ)യെ പിൻപറ്റിയാൽ പവാചകത്വ പദം വരെ അല്ലാഹു വാഗ്ദാനം ചെയ്യുന്നു. പ്രവാചകന്മാർക്ക് വരെ ജന്മം നൽകാൻ ആത്മീയ പ്രജനന ശേഷിയുള്ള അത്യുന്നതമായ പദവി കരസ്ഥമാക്കിയ ദിവ്യാത്മാവും അദ്ധ്യാത്മികതയുടെയും ധാർമികതയുടെയും പാരമ്യം കണ്ട സമ്പൂർണ മനുഷ്യനുമാണ് നമ്മുടെ പുണ്യനബി. ആ മഹാത്മാവിൽ അല്ലാഹുവിന്റെ കോടാനുകോടി സലാമും സലാത്തും വർഷിക്കുമാറാകട്ടെ.

# റവീൽ ബുഖാറെയോവ് സാഹിബ് : അനുസ്മരണം

ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു)
ഖലീഫത്തുൽ മസീഹ്



(27 – 01 – 2012 ന് ഖലീഫത്തുൽ മസീഹ് ബൈത്തുൽ ഫുതൂഹിൽ (ലണ്ടൻ) വെച്ച് നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം.)

ഓരോ മനുഷ്യരിലും തന്നെ നന്മകളുണ്ട്, അതേപോലെ ബലഹീനതകളുമുണ്ട്. വഫാത്തിനുശേഷം ഈ ലോകത്തോടുള്ള ബന്ധം മനുഷ്യന്റേത് വിച്ഛേദിക്കപ്പെടുന്നു. അതുകൊണ്ട് ഈ ലോകത്ത് ആരുടെയും ബലഹീനതകളെയും കുറവുകളെയും കുറിച്ച് പരാമർശിക്കേണ്ട ആവശ്യമില്ല. എന്നാൽ അവരുടെ ഗുണഗണങ്ങളെയും നന്മകളെയും എടുത്ത് പറയേണ്ടതാണ്. ഇതു മുഖേന മറ്റുള്ളവർക്ക് നന്മ ചെയ്യാനുള്ള പ്രേരണയുണ്ടായിത്തീരും. മറ്റൊന്ന് മരിച്ചവ്യക്തിയുടെ മഗ്ഫിറത്തിന്‌വേണ്ടി ദുആ ചെയ്യാൻ പ്രേരണ ഉണ്ടാകുകയും ചെയ്യുന്നു. നന്മകളും ബലഹീനതകളും എല്ലാവരിലുമുണ്ട്. ചിലപ്പോൾ നന്മയിലേക്ക് മനുഷ്യൻ കൂടുതൽ ചായുന്നു. ചിലപ്പോൾ അവനിൽ ചില പോരായ്മകൾ ഉണ്ടാകുന്നു. ഇത് മനുഷ്യ പ്രകൃതമാണ്. എന്നാൽ ചിലരുടെ നന്മകളും ഗുണങ്ങളും വെട്ടിത്തിളങ്ങുന്നുണ്ടാകും. അത് മനുഷ്യവൈകല്യങ്ങളെ നമ്മുടെ കണ്ണുകളിൽനിന്നും പൂർണമായും മറച്ചു കളയുന്നു. ആരുടെ നന്മയാണോ, ഗുണങ്ങളാണോ, എല്ലാവരും സ്മരിച്ചുകൊണ്ടിരിക്കുന്നത് അങ്ങനെയുള്ള വ്യക്തി ഭാഗ്യവാനാണ്. ഒരു ഹദീസിന്റെ അടിസ്ഥാനത്തിൽ അങ്ങനെയുള്ള വ്യക്തിക്ക് സ്വർഗം നിർബന്ധമായിത്തീരുന്നു.

ഞാൻ ഇന്ന് അങ്ങനെയുള്ള ഒരു വ്യക്തിത്വത്തെകുറിച്ചാണ് പരാമർശിക്കുന്നത്. അദ്ദേഹം പാകിസ്താനിയോ ഹിന്ദുസ്ഥാനി അഹ്മദിയോ അല്ല. ഏതെങ്കിലും സഹാബിയുടെ മകനോ ജന്മനാ അഹ്മദിയോ അല്ല. ഒരു ദീർഘ കാലം അതായത് കുട്ടിക്കാലം മുതൽ യുവത്വംവരെയും തുടർന്ന് വാർധക്യംവരെയും ഖലീഫമാരുടെ തണലിലോ ജമാഅത്തിന്റെ തണലിലോ തർബിയ്യത്ത് കരസ്ഥമാക്കിയവരുമല്ല. അൽപം വർഷങ്ങൾക്ക് മുമ്പ് ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ ബൈഅത്തിൽ വന്നു. എന്നിട്ട് പലരെയും പിന്നിലാക്കുകയുണ്ടായി. ആ വ്യക്തി നമ്മുടെ സഹോദരൻ ബഹുമാന്യനായ റവീൽ ബുഖാറെയോവ് സാഹിബാണ്. അദ്ദേഹം റഷ്യക്കാരനാണ്. അദ്ദേഹത്തിന്റെ വഫാത്ത് 24 ജനുവരിയിലാണ് നടന്നത്.

അറിവും വിജ്ഞാനവും ആത്മാർഥതയും കൂറും നിസ്വാർഥതയും ഖിലാഫത്തിനോടുള്ള അകമഴിഞ്ഞ ബന്ധവും വിനയവും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സന്ദേശം റഷ്യയിൽ എത്തിക്കുന്നതിലുള്ള ആവേശവും കാരണം റവീൽ ബുഖാറെയോവ് പ്രകാശിക്കുന്ന ഒരു നക്ഷത്രമായിരുന്നു. അദ്ദേഹം പലർക്കും വഴികാട്ടിയായിമാറി. ഇൻശാഅല്ലാഹ് ഹദ്റത്ത്

മസീഹ് മൗഊദ്(അ)ന്റെ പ്രവചനപ്രകാരം അഹ്മദിയ്യത്ത് റഷ്യയിൽ മണൽത്തരികൾപോലെ വ്യാപിക്കുമ്പോൾ ചരിത്രം അദ്ദേഹത്തിന്റെ സേവനങ്ങളെ തീർച്ചയായും സ്മരിക്കുന്നതായിരിക്കും.

അഹ്മദിയാകുന്നതിനു മുമ്പുതന്നെ അദ്ദേഹം ജമാഅത്തിനുവേണ്ടി സേവനരംഗത്തുണ്ടായിരുന്നു. ബി.ബി.സിയിൽ റഷ്യൻ പ്രോഗ്രാമിൽ ജോലി ചെയ്തുകൊണ്ടിരുന്നു. അവിടെ നിന്നും വിരമിച്ചപ്പോൾ പൂർണമായും തന്നെ വഖ്ഫ് ചെയ്ത് രാപകൽ അദ്ദേഹം പ്രവർത്തിക്കുകയുണ്ടായി. ഓരോ നിമിഷവും അഹ്മദിയ്യത്തിനായി വിനിയോഗിക്കപ്പെടട്ടെ എന്നതായിരുന്നു ചിന്ത. വഫാത്താകുന്ന ദിവസവും ഈ സേവനത്തിൽ നിമഗ്നനായിരുന്നു. മരിക്കുമ്പോഴുള്ള പ്രായം 61 ആണ്. സ്വന്തം മക്കളില്ല. ഒരു ഭാര്യയുണ്ട്. ഭാര്യക്ക്, മുമ്പ് ഒരു കുട്ടി ഉണ്ടായിരുന്നു. അതും വഫാത്തായിരുന്നു.

ജമാഅത്തുമായി റവീൽ സാഹിബ് 1989ൽ കലീം സാഹിബ് മുഖേനയാണ് ബന്ധപ്പെട്ടത്. ഇദ്ദേഹം ഗവേഷണത്തിനായി ലണ്ടനിൽ വന്നതായിരുന്നു. ഇവിടെ നിന്നാണ് ബന്ധപ്പെട്ടത്. ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്)യുമായി മുലാഖാത്ത് നടത്തിയതിന്റെ ഫലമായി അഹ്മദിയ്യത്തിൽ പ്രവേശിച്ചു. റവീൽ സാഹിബ് വിവരിക്കുന്നു. ഞാൻ ജന്മനാ മുസ്ലിമാണെങ്കിലും നിരീശ്വരത്വത്തിന്റെ ചുറ്റുപാടിൽ താമസിക്കുന്നത് കാരണം 1989 വരെ ഇസ്ലാമിനെ കുറിച്ച് ഒന്നുംഅറിയില്ലായിരുന്നു എന്ന് തന്നെ പറയാം. ഏതൊരു സമൂഹത്തിലാണോ ഞാൻ വളർന്നത് അക്കാലത്ത് ഇസ്ലാമിനും ഞങ്ങളുടെ മാതൃഭാഷ താത്താരിക്കും പൂർണവിലക്കായിരുന്നു. താത്താരി ഭാഷ പാഠ്യ പദ്ധതിയിൽനിന്നുപോലും നീക്കിക്കളഞ്ഞിരുന്നു. എന്നാൽ താത്താരികളിൽ ഇസ്ലാമിക സ്വാധീനം നിലനിന്നിരുന്നു. പാർട്ടി പ്രവർത്തകരായാലും സ്കൂൾ അധ്യാപകരായാലും അവർ ഏതൊരു ജോലി തുടങ്ങുന്നതിന്മുമ്പും ബിസ്മില്ലാഹ് എന്ന് പറയുമായിരുന്നു. താത്താരി സാഹിത്യം ആയിരം വർഷം പഴക്കമുള്ളതാണ്. അതുകൊണ്ട് എന്റെ മാതാപിതാക്കളുടെ കാലത്തുണ്ടായിരുന്ന നിരീശ്വരത്വത്തിന്റെ സ്വാധീനശക്തി എന്റെ കാലത്ത് കുറഞ്ഞുവന്നു. അവസരം കിട്ടിയാൽ എങ്ങനെയെങ്കിലും മസ്ജിദിൽ പോയി നമസ്ക്കരിക്കാം എന്ന് പ്രതീക്ഷിച്ചിക്കുന്ന ഒളിഞ്ഞിരിക്കുന്ന മുസ്ലിമൊന്നുമായിരുന്നില്ല ഞാൻ. എനിക്ക് മനസ്സിലാകുന്ന കാര്യങ്ങൾ ഞാൻ ചെയ്യുമായിരുന്നു.

1989ൽ അവസ്ഥകൾ മെച്ചപ്പെട്ടു. മത സ്വാതന്ത്ര്യവും മറ്റു സ്വാതന്ത്ര്യവും ലഭിച്ചുതുടങ്ങി. സത്യമതത്തിലേക്ക് എത്താൻ ഞാൻ ശ്രമിച്ചു. മതത്തിന്റെ യഥാർഥ ജ്ഞാനം യുക്തിപരമായി തെളിവുകൾകൊണ്ട് മാത്രം നേടാൻ കഴിയില്ല എന്നെനിക്കറിയാമായിരുന്നു. വിശ്വാസമാകുന്ന അനുഗ്രഹം ദൈവം സ്വയം തരുന്നതാണ്. ഞാൻ അസ്വസ്ഥനായിരുന്നു. ഇസ്ലാം മാത്രമാണ് ഉദാത്തമായ അധ്യാപനങ്ങൾ നൽകുന്നതെന്ന് എനിക്ക് ബോധ്യമായിക്കഴിഞ്ഞിരുന്നതാണ്. എന്നിട്ടുപോലും എന്റെ ആത്മാവ് ശൂന്യമായിരുന്നു. എന്നെ ഈ സന്ദേഹങ്ങളിൽനിന്നും സംശയങ്ങളിൽനിന്നും രക്ഷിച്ചത് ചില വ്യക്തികളായിരുന്നു. അവരെ ഞാൻ ലണ്ടനിൽവെച്ചാണ് കണ്ടുമുട്ടിയത്. അവരെ ഞാൻ യഥാർഥ മുസ്ലിംകളായി കരുതുന്നു. അവരുടെ സമൂഹമാണ് മുസ്ലിം അഹ്മദിയ്യാ ജമാഅത്ത്.

എഴുതുന്നു: അഹ്മദിയ്യാ മുസ്ലിം ജമാഅത്തിന്റെ അധ്യാപനം ഇവയാണ്. ദൈവത്തിന്റെ സൃഷ്ടികളെ സ്നേഹിക്കാത്തിടത്തോളം കാലം ആർക്കും തന്നെ ദൈവ സ്നേഹം കരഗതമാകുന്നതല്ല. ഇതറിഞ്ഞപ്പോൾ ഇതാണ് ഞാൻ തേടിനടന്ന സ്ഥലം എന്ന് എനിക്ക് ബോധ്യമായി. അറിവ്, വിജ്ഞാനം, യുക്തി, ബുദ്ധിപരമായ തെളിവിനുള്ള എന്റെ അടങ്ങാത്ത ദാഹം, സത്യമതത്തെക്കുറിച്ചുള്ള അന്വേഷണം, ആത്മീയത എല്ലാം എനിക്ക് ഒരു സ്ഥലത്ത്നിന്ന് ലഭിക്കുകയുണ്ടായി.

ഹ. ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്) 1993ലെ ജൽസയുടെ അവസരത്തിൽ നടത്തിയ പ്രസംഗത്തിൽ പറയുന്നു: ഈ പുതിയ കാലഘട്ടത്തിൽ അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഹംഗറിയിൽ ജമാഅത്തിന് പ്രവേശിക്കാൻ സാധിച്ചിരിക്കുകയാണ്. രണ്ടാം ഖിലാഫത്ത് കാലത്ത് ഹംഗറിയിൽ ജമാഅത്ത് സ്ഥാപിക്കപ്പെട്ടിരുന്നു. ചിലകാരണങ്ങളാൽ അത് നിർത്തലാക്കേണ്ടിവന്നു. മഖ്ലൂഹുൽ ഹയ് സാഹിബാണ് അവിടത്തെ ജമാഅത്തിന്റെ ഇപ്പോഴത്തെ പ്രസിഡന്റ്. ഹംഗറിക്കാരനായ അദ്ദേഹം ഇംഗ്ലണ്ടിൽ വന്നു. റഷ്യക്കാരനായ നമ്മുടെ ഒരു സുഹൃത്ത് റവീൽ ബുഖാറെയോവ് സാഹിബ് സാഹിത്യരംഗത്ത് വളരെ പ്രസിദ്ധനാണ്. ഇതുകാരണം അദ്ദേഹവുമായി മഖ്ലൂഹുൽ ഹയ്യ് സാഹിബ് ബന്ധപ്പെട്ടിരുന്നു. അദ്ദേഹത്തെ പള്ളിയിൽ കൊണ്ടുവരാൻ തുടങ്ങി. കുറച്ച് പ്രാവശ്യം മൂലാക്കാത്ത് നടത്തിയപ്പോൾതന്നെ റവീൽ സാഹിബിന്റെ ഹൃദയാവസ്ഥ മാറുന്നതായി ഞാൻ കണ്ടു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഇവിടെനിന്ന് ബൈഅത്ത് ചെയ്താണ് പോയത്. ഇവിടെനിന്ന് തിരിച്ചു ചെന്നപ്പോൾ ഹംഗറിയിൽ തബ്ലീഗിനുള്ള വിശാലമായ പരിപാടികൾ ആസൂത്രണം ചെയ്യുകയുണ്ടായി.

റവീൽ സാഹിബ് കഴിഞ്ഞ പ്രാവശ്യം അവിടം സന്ദർശിച്ചതുകാരണം അവിടെ ജമാഅത്തുകൾ ശക്തിപ്പെടുകയുണ്ടായി. അവിടെനിന്നും മനസ്സിലാകുന്നത് ജമാഅത്ത് ഉടനെ അവിടെ വ്യാപിക്കും എന്നാണ്. റവീൽ സാഹിബിന്റെ സ്വന്തം നാടായ താത്താറിസ്ഥാനിൽ നിന്നും രണ്ടുമൂന്ന് വർഷം മുമ്പ് മുറാദ് യാനോബ് സാഹിബ് യു.കെ ജൽസയിൽ പങ്കെടുക്കാൻ വന്നിരുന്നു. അദ്ദേഹം അടിയുറച്ചുനിന്നു. ജമാഅത്തിനോടു കൂറുള്ള വ്യക്തിയായിരുന്നു. തിരിച്ചുപോയതിനുശേഷവും നാമുമായി ബന്ധപ്പെട്ടുകൊണ്ടിരുന്നു. താൻ അഹ്മദിയാണെന്ന് തന്നെ പറഞ്ഞുകൊണ്ടിരുന്നു. അദ്ദേഹത്തിന്റെ മകളും നല്ല ആത്മാർഥതയോടെ ജമാഅത്തുമായി ബന്ധപ്പെട്ടുകൊണ്ടിരുന്നു. വിശ്വാസത്തിന് ശക്തിപകർന്നുകൊണ്ടിരുന്നു.

അഹ്മദിയ്യത്ത് സ്വീകരിക്കുക എന്നത് ഈ സമൂഹങ്ങൾക്ക് അത്ര എളുപ്പമുള്ള കാര്യമല്ല. ഇവർ 70 വർഷംവരെ നിരീശ്വരത്വത്തിലാണ് ജീവിച്ചത്. ഇതെല്ലാമായിരുന്നിട്ടും ഇസ്ലാമുമായി ബന്ധം അറ്റുപോയിട്ടില്ല. ഇസ്ലാമിക ബോധം അവരുടെ മനസ്സുകളിൽ നില നിൽക്കുന്നു. എന്നിരുന്നാലും അവർക്ക് ഇസ്ലാമിനെക്കുറിച്ച് ഒന്നും അറിയില്ലായിരുന്നു. മുസ്ലിം എന്നപേരിൽ ഇസ്ലാമിന് അകത്ത് തന്നെ അവർ നിന്നു. എന്നാൽ ശരിക്കും നോക്കിയാൽ ഇസ്ലാമിന് പുറത്തായിരുന്നു അവർ. അവരെ വീണ്ടും ഇസ്ലാമിൽ പ്രവേശിപ്പിക്കുക എന്നതും അല്ലാഹുവിന്റെ ഏകത്വം ഹൃദയങ്ങളിൽ രൂഢമൂലമാക്കുക എന്നതും കഠിനമായ പ്രയത്നം ആവശ്യപ്പെടുന്നു. അവർക്കായി ദുആ ചെയ്യേണ്ടതാണ്. അദ്ഭുതങ്ങൾ പ്രതീക്ഷിച്ചിരിക്കുകയാണ്. അതുകൊണ്ട് നിങ്ങൾ ദുആ ചെയ്യുക. നാം നമ്മുടെ കഴിവനുസരിച്ച് പ്രവർത്തിക്കുന്നുണ്ട്, പ്രാർഥിക്കുന്നുണ്ട്. ജമാഅത്ത് ഒന്നടങ്കം ദുആ ചെയ്യു

ക. അല്ലാഹു അവർക്ക് അദ്ഭുത അടയാളങ്ങൾ കാണിക്കട്ടെ. കാരണം ആത്മീയ വിപ്ലവത്തിന് ദുആയെക്കാളും കൂടുതൽ അദ്ഭുത ദൃഷ്ടാന്തങ്ങളാണ് ഫലം ചെയ്യുക.

എവിടെ പോയാലും റവീൽ സാഹിബ് ജമാഅത്തിനെ കുറിച്ച് പരാമർശിക്കുമായിരുന്നു. ജമാഅത്തിനെ കുറിച്ച് പറഞ്ഞാൽ എവിടെയെങ്കിലും അപകടമുണ്ടാകുമെന്ന് തോന്നിയാൽ യുക്തി ഭദ്രമായി അദ്ദേഹം ജമാഅത്തിന്റെ സന്ദേശം അവതരിപ്പിക്കും. തുടർന്ന് ജമാഅത്തിനെ പരിചയപ്പെടുത്തുമായിരുന്നു. ഏതു സദസ്സിൽ ഏതു രീതിയിലുള്ള പുസ്തകമാണ് നൽകേണ്ടത് എന്ന് പ്രത്യേകം ശ്രദ്ധിച്ചിരുന്നു. ഇദ്ദേഹത്തിന്റെ സുഹൃദ്‌വലയത്തിൽ രാഷ്ട്രീയക്കാരും സാഹിത്യകാരന്മാരും കവികളും ഡോക്ടർമാരും കോളേജിലെയും യൂണിവേഴ്സിറ്റിയിലെയും അധ്യാപകർ, വിദ്യാർഥികൾ, സാമ്പത്തിക വിദഗ്ധർ ഇതേപോലെ മറ്റു വിവിധ മേഖലകളിൽ പ്രവർത്തിക്കുന്ന സ്ത്രീ പുരുഷന്മാർ എന്നിവരെല്ലാം ഉൾപ്പെട്ടിരുന്നു. റവീൽ സാഹിബ് കവിയും ജേർണലിസ്റ്റും വിവർത്തകനുമായിരുന്നു. കൂടാതെ ഒരു ദാഈ ഇലല്ലായുമായിരുന്നു. അദ്ദേഹത്തെ അറിയുന്നവരും പുകഴ്ത്തുന്നവരുമായ വലിയ ഒരു വൃന്ദം ആളുകൾതന്നെയുണ്ട്. റവീൽ സാഹിബ് മുഖേന, നമ്മുടെ മുബല്ലിഗ്മാർക്കും മുഅല്ലിമുകൾക്കും ബന്ധപ്പെടാൻ കഴിയാത്ത വ്യക്തികൾക്ക് വരെ റഷ്യ, മുൻ സോവിയെറ്റ് നാടുകൾ എന്നിവിടങ്ങളിൽ ജമാഅത്തിന്റെ സന്ദേശം എത്തിക്കുകയുണ്ടായി. മോസ്ക്കോയിലെ സാഹിത്യ സദസ്സുകളിൽ ഏതെങ്കിലും തരത്തിൽ അദ്ദേഹം ജമാഅത്തിനെ പരിചയപ്പെടുത്തും. അഹ്മദികളോട് ഇന്ന പുസ്തകവുമായി ഇന്ന സ്ഥലത്ത് ഇത്രഎണ്ണം ഇന്ന സമയത്ത് എത്തണമെന്ന് നേരത്തെതന്നെ പറഞ്ഞുവെക്കുകമായിരുന്നു. പ്രോഗ്രാമിന്റെ അവസാനത്തിൽ ജമാഅത്തിനെ പരിചയപ്പെടുത്തുമ്പോൾ ജനങ്ങൾ ആ പുസ്തകം പൊതുവിൽ വാങ്ങുമായിരുന്നു.

ലണ്ടനിൽ റഷ്യൻ ഡസ്ക്ക് തുടങ്ങിയതു മുതൽ റവീൽ സാഹിബ് സമർപ്പണ ബുദ്ധിയോടെ എല്ലാം മറന്ന് തീരുന്നതുവരെ പ്രവർത്തിച്ചിരുന്നു.

എം.റ്റി.എ.യിലും ഇന്റർനെറ്റിലും ഖുത്ബകളുടെ റഷ്യൻ ഡബ്ബിങ്ങ് അദ്ദേഹമാണ് ചെയ്തുവന്നത്. അതുകൊണ്ട് അതിനെക്കുറിച്ച് എപ്പോഴും പ്രത്യേക



റവീൽ ബുഖാറെയോവ്

ശ്രദ്ധ ഉണ്ടായിരുന്നു. ഖുത്ബയുടെ ഡബ്ബിങ്ങ് പൂർണമാകാത്തതുവരെ അസ്വസ്ഥനായിരിക്കും. ജൽസാ സാലാന ദിനങ്ങളിലും ഇദ്ദേഹത്തിന്റെ തിരക്കും അധ്വാനവും ആവേശവും ഒന്ന് വേറെത്തന്നെയായിരുന്നു. റഷ്യയിൽ നിന്നും മുൻസോവിയറ്റ് നാടുകളിൽനിന്നും അതിഥികളായി ആര് വന്നാലും അവരോട് വളരെ സന്തോഷത്തോടെ കൂടിക്കാഴ്ച നടത്തും. വരുന്ന അതിഥികൾക്ക് വിശ്വാസ വർദ്ധനവിന് കാരണമാകുന്ന കാര്യങ്ങൾ പറഞ്ഞുകൊടുത്തിരുന്നു. അവരുടെ ആവശ്യങ്ങൾ ശ്രദ്ധിച്ചിരുന്നു.

നാം വർഷങ്ങളോളം തബ്‌ലീഗ് ചെയ്യുന്നതിനെക്കാളും എത്രയോ ഉത്തമമായിട്ടുള്ളത് ഒരു പ്രാവശ്യം ജൽസയിൽ പങ്കെടുക്കാനായി ക്ഷണിക്കുന്നതും ഹുസൂറുമായി അവർ കൂടിക്കാഴ്ച നടത്തുകയും ചെയ്യുക എന്നതുമാണ് എന്നതായിരുന്നു അദ്ദേഹത്തിന്റെ അഭിപ്രായം.

ജമാഅത്തിന്റെ പല ഗ്രന്ഥങ്ങളും അദ്ദേഹം റഷ്യൻ ഭാഷയിൽ തർജമ ചെയ്തിട്ടുണ്ട്. ഇതുകൂടാതെ റഷ്യൻ ഭാഷയിൽ വിശുദ്ധ ഖുർആൻ ഭാഷാന്തരം ചെയ്യുന്നതിലും വലിയ സേവനമാണ് ചെയ്തിട്ടുള്ളത്. ഇത് അദ്ദേഹം ചെയ്ത മഹത്തായ ഒരു സേവനമാണ്. റഷ്യൻ ഡസ്ക്കിലെ മുറബ്ബിയായ ഖാലിദ് സാഹിബ് എഴുതുന്നു. ഞാനും റുശ്ത്തം ഇമാദ്അലി സാഹിബും (മോസ്കോ) 1999ൽ ഹ. ഖലീഫത്തുൽ മസീഹ് നാലാമന്റെ ഉർദു തർജമ മുമ്പിൽ കണ്ടുകൊണ്ട് റഷ്യൻ ഭാഷയിൽ പുതിയ തർജമക്കുള്ള പ്രവർത്തനം തുടങ്ങിയിരുന്നു. ഇത് 2004ൽ പൂർത്തിയാക്കി. ഇതിനുശേഷം അതിന്റെ ചെക്കിങ്ങിന്റെ ജോലിയെല്ലാം ഞങ്ങൾ രണ്ടുപേരും റവീൽ സാഹിബിന്റെ കൂടെയാണ് ചെയ്തത്. ഈ ജോലി ലണ്ടനിൽവെച്ചാണ് പൂർത്തിയായത്. ഈ പ്രവർത്തനങ്ങൾ മൂന്ന് മാസത്തിനകം പൂർത്തിയാക്കി. വിശുദ്ധ ഖുർആന്റെ തർജമ എന്നത് വലിയ ഒരുത്തരവാദിത്വമാണ്. വളരെ സൂക്ഷ്മതയോടെ ചെയ്യേണ്ടതാണത്. അതുകൊണ്ട് പരിശോധിക്കുമ്പോൾ ഓരോ വാക്കിനെക്കുറിച്ചും ശരിക്കും പരിശോധിച്ചിരുന്നു. റവീൽ സാഹിബ് ഏറ്റവും സൂക്ഷ്മതയോടെ പ്രഗല്ഭമായി ആ കൃത്യം നിർവഹിച്ചു. ഇദ്ദേഹത്തിന്റെ ഈ പരിശ്രമത്തിന്റെ ഫലമായി റഷ്യൻ ഭാഷയിൽ മൂന്ന് എഡിഷൻ ഇതുവരെ പ്രസിദ്ധീകരിച്ചു. 2006ൽ ലണ്ടനിലും 2007ൽ മോസ്ക്കോയിൽ നിന്നും 2008ൽ താത്താറിസ്ഥാനിൽനിന്നും. അല്ലാഹുവിന്റെ അനുഗ്രഹത്താൽ അദ്ദേഹത്തെ ഓർക്കാനുള്ള ഒരു സദഖ ജാരിയാണിത്.

വിവിധ ബഹുമതികൾ അദ്ദേഹത്തിന് ലഭിച്ചിട്ടുണ്ട്. താത്താരിസ്ഥാനിലെ ഉന്നതമായ സാഹിത്യ ബഹുമതി അദ്ദേഹത്തിന് ലഭിച്ചിട്ടുണ്ട്. മൂസാജലീൽ പ്രൈസ് ഓഫ് ഓണർ എന്ന ബഹുമതി ലഭിച്ചു. 1986ൽ അഹ്മദിയ്യത്ത് സ്വീകരിക്കുന്നതിന് മുമ്പേയാണ് ഇത് ലഭിച്ചത്. 2001 ൽ ആട്സിൽ ചെയ്ത സേവനത്തിന് ഒരു ബഹുമതി ലഭിക്കുകയുണ്ടായി. 2006ൽ താത്താരിസ്ഥാനിൽ National Prize of honour ലഭിച്ചു. അദ്ദേഹത്തിന്റെ ഒരു പുസ്തകത്തിന് നിരവധി പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്. the Order of Culture heritage എന്ന ബഹുമതി ലഭിച്ചു. വിവിധ അന്തർദേശീയ സാംസ്കാരിക സംഘടനകളിൽ മെമ്പറായിരുന്നു. ബി.ബി.സി റഷ്യൻ സർവീസിൽ ഇദ്ദേഹം ജോലി ചെയ്തുകൊണ്ടിരുന്നു. അദ്ദേഹത്തിന്റെ അനുശോചന സന്ദേശത്തിൽ ഇപ്രകാരം പറയുന്നു. ഒരു ദീർഘകാലം ബി.ബി.സി റഷ്യൻ സർവീസിൽ ഞങ്ങളോടൊപ്പം ജോലി ചെയ്ത ഞങ്ങളുടെ കൂട്ടുകാരൻ റവീൽ ബുഖാറെ യോവ് സാഹിബ് ഇപ്പോൾ നമ്മോടൊപ്പമില്ല. റവീൽ ബുഖാറെയോവ് സാഹിബിന്റെ കൂടെ ഏകദേശം 15 വർഷം പ്രവർത്തിക്കാൻ സാധിച്ചു. ഇങ്ങനെയുള്ള ഉന്നത വ്യക്തിത്വത്തിന്റെ കൂടെ പ്രവർത്തിക്കാൻ എനിക്ക് സാധിച്ചത് വലിയ ഭാഗ്യമായാണ് ഞാൻ കരു

തുന്നത്.

അദ്ദേഹം നല്ല ഒരു സ്കോളറായിരുന്നു. അതോടൊപ്പം ഒരുനല്ല കവിയും അടിയുറച്ച വിശ്വാസമുള്ള ഒരു മുസ്‌ലിമും ആയിരുന്നു. ഒരു മത പണ്ഡിതനാണെന്ന് അദ്ദേഹത്തെക്കുറിച്ച് പറയുകയാണെങ്കിൽ അത് തെറ്റായിരിക്കില്ല. റവീൽ സാഹിബ് തന്റെ വ്യക്തിത്വം കാരണം പലരേയും സ്വാധീനിക്കുകയുണ്ടായി. അദ്ദേഹത്തിൽ ആരും ആകൃഷ്ടരായിപോകും. നല്ലപോലെ സംസാരിക്കാൻ കഴിവുള്ള അദ്ദേഹത്തിന്റെ അറിവ് വിവിധ മേഖലകളിൽ വ്യാപിച്ചു കിടക്കുകയായിരുന്നു.

അത്യധികം ആകർഷണീയമായിരുന്നു അദ്ദേഹത്തിന്റെ സംസാരം. റഷ്യൻ ഭാഷയിൽ അദ്ദേഹം എഴുതിയ പുസ്തകം ദറുഗാബോഗ് ഗീനായി കൂദാ (ഈ മാർഗം എങ്ങോട്ട് കൊണ്ടു പോകുന്നു...) എന്ന പുസ്തകത്തിൽ ജമാഅത്തിനെ പരിചയപ്പെട്ടത് ചുരുക്കി വിവരിക്കുന്നു. ഒരിക്കൽ ഞാൻ വൈകുന്നേരം ടി.വി. കണ്ടുകൊണ്ടിരിക്കുകയായിരുന്നു. പെട്ടെന്ന് ഫോൺ ബെൽ അടിച്ചു തുടങ്ങി. വീട്ടിലുള്ളവർ ഫോൺ എടുത്തു. ഏതെങ്കിലും ഇംഗ്ലീഷുകാരൻ മറ്റൊരു ഇംഗ്ലീഷ്കാരനെ വിളിക്കുകയായിരിക്കും എന്ന് കരുതി. വീട്ടിലുള്ള സ്ത്രീ സംസാരിച്ചുകഴിഞ്ഞു. ഫോൺ ചെയ്ത വ്യക്തിയോട് അവർ പറഞ്ഞു. ഇവിടെ ഒരു റഷ്യൻ അതിഥി എന്റെ അടുത്ത് വന്നിട്ടുണ്ട്. ഞാൻ ഇത്കേട്ട് അദ്ഭുതപ്പെട്ടു. ഇംഗ്ലീഷുകാരുടെ ശീലമനുസരിച്ച് അങ്ങനെ പറയേണ്ട കാര്യം തന്നെയില്ല. ഏതായിരുന്നാലും ഞാൻ ഇതിനെ ഒരു മുഅ്ജിസത്തായാണ് കാണുന്നത്. പെട്ടെന്ന് എന്നെ ടെലിഫോണിന്റെ അടുത്തേക്ക് ക്ഷണിച്ചു. ടെലിഫോൺ എനിക്ക് നൽകി. മറുഭാഗത്ത് ഫോൺ വിളിച്ചിരുന്ന വ്യക്തി വളരെ താത്പര്യം പ്രകടിപ്പിച്ചു. എവിടെനിന്നാണ് വന്നത് എന്ന് അന്വേഷിച്ചു. അടുത്ത ദിവസം മസ്ജിദിൽ വരാൻ പറഞ്ഞു. സംസാരത്തിൽ അദ്ദേഹം അഹ്മദിയ്യത്ത് എന്ന് ഉപയോഗിച്ചില്ല. എനിക്ക് വീട്ടിൽ നിന്ന് പുറത്തുപോകാനും ആഗ്രഹമുണ്ടായിരുന്നു. അതുകൊണ്ട് വരാം എന്ന് ഞാൻ സമ്മതിച്ചു. ഫോൺ വെച്ചു. രാവിലെ എന്നെ കൊണ്ടു പോകാൻ വണ്ടി വന്നു. അത് എന്നെ മസ്ജിദ് വരെ എത്തിച്ചു. അത് പട്ട്നി എന്ന സ്ഥലത്തായിരുന്നു. ഞാൻ ആദ്യമായി അവിടെ കണ്ടത് അഹ്മദിയ്യാ ജമാഅത്തിന്റെ മുദ്രാവാക്യമായിരുന്നു. സ്നേഹം എല്ലാവരോടും വെറുപ്പ് ആരോടുമില്ല. എനിക്ക് തുടക്കത്തിൽ തന്നെ ഇസ്‌ലാമിനോട് താത്പര്യമായിരുന്നു. അതുകൊണ്ട് ഞാൻ മറ്റെല്ലാ ജോലിയും ഉപേക്ഷിച്ച് അഹ്മദിയ്യാ ജമാഅത്തിന്റെ പുസ്തകങ്ങൾ റഷ്യൻ ഭാഷയിലേക്ക് വിവർത്തനം ചെയ്യാൻ തുടങ്ങി. തർജമ ചെയ്യാൻ എന്നോട് അപേക്ഷിച്ചിരുന്നു. ഞാൻ അഹ്മദിയ്യാ ജമാഅത്തിന്റെ ഖലീഫ മിർസാ താഹിർ അഹ്മദ് സാഹിബിനെ കണ്ടു. രണ്ടുമണിക്കൂർ നേരത്തെ സംസാരത്തിനുശേഷം ഞങ്ങൾ രണ്ടുപേരും ലോകത്തെ ഒരേരീതിയിലാണ് കാണുന്നത് എന്ന് മനസ്സിലായി. ഈ സംസാരത്തിൽ എനിക്ക് പല പുതിയ കാര്യങ്ങളും ലഭിച്ചു. അതിനുശേഷം എനിക്ക് നൽകിയ ജോലി ഞാൻ ചെയ്തു കൊണ്ടിരുന്നു. പുസ്തകങ്ങൾ തർജമ ചെയ്യുക എന്നത് മാത്രമായിരുന്നു എന്റെ ഉദ്ദേശ്യം. എന്നാൽ ഈ പുസ്തകങ്ങളിലുള്ള വിഷയങ്ങൾ വളരെ വ്യക്തവും അർഥഗർഭവുമായിരുന്നു. കുറഞ്ഞ കാലയളവിനുള്ളിൽ തന്നെ എനിക്ക് കാര്യങ്ങൾ മനസ്സിലായി. ജമാഅത്തിൽ പ്രവേശിക്കുക എന്നത് ഒരു യാദൃച്ഛരിക സംഭവമായിരുന്നില്ല. എന്നെ കൊണ്ടുവന്നത് ദൈവ വിധിയായിരുന്നു.

ഈ കൂടിക്കാഴ്ചക്ക്ശേഷം അദ്ദേഹത്തിന് തർജമയുടെ ജോലി നൽകിയിരുന്നു. ഇസ്‌ലാമാബാദ് (ടിൽഫോഡിൽ) താമസിക്കാനുള്ള സൗകര്യം ഏർപ്പെടുത്തിക്കൊടുത്തു. എഴുതുന്നു. അവിടെ വിശാലമായ സ്ഥലമായിരുന്നു. എനിക്ക് വീട് അവിടെയാണ് നൽകിയത്. അവിടെ ജോലി ചെയ്യാൻ എനിക്ക് വളരെ താത്പര്യമായിരുന്നു. വളരെ സന്തോഷമായിരുന്നു.

എനിക്ക് ഏറ്റവും ഇഷ്ടപ്പെട്ട വാദങ്ങളിൽ ഒന്ന് അടുത്ത ഭാവിയിൽ ഇസ്‌ലാം ലോകം മുഴുവനും വ്യാപിക്കും എന്നതായിരുന്നു. ഇക്കാലത്ത് ഒരാത്മീയ വിപ്ലവം സംജാതമാക്കാനായി നിയോഗിക്കപ്പെട്ട ജമാഅത്ത് ഇതുമാത്രമാണെന്നാണ് അഹ്മദിയ്യാ ജമാഅത്തിന്റെ വാദം. അല്ലാഹുവിന്റെ ഏകത്വത്തിലേക്ക് ലോകത്തെ ക്ഷണിക്കുന്ന ജമാഅത്ത് ഇതായിരിക്കും ഇൻശാ അല്ലാഹ്. മുഴുവൻ ലോകത്തേക്കും മസീഹായി വന്ന വാഗ്ദത്ത മസീഹാണ് ഈ ജമാഅത്ത് സ്ഥാപിച്ചത്. ലോകത്തെ ഒന്നടങ്കം ഈ ജമാഅത്ത് നേരിട്ടുകൊണ്ടിരിക്കുകയാണ്. ലോകത്തുള്ള പ്രബലമായ ഭരണകൂടങ്ങളെ ഇത് വെല്ലുവിളിക്കുന്നു. ഈ ചെറിയ ജമാഅത്ത് നൽകിയിരിക്കുന്ന വെല്ലുവിളി ആദ്യകാലത്ത് ഇസ്‌ലാം നൽകിയ വിശദീകരണം പോലെയല്ല. ലോകത്തെ എല്ലാ മതങ്ങളെയും ആത്മീയ മൈതാനത്തേക്ക് ഇറങ്ങാനുള്ള തുറന്ന വെല്ലുവിളികൾ നടത്തിയിരിക്കുന്നു. അതിൽ ക്രിസ്തുമതവും ഉൾപ്പെടുന്നു.

ഈ പുസ്തകത്തിൽ തന്റെ ഒരു സ്വപ്നം അദ്ദേഹം വിവരിക്കുന്നു. അദ്ദേഹം പറയുന്നു. സ്വപ്നത്തിൽ ഞാൻ കാണുന്നു. ഞാൻ കാസാനിലെ പള്ളിയായ മർജാനിലെ രണ്ടാമത്തെ നിലയിൽ നമസ്ക്കരിക്കുകയാണ്. അവിടെ സുന്നത്ത് നമസ്ക്കരിക്കുന്ന പലരുമുണ്ട്. അവരുടെ മുമ്പിൽ ജമാഅത്തായി നമസ്ക്കരിക്കാൻ സഫ്ഫ് ശരിയാക്കി കൊണ്ടിരിക്കുകയാണ്. അപ്പോൾ ഞാൻ കാണുന്നത് എല്ലാവരും തന്നെ മിഹ്റാബിന്റെ ഭാഗത്തേക്ക് മുഖം തിരിച്ചിരിക്കുന്നു. (ഖിബ്‌ലയുടെ ഭാഗത്തേക്ക്) എന്നാൽ ഞാൻ ജനലിന്റെ ഭാഗത്തേക്കാണ് മുഖം തിരിച്ചിരിക്കുന്നത്. അതിലൂടെ എന്നിൽ സൂര്യകിരണങ്ങൾ പതിക്കുന്നുണ്ട്. ഞാൻ എന്നോട് തന്നെ ചോദിച്ചു. മറ്റുള്ളവരെല്ലാം തിരിഞ്ഞ ഭാഗത്തേക്ക് ഞാൻ എന്തുകൊണ്ട് തിരിയുന്നില്ല. സ്വപ്നത്തിൽ തന്നെ ഞാൻ മറുപടി പറയുന്നു. അതേ, ഞാൻ യാത്രയിലാണ്. ഇസ്‌ലാമിന്റെ നിയമമനുസരിച്ച് യാത്ര ചെയ്യുമ്പോൾ ഏതുഭാഗത്തേക്കാണോ യാത്ര ചെയ്യുന്നത് ആ ഭാഗത്തേക്കാണ് മുഖം തിരിക്കേണ്ടത്. പ്രകാശം വരുന്ന ആ സ്ഥലത്തേക്ക് നോക്കുക എന്നത് ശരിയായിരുന്നു എന്ന് മനസ്സിലായി.

ഒരു വിധ സന്ദേഹവും എന്റെ ഉള്ളിലില്ലാ എന്ന് ഈ സ്വപ്നത്തിൽ നിന്ന് എനിക്ക് മനസ്സിലായി. എനിക്ക് മനസ്സിലായ മറ്റൊരു കാര്യം ആത്മീയമായ പുനർജനനം മാത്രം മതിയായതല്ല. മുമ്പുള്ള എല്ലാ പാപങ്ങളിൽ നിന്നും രക്ഷപ്പെട്ടുകൊണ്ട് (അല്ലാഹുവാണ് പാപങ്ങളിൽ നിന്ന് പരിശുദ്ധമാക്കുക) ഒരു പുതിയ ജീവിതം തുടങ്ങേണ്ടത് അനിവാര്യമാണ്. ഈ വഴിയിലൂടെ ഞാനും നടക്കാൻ തുടങ്ങി. അഹ്മദിയ്യാ ജമാഅത്തിനൊപ്പമാണ് ഞാൻ നടക്കുന്നത്. നിങ്ങളെയും മറ്റെല്ലാവരെയും ഞാൻ ഇതിലേക്ക് ക്ഷണിക്കുന്നു. (അദ്ദേഹം മറ്റുള്ളവരെ തബ്‌ലിഗ് ചെയ്യുകയാണ്.) എന്റെ പരോക്ഷമായ വിവിധ ആഗ്രഹങ്ങളും പൂർത്തിയായി. യാദൃച്ഛരികങ്ങൾ എന്ന് നാം പറയുന്ന പല അദ്ഭുത സംഭവങ്ങളാലും എന്റെ ജീവിതം നിറഞ്ഞിട്ടുള്ളതാണ്. ഈ

ഗ്രന്ഥത്തിൽ തന്റെ ചില സംഭവങ്ങൾ അദ്ദേഹം വിവരിച്ചിട്ടുണ്ട്.

വിവിധ സ്ഥലങ്ങളിൽ ഞാൻ നടത്തിയ പീസ് കോൺഫറൻസിലെ പ്രഭാഷണങ്ങൾ ഇദ്ദേഹം തർജമ ചെയ്തിട്ടുണ്ട്. ഇത് റഷ്യൻ ജനങ്ങൾക്ക് വളരെ പ്രധാനപ്പെട്ടതായി കരുതിക്കൊണ്ടാണ് തർജമ ചെയ്തത്. ഏതായിരുന്നാലും ഞാൻ നേരത്തെ പറഞ്ഞതു പോലെ വിശുദ്ധ ഖുർആന്റെ തർജമയാണ് ഇദ്ദേഹത്തിന്റെ ഏറ്റവും വലിയ സേവനം.

ബി. ബി. സി.യും മറ്റു വിവിധ വെബ്സൈറ്റുകളും അദ്ദേഹത്തിന്റെ മരണത്തിൽ അനുശോചനം അറിയിക്കുകയുണ്ടായി.

അദ്ദേഹം കൃത്യനിഷ്ഠയുള്ള വ്യക്തിയായിരുന്നു. ഓരോ ജോലിയും കൃത്യസമയത്ത് ചെയ്തു തീർക്കും. നമുക്ക് ഒരു മാതൃകയായിരുന്നു. സത്യവാനായ മുസ്‌ലിമായിരുന്നു. മതപണ്ഡിതനായിരുന്നു. ബി.ബി.സി. ഇന്നലെ അരമണിക്കൂർ നേരം അദ്ദേഹത്തെക്കുറിച്ചുള്ള പ്രോഗ്രാമാണ് സംപ്രേഷണം ചെയ്തത്. അതിൽ അദ്ദേഹത്തിന്റെ പ്രഭാഷണം കേൾപ്പിച്ചു. ഡോ. അബ്ദുസ്സലാം സാഹിബിനെയും പരാമർശിക്കുകയുണ്ടായി. അദ്ദേഹം അഹ്മദി മുസ്‌ലിമാണെന്നും വിശുദ്ധ ഖുർആൻ മുഖേനയാണ് അദ്ദേഹത്തിന് നോബൽ സമ്മാനം ലഭിച്ചതെന്നും പറഞ്ഞു.

ബി.ബി.സി. പറഞ്ഞത് അദ്ദേഹം താത്താരിസ്ഥാനിൽ മാത്രം ഒതുങ്ങുന്ന എഴുത്തുകാരനല്ല, മറിച്ച് റഷ്യ ഒട്ടുക്കുമുള്ള എഴുത്തുകാരനാണ്. താത്താരിസ്ഥാനിലെ നാഷണൽ ടി.വി.യും അദ്ദേഹത്തിന്റെ മരണവാർത്ത വളരെ പ്രാധാന്യത്തോടെ സംപ്രേഷണം ചെയ്തു. താത്താർ സമൂഹത്തെ വളരെയധികം സ്നേഹിച്ചിരുന്നു.

അദ്ദേഹത്തെക്കുറിച്ച് ഇന്റർനെറ്റിൽ എഴുതിയത് ഇപ്രകാരമാണ്. അഹ്മദി മുസ്‌ലിമാണ്. ഒരു വെബ്സൈറ്റിൽ അദ്ദേഹം അഹ്മദിയാണെന്ന് വ്യക്തമായി പറഞ്ഞുകൊണ്ട് എഴുതിയിട്ടുണ്ട്. ഒരു ചോദ്യത്തിൽ മറുപടിയായി പറയുന്നു. ലോകത്തിലേക്കുള്ള എന്റെ യാത്ര തുടങ്ങിയത് ഓസ്ട്രേലിയയിൽ നിന്നാണ്. അവിടെ നിന്ന് ആഗോള അഹ്മദിയ്യാ ജമാഅത്ത് എന്നെ ലണ്ടനിലേക്ക് ക്ഷണിച്ചു. ഇസ്‌ലാമിന്റെ പുനർജനനത്തിനായാണ് ഈ ജമാഅത്ത് രൂപീകരിച്ചിട്ടുള്ളത്. ഇവരുടെ മുദ്രാവാക്യം Love for All Hatred for none എന്നാണ്. ഇത് എന്റെ മനസ്സിൽ ഉള്ളതു പോലെയായിരുന്നു. ഇസ്‌ലാമിന് വിരുദ്ധമായ ഒരു പ്രവർത്തിയും ഇവരിൽ ഞാൻ കണ്ടിട്ടില്ല. യഥാർഥ ഇസ്‌ലാം എന്നത് അഹ്മദിയ്യത്ത് തന്നെയാണ്. ഇസ്‌ലാം മൗലവിമാർക്ക് മാത്രമുള്ളതല്ല, മാനവരാശിക്കാകമാനം ഉള്ളതാണ്.

എനിക്ക് എന്റെ വഴിലഭിച്ചപ്പോൾ, ഇസ്‌ലാമിന്റെ അടിസ്ഥാന അധ്യാപനങ്ങളും ഇംഗ്ലീഷ് ഭാഷയും പഠിക്കാനുള്ള അവസരം ലഭിച്ചപ്പോൾ, ഞാൻ എന്റെ പൊതുജീവിതത്തിൽ നിന്നും വിട്ടകന്നു. പിന്നീട് എനിക്ക് ജോലിക്കായി വിവിധ ഭാഗങ്ങളിൽനിന്ന് ക്ഷണം ലഭിച്ചു തുടങ്ങി. (ആദ്യം ജോലി ഇല്ലായിരുന്നു പിന്നീട് ജമാഅത്തിന്റെ തർജമ തുടങ്ങിയതോടുകൂടി വിവിധ സ്ഥലങ്ങളിൽ നിന്നും ജോലിക്കുള്ള ക്ഷണം വരാൻ തുടങ്ങി). റഷ്യയിൽ ഇസ്‌ലാമീ കൗൺസിലിലേക്ക് പല പ്രാവശ്യം എന്നെ ക്ഷണിക്കുകയുണ്ടായി.

നിങ്ങളുടെ ഗുരുനാഥനാരാണെന്ന ചോദ്യത്തിന് എന്റെ മാതാപിതാക്കൾക്ക് ശേഷം അഹ്മദിയ്യാ ജമാഅത്തിന്റെ ഖലീഫയാണ് എന്റെ ഗുരുനാഥൻ എന്നാണ് മറുപടി പറഞ്ഞത്. അങ്ങനെയുള്ള ഗുരുനാഥനെ എനിക്ക് വളരെ വൈകിയാണ് കിട്ടിയത്. 20 വർഷം മുമ്പേ കിട്ടിയിരുന്നെങ്കിൽ പലതും എനിക്ക് ചെയ്യാൻ സാധിക്കുമായിരുന്നു.

റവീൽ സാഹിബ് പലഗുണങ്ങളും ഉള്ള വ്യക്തിയായിരുന്നു. എന്നാൽ മറ്റുള്ളവരിൽ നിന്നും അദ്ദേഹത്തെ വ്യതിരിക്തമാക്കുന്ന ഗുണം അദ്ദേഹത്തിന്റെ വിനയവും എളിമയുമാണ്. ഖിലാഫത്തിനോട് അതിയായ സ്നേഹമായിരുന്നു. കാലത്തിന്റെ ഖലീഫയുമായി സുദൃഢമായ ബന്ധമുണ്ടായിരുന്നു. മറ്റൊന്നിനും അതിന്റെ മുമ്പിൽ ഒരു സ്ഥാനവും നൽകിയിരുന്നില്ല.

ഖാലിദ് സാഹിബ് എഴുതുന്നു. അടുത്തിടെ ഉണ്ടായ ഒരു സംഭവം പറയാം. കഴിഞ്ഞ വർഷം ഡിസംബറിന്റെ അവസാനത്തിൽ ഞാനുമായി(ഹുസൂറുമായി) അദ്ദേഹത്തിന്റെ മീറ്റിംഗ് ഉണ്ടായിരുന്നു. ഖാലിദ് സാഹിബ് എഴുതുന്നു. ഞാനും റവീൽ സാഹിബും ഹുസൂറിന്റെ ഓഫീസിൽ മുലാഖാത്തിനായി ഹാജറായി. റവീൽ സാഹിബ് എന്നോട് ചോദിച്ചു. അനുവാദമുണ്ടെങ്കിൽ, ജമാഅത്തിനെ വിശദമായി പരിചയപ്പെടുത്തുകയും ചരിത്രം പരാമർശിക്കുകയും ചെയ്യുന്ന തരത്തിൽ ഒരു പുസ്തകം റഷ്യൻ ഭാഷയിൽ പ്രസിദ്ധീകരിക്കുന്നതാണ്. അതിൽ പൊതു മുസ്‌ലിംകൾ ഇടക്ക് ഉന്നയിക്കുന്ന ആക്ഷേപങ്ങൾക്ക് മറുപടിയും ഉൾപ്പെടുത്താവുന്നതാണ്.കാരണം മൗലവിമാർ ജമാഅത്തിനെക്കുറിച്ച് തെറ്റായ അറിവാണ് നൽകിയത്. ഇതുമുഖേന റഷ്യയിൽ നിത്യവും വിവിധ ആക്ഷേപങ്ങൾ വിവിധ വെബ്സൈറ്റുകളിൽ കാണാവുന്നതാണ്. ഞാൻ അദ്ദേഹത്തോട് പറഞ്ഞു. ശരി നിങ്ങൾ പുസ്തകം എഴുതുക. എന്നാൽ ആക്ഷേപങ്ങൾക്കുള്ള മറുപടി ചെറിയ ചെറിയ വിഷയങ്ങളായി വെവ്വേറെ പ്രസിദ്ധീകരിക്കുക. അത് വെബ്സൈറ്റിന് അയച്ചുകൊടുക്കുക. റവീൽ സാഹിബ് ഉടനെ സമ്മതം മൂളുകയുണ്ടായി. മീറ്റിങ്ങിനുശേഷം ഞങ്ങൾ പുറത്തിറങ്ങി. ഖാലിദ് സാഹിബ് പറയുന്നു. റാവീൽ സാഹിബ് പറഞ്ഞു ഈ പ്രവർത്തനം എങ്ങനെ തുടങ്ങണം എന്നാണ് ഇതുവരെ ഞാൻ ചിന്തിച്ചിരുന്നത്. ഹുസൂർ ഇന്ന് എന്റെ പ്രയാസം ദൂരീകരിച്ചു. എന്റെ ചിന്തയിൽ എന്തുചെയ്യണം എന്നതിന്റെ പൂർണരൂപം തെളിഞ്ഞുവന്നിരിക്കുന്നു. ഇതെല്ലാം ഖിലാഫത്തിന്റെ അനുഗ്രഹം കൊണ്ടാണ് സാധ്യമായത്. ഈ ജോലി ഇന്ന് മുതൽ തന്നെ ഞാൻ തുടങ്ങുകയാണ്. ഇതു കൂടാതെ റഷ്യൻ വെബ്സൈറ്റ് തുടങ്ങാനുള്ള അഭിപ്രായവും അദ്ദേഹം സമർപ്പിച്ചിരുന്നു. അതിനെക്കുറിച്ച് വേഗം റിപ്പോർട്ട് നൽകാൻ ഞാൻ പറഞ്ഞിരുന്നു. ഈ ജോലി അദ്ദേഹം തുടങ്ങിക്കഴിഞ്ഞിട്ടുണ്ടായിരുന്നു. ഏതായിരുന്നാലും ഈ പ്രവർത്തനം നടന്നുകൊണ്ടിരിക്കുകയായിരുന്നു. അപ്പോഴാണ് അല്ലാഹു അദ്ദേഹത്തെ തിരിച്ചുവിളിച്ചത്. ഏതായിരുന്നാലും ഉടനെതന്നെ പ്രവർത്തനം തുടങ്ങിയിരുന്നു.

ഖാലിദ് സാഹിബ് എഴുതുന്നു. റാവീൽ സാഹിബ് സമയം പാഴാക്കാതെ ജോലി ചെയ്തുകൊണ്ടിരുന്നു. അദ്ദേഹത്തിനെപ്പോഴും വേഗത്തിൽ ജോലി ചെയ്യുന്ന ശീലമാണുണ്ടായിരുന്നത് എന്ന് അദ്ദേഹത്തെ അടുത്തറിയുന്നവർക്കറിയാം. അദ്ദേഹത്തിന്റെ പക്കൽ സമയം വളരെ കുറവായി തോന്നുന്നതുപോലെ. ഞാനും ഇത് കണ്ടിട്ടുള്ളതാണ്. കഴിവതും വേഗത്തിൽ എല്ലാ ജോലിയും ചെയ്തു തീർക്കാൻ ശ്രമിച്ചിരുന്നു. കുറഞ്ഞ സമയത്തിനുള്ളിൽ ആയിരക്കണക്കിന് ജോലികൾ ചെയ്തുതീർക്കുമായിരുന്നു. ജോലിക്കിടെ അല്ലാഹുവിന് വേണ്ടിയെങ്കിലും അൽപം വിശ്രമിക്കുക എന്ന് പറയേണ്ടി വരാറുണ്ട്. ഇതുകേട്ടാൽ ചിരിച്ചുകൊണ്ട് പറയും നിങ്ങൾ

ക്ഷീണിച്ചുപോയോ. ഞാൻ ഇതുവരെ ക്ഷീണിച്ചിട്ടില്ല. ജോലിക്കിടെ ഭക്ഷണത്തിനുള്ള സമയമായാൽ ഭക്ഷണം വേഗത്തിൽ കഴിക്കുമായിരുന്നു. തുടർന്ന് പ്രവർത്തനം തുടങ്ങാനായിരുന്നു ഇത്. റഷ്യയിലും അടുത്ത പ്രദേശങ്ങളിലും ജമാഅത്തിന്റെ വളർച്ചയെക്കുറിച്ചാണ് എപ്പോഴും ചിന്തിച്ചിരുന്നത്. ലണ്ടനിൽ നിന്ന് മോസ്കോയിലേക്ക് പോകുമ്പോൾ വിവിധ പ്രോഗ്രാമുകൾ ഉണ്ടാക്കുകയും വിവിധ പദ്ധതികൾ ആസൂത്രണം ചെയ്യുകയും ചെയ്തിരുന്നു. റഷ്യയിൽ സ്വന്തം കെട്ടിടത്തിൽ മിഷൻ ഹൗസ് സ്ഥാപിക്കണമെന്ന് അദ്ദേഹം എപ്പോഴും അഭിപ്രായപ്പെട്ടിരുന്നു.

ഏതെങ്കിലും ഒരു പദ്ധതി തിരസ്കരിച്ചാൽ പിന്നെ നിരാശനായി ഇരിക്കുകയല്ല ചെയ്തിരുന്നത്. ഉടനെ അതിനു പകരം മറ്റൊരു പദ്ധതി കൊണ്ടുവന്നിരുന്നു. അതിൽ സാമ്പത്തിക ബാധ്യത കുറവായിരിക്കും. അതല്ലെങ്കിൽ മറ്റേതു രീതിയിൽ ആ ജോലി ചെയ്യാൻ സാധിക്കുമെന്ന് അന്വേഷിക്കുമായിരുന്നു. ചുരുക്കത്തിൽ ഏതെങ്കിലും രീതിയിൽ അഹ്മദിയ്യത്തിന്റെ സന്ദേശം മുഴുവനും റഷ്യയിൽ എത്തിക്കണം എന്നതായിരുന്നു ആകെയുള്ള ചിന്ത.

നമ്മുടെ ഒരു മുബല്ലിഗ് ഹാഫിസ് സയ്യിദ് റഹ്മാൻ സാഹിബ് എഴുതുന്നു. റവീൽ സാഹിബ് അഹ്മദിയ്യത്ത് സ്വീകരിച്ചിട്ട് 22 വർഷമെ ആയിട്ടുള്ളൂ. എങ്കിലും അഹ്മദിയ്യാ ഖിലാഫത്തിനോടുള്ള സ്നേഹവും ഖിലാഫത്തിനോടുള്ള ആദരവും ബഹുമാനവും കാണുമ്പോൾ അദ്ദേഹം പാരമ്പര്യമായി അഹ്മദി യ്യത്തിൽ ഉള്ള വ്യക്തിയാണെന്ന് ധരിച്ചു പോകും. മറ്റു അഹ്മദികൾക്കും പാഠം ഉൾക്കൊള്ളാൻ പറ്റുന്ന പലതും അദ്ദേഹത്തിൽ ഉണ്ടായിരുന്നു. റഷ്യയിൽ അഹ്മദിയ്യത്തിന്റെ വ്യാപനത്തിനായി എപ്പോഴും അദ്ദേഹത്തിന് പ്രത്യേക ആവേശം ഉണ്ടായിരുന്നു. റഷ്യയിൽ തബ്‌ലീഗ് പ്രവർത്തനം വ്യാപിപ്പിക്കുവാനും വേഗത കൂട്ടുവാനും നാലാം ഖിലാഫത്ത് കാലത്തും അഞ്ചാം ഖിലാഫത്ത് കാലത്തും ഖലീഫമാരുടെ മുമ്പാകെ തന്റെ പദ്ധതികൾ സമർപ്പിക്കാറുണ്ടായിരുന്നു. കാലത്തിന്റെ ഖലീഫമാർ അദ്ദേഹത്തിന്റെ അഭിപ്രായത്തോട് യോജിക്കുന്നില്ലെങ്കിൽ മറ്റൊരു രീതിയിൽ ഈ പദ്ധതി നടപ്പിൽ വരുത്താൻ പറഞ്ഞാൽ ഒരിക്കലും ഒരു വിധത്തിലുമുള്ള പ്രയാസമോ അഭിപ്രായമോ അതുസംബന്ധമായി പറയാറില്ല. അദ്ദേഹത്തിന്റെ ഈ പ്രവൃത്തി ഖിലാഫത്തിന്റെ സ്ഥാനമഹത്വം ഉൾക്കൊണ്ടുകൊണ്ടായിരുന്നു. ഈ മാതൃക പഴയകാല അഹ്മദികൾക്കും നവ അഹ്മദികൾക്കും തികച്ചും അനുകരണീയവുമാണ്.

റഷ്യക്കാരനായ ഒരു മുഖ്‌ലിസ് അഹ്മദി ഔറാ ശരീഫ് സാഹിബ് റവീൽ സാഹിബിന്റെ മരണത്തിൽ അനുശോചനം രേഖപ്പെടുത്തിക്കൊണ്ട് പറയുന്നു; വളരെ ഉന്നത ചിന്തകളുടെ ഉടമസ്ഥനായിരുന്ന റവീൽ സാഹിബ് ക്രിയാത്മകമായ പല നല്ല പ്രവർത്തനങ്ങളും ചെയ്തിട്ടുണ്ട്. കഠിനാധ്വാനിയായിരുന്നു. തന്റെ മതനിർദേശ ങ്ങളനുസരിച്ച് കഠിനാധ്വാനം ചെയ്യുക എന്നത് തന്റെ വിശ്വാസമായി അദ്ദേഹം കരുതി. അതുകൊണ്ടാണ് അദ്ദേഹം ഇസ്‌ലാമിലെ പരിഷ്കൃത ജമാഅത്തായ അഹ്മദിയ്യാ ജമാഅത്തിനെ തിരഞ്ഞെടുത്തതും അതിൽ പ്രവേശിക്കുകയും ചെയ്തതും.

കാസിഖിസ്ഥാനിലെ നമ്മുടെ മുഅല്ലിം റൂഫാത്തൂക്ക സാഹിബ് അനുശോചന സന്ദേശത്തിൽ എഴുതുന്നു: റഷ്യൻ ഭാഷയിൽ റവീൽ സാഹിബ് തർജമ ചെയ്ത പുസ്തകം മുഖേനയാണ് ആദ്യം അദ്ദേഹത്തെ പരിചയപ്പെടുന്നത്. റാവീൽ സാഹിബ് വളരെ നല്ല ഒരു വ്യക്തിത്വമായിരുന്നു. മധ്യേഷയിൽ അഹ്മദിയ്യത്തിന്റെ സന്ദേശം എങ്ങനെ പെട്ടെന്ന് എത്തിക്കാൻ കഴിയും എന്നതാണ് എപ്പോഴും ചർച്ച ചെയ്യാറുള്ളത്. അഹ്മദിയ്യത്തിന്റെ സന്ദേശം തന്റെ സമൂഹത്തിലും റഷ്യൻ ഭാഷ സംസാരിക്കുകയും അറിയുകയും ചെയ്യുന്നവരിലും വേഗത്തിൽ എത്തിക്കാനുള്ള വികാരം അദ്ദേഹത്തിൽ എത്രമാത്രം ഉണ്ടെന്ന് ഇദ്ദേഹത്തിന്റെ പുസ്തകം വായിക്കുമ്പോൾ നമുക്ക് മനസ്സിലാകുന്നതാണ്. ഹുസൂറിന്റെ ഖുത്ബ തർജമ ചെയ്ത് റവീൽ സാഹിബ് എം.ടി.എ യിൽ അത് വായിക്കുമ്പോൾ വളരെ വേദനയോടും ഭംഗിയായും അത് നിർവഹിച്ചിരുന്നു. ഖലീഫയുടെ വാക്കുകൾ ഗൗരവത്തോടുകൂടി ജനങ്ങൾക്ക് എത്തുന്നതിനു വേണ്ടിയാണ് അദ്ദേഹം ഇത് ചെയ്തത്.

റുസ്ത്തം ഇമാദ് അലി സാഹിബ് സദർ ജമാഅത്ത് മോസ്ക്കോ അനുശോചന സന്ദേശത്തിൽ എഴുതുന്നു. റവീൽ സാഹിബ് പണ്ഡിതനായിരുന്നു. നാനാതരം അറിവുകളും അല്ലാഹു അദ്ദേഹത്തിന് നൽകിയിരുന്നു. അതുമുഖേന ജനങ്ങൾക്ക് വിശാലമനസ്ക്കതയോടുകൂടി ഫലം എത്തിക്കുകയുണ്ടായി. അഹ്മദിയ്യാ ജമാഅത്ത് സ്വീകരിച്ചതിനുശേഷം അദ്ദേഹം പൂർണമായ രീതിയിൽ അല്ലാഹുവിനെ ആരാധിക്കാനും ജനങ്ങളെ സേവിക്കാനും വഖ്ഫ് ചെയ്തിരുന്നു. ഇതു കൂടാതെ അദ്ദേഹത്തിന്റെ വ്യക്തിത്വഗുണമായ വിനയം, മനുഷ്യത്വത്തോടുള്ള സ്നേഹം, കാരുണ്യം, വാത്സല്യം, ആത്മാർഥത, വിട്ടുവീഴ്ച, അല്ലാഹുവിനോട് തന്റെ ആവശ്യങ്ങൾ ചോദിക്കൽ, മറ്റുള്ളവരെ സഹായിക്കാനായി എപ്പോഴും തയ്യാറായിരിക്കൽ, തന്റെ കഴിവുകളിൽ മറ്റുള്ളവരെയും ഉൾപ്പെടുത്തുക എന്നിവയെല്ലാം ഉൾപ്പെടുന്നു.

നമ്മുടെ മുബല്ലിഗ് ബിശാറത്ത് സാഹിബ് എഴുതുന്നു. താങ്കളുടെ ഖുത്ബ ആദ്യമായി റഷ്യൻ ഭാഷയിൽ തുടങ്ങിയ ആ നിമിഷം ഞാൻ ഓർക്കുന്നു. രണ്ട് വർഷം മുമ്പാണ് ഇവിടെ നിന്ന് സംപ്രേഷണം ചെയ്യാൻ തുടങ്ങിയത്. അപ്പോൾ എന്റെ കൂടെ ഒരു അഹ്മദിയ്യാ സുഹൃത്ത് തഫ്ത്തോടോഫ് സാഹിബും ഖുത്ബ കാണുന്നുണ്ടായിരുന്നു. ഖുത്ബ തീർന്നപ്പോൾ എല്ലാവരുടെയും കണ്ണുകൾ സന്തോഷം കൊണ്ട് ഈറനണിഞ്ഞിരുന്നു. എല്ലാവരും പരസ്പരം ആലിംഗനം ചെയ്തു. ആശംസകൾ നേർന്നു. ഈ ഖുത്ബ റവീൽ സാഹിബിന്റെ ശബ്ദത്തിലാണ് റിക്കാർഡ് ചെയ്തിരുന്നത്. അദ്ദേഹത്തിന്റെ ശബ്ദത്തിൽ ഖുത്ബയുടെ ഒരു ശൃംഖല തന്നെ തുടങ്ങി. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഈ രീതിയിൽ ഖലീഫയുടെ ശബ്ദം റഷ്യൻ ഭാഷ അറിയുന്ന സഹോദരീ സഹോദരന്മാർക്ക് ആദ്യമായി എത്തിക്കുവാനുള്ള സൗഭാഗ്യം അദ്ദേഹത്തിനാണ് ലഭിച്ചത്. അദ്ദേഹത്തിന് ഖലീഫയുടെ സഹായഹസ്തമായിത്തീരാനുള്ള സൗഭാഗ്യം ലഭിച്ചു. പിന്നീടാണ് വന്നതെങ്കിലും ഖിലാഫത്തിന്റെ ബർക്കത്ത്കൊണ്ട് ഖിലാഫത്തിന്റെ തണലിൽ നമ്മേക്കാളും മുൻകടക്കുകയുണ്ടായി. അല്ലാഹു അദ്ദേഹത്തോട് സ്നേഹവാത്സല്യത്തോടെ പെരുമാറട്ടെ.

അല്ലാഹുതആല അദ്ദേഹത്തെപ്പോലെയുള്ള എത്രയോ സുൽത്താനെ നസീറുകളെ നൽകുമാറാകട്ടെ.

വി.വ. എം. നാസിർ അഹ്മദ്,
കൊടിയത്തൂർ



# നബിദിനവും അതിന്റെ പശ്ചാത്തലവും

മൗലവി മുഹമ്മദ് ഇസ്മായീൽ, ആലപ്പുഴ

1920 കളിൽ റസൂൽ തിരുമേനി(സ)യെ നിന്ദ്യമായി ചിത്രീകരിച്ച് കൊണ്ട് രംഗീലാ റസൂൽ (സ്ത്രീജിതനായ റസൂൽ) എന്ന അത്യന്തം ഹീനവും പ്രകോപനപരവുമായ സാഹിത്യം പ്രസിദ്ധീകരിക്കപ്പെട്ടു. തുടർന്ന് മുസ്‌ലിം ഇന്ത്യയിലാകാമാനം വമ്പിച്ച പ്രതിഷേധപ്രകടനമുണ്ടായി. നിയമനടപടികളുമുണ്ടായി. ഈ പ്രക്ഷുബ്ധാവസ്ഥയിൽ അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ രണ്ടാം ഖലീഫ ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ) മുന്നോട്ട് വന്ന് റസൂൽ തിരുമേനി(സ) യുടെ അഭിമാനം സംരക്ഷിക്കാൻ ഇന്ത്യൻ മുസ്‌ലിംകൾക്കായി പല പരിപാടികളും നിർദേശിക്കുകയുണ്ടായി. അതിലൊന്നായിരുന്നു നബിദിനയോഗങ്ങളുടെ സംഘാടനം. അഹ്മദികളെയും അനഹ്മദികളെയും ഏകോപിപ്പിച്ചു കൊണ്ട് ഇന്ത്യയിൽ പലയിടങ്ങളിലും നബിദിന യോഗങ്ങൾ നടന്നു. കേരളത്തിൽ യശഃശ്ശരീരനായ അഹ്മദി മിഷനറി മർഹൂം മൗലാനാ അബ്ദുല്ലാഹ് സഹിബ് എച്ച്. എ. യുടെ നേതൃത്വത്തിൽ മർഹൂം കെ.എം സീതി സാഹിബ്, മർഹൂം ഇ. കെ മൗലവി എന്നീ മുസ്‌ലിം നേതാക്കന്മാരെ പങ്കെടുപ്പിച്ചു കൊണ്ട് ആദ്യമായി കേരളക്കരയിലും നബിദിനമാചരിക്കുകയുണ്ടായി.

ആര്യസമാജക്കാരനായ രാജ്പാൽ 'രംഗീലാ റസൂൽ' എന്ന ഗ്രന്ഥത്തിലൂടെ രോഷാഗ്നി പടർത്തുന്ന നിലയിൽ നബി(സ)യെ അസഭ്യം പറഞ്ഞു. സർക്കാർ അയാൾക്കെതിരിൽ കേസെടുത്തു. ഈ കേസ് നടക്കുന്നതിനിടയിൽ അമൃതസറിലെ ഒരു ഹിന്ദു മാസികയായ 'വർത്തമാൻ' 1927 മെയ് മാസത്തിൽ ഹൃദയഭേദകമായ ഒരു ലേഖനം പ്രസിദ്ധീകരിച്ചു. ഇതിൽ ഒരു ആര്യാദേവി ശരൺശർമ, കഥാരൂപത്തിൽ നബി (സ), നഊദുബില്ലാഹ് നരകത്തിൽ അകപ്പെട്ട് കിടക്കുന്നതായി ചിത്രീകരിച്ചു. കാമവെറിയാണ് അതിന് കാരണം പറഞ്ഞത്. നബി(സ)യുടെ സഹധർമിണിമാരുടെ പേരുകൾ വികലമാക്കി ചിത്രീകരിക്കുകയും ചെയ്തു.

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനി(റ) ആ ലേഖനം കണ്ടയുടനെ ഒരു പോസ്റ്റർ പ്രസിദ്ധീകരിച്ചു. 'നബി(സ)യെ സ്നേഹിക്കുന്നു എന്നു വാദിക്കുന്നവർ ഇനിയും ഉണരുകയില്ലേ?' എന്നായിരുന്നു അതിന്റെ തലക്കെട്ട്. (പോസ്റ്ററിന്റെ പകർപ്പ് 1927 ജൂൺ 10ലെ അൽഫസ്ൽ പത്രത്തിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്). അതിൽ ഹുസൂർ പറഞ്ഞു:

'ഇനി ഇതിനേക്കാൾ വലിയ ഏതെങ്കിലും ഒരു ദുരന്തദിനം ഇസ്‌ലാമിന് വരാനുണ്ടോ? നമ്മുടെ നിസംഗത ഇതിനേക്കാൾ കൂടുതൽ രൂപം പ്രാപിക്കാനുണ്ടോ? നമ്മുടെ നബി(സ)യെ നാം നമ്മുടെ വീട്ടുകാരേക്കാൾ ആത്മാർഥതയോടും പൂർണമനസ്സോടും സ്നേഹിക്കുന്നുവെന്ന് നമ്മുടെ അയൽവാസികൾക്കറിയില്ലേ? നമ്മുടെ ശരീരത്തിന്റെ

ഓരോ തരിയും, ആ പരിശുദ്ധാത്മാക്കളുടെ നേതാവിന്റെ ചെരുപ്പുകൾക്ക് കീഴിലുള്ള മണ്ണിൽ അർപ്പിതമാണ്. ഇക്കാര്യം അവർ അറിയുന്നവരാണെങ്കിൽ, നമ്മുടെ മനസ്സുകളെ മുറിവേൽപ്പിക്കാനും നമ്മുടെ നെഞ്ചുകൾ പിളരാനും നമ്മുടെ നിസംഗതയേയും നിസ്സഹായതയേയും അങ്ങേയറ്റം ഭയാനകമായ രൂപത്തിൽ നമ്മുടെ കണ്മുമ്പിൽ കൊണ്ടുവരാനും സമ്പന്നനായ ഒരാളുടെ പൊട്ടിത്തകർന്ന ചെരുപ്പിന്റെ സ്ഥാനംപോലും നിങ്ങൾക്കില്ലെന്ന് മുസ്‌ലിംകളുടെ മുമ്പിൽ പ്രകടിപ്പിക്കാനുമായിട്ടല്ലാതെ എന്തിനാണ് ഇത്തരത്തിലുള്ള ലേഖനങ്ങൾ എഴുതിയത്? ഞാൻ ചോദിക്കട്ടെ, മുസ്‌ലിംകളെ വിഷമിപ്പിക്കാൻ അവർക്ക് മറ്റൊരു വഴിയും കിട്ടിയില്ലേ? ഞങ്ങളുടെ ജീവൻ ഹാജരാണ്. ഞങ്ങളുടെ മക്കളുടെ ജീവനും ഹാജരാണ്. എങ്ങനെ വേണമെങ്കിലും ഞങ്ങളെ വിഷമിപ്പിച്ചോളൂ. പക്ഷേ, ദൈവത്തെയോർത്ത് നബിമാരുടെ നേതാവിനെ നിന്ദിച്ചുകൊണ്ട് നിങ്ങളുടെ ഇഹലോകവും പരലോകവും നശിപ്പിക്കാതിരിക്കുക. ആ മഹാത്മാവിനുമേൽ ആക്രമണം നടത്തുന്നവരുമായി ഞങ്ങൾക്ക് ഐക്യപ്പെടാൻ സാധ്യമല്ല. ഞങ്ങൾ ആവർത്തിച്ചാവർത്തിച്ചു പറഞ്ഞിട്ടുള്ളതാണ്, ഇപ്പോൾ വീണ്ടും ഞാൻ ഓർമിപ്പിക്കാനാഗ്രഹിക്കുന്നു. കാട്ടിലെ വന്യമൃഗങ്ങളോടും വനത്തിലെ പാമ്പുകളോടും നമുക്ക് രഞ്ജിപ്പുണ്ടാക്കാൻ കഴിയും. പക്ഷേ, നബി (സ) തിരുമേനിയെ ചീത്തപറയുന്നവരുമായിട്ട് ഒരുതരത്തിലുള്ള രഞ്ജിപ്പുണ്ടാക്കാനും സാധ്യമല്ല. നിയമത്തിന്റെ അഭയത്തിൽ എന്തു വേണമെങ്കിലും നിങ്ങൾ ചെയ്തുകൊള്ളുക. പഞ്ചാബ് ഹൈക്കോടതിയുടെ പുതിയ വിധിയുടെ മറവിൽ എത്ര വേണമെങ്കിലും നമ്മുടെ ആദരണീയനായ നബി(സ)യെ ചീത്ത പറഞ്ഞുകൊള്ളുക. എന്നാൽ അവർ ഓർമിച്ചുകൊള്ളട്ടെ! സർക്കാരിന്റെ നിയമത്തിനുമേൽ മറ്റൊരു നിയമവുമുണ്ട്. അത് ദൈവമുണ്ടാക്കിയ നിയമമാണ്. പ്രകൃതിനിയമമാണ്. അവർ അവരുടെ ശക്തിയുടെ അടിസ്ഥാനത്തിൽ സർക്കാരിന്റെ നിയമത്തിന്റെ അടിയിൽനിന്ന് രക്ഷപ്പെട്ടേക്കാം. പക്ഷേ, ദൈവത്തിന്റെ നിയമത്തിൽനിന്ന് രക്ഷപ്പെടാനൊക്കുകയില്ല. പ്രകൃതിനിയമത്തിന്റെ ഈ ശാശ്വതമായ യാഥാർഥ്യം പുലരാതിരിക്കുകയില്ല. അതായത്, ഞങ്ങൾ സ്നേഹിക്കുന്ന വ്യക്തിയെ ചീത്തപറഞ്ഞതിനു ശേഷം ഞങ്ങളിൽനിന്ന് ഒരാളും സ്നേഹവും രഞ്ജിപ്പും പ്രതീക്ഷിക്കേണ്ട."

മുസ്‌ലിംകളോട് പറഞ്ഞു: സഹോദരന്മാരേ, ഞാൻ വേദന നിറഞ്ഞ മനസ്സോടെ വീണ്ടും നിങ്ങളോട് പറയുകയാണ്. പെട്ടെന്ന് ആക്രമണം നടത്തുന്നവനല്ല ധീരൻ. അവൻ ഭീരുവാണ്. അവൻ തന്റെ ശരീരേച്ഛയാൽ അമർന്നുപോയി. ധീരൻ എന്നു പറയുന്നത്, അവൻ ഒരു ദൃഢനിശ്ചയം ചെയ്യുന്നു. അത് പൂർത്തിയാക്കാത്തിടത്തോളം അതിൽനിന്ന് പിന്മാറുകയേയില്ല. അതുകൊണ്ട് ഇസ്‌ലാമിന്റെ പുരോഗതിക്കായി നിങ്ങളുടെ മനസ്സിൽ മൂന്ന് കാര്യങ്ങളിൽ പ്രതിജ്ഞയെടുക്കുക.

1. ദൈവഭയത്തോടെ പ്രവർത്തിക്കുക, ഇസ്‌ലാം ദീനിനെ അശ്രദ്ധയോടെ കാണുകയില്ല. 2. ഇസ്‌ലാമിന്റെ പ്രചാരണത്തിൽ പൂർണമായും താൽപര്യം കാണിക്കും. അതിനായി ജീവനും സ്വത്തും ത്യാഗം ചെയ്യാൻ മടിക്കുകയില്ല. 3. മുസ്‌ലിംകളെ സാംസ്കാരികവും സാമ്പത്തികവുമായ അടിമത്തത്തിൽനിന്ന് മോചിപ്പിക്കാൻ പൂർണമായും പരിശ്രമിക്കും. ചവിട്ടിയരക്കുന്ന ഈ അടിമത്തത്തിൽനിന്ന് മുസ്‌ലിംകൾ രക്ഷപ്പെടുവോളം ആ ശ്രമം നിറുത്തുകയില്ല.

ഈ പ്രതിജ്ഞ ചെയ്യുന്നതോടുകൂടി അതനുസരിച്ച് ജീവിക്കുകയും വേണം. ഈ അസഭ്യശരങ്ങൾക്കുള്ള സത്യസന്ധവും യഥാർഥവുമായ പകരംവീട്ടൽ ഇതാണ്. ഇതുതന്നെയാണ് സത്യസന്ധവും യഥാർഥവുമായ ചികിത്സ. ഇതുമുഖേന കലഹവും അശാന്തിയും കൂടാതെ മുസ്‌ലിംകൾക്ക് ശക്തിപ്രാപിക്കാൻ കഴിയും. അവർക്ക് മറ്റുള്ളവരെ സഹായിക്കാനും കഴിയും. ഇപ്പോൾ തങ്ങൾക്കുവേണ്ടി എന്തെങ്കിലും ചെയ്യാൻ പറ്റുന്നവരോ മറ്റുള്ളവർക്ക് പ്രയോജനപ്പെടുന്നവരോ അല്ല അവർ. തങ്ങളുടെ ഏറ്റവും പ്രിയപ്പെട്ട റസൂലിന്റെ അഭിമാനത്തെ കാത്തുസൂക്ഷിക്കാൻ വേണ്ടി യഥാർഥമായ ത്യാഗം ചെയ്യാൻ പറ്റാത്ത ജനത എന്തിനുകൊള്ളാം? ഈ വിളിക്ക് ഉത്തരം പറഞ്ഞ തങ്ങളുടെ നാട്ടുകാരെ നന്മയിലേക്ക് ക്ഷണിക്കാനും അല്ലാഹുവിന്റെ അനുഗ്രഹങ്ങൾക്ക് അനന്തരാവകാശികളാക്കാനും ഏതെങ്കിലും വേദനിക്കുന്ന മനസ്സുകളുണ്ടോ? (അൽഫസ്ൽ പത്രം 1927 ജൂൺ 10, പേജ് 6-8)

ഈ പോസ്റ്റർ ഒറ്റ രാത്രികൊണ്ട് ഇന്ത്യ മുഴുവൻ പതിക്കാൻ ഏർപ്പാട് ചെയ്തു. അത് രാജ്യം മുഴുവൻ കോളിളക്കം സൃഷ്ടിച്ചു. സമാധാനം നിലനിറുത്തുന്നതിനുവേണ്ടി സർക്കാരിന് കഠിനാധ്വാനം ചെയ്യേണ്ടിവന്നു. ഈ പോസ്റ്റർ സർക്കാർ കണ്ടുകെട്ടി എന്നത് ശരിതന്നെ. പക്ഷേ, ഈ കണ്ടുകെട്ടൽ റസൂലിന്റെ അഭിമാനത്തോടും റസൂലിന്റെ സ്നേഹത്തോടുമുള്ള കൊടുങ്കാറ്റിനെ എങ്ങനെ തടയാനാണ്? ഇതുമുഖേന ഇസ്‌ലാമിനോടും അല്ലാഹുവിനോടുമുള്ള സ്നേഹം മുമ്പത്തേക്കാളേറെ മുസ്‌ലിം ഹൃദയങ്ങളിൽ രൂപംകൊണ്ടു. അതിന്റെ ഫലമായി ഭരണകൂടത്തിന് തന്നെയും 'വർത്തമാന്റെ' അവിശുദ്ധവും മലീമസവുമായ മാസിക കണ്ടുകെട്ടാനും അതിന്റെ എഡിറ്റർക്കും ലേഖകനുമെതിരെ കേസെടുക്കാനും പെട്ടെന്ന് ശ്രദ്ധയുണ്ടായി.

ഹിന്ദുക്കൾ ഈ അവസ്ഥ കണ്ടു. പഞ്ചാബ് ഗവർണർ സർ മൽക്കം ഹൈലിക്ക് അവർ തുറന്ന കത്തെഴുതി: "വർത്തമാൻ മാസികയിൽ ആക്ഷേപാർഹമെന്ന് മനസ്സിലാക്കപ്പെട്ട ലേഖനത്തിന് മറുപടിയായി, അങ്ങേയറ്റം മോശവും മനസ്സിന് വേദനയുണ്ടാക്കുന്നതും പ്രകോപനപരവുമായ പോസ്റ്റർ മിർസാ ബശീർ.....ഖാദിയാനിൽനിന്ന് പ്രസിദ്ധീകരിച്ചിരിക്കുന്നു. അതിന്റെ ആയിരക്കണക്കിന് കോപ്പികൾ അച്ചടിച്ച് രാജ്യത്തിന്റെ എല്ലാ ഭാഗങ്ങളിലും വിതരണം ചെയ്യുകയും പതിക്കുകയും ചെയ്തിരിക്കുന്നു. വർത്തമാൻ മാസികയിലെ ആക്ഷേപാർഹമായ ലേഖനം ആയിരത്തിന് താഴെ മാത്രമേ അച്ചടിച്ചിട്ടുണ്ടാകുകയുള്ളൂ. അത് വായിച്ചിട്ടുള്ളത് വളരെ കുറച്ചു മുസ്‌ലിംകൾ മാത്രമായിരിക്കും. പക്ഷേ, മിർസായുടെ പോസ്റ്റർ ലക്ഷക്കണക്കിന് മുസ്‌ലിംകൾ വായിച്ചു എന്നു മാത്രമല്ല ലക്ഷക്കണക്കിന് ഹിന്ദുക്കളുടേയും ദൃഷ്ടി അതിൽ പതിയുകയുമുണ്ടായി. ഇപ്രകാരം ഈ പോസ്റ്റർ മുഖേന കൂടുതൽ വിഷം നാനാഭാഗത്തും വ്യാപിച്ചിരിക്കുന്നു. എന്നാൽ മിർസായുടെ ഈ ദ്രോഹത്തിന് സർക്കാർ അയാളുടെ പോസ്റ്റർ കണ്ടുകെട്ടി എന്നല്ലാതെ മറ്റൊരു നടപടിയും സ്വീകരിച്ചില്ല. എപ്രകാരം ലാലാ ഗ്യാൻചന്ദിനെതിരെ (എഡിറ്റർ, വർത്തമാൻ) കേസെടുത്തുവോ അപ്രകാരം മിർസായ്ക്കെതിരിലും നടപടിയെടുക്കേണ്ടതല്ലേ." (ഗുരു ഘൻണ്ടാൽ പത്രം, ലാഹോർ, 1927 ജൂൺ 27, പേജ് 12).

### പഞ്ചാബ് കോടതിയുടെ വിധി

അവിശുദ്ധമായ ഗ്രന്ഥം, 'രംഗീലാ റസൂൽ' കേസിൽ രാജ്പാലിനെ 153എ വകുപ്പ് പ്രകാരം ആറുമാസം കഠിനതട

വിന് ശിക്ഷിച്ചു. ആയിരം രൂപയുടെ പിഴയും. പിഴ ഒടുക്കിയില്ലെങ്കിൽ ആറുമാസം കൂടുതൽ തടവ് അനുഭവിക്കണം. രാജ്പാൽ പഞ്ചാബ് ഹൈക്കോടതിയിൽ അപ്പീൽ കൊടുത്തു. അപ്പീലിന്മേൽ ജഡ്ജി കൻവർ ദിലീപ് സിംഗ് ഇങ്ങനെ വിധി പറഞ്ഞു:

"എന്റെ അഭിപ്രായത്തിൽ 153എ വകുപ്പ് ഇത്രമാത്രം വിശാലമായ അർഥം ഉൾക്കൊള്ളുന്നതിനുവേണ്ടിയല്ല ഉണ്ടാക്കിയിട്ടുള്ളത്. നിലവിലുള്ള ഏതെങ്കിലും ജനതയുടെമേൽ ആക്രമണം നടത്തുന്നത് തടയുന്നതിനുവേണ്ടിയാണ് ഈ വകുപ്പ് ഉണ്ടാക്കിയിട്ടുള്ളതെന്ന് ഞാൻ കരുതുന്നു. അല്ലാതെ കഴിഞ്ഞുകടന്ന മതനേതാക്കൾക്കെതിരിൽ ആക്ഷേപങ്ങൾ ഉന്നയിക്കുന്നതും ആക്രമണം നടത്തുന്നതും തടയുന്നതിനുവേണ്ടിയല്ല. എന്നെ സംബന്ധിച്ചിടത്തോളം ഞാൻ ഇക്കാര്യത്തിൽ ഖേദം പ്രകടിപ്പിക്കുകയാണ്. അതായത് അത്തരം വകുപ്പിലെ ശിക്ഷകളിൽ ഇളവുണ്ട്. പക്ഷേ, ഈ കേസ് 153എയുടെ പരിധിയിൽ വരുന്നുവെന്ന് ഞാൻ മനസ്സിലാക്കുന്നില്ല. അതുകൊണ്ട് പുനർവിചാരണയ്ക്കായി അനുമതി നല്കുന്നു. അപ്പീൽവാദിയെ മോചിപ്പിക്കുകയും ചെയ്യുന്നു."* (അൽഫസ്ൽ, 1927, ജൂൺ 3 പേജ് 12ൽ വിധിയുടെ പൂർണരൂപം പ്രസിദ്ധീകരിച്ചിട്ടുണ്ട്).

### കോടതിവിധിയ്ക്ക് എതിരെ പ്രതികരണം

'വിധിക്കെതിരെ 'രാജിവെക്കുക' എന്ന തലക്കെട്ടിൽ മുസ്‌ലിം ഔട്ട്‌ലുക്ക് പത്രത്തിന്റെ അഹ്മദിഎഡിറ്റർ സയ്യിദ് ദിലാവർശാഹ് സാഹിബ് ബുഖാരി 1927 ജൂൺ 14ന് എഡിറ്റോറിയൽ എഴുതി. അതിനെ തുടർന്ന് പഞ്ചാബ് ഹൈക്കോടതിയിൽനിന്ന് പത്രത്തിന്റെ എഡിറ്റർക്കും ഉടമസ്ഥനും പ്രസാധകനും (മൗലവി നൂറുൽ ഹഖ് സാഹിബ്) കോടതി അലക്ഷ്യത്തിന് നോട്ടീസ് വന്നു.

### സയ്യിദ് ദിലാവർശാഹ് ബുഖാരിക്ക് ഖലീഫത്തുൽ മസീഹിന്റെ ഉപദേശം

സയ്യിദ് ദിലാവർശാഹ് ബുഖാരി ഹൈക്കോടതിയിൽനിന്ന് വന്ന നോട്ടീസുമായി ഹുസൂറിന്റെ സന്നിധിയിൽ എത്തി. ചിലയാളുകളുടെ അഭിപ്രായം ലേഖനം പ്രസിദ്ധീകരിച്ചതിന് ഖേദം പ്രകടിപ്പിക്കണമെന്നായിരുന്നു. എന്നാൽ ഹുസൂർ പറഞ്ഞു: "സംസ്ഥാന കോടതിയെ ഉചിതമായ രീതിയിൽ ആദരിക്കുക എന്നതായിരിക്കണം നമ്മുടെ നിർബന്ധ കടമ. പക്ഷേ, ഒരു ലേഖനം താങ്കൾ പൂർണ വിശ്വസ്തതയോടെ എഴുതി. ഇപ്പോൾ ഓരോ മുസ്‌ലിമിന്റേയും മനസ്സിൽ പൊന്തിവരുന്ന വികാരവിചാരങ്ങളാണ് താങ്കൾ അതിൽ ചേർത്തിട്ടുള്ളത്. ആ സത്യസന്ധതയിൽ ഉറച്ചുനിൽക്കുക എന്നതല്ലാതെ മറ്റെന്താണ് വേണ്ടത്? ഇത് നബി(സ) തിരുമേനിയോടുള്ള സ്നേഹത്തിന്റെ പ്രശ്നമാണ്. ആ പരിശുദ്ധാത്മാവിന്റെ അഭിമാന പ്രശ്നത്തിൽ നമ്മൾ ഏത് ആക്ഷേപകനെതിരിലും ശബ്ദമുയർത്താതിരിക്കുകയില്ല. നിയമം എന്തെന്ന് എനിക്കറിയില്ല. ഇതുസംബന്ധമായി താങ്കൾ നിയമജ്ഞന്മാരുമായി കൂടിയാലോചിക്കുക. എന്നാൽ, എന്റെ അഭിപ്രായം താങ്കൾ താങ്കളുടെ മറുപടിയിൽ ഇങ്ങനെ എഴുതണമെന്നാണ്. അതായത്, ഹൈക്കോടതി ജഡ്ജിയുടെ പക്കൽ കൻവർ ദിലീപ് സാഹിബിന്റെ അഭിമാനസംരക്ഷണത്തിന് ഇംഗ്ലീഷ് നിയമങ്ങളിൽ ഏതെങ്കിലും വകുപ്പുണ്ടാവുകയും എന്നാൽ നബി (സ) തിരുമേനിയുടെ അഭിമാനസംരക്ഷണത്തിന് വകുപ്പൊന്നുമില്ലെന്നുമാണെങ്കിൽ, ഞാൻ അതീവ സന്തോഷത്തോടെ ജയിലറയിൽ പോകാൻ തയ്യാറാണ്." (അൽഫസ്ൽ, 1927, ജൂലൈ 7, പേജ് 3)

### വാദം കേൾക്കലും സയ്യിദ് ദിലാവർ ശാഹിന്റെ വിവരണവും

ഈ കേസിന്റെ വാദം 1927 ജൂൺ 22ന് ഹൈക്കോടതി ഫുൾ ബെഞ്ച് കേട്ടു. തുടർന്ന് സയ്യിദ് ദിലാവർ ശാഹ് സാഹിബ് ബുഖാരി സത്യവിശ്വാസപരമായ ആത്മീയരോഷത്തിന്റെ തെളിവ് ഉദ്ധരിച്ചുകൊണ്ട് പറഞ്ഞു: "മുസ്‌ലിംകളുടെ അങ്ങേയറ്റം പ്രിയപ്പെട്ട വികാരം എന്നത്, ഇസ്‌ലാമിന്റെ പരിശുദ്ധനായ പ്രവാചകനോട് ഏറെ വിശ്വാസവും സമ്പൂർണമായ ലക്ഷ്യവും വെച്ചുപുലർത്തുക എന്നതാണ്. ഏത് വിഭാഗത്തിലും പദവിയിലും പെട്ട മുസൽമാനാണെങ്കിലും, സമ്പന്നനാവട്ടെ അല്ലെങ്കിൽ ദരിദ്രനും പശിയടക്കാൻ വകയില്ലാത്തവനുമാകട്ടെ- പരിശുദ്ധനബിയുടെമേൽ അല്ലെങ്കിൽ ആ മഹാത്മാവിന്റെ പരിശുദ്ധജീവിതത്തിനുമേൽ ഏതെങ്കിലും രീതിയിലുള്ള ആക്രമണം സഹിക്കുക എന്നത് അസാധ്യമാണ്...... ഇക്കാരണത്താലാണ് 'രംഗീലാ റസൂൽ' എന്ന ഗ്രന്ഥത്തിന്റെ പ്രസിദ്ധീകരണത്തോടെ ഓരോ മുസ്‌ലിം ഹൃദയവും വ്രണിതമായിത്തീർന്നിട്ടുള്ളത്. ഓരോ മുസ്‌ലിമിനേയും അസ്വസ്ഥരായി കാണുന്നത്. ഈ പ്രകോപനപരമായ ഗ്രന്ഥത്തിന്റെ പ്രസിദ്ധീകരണംകൊണ്ട് ജ്വലിച്ചുയർന്ന വികാരങ്ങൾ ഇസ്‌ലാം മതത്തിലെ ഓരോ വ്യക്തിയും അമർത്തിവെച്ചിരിക്കുകയാണ്. അതിന്റെ ഉത്തരവാദപ്പെട്ട പ്രസാധകർക്ക് നിയമത്തിന്റെ അടിസ്ഥാനത്തിൽ നീതിപരമായ നിലയിൽ ശിക്ഷ നൽകുമെന്ന പ്രതീക്ഷയോടെ അവർ സമാധാനിച്ചിരുന്നു. പക്ഷേ, ഓണറബിൾ മിസ്റ്റർ ജസ്റ്റീസ് ദിലീപ് സിംഗിന്റെ വിധി പ്രതീക്ഷകളുടെ കൊട്ടാരത്തിന്റെ അടിക്കല്ലിളക്കിക്കളഞ്ഞു. വിശാലമായ ഈ രാജ്യത്തിന്റെ അടുത്തും അകന്നുമുള്ള ലക്ഷക്കണക്കിന്, കോടിക്കണക്കിന് മുസ്‌ലിംകളുടെ വികാരങ്ങൾക്ക് അങ്ങേയറ്റം കഠിനമായ ക്ഷതമേല്പിച്ചിരിക്കുന്നു." (ഇൻക്വിലാബ് പത്രം, 1927, ജൂൺ 23).

### ചൗധരി സഫറുല്ലാഹ് ഖാൻ സാഹിബിന്റെ വിജ്ഞാനപരമായ വാദം

ഈ കേസിൽ വക്കാലത്തിനായി മുസ്‌ലിം വക്കീൽമാർ ഐകകണ്ഠ്യേന ചൗധരി സഫറുല്ലാഹ്ഖാൻ സാഹിബിന്റെ പേര് നിർദേശിച്ചു. അദ്ദേഹം തന്നെയാണ് കേസ് വാദിച്ചത്. വളരെ വിദഗ്ധമായും മനോഹരമായും അദ്ദേഹം കേസ് വാദിച്ചു. എല്ലാ മുസ്‌ലിംകളും അദ്ദേഹത്തെ അനുമോദിച്ചു. 'ദൗറെ ജദീദ് ലാഹോർ എന്ന പത്രം എഴുതി:

"മുസ്‌ലിം ഔട്ട് ലുക്ക് പത്രത്തിന്റെ ഈ കേസുമായി ബന്ധപ്പെട്ട്- അത് യഥാർഥത്തിൽ രാജ്പാലിന്റെ പ്രവാചകനിന്ദയെ സംബന്ധിച്ചുള്ള കേസായിരുന്നു- പരേതനായ ശഫീഇന്റെ വീട്ടിൽ പഞ്ചാബിലെ ഉന്നതക്കിടയിലുള്ള വക്കീലുമാർ സംഘടിച്ചു. ഹൈക്കോടതിയിൽ ഈ കേസ് ആര് സമർപ്പിക്കും എന്നതിനെ സംബന്ധിച്ച് കൂടിയാലോചിക്കാനാണ് അവർ ഒത്തുചേർന്നത്. ഉന്നതക്കിടയിലുള്ള എട്ടുപത്ത് വക്കീലുമാർ (അവരെല്ലാവരും നേതാക്കന്മാരും ദേശീയ മാർഗദർശികളും മുഖ്യന്മാരുമായിരു

* സംസ്ഥാനതലത്തിലുള്ള നിയമമാണിത്. അതുകൊണ്ട് വേണ്ടതെന്താണെന്നുവെച്ചാൽ, ഒരു വ്യത്തികെട്ട ഗ്രന്ഥത്തെ ഒരു സംസ്ഥാന ഭരണകൂടം കണ്ടുകെട്ടിയാൽ മറ്റുള്ള എല്ലാ ഭരണകൂടങ്ങളും തങ്ങളുടെ സംസ്ഥാനങ്ങളിൽ ആ ഗ്രന്ഥത്തിന്റെ അച്ചടിയും പ്രചാരണവും തടയാൻ നിയമപരമായി കടപ്പെട്ടവരാകണം. എന്നല്ല, ഈ നിയമമനുസരിച്ചുള്ള നടപടി ഇന്ത്യാ ഗവർമ്മെന്റിന്റെ അധികാരപരിധിയിലാക്കുന്നതാണ് നല്ലത്. ഏതെങ്കിലും സംസ്ഥാന സർക്കാർ പറഞ്ഞാൽ അവർ പൊതുവായ ഒരു കല്പന പുറപ്പെടുവിക്കണം. എല്ലാ സംസ്ഥാനങ്ങളുടെ മേലും അത് ശക്തിചെലുത്തുകയും വേണം. (അൽ ഫസൽ 1927 ആഗസ്റ്റ് 19, പേജ് 6,7).

ഇന്ത്യയിൽ ഈ ശബ്ദം ഉയർത്തിയതിനുശേഷം ഖലീഫത്തുൽ മസീഹ് ഥാനി(റ) ലണ്ടൻ മുബല്ലിഗ് മൗലവി അബ്ദുർ റഹീം സാഹിബ് ദർദ് എം.എ. മുഖേന ഇംഗ്ലണ്ടിലും ഇതിനായി പരിശ്രമിച്ച് അവിടത്തെ പ്രസ്സിലും ഈ പ്രശ്നം ഉന്നയിച്ചു. അതായത് നിലവിലുള്ള നിയമം അപര്യാപ്തമാണ്. അത് പെട്ടെന്ന് തിരുത്തപ്പെടണം. പാർലമെന്റിലും ചില അംഗങ്ങൾ ഈ പ്രശ്നങ്ങൾ ഉന്നയിക്കുകയുണ്ടായി.

ന്നു.) ഐകകണ്ഠ്യേന ആ ജോലി ചെയ്യാൻ ചൗധരി സഫറുല്ലാഹ്ഖാൻ സാഹിബിനെ തീരുമാനിച്ചു. അദ്ദേഹത്തിനല്ലാതെ മറ്റാർക്കും വിജയകരമായി അത് ചെയ്യാൻ കഴിയുകയില്ലെന്ന് അവർ പറഞ്ഞു. ചൗധരി സാഹിബ് അവരോട് പറഞ്ഞു: "നിങ്ങൾ അനുഭവജ്ഞാനത്തിലും കഴിവിലും പ്രസിദ്ധിയിലും സാമർഥ്യത്തിലും എന്നേക്കാൾ മികച്ചവരാണ്. അതുകൊണ്ട് നിങ്ങളിലൊരാളെ ഇതിനായി ചുമതലപ്പെടുത്തുക. സഹായി എന്ന നിലയിൽ ഞാൻ അയാൾക്കു വേണ്ടുന്ന എല്ലാ സഹായങ്ങളും ചെയ്തുകൊടുക്കുന്നതാണ്." പക്ഷേ, അവരിലൊരാളും അത് സമ്മതിച്ചില്ല.

ചൗധരി സാഹിബ് ഈ കേസ് ഹൈക്കോടതിയിൽ നല്ലവണ്ണം സമർപ്പിച്ചു. അദ്ദേഹം തന്റെ മാസ്മരികമായ പ്രസംഗത്തിന്റെ അവസാനവാക്കുകളിൽ പറഞ്ഞു: "ഹദ്റത്ത് മുഹമ്മദ് (സ)യുടെ കല്പനകൾക്കു മുമ്പിൽ ലോകത്തിലെ നാല്പതു കോടി വരുന്ന ജനങ്ങളുടെ കഴുത്തുകൾ കുനിഞ്ഞിരിക്കുകയാണ്. ആ മഹാത്മാവിന്റെ അടിമകളായിരിക്കുന്നതിൽ, പ്രതാപികളായ രാജാക്കന്മാരും മഹാത്മാക്കളായ മന്ത്രിമാരും പ്രസിദ്ധരായ പണ്ഡിതജേർണൽമാരും കോടതിക്കസേരയിൽ പ്രശോഭിതരാകുന്ന ജഡ്ജിമാരും (അവരുടെ കഴിവിനെ കാലം ആദരിക്കുന്നു) അഭിമാനിക്കുന്നു. അത്തരം സമ്പൂർണനായ മനുഷ്യന് രാജ്പാലിന്റെ നിന്ദ്യമായ ലേഖനം മുഖേന നിന്ദ്യതയുണ്ടായിട്ടില്ലെന്ന് ഏതെങ്കിലും ന്യായാധിപൻ പറയുമ്പോൾ, മുസ്‌ലിം ഔട്ട്ലുക്കിന്റെ ലേഖനത്തെ സംബന്ധിച്ചും അതുമുഖേന ആർക്കും ഒരു നിന്ദ്യതയും ഉണ്ടായിട്ടില്ലെന്ന അഭിപ്രായം പ്രകടിപ്പിക്കുകയാണ് കോടതി ചെയ്യേണ്ടത്".

ആ സമയത്ത് അവിടെ സന്നിഹിതനായിരുന്ന മൗലാന സഫർ അലിഖാൻ സാഹിബിന്റെ കണ്ണുകൾ വികാരാവേശംകൊണ്ട് നിറഞ്ഞു. അദ്ദേഹത്തിന് അടങ്ങിയിരിക്കാൻ കഴിഞ്ഞില്ല. അണികളെ വകഞ്ഞുമാറ്റി അദ്ദേഹം മുന്നോട്ടുകുതിച്ചു. ചൗധരി സാഹിബിന്റെ കൈപിടിച്ചു മുത്തി. അദ്ദേഹത്തെ ആലിംഗനം ചെയ്തു. അങ്ങേയറ്റം ഗൗരവത്തോടെ പറഞ്ഞു: മുസ്‌ലിംകളിൽ പ്രാസംഗികരില്ലെന്ന് പറയുന്നത് തെറ്റാണ് എന്ന് ചൗധരി സാഹിബിന്റെ പ്രസംഗം വ്യക്തമായ നിലയിൽ തെളിയിച്ചിരിക്കുന്നു. (ഈ സംഭവങ്ങളെ പരിഗണിച്ചുകൊണ്ട് ചൗധരി സാഹിബിനെ ഒരു കാലത്ത് അഞ്ചുമൻ ഹിദായത്തെ ഇസ്‌ലാമിന്റെ അംഗമാക്കുന്നതിനു വേണ്ടി മാനേജിംഗ് കമ്മിറ്റിയിൽ അംഗമാക്കുകയുണ്ടായി. അദ്ദേഹം അംഗമെന്നനിലയിൽ മുസ്‌ലിംകളുടെ വിവിധ നിവേദക സംഘങ്ങളുടെ കടമകളും നിറവേറ്റി.)

സിയാസത്ത് പത്രം (ലാഹോർ) 1927 ജൂൺ 23ന് എഴുതി: കോടതിക്ക് ഈ കേസിന്റെ വാദം കേൾക്കാൻ അവകാശമുണ്ടോ? എന്ന ചോദ്യത്തിന്റെ അടിസ്ഥാനത്തിൽ ബാരിസ്റ്റർ ലോ പഞ്ചാബ് കൗൺസിൽ അംഗം ചൗധരി സഫറുല്ലാഹ് ഖാൻ സാഹിബ് ഉഗ്രൻ പ്രഭാഷണം നടത്തി. വിവിധ ഉദ്ധരണികൾ നല്കിക്കൊണ്ട്, ബ്രിട്ടനിലെ കോടതികൾക്ക് ബിലാത്തി പൊതുനിയമത്തിന്റെ അടിസ്ഥാനത്തിൽ അത്തരം കേസുകൾ കേൾക്കാൻ അധികാരമുണ്ടെന്നും പ്രസ്തുത അധികാരം ഇന്ത്യയിലെ പഴയ കോടതികൾക്കുണ്ടായിരുന്നുവെന്നും അത് ബോംബെ, മദ്രാസ്, കൽക്കത്തെ തുടങ്ങിയ സ്ഥലങ്ങളിൽ നിലനിന്നിരുന്നുവെന്നും സ്ഥാപിക്കുകയുണ്ടായി. അതിനുശേഷം ഈ പട്ടണങ്ങളിൽ ഉന്നതകോടതികൾ നിശ്ചയിക്കപ്പെട്ടു. ഈ അവകാശം പ്രത്യേകമായ നിലയിൽ അവരെ ചുമതലപ്പെടുത്തി. അവർക്കല്ലാതെ മറ്റൊരു കോടതിക്കും ഈ അവകാശം ഉണ്ടായിരുന്നില്ല. സർക്കാർ വക്കീൽ മറുപടിയായി പറഞ്ഞു: അലഹബാദ് ഹൈക്കോർട്ടിന്റെയും പഞ്ചാബ് ഹൈക്കോർട്ടിന്റെയും നില ഒന്നുതന്നെയാണ്. രണ്ടുപേർക്കും ഈ അവകാശമുണ്ട്.

ചുരുക്കം പറഞ്ഞാൽ രസകരമായ വാദമാണ് നടന്നത്. പന്ത്രണ്ടരക്ക്, തങ്ങൾക്ക് കേസ് കേൾക്കാൻ അവകാശമുണ്ടെന്ന് കോടതി വിധിച്ചു. വിധി ചൗധരി സഫറുല്ലാഹ് ഖാൻ സാഹിബിന്നെതിരായിട്ടാണുണ്ടായതെങ്കിലും അദ്ദേഹത്തിന്റെ കഴിവും അദ്ദേഹത്തിന്റെ ജ്ഞാനപരമായ പ്രസംഗങ്ങളും ഓരോ വ്യക്തിയും അംഗീകരിക്കുകയും ചെയ്തു. സകല വക്കീലുമാരും അദ്ദേഹത്തിന്റെ തയ്യാറെടുപ്പിലും പണ്ഡിതോചിതമായ പ്രസംഗത്തിലും ആശംസകൾ നേർന്നു.

ഇതിനുശേഷം യഥാർഥ ആരോപണം ചർച്ചയ്ക്കെടുത്തു. മിസ്റ്റർ കാർഡൻ ബാരിസ്റ്റർ സർക്കാരിനു വേണ്ടി പ്രസംഗിച്ചു. അദ്ദേഹം പറഞ്ഞു. ആക്ഷേപം ഉന്നയിക്കപ്പെട്ട ലേഖനം പ്രസിദ്ധീകരിച്ചത് ജൂൺ 14നായിരുന്നു. അതിനെ സംബന്ധിച്ചാണ് 'രാജിവെച്ച് പുറത്തുപോവുക' എന്ന ലേഖനം വന്നത്. ഒരു ജഡ്ജിയോട് രാജിവെക്കാൻ ആവശ്യപ്പെടുന്നതുതന്നെ അദ്ദേഹത്തെ കഠിനമായി ആക്ഷേപിക്കുകയാണ്. മറ്റൊന്ന് ഈ ലേഖനത്തിൽ എഴുതിയിരിക്കുന്നു, ഏതൊരു പരിതസ്ഥിതിയിലാണോ ഈ വിധിയുണ്ടായിട്ടുള്ളത് അത് അസാധാരണ വിധിയാണ്. അതിനെക്കുറിച്ച് അന്വേഷിക്കേണ്ടതാണ്. അതിന്റെ വ്യക്തമായ അർഥം, ജഡ്ജി വിശ്വസ്തതയോടെ വിധി പുറപ്പെടുവിച്ചിട്ടില്ല എന്ന ആക്ഷേപം ഉന്നയിക്കപ്പെട്ടിരിക്കുന്നു എന്നാണ്.

അദ്ദേഹത്തിനു ശേഷം മിസ്റ്റർ സഫറുല്ലാഹ്, ഏതെങ്കിലും ജഡ്ജിയോട് രാജി ആവശ്യപ്പെടുക എന്നത് അയാളെ ആക്ഷേപിക്കുകയല്ലെന്ന് വാദിച്ചു. അത് കോടതി സമ്മതിച്ചു. അദ്ദേഹം പറഞ്ഞു. ആക്ഷേപിതർ അങ്ങേയറ്റം ധൈര്യത്തോടെയുള്ള മറുപടിയാണ് നൽകിയിട്ടുള്ളത്. ഇതിൽനിന്ന് പ്രകടമാകുന്നത് അവർ കളവ് പറയുന്നവരല്ലെന്നാണ്. ജഡ്ജിയുടെ ഉദ്ദേശ്യശുദ്ധിയിൽ ആക്രമണം നടത്തുകയല്ല തങ്ങളുടെ ഉദ്ദേശ്യമെന്ന് അവർ പറയുമ്പോൾ, അവർ പറയുന്നതിൽ നാം വിശ്വസിക്കേണ്ടതാണ്. ഈ കേസിൽ സർക്കാർ വക്കീൽ വേണ്ടുംവണ്ണം വാദിച്ചിട്ടുണ്ടോ? ജഡ്ജി ഈ കേസിന് രണ്ട് ജഡ്ജിമാരെ എന്തുകൊണ്ട് ചുമതലപ്പെടുത്തിയില്ല? സ്വയം വിധി നടത്തിയത് എങ്ങനെ? തുടങ്ങിയ കാര്യങ്ങളിൽ അന്വേഷണമുണ്ടാകണമെന്ന് അവർ ആഗ്രഹിക്കുന്നു. അദ്ദേഹം പറഞ്ഞു. ഒരു വാക്യത്തിന് നല്ലതും ചീത്തയുമായ രണ്ടർഥങ്ങളുണ്ടാകാം. അതിന്റെ നല്ല അർഥം കോടതി സ്വീകരിക്കേണ്ടതാണ്.

മൗലവി നൂറുൽ ഹഖ് സാഹിബിനു വേണ്ടി മിസ്റ്റർ നിയാസ് അഹ്മദ് പറഞ്ഞു: അദ്ദേഹം വെറും പ്രിന്ററും പബ്ലിഷറുമാണ്. ഇംഗ്ലീഷ് അറിയുകയില്ല.അതുകൊണ്ട് അദ്ദേഹത്തിന് ഉത്തരവാദിത്വം കുറവാണ്. പല ഉദ്ധരണികളും അദ്ദേഹം ഇതുസംബന്ധമായി സമർപ്പിച്ചു. എന്നാൽ, മൗലവി നൂറുൽ ഹഖ് സാഹിബ് സ്വയം എഴുന്നേറ്റുനിന്നുകൊണ്ട് പറഞ്ഞു, "ഇതുസംബന്ധമായുള്ള എല്ലാ ആക്ഷേപങ്ങളും ഞാൻ സ്വീകരിക്കുന്നു."

### കോടതിയിൽനിന്നുള്ള ശിക്ഷാവിധി

ജസ്റ്റിസ് ബ്രാഡ്‌വെ, സയ്യിദ് ദിലാവർ ശാഹ് ബുഖാരി, മൗലവി നൂറുൽ ഹഖ് സാഹിബ് എന്നിവരുടെ വിവരണവും ചൗധരി സഫറുല്ലാഹ് സാഹിബിന്റെ വാദവും കേട്ടതിനുശേഷം വിധി പുറപ്പെ

ടുവിച്ചു: ഞാൻ സയ്യിദ് ബുഖാരിക്ക് ആറുമാസം വെറും തടവും 750 രൂപ പിഴയും വിധിക്കുന്നു. പിഴ ഒടുക്കാത്ത പക്ഷം ആറാഴ്ച കൂടുതൽ തടവ് അനുഭവിക്കേണ്ടതാണ്. മൗലവി നൂറുൽ ഹഖ് സാഹിബിന് മൂന്നുമാസം വെറും തടവും ആയിരം രൂപ പിഴയും ചുമത്തുന്നു. പിഴ ഒടുക്കുന്നില്ലെങ്കിൽ ഒരു മാസം കൂടി തടവ് അനുഭവിക്കേണ്ടതാണ്. എല്ലാ ജഡ്ജിമാരും ഇതിനോടു യോജിച്ചു. പെട്ടെന്നുതന്നെ പോലീസ് ഓഫീസർമാർ കുറ്റവാളികളെ വളഞ്ഞു. വാറണ്ട് ആദ്യമേതന്നെ തയ്യാറാക്കിയിരുന്നു. അവരെ കാറിലിരുത്തി സെൻട്രൽ ജയിലിലേക്ക് കൊണ്ടുപോയി." (സിയാസത്ത് പത്രം, 1927 ജൂൺ 23, ലാഹോർ, പേജ് 4. അൽഫസ്ൽ 1927 ജൂലൈ 1ന്റെ ലക്കത്തിൽ വിശദ വിവരങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്).

കോടതിയുടെ വിധിയിൽ ഇന്ത്യയിലെ മുസ്‌ലിംകൾ കഠിനമായി ദുഃഖിച്ചു. ഇനിയെന്താണ് ചെയ്യേണ്ടതെന്ന കാര്യത്തിൽ മുസ്‌ലിംകൾക്ക് ഏകോപിച്ച അഭിപ്രായമെടുക്കാൻ കഴിഞ്ഞില്ല. കോടതിയെ ബഹിഷ്കരിക്കുക എന്ന ചിന്തയാണ് ഒരു കക്ഷിക്കുണ്ടായത്. വേറൊരു കക്ഷി പറഞ്ഞത് മുസ്‌ലിം ഔട്ട് ലുക്കിന്റെ എഡിറ്ററെ പോലെ മറ്റു മുസ്‌ലിംകളെല്ലാം കോടതി അലക്ഷ്യം ആവർത്തിക്കുക എന്നതായിരുന്നു; ഇവർക്ക് എത്ര മുസ്‌ലിംകളെ ജയിലിലടക്കാൻ കഴിയുമെന്ന് നോക്കാമല്ലോ എന്നവർ പറഞ്ഞു. മൂന്നാമത്തെ കക്ഷിയുടെ പദ്ധതി നിയമലംഘനം തുടങ്ങുക എന്നതായിരുന്നു.

എന്നാൽ, ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനി(റ) ഈ എല്ലാ പദ്ധതികളും വ്യക്തമായ തെളിവുകൾ മുഖേന നിഷ്ഫലമാണെന്ന് തെളിയിച്ചു. എന്നല്ല മുസ്‌ലിംകൾ കൂടുതൽ വിഷമങ്ങൾ സഹിക്കേണ്ടി വരുമെന്നും അവർക്ക് നഷ്ടങ്ങൾ പേറേണ്ടിവരുമെന്നും സ്ഥാപിച്ചു. അത്തരം നിർണായകമായ ഘട്ടത്തിൽ- മുസ്‌ലിംകളുടെയും ഇസ്‌ലാമിന്റെയും ജീവിതത്തിന്റെയും മരണത്തിന്റെയും പ്രശ്നമായിരുന്നു അത്- മുസ്‌ലിംകൾക്ക് മാർഗദർശനം നൽകി നബി(സ)യുടെ സൽപേര് കാത്തുസംരക്ഷിക്കുന്നതിനായി സമാധാനപൂർണവും എന്നാൽ, ഫലപ്രദവുമായ ഒരു പദ്ധതിക്ക് തുടക്കം കുറിച്ചു.

**1927 ജൂലൈ 22ന് സമ്മേളനങ്ങൾ സംഘടിപ്പിക്കുക**

ഇതുസംബന്ധമായി ഹുസൂർ പറഞ്ഞു: ഔട്ട്‌ലുക്കിന്റെ എഡിറ്ററുടെയും ഉടമസ്ഥന്റെയും ജയിൽ ജീവിതത്തിന് ഒരു മാസം തികയുന്ന ദിവസം 1927 ജൂലൈ 22ന് ജുമുഅ ദിവസം, എല്ലാ സ്ഥലങ്ങളിലും സമ്മേളനം സംഘടിപ്പിക്കുക എന്നതാണ് ഒന്നാമത്തെ ഉദ്ദേശ്യം. ഇതിൽ മുസ്‌ലിംകളുടെ സാമ്പത്തികവും സാംസ്കാരികവുമായ സ്വാതന്ത്ര്യത്തെ സംബന്ധിച്ച് സംസാരിക്കേണ്ടതാണ്. എല്ലാവരെക്കൊണ്ടും അവരവരുടെ വൃത്തങ്ങളിൽ ഇസ്‌ലാമിക പ്രബോധനം നടത്തുമെന്ന് വാഗ്ദാനം ചെയ്യിക്കുക. നമ്മുടെ പൗരാവകാശം നിയമപരമായി നേടിയെടുക്കാൻ ശ്രമിക്കേണ്ടതാണ്. ആ ദിവസം എല്ലാവരേയും സംഘടിപ്പിച്ചുകൊണ്ട് ഒരു കമ്മിറ്റി രൂപീകരിക്കുക. മൊത്തത്തിലുള്ള നേട്ടങ്ങളുടെ പ്രവർത്തനം സ്വയം കൈയേൽക്കുക. എല്ലാ മുസ്‌ലിം രാഷ്ട്രങ്ങളോടും അഭ്യർഥിക്കുക, ഹൈക്കോടതിയുടെ നിലവിലുള്ള നടപടി മുസ്‌ലിംകൾക്കെതിരും അവരെ നിന്ദിക്കുന്നതിന് കാരണവുമാണ്. (പഞ്ചാബിൽ) 50% ജനങ്ങളുള്ള ജനതയ്ക്ക് മൊത്തത്തിലുള്ളത് രണ്ട് ജഡ്ജിമാരാണ്. അതുകൊണ്ട് കുറഞ്ഞത് ഒരു മുസ്‌ലിം ജഡ്ജിയെ പഞ്ചാബിലെ ബാരിസ്റ്റർമാരിൽനിന്നും നിശ്ചയിക്കണമെന്ന് ഞങ്ങൾ ആവശ്യപ്പെടുന്നു. അദ്ദേഹത്തെ സ്ഥിരമാക്കുക എന്നത് മാത്രമല്ല മറ്റ് ജഡ്ജിമാരിൽനിന്ന് അദ്ദേഹത്തെ സീനിയറാക്കുക. അതായത് നിലവിലുള്ള ചീഫ് ജസ്റ്റിസി (സർ ശാദിലാൽ)നുശേഷം അദ്ദേഹമായിരിക്കണം ചീഫ് ജസ്റ്റിസ്.

ജൂലൈ 22ന്റെ സമ്മേളനത്തിൽ മുസ്‌ലിംകളിൽനിന്ന് ഒപ്പ് ശേഖരണം നടത്തുകയും ഒരു ധവള പത്രം തയ്യാറാക്കുകയും വേണം. അതിൽ പറയുക, മുസ്‌ലിം ഔട്ട്‌ലുക്കിന്റെ എഡിറ്ററും ഉടമസ്ഥനും ഒരിക്കലും കോടതിയെ നിന്ദിച്ചിട്ടില്ല. അനുവദനീയമായ വിമർശനം നടത്തുക മാത്രമാണ് ചെയ്തിട്ടുള്ളത്. നിലവിലുള്ള പരിതസ്ഥിതിയിൽ അത് സ്വാഭാവികം മാത്രമായിരുന്നു. അതുകൊണ്ട് അവരെ മോചിപ്പിക്കുക. എത്രയും വേഗം ജസ്റ്റിസ് കൻവർ ദിലീപ് സിംഗിന്റെ വിധി പിൻവലിച്ച് മുസ്‌ലിംകളെ സമാധാനിപ്പിക്കുക.

ഇംഗ്ലീഷ് സർക്കാർ ഹുസൂറിന്റെ ഈ പദ്ധതി നടപ്പിലാകരുതെന്ന് ആഗ്രഹിച്ചിരുന്നു. പക്ഷേ, ഹുസൂർ സർക്കാരിനോട് വ്യക്തമായും പറഞ്ഞു; "സർക്കാരിനുവേണ്ടി ജനതയെ ബലിയർപ്പിക്കാൻ എനിക്ക് സാധ്യമല്ല. ഇപ്പോൾ എന്റെ മുമ്പിലുള്ളത് ജനതയുടെ സംരക്ഷണത്തിന്റെ പ്രശ്നമാണ്."

ഹുസൂറിന്റെ ഖാദിയാനിൽനിന്നുയർന്ന ശബ്ദം ഇന്ത്യ മുഴുവൻ അലയടിച്ചു. ജൂലൈ 22ന് ഇന്ത്യയിലെ മുസ്‌ലിംകൾ എല്ലായിടത്തും വിജയകരമായി നബി സമ്മേളനങ്ങൾ നടത്തി. ഒരേയൊരു പ്ലാറ്റ്ഫോമിൽ സംഘടിച്ചു. എഡിറ്ററുടേയും പ്രസ് ഉടമസ്ഥന്റെയും അറസ്റ്റിനെ അപലപിച്ചു. എല്ലാവരുമടങ്ങുന്ന കമ്മിറ്റി രൂപീകരിച്ചു. പ്രബോധന പരിപാടികൾ തുടങ്ങി. രാഷ്ട്രീയാവകാശങ്ങൾ നേടിയെടുക്കാൻ ശ്രമങ്ങളും ആരംഭിച്ചു. ധവള പത്രം തയ്യാറാക്കി. അഞ്ച് ലക്ഷം പേരാണ് അതിൽ ഒപ്പിട്ടത്. (*താരീഖെ അഹ്മദിയ്യത്ത് വാല്യം 5, പേജ് 596*)

## എല്ലാ പ്രവാചകന്മാരെയും സത്യപ്പെടുത്തിയ നബി

### ഹദ്റത്ത് അഹ്മദ് (അ)

എല്ലാ മനുഷ്യരിലും വെച്ച് പരിപൂർണനും പ്രവാചകന്മാരിൽ വെച്ച് സമ്പൂർണനും ആയ അദ്ദേഹം (മുഹമ്മദ് മുസ്തഫ (സ)) പരിപൂർണാനുഗ്രഹങ്ങളോടുകൂടി വന്നു. അത് കൊണ്ടുണ്ടായ ആത്മീയ വിപ്ലവം മൂലം ഒന്നാമത്തെ ഖിയാമത്തുണ്ടായി. മരിച്ചു കിടക്കുന്ന ഒരുലോകത്തെ അവിടുന്ന് പുനരുജ്ജീവിപ്പിച്ചു. ആ അനുഗൃഹീത പ്രവാചകൻ ഖാതമുൽ അംബിയാ ഈമാമുൽ അസ്ഫിയാ, ഖാതമുൽ മുർസലീൻ, ഫ്ഖറുന്നബിയ്യീൻ, ഹദ്റത്ത് മുഹമ്മദ് മുസ്തഫാ(സ) തിരുമേനിയല്ലാതെ മറ്റാരുമല്ല. എന്റെ പ്രിയപ്പെട്ട അല്ലാഹുവേ ഈ പ്രിയങ്കരനായ നബിയിൽ ലോകാരംഭം മുതൽ ആർക്കും നൽകാത്ത രീതിയിലുള്ള അനുഗ്രഹങ്ങളും കാരുണ്യങ്ങളും ചൊരിയേണമേ! ഈ മഹാനായ പ്രവാചകൻ ലോകത്ത് വന്നില്ലായിരുന്നുവെങ്കിൽ ലോകത്ത് ഇതിന് മുമ്പ് അവതീർണ്ണരായ യൂനുസ്, അയ്യൂബ്, മസീഹുബ്നു മർയം, മലാക്കി, യഹ്യാ, സക്കരിയ്യാ എന്നീ പ്രവാചകന്മാരുടെ സത്യത്തിന്, അവരൊക്കെ ദൈവത്തിന്റെ പ്രിയപ്പെട്ട ദൈവസാമീപ്യം പ്രാപിച്ച പ്രവാചകന്മാരായിരുന്നിട്ടും നമ്മുടെ പക്കൽ ഒരു തെളിവും ഉണ്ടാകുമായിരുന്നില്ല. ഇവരൊക്കെ സത്യ പ്രവാചകന്മാരായി അറിയപ്പെടുന്നത് ഹദ്റത്ത് റസൂൽ തിരുമേനി(സ) യുടെ മഹത്തായ ഔദാര്യം കൊണ്ടായിരുന്നു. (*ഇത്മാമുൽ ഹുജ്ജത്-36*)



# ഹദ്റത്ത് അഹ്മദ് (അ)
## ജനനവും കുട്ടിക്കാലവും

എൻ. അബ്ദുർ റഹീം

വാഗ്ദത്ത മസീഹ് ഹദ്റത്ത് അഹ്മദ് (അ) ന്റെ ജനനം ഫെബ്രുവരി 13നാണ്. വാഗ്ദത്ത മസീഹിന്റെ കുട്ടികാലത്തെ ജീവിതവും ചില സംഭവങ്ങളും ലേഖകൻ വിവരിക്കുന്നു.

ഹദ്റത്ത് അഹ്മദ് (അ) 1835 ഫെബ്രുവരി 13-ാം തീയതി വെള്ളി യാഴ്ച പ്രഭാതത്തിലാണ് ജനിച്ചത്. പിതാവിന്റെ പേര് മിർസാ ഗുലാം മുർതസാ എന്നും മാതാവിന്റെ പേര് ചിറാഗ് ബീവി എന്നുമാണ് . വാഗ്ദത്ത മഹ്ദി യുഗ്മജനായിരിക്കുമെന്ന ഒരു പ്രവചനമനുരിച്ച് (ഫുസൂസുൽ ഹിക്കം - ഇബ്നു അറബി) അദ്ദേഹത്തോടൊപ്പം ജനിച്ച ജന്നത്ത് ബീവി ശൈശവത്തിൽ തന്നെ മരിച്ചുപോയി. മാതാപിതാക്കൾ തങ്ങളുടെ ഈ പ്രിയ സുതന് ഗുലാം അഹ്മദ് എന്ന് നാമകരണം ചെയ്ത പ്പോൾ രണ്ടായിരം കൊല്ലം മുമ്പ് ഈസാ നബി (അ) ദീർഘ ദർശനം ചെയ്ത അഹ്മദ് എന്ന പ്രവാചകനായി തീരും ഈ കുട്ടിയെന്ന് അവർ അറി ഞ്ഞിരുന്നില്ല.

കുട്ടിക്കാലം മുതൽക്കെ ഹദ്റത്ത് അഹ്മദ് വളരെ പരിശുദ്ധമായ ജീവിതമാണ് നയിച്ചിരുന്നത്. മറ്റു കുട്ടികളെ പോലെ വികൃതിത്തരങ്ങൾ കാട്ടുവാനോ കോലാഹലങ്ങൾ കൂട്ടു വാനോ ഈ കുട്ടി മുതിരുമായിരു ന്നില്ല. ജീവിതത്തെ താൻ ഗൗരവമായാണ് വീക്ഷിക്കുന്നതെന്നമട്ടിൽ ചെറുപ്പം മുതൽക്കെ നേരം പോക്കുകളിൽ നിന്നെല്ലാമകന്നും കളി തമാശകളിൽ നിന്നെല്ലാം ഒഴിഞ്ഞും കാര്യഗൗരവ ത്തോടെയാണ് പെരുമാറിപോന്നത്.

ഹദ്റത്ത് അഹ്മദിന്റെ മാതാവ് ഹൊഷിയാർപൂർ ജില്ലയിൽ സ്വ പിതൃഗൃഹം സ്ഥിതിചെയ്തിരുന്ന അയിമ എന്ന സ്ഥലത്ത് അദ്ദേഹത്തെ ചെറുപ്പത്തിൽ കൊണ്ടു പോകുക പതിവായിരുന്നു. അവിടെയുള്ള ഒരു അരുവിയിൽ നിന്നും മറ്റു കുട്ടിക ളോടൊപ്പം അദ്ദേഹവും കുളിക്കും. കൊച്ചു ബാലനായിരിക്കുമ്പോൾ തന്നെ അനിതരസാധാരണമായ ദൈവഭക്തി പ്രകടിപ്പിച്ചു പോന്നിരുന്നു. തന്റെ കളിക്കൂട്ടുകാരനായ ഒരു കുട്ടിയോട് തനിക്ക് നമസ്ക്കാര ശീലമുണ്ടാവു ന്നതിന് വേണ്ടി ദുആ ചെയ്യണമെന്ന് ഹദ്റത്ത് അഹ്മദ് അപേക്ഷിക്കാറു ണ്ടായിരുന്നതായി റിപ്പോർട്ട് ചെയ്യ പ്പെട്ടിട്ടുണ്ട്.

അന്ന് സിഖുകാരുടെ ഭരണകാല മായിരുന്നു. പഠനപാഠനങ്ങൾക്കുള്ള യാതൊരു സൗകര്യവും അക്കാല ങ്ങളിൽ ഉണ്ടായിരുന്നില്ല. അജ്ഞ തയുടെ വിളയാട്ടമായിരുന്നു എങ്ങും. വിദ്യാഭ്യാസ വിഷയങ്ങളിൽ ജനങ്ങൾ ഔൽസുക്യം കാണിക്കുകയോ സിഖു ഭരണാധികാരികൾ വിദ്യാഭ്യാസത്തെ പ്രോൽസാഹിപ്പിക്കുകയോ ചെയ്തിരുന്നില്ല. കോളേജുകളോ സ്കൂളുകളോ പള്ളിക്കൂടങ്ങളോ എവിടേയും കാണുവാൻ തരപ്പെടുക യില്ലായിരുന്നു.

ഹദ്റത്ത് അഹ്മദ് (അ) ഒരു ഉയർന്ന പ്രഭു കുടുബത്തിലെ അംഗമായിരുന്നതി നാൽ ആറോ ഏഴോ വയസ്സ് പ്രായമായി രുന്നപ്പോൾ തന്നെപിതാവ് അദ്ദേഹത്തെ അക്ഷരമഭ്യസിപ്പിക്കാനായി ഫസൽ ഇലാഹി എന്നു പേരുള്ള ഒരു ഉസ്താ ദിനെ നിയമിച്ചു. ഇദ്ദേഹം ഹദ്റത്ത് അഹ്മദിന് വിശുദ്ധ ഖുർആനും പാർസി പ്രാഥമിക പാഠപുസ്തകങ്ങളും പഠിപ്പി ച്ചു. പത്തു വയസ്സായപ്പോൾ ഫസൽ അഹ്മദ് എന്ന് പേരായ വേറൊരു അദ്ധ്യാപകൻ അദ്ദേഹത്തെ അറബി വ്യാകരണം പഠിപ്പിച്ചു. ഗുൽ അലിഷാ എന്നൊരു ഉസ്താദാണ് കൂടുതൽ അറബി വ്യാകരണവും തർക്ക ശാസ്ത്രം, വൈദ്യം, മുതലായവയും പഠിപ്പിച്ചത്. ഇദ്ദേഹത്തിന്റെ കീഴിൽ പഠിക്കുന്നതിന് ബട്ടാലയിൽ ചെന്ന് താമസിക്കാറുണ്ടായിരുന്നു. ഹദ്റത്ത് അഹ്മദിന്റെ പിതാവ് ഒരു പ്രമുഖ വൈദ്യ പണ്ഡിതനായിരുന്നതിനാൽ പിതാവിന്റെ കീഴിൽ നിന്ന് അദ്ദേഹം കൂടുതൽ വൈദ്യവിദ്യകൾ വശത്താക്കി. പിതാവിന്റെ വൈദ്യശാസ്ത്ര ഗ്രന്ഥങ്ങൾ മിക്കതും പിന്നീടദ്ദേഹം പാരായണം ചെയ്യുകയും വൈദ്യ ശാസ്ത്രത്തിൽ നല്ലപരിജ്ഞാനം നേടുകയും ചെയ്തു.

ആദ്യകാലത്ത് അദ്ദേഹത്തെ പഠിപ്പിച്ച ഉസ്താദുമാരായ ഫസൽ ഇലാഹി, ഫസൽ അഹ്മദ്, ഗുൽ അലി ഷാ എന്നിവർ ഇസ്ലാമിലെ മൂന്നു പ്രധാന കക്ഷികളിൽ പെട്ട പണ്ഡിതന്മാരായിരുന്നു. മൗലവി ഫസൽ ഇലാഹി ഒരു ഹനഫിയും മൗലവി ഫസൽ അഹ്മദ് അഹ്ലെ

ഹദീസ് കക്ഷിയിൽപെട്ടആളും, മൗലവി ഗുൽ അലിഷാ ശിയാ കക്ഷിക്കാരനും ആയിരുന്നു. ഇസ്‌ലാമിലെ മൂന്നു പ്രധാന കക്ഷി ക്കാരിൽ പെട്ട ഉസ്താദുമാരുമായി അടുത്തു ബന്ധപ്പെടുവാൻ ഇടയായതു നിമിത്തം വിവിധ ഇസ്‌ലാമിക വിഭാഗക്കാരുടെ വിശ്വാസാചാരങ്ങളെ ക്കുറിച്ചുള്ള ഒരേകദേശ ജ്ഞാനം നേടുന്നതിന് അദ്ദേഹത്തിന് അവസരം ലഭിച്ചു. ഇസ്‌ലാമിലെ ഭിന്ന കക്ഷികളെ യെല്ലാം ഏകീകരിക്കുകയും ഭിന്ന കക്ഷികൾക്കിടയിൽ നീതിമാനായ വിധികർത്താവ് ആയി വിരാജിക്കു കയും ചെയ്യേണ്ട ഭാവി മഹ്ദി ഇമാമിന് ഈ മൂന്നു കക്ഷികളിൽ പെട്ട ഉസ്താദുമാരെ ലഭിച്ചതിൽ ദൈവി കമായ ഒരു കൈ പ്രവർത്തിച്ചതായി തന്നെകരുതേണ്ടിയിരിക്കുന്നു.

കളി വിനോദങ്ങളിലൊന്നും ഹദ്റത്ത് അഹ്മദിന് വലിയ പ്രതിപത്തി ഉണ്ടായിരുന്നില്ല. എങ്കിലും വ്യായാമ ത്തിൽ അദ്ദേഹം വിമുഖത പുലർത്തി രുന്നില്ല. നീന്തൽ അദ്ദേഹം കൂടുതൽ ഇഷ്ടപ്പെട്ടിരുന്നു. ഒരിക്കൽ ഒരാറ്റിൽ മുങ്ങി പോകാറായപ്പോൾ ആകസ്മിക മായി എത്തിപ്പെട്ട ഒരു അജ്ഞാത വൃദ്ധൻ അദ്ദേഹത്തെ രക്ഷപ്പെടുത്തി. ചെറുപ്പത്തിൽ ഖാദിയാനിലെ കുളങ്ങ ളിൽ നീന്തിക്കളിക്കാറുണ്ടായിരുന്നു. കുതിര സവാരിയും അദ്ദേഹത്തിന് ഇഷ്ടമായിരുന്നു. ചെറുപ്പത്തിൽ തന്നെ അതിൽ പ്രത്യേക പാഠവം നേടുകയും ചെയ്തിരുന്നു. സവാരി ചെയ്തു കൊണ്ടിരിക്കെ ഒരിക്കൽ കുതിര വിരണ്ടോടുകയും ഒരു മരത്തിൽ ചെന്നിടിച്ച് ചത്തു പോകുകയു മുണ്ടായി. എന്നാൽ ഹദ്റത്ത് അഹ്മദ് അപായമൊന്നും ഏൽക്കാതെ രക്ഷപ്പെ ടുകയാണ് ചെയ്തത്. സിയാൽക്കോട്ട് ആയിരുന്നപ്പോൾ സ്നേഹിതൻ മാരോടൊപ്പം ഒരു ഓട്ടപ്പന്തയത്തിൽ അദ്ദേഹം പങ്കെടുക്കുകയും ബല്ലാസിംഗ് എന്നൊരു സിഖ്കാരനെ തോൽപ്പിച്ച് ഒന്നാം സ്ഥാനം നേടുകയും ചെയ്ത തായി മൗലാനാ സയ്യിദ് മീർ ഹസൻ സിയാൽ കോട്ടി നിവേദനം ചെയ്തി ട്ടുണ്ട്. ഹദ്റത്ത് അഹ്മദിന് ഏറ്റവും പ്രിയങ്കരമായ വ്യായാമം നടത്തമായി രുന്നു. നാഴികകളോളം അതിവേഗ ത്തിൽ നടക്കുക എന്നത് അദ്ദേഹ ത്തിന്റെ ഒരു ശീലമായിരുന്നു. ഈ വ്യായാമമാകട്ടെ ജീവിതാന്ത്യം വരെ തുടർന്ന് പോന്നിട്ടുണ്ട്.

ഏതാണ്ട് പതിനാറു വയസുള്ള പ്പോൾ തന്റെ മാതുല പുത്രിയായ ഹുർമത്ത് ബീബിയുമായുള്ള വിവാഹം നടന്നു. ഈ വിവാഹത്തിൽ മിർസാ സുൽത്താൻ അഹ്മദ് , മിർസാ ഫസൽ അഹ്മദ് എന്നീ രണ്ട് പുത്രന്മാരു ണ്ടായി.

ഹദ്റത്ത് അഹ്മദ് വലിയ ലജ്ജാ ശീലനും ശാന്തനുമായിരുന്നു. വിവാഹ ത്തിന് ശേഷവും ഈ പ്രകൃതത്തിന് മാറ്റമൊന്നും ഉണ്ടായില്ല. ഖാദിയാന് അടുത്ത് താമസിച്ചിരുന്ന ഒരു ഹിന്ദു മാന്യൻ ഇപ്രകാരം പറയുന്നു. ഞാൻ മിർസാ സാഹിബിനേക്കാൾ 20 വയസ്സ് മൂത്തവനാണ്. വലിയ മിർസാ സാഹിബിന്റെ (മിർസാ ഗുലാം മുർതസാ സാഹിബ്) അടുക്കൽ ഞാൻ പല പ്പോഴും പോകാറുണ്ടായിരുന്നു. അദ്ദേഹത്തിന്റെ അടുക്കൽ പ്രമുഖരായ ആളുകളോ ഉദ്യോഗസ്ഥന്മാരോ വന്നാൽ കുശലങ്ങൾ അന്വേഷിക്കുന്ന കൂട്ടത്തിൽ ഈ രണ്ടാമത്തെ പുത്രനെ പറ്റിയും അവർ ചോദിക്കും. മീർസാ സാഹിബ് നിങ്ങളുടെ മൂത്തപുത്രനെ ഞങ്ങൾക്ക് പരിചയമുണ്ട്. ഇളയ മകനെ ഇത് വരെയും കണ്ടിട്ടില്ലല്ലോ! അപ്പോൾ അദ്ദേഹം പറയും: അതെ ഗുലാം ഖാദിറിന്റെ ഇളയവനാണവൻ. എപ്പോഴും ഏകാന്തനായിട്ടാണ് കഴിഞ്ഞു കൂടുന്നത്. എന്നിട്ടദ്ദേഹം മിർസാ സാഹിബിനെ ആളയച്ചു വരുത്തും. പതുക്കെ പതുക്കെ നടന്ന് വന്ന് പിതാവിന്റെ പിറകെ അൽപ്പം അകലെ നമ്ര മുഖനായി ചെന്നിരിക്കും. ചിലപ്പോൾ ഇടത് കൈകൊണ്ട് വാ പൊത്തിയിരിക്കും. ഒന്നും ഉരിയാടു കയോ ആരുടെയെങ്കിലും മുഖത്തു നോക്കുകയോ ചെയ്യാറില്ല. അപ്പോൾ വലിയ മിർസാ സാഹിബ് പറയും; ശരി, ഇപ്പോൾ നിങ്ങളെല്ലാവരും ഈ നവോഢയെ കണ്ടല്ലോ!

എന്റെ ഈ മകൻ ഒരു മൊല്ലയാണ്. ജോലിയും ചെയ്യില്ല സമ്പാദിക്കു കയുമില്ല. പിതാവ് പരാതിപ്പെടും. പി ന്നെ ചിരിച്ചു കൊണ്ട് മകനെ നോക്കി പറയും! ചെല്ല് ഏതെങ്കിലും പള്ളിയിലെ മുക്രിയായി നിശ്ചയിക്കാം. പത്തു മന്നു ധാന്യം പുരക്കെത്തിക്കൊള്ളും.

കുടുംബത്തിലെ മറ്റ് അംഗങ്ങളിൽ നിന്നും സമവയസ്ക്കരിൽനിന്നുമെല്ലാം തികച്ചും വ്യത്യസ്തനായി ഹദ്റത്ത് അഹ്മദ് അദമ്യമായ വിജ്ഞാനദാഹം പ്രകടിപ്പിച്ചു പോന്നു. പഠന പരായണ ങ്ങളിൽ അദ്ദേഹം നി ർലീനനായിരുന്നു. അധിക സമയവും പള്ളിയിൽ ധ്യാന നിഷ്ഠനും സ്വപിതാവിന്റെ ഗ്രന്ഥ ശാലയിൽ പാരായണനിരതനായും കാണപ്പെട്ടതിനാൽ അദ്ദേഹത്തിന്റെ ആരോഗ്യത്തെക്കുറിച്ച് പിതാവ് ഉത്ക്കണ്ഠപ്പെട്ടിരുന്നു. പലപ്പോഴും ശാസിക്കേണ്ടി വരികയും ചെയ്തിട്ടുണ്ട്. ഈ വായനാ കമ്പത്തിൽ നിന്ന് പുത്രനെ വ്യതിചലിപ്പിച്ച് മറ്റെന്തെങ്കിലും പ്രയോജനകരമായ തൊഴിലിൽ ഏർപ്പെടുത്താൻ പിതാവ് വ്യഗ്രതപ്പെട്ടു. ഹദ്റത്ത് അഹ്മ ദിന്റെ പഠന മുറിയിൽ പുസ്തകങ്ങൾ കുമിഞ്ഞു കൂടി കിടക്കുമായിരുന്നു. ഹദ്റത്ത് അഹ്മദ് (അ)തന്നെ ഒരിടത്ത് ഇപ്രകാരം പറയുന്നു. അക്കാലത്ത് ബാഹ്യലോകം മുഴുവനും മറന്നു പോകുമാറ് ഞാൻ ഗ്രന്ഥ പാരായണ ത്തിൽ മുഴുകി പോകാറുണ്ടായിരുന്നു. വായന കുറക്ക ണമെന്ന് പിതാവ് പലപ്പോഴും ഉപദേ ശിച്ചു. എന്റെ ആരോഗ്യത്തെക്കു റിച്ചുള്ള ഉത്ക്കണ്ഠയായിരുന്നു കാരണം.

ജണ്ഡാസിംഗ് എന്നു പേരായ ഒരു സിഖുകാരൻ ഇപ്രകാരം പറയുന്നു: മിർസാ സാഹിബിന്റെ അടുക്കൽ ചെല്ലുമ്പോഴെല്ലാം നാലുഭാഗവും കുമിഞ്ഞു കൂടിയ പുസ്തകങ്ങളുടെ മദ്ധ്യത്തിൽ വായനയിൽ ലയിച്ച നിലയിലാണ് ഞാനദ്ദേഹത്തെ കണ്ടിരുന്നത്.

എന്നാൽ നമ്മുടെ ചരിത്ര പുരുഷൻ അധിക സമയത്തും പരായണം ചെയ്തി രുന്നത് വിശുദ്ധ ഖുർആനല്ലാതെ മറ്റൊന്നുമായിരുന്നില്ല. എപ്പോഴും ഖുർആൻ ഓതുന്ന നിലയിലാണ് തങ്ങൾ അദ്ദേഹത്തെ കണ്ടിരുന്നതെന്നു പലരും നിവേദനം ചെയ്തിട്ടുണ്ട്. അദ്ദേഹത്തിന്റെ കയ്യിൽ ഏതവസരവും ഖുർആന്റെ ഒരു പ്രതി ഉണ്ടായിരിക്കും. അതിൽ അടയാളപ്പെടുത്തുകയും ചിന്താഭദ്രമായി അത് ഉരുവിട്ടു കൊണ്ടി രിക്കുകയും ചെയ്യുക അദ്ദേഹത്തിന്റെ പതിവായിരുന്നു. ഒരു പതിനായിരം കുറി അദ്ദേഹം ഖുർആൻ ഓതിയിട്ടുണ്ടാ കുമെന്നും അതിൽ അടയാളപ്പെടുത്തു കയും ചെയ്തിട്ടുണ്ടെന്നും തനിക്കു റപ്പിച്ചു പറയാനാവുമെന്ന് മൂത്ത പുത്ര നായ ഹദ്റത്ത് മിർസാ സുൽത്താൻ അഹ്മദ് (റ)പ്രസ്താവിച്ചിട്ടുണ്ട്. വിശുദ്ധ ഖുർആനു പുറമെ, ബുഖാരി ശരീഫ്, ചില സൂഫി വര്യന്മാരുടെ ഗ്രന്ഥങ്ങൾ എന്നിവയായിരുന്നു അദ്ദേഹം മിക്ക പ്പോഴും വായിച്ചു കൊണ്ടിരുന്നത്. (**ഹദ്റത്ത് അഹ്മദ്** എന്ന പുസ്തക ത്തിൽ നിന്ന്.)

# മുസ്‌ലിഹ് മൗഊദ് ദിനം

ആഗോള തലത്തിൽ അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് ഫെബ്രുവരി 20ന് മുസ്‌ലിഹ് മൗഊദ് ദിനം ആചരിച്ചു വരുന്നു. വാഗ്ദത്ത മഹ്ദി മസീഹായ ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ) 1886ൽ ഇസ്‌ലാമിന്റെ സത്യത്തെ ലോകത്തെങ്ങും പരത്തുന്നതിനുതകുന്ന ജാജ്ജ്വല്യമാനമായ ഒരു ദൃഷ്ടാന്തം വെളിപ്പെടുത്തുന്നതിനും ഇസ്‌ലാമിന്റെ ശോച്യാവസ്ഥയ്ക്ക് ഒരു പരിഹാരമുണ്ടാക്കുന്നതിനും വേണ്ടി ദൈവസന്നിധിയിൽ നിരന്തരമായി പ്രാർഥിച്ചതിന്റെ ഫലമായി ആ മഹാത്മാവിന് ലോകപ്രശസ്തി ആർജിക്കുന്ന, വിവിധ വൈശിഷ്ട്യങ്ങൾക്കുടമയായ ഒരു പുത്രന്റെ ജനനത്തെക്കുറിച്ച് അല്ലാഹു മുന്നറിയിപ്പ് നൽകി. ആ പ്രവചനം അദ്ദേഹം 1886 ഫെബ്രുവരി 20നാണ് പ്രസിദ്ധീകരിച്ചത്. ലോകത്ത് മഹാ വിപ്ലവത്തിന് കാരണമായ ആ വാഗ്ദത്ത പുത്രനെക്കുറിച്ചുള്ള ഹരിതവിജ്ഞാപനത്തിന്റെ ഭാഗം ചുവടെ ചേർക്കുന്നു.

"അല്ലാഹു എന്നെ സംബോധന ചെയ്തുകൊണ്ടു ഇപ്രകാരം പറഞ്ഞു: ഞാൻ നിനക്ക് അനുഗ്രഹത്തിന്റെ ഒരടയാളം നൽകുന്നു... അദ്ഭുത ശക്തിയുടേയും ഔദാര്യത്തിന്റെയും സായൂജ്യത്തിന്റെയും അടയാളം. വരപ്രസാദത്തിന്റെയും അനുഗ്രഹവായ്പിന്റെയും അടയാളം നിനക്കു ലഭിക്കാൻ പോകുന്നു. വിജയങ്ങളുടെ കുഞ്ചിക നിനക്കു കരസ്ഥമാവുകയാണ്... ഇസ്‌ലാം മതത്തിന്റെ മേന്മയും ദൈവവചനത്തിന്റെ പെരിമയും ജനങ്ങൾക്കു വെളിപ്പെടുന്നതിനും, ഞാൻ സർവ ശക്തനും ഇച്ഛിക്കുന്നതു ചെയ്യുന്നവനുമാണെന്ന് ലോകത്തിനു മനസ്സിലാക്കുന്നതിനും, ഞാൻ നിന്നോടൊപ്പമാണെന്നു അവർക്കു ദൃഢബോദ്ധ്യം വരുന്നതിന്നും, ദൈവത്തിന്റെ അസ്തിത്വത്തിൽ വിശ്വസിക്കുന്നവർക്കും ദൈവത്തിന്റെ മതത്തേയും ഗ്രന്ഥത്തേയും പരിശുദ്ധ പ്രവാചകൻ മുഹമ്മദ് മുസ്തഫാ (സ) യേയും നിഷേധിക്കുകയും കള്ളവാദിയായി ചിത്രീകരിക്കുകയും ചെയ്യുന്നവർക്കും തുറന്ന ഒരു ദൃഷ്ടാന്തമായിരിക്കുന്നതിനും കുറ്റവാളികളുടെ മാർഗം വെളിപ്പെടുമാറാകുന്നതിനും വേണ്ടിയത്രെ ഇപ്രകാരം അരുളിയിട്ടുള്ളത്. ആകയാൽ നിനക്കു സുവിശേഷമായിരിക്കട്ടെ: പ്രതാപവാനും പരിശുദ്ധനുമായ ഒരു പുത്രൻ നിനക്കു നൽകപ്പെടും. ഒരു പാവനപുത്രൻ നിനക്കു ലഭിക്കുന്നതാണ്. ആ കുട്ടി നിന്റെ ബീജത്തിൽ നിന്നും നിന്റെ സന്തതിയിൽനിന്നുമുള്ള വൻ തന്നെയായിരിക്കും..."

"അവൻ പ്രതാപവും പ്രഭാവവും ഐശ്വര്യവും ഉള്ളവനായിരിക്കും. അവൻ ലോകത്ത് വന്ന് തന്റെ മസീഹീ ഗുണവും റൂഹുൽഹഖിന്റെ (സത്യത്തിന്റെ ആത്മാവ്) അനുഗ്രഹവും മുഖേന അനേകരുടെ രോഗത്തെ സുഖപ്പെടുത്തും. അവൻ കലിമത്തുല്ലാഹ് (അല്ലാഹുവിന്റെ വചനം) ആകുന്നു. എന്തുകൊണ്ടെന്നാൽ ദൈവത്തിന്റെ അനുഗ്രഹവും അവന്റെ അഭിമാനവും അവനെ മഹത്വത്തിന്റെ വചനത്താൽ അയച്ചിരിക്കുന്നു. അവന്റെ വരവോടുകൂടി അത് പ്രകടമാകുന്നതാണ്. അവൻ വലിയ ബുദ്ധിശാലിയും കാര്യജ്ഞനും സഹനശീലനും ആയിരിക്കും. ലൗകികവും ആത്മീയവുമായുള്ള വിദ്യകളാൽ അവൻ നിറക്കപ്പെടും. അവൻ മൂന്നിനെ നാലാക്കുന്നവനായിരിക്കും.(ഇതിന്റെ അർഥം മനസ്സിലായിട്ടില്ല) തിങ്കളാഴ്ച!! അനുഗ്രഹ പൂർണമായ തിങ്കളാഴ്ച!! വാത്സല്യ പുത്രൻ, മഹാഭാഗ്യവാനായുള്ളവൻ. ആദ്യന്ത രഹിതനായ ദൈവം പ്രത്യക്ഷപ്പെടുന്ന സ്ഥാനവും സത്യത്തിന്റെയും ഔന്നത്യത്തിന്റെയും നിലയനവും ആയുള്ളവൻ. അല്ലാഹു ആകാശത്തിൽനിന്നു ഇറങ്ങിയപോലെ. അവന്റെ ആവിർഭാവം എത്രയും അനുഗൃഹീതവും ദൈവത്തിന്റെ പ്രതാപം വെളിപ്പെടുത്തുന്നതിന് കാരണവും ആയിരിക്കും. ഏതൊരുവനെ ദൈവം തന്റെ അഭീഷ്ടമാകുന്ന പരിമളംകൊണ്ടു പരിലിപ്തനാക്കിയിരിക്കുന്നുവോ ആ പ്രഭാവശാലി വരുന്നു. നാം നമ്മുടെ വചനം അവനിൽ ആക്കും. അവന്റെ തലക്കുമീതെ ദൈവത്തിന്റെ നിഴൽ ഉണ്ടായിരിക്കും. അവൻ വേഗം വേഗം വളർന്നു വരികയും ബന്ധനസ്ഥരുടെ മോചനത്തിനു കാരണമാകുകയും ചെയ്യും. ഭൂമിയുടെ കോണുകളിലെല്ലാം അവൻ കീർത്തി പ്രാപിക്കും. ജാതികൾ അവങ്കൽനിന്നു അനുഗ്രഹം കൈകൊള്ളും. അനന്തരം അവൻ സ്വർഗത്തിൽ തനിക്കുള്ള ആത്മീയ സ്ഥാനത്തേക്കു കരേറ്റപ്പെടും. ഇത് വിധിച്ചുപോയ കാര്യമാകുന്നു".

(തബ്ലീഗെ രിസാലത്ത് 1-ാം വാള്യം, ഭാഗം 55-61)

# ഈസാനബി(അ)യുടെ അഭയ കേന്ദ്രം

മഹ്മൂദ് കൽക്കുളം




യേശുവിന്റെ കബർ സ്ഥിതിചെയ്യുന്ന സ്ഥലം

ഭയാനകമായ പീഢനത്തിൽ നിന്നും കുരിശു മരണത്തിൽ നിന്നും അല്ലാഹു ഈസാ നബി(അ)യെ രക്ഷപ്പെടുത്തുകയും കശ്മീർ ദേശത്ത് അഭയം നൽകുകയുമാണ് ചെയ്തത്. മുജാഹിദുകൾ പറയുന്നത് പോലെ മർയം ബീവി പ്രസവിക്കാൻ വേണ്ടി ഒരു മലയിലേക്ക് പോയ സംഭവമല്ല. ഖുർആൻ വചനങ്ങളുദ്ധരിച്ച് ലേഖകൻ ഇക്കാര്യം വിശദീകരിക്കുന്നു.

വാഗ്ദത്ത മഹ്ദി മസീഹ്(അ)ലോക സമക്ഷം വെളിപ്പെടുത്തിക്കാണിച്ച വിപ്ലവാത്മകമായ യാഥാർഥ്യങ്ങളിലൊന്നാണ്, ഈസാനബി (അ)ന്റെ കുരിശു മരണത്തിൽ നിന്നുള്ള മോചനവും വിജയകരമായ ദൗത്യ പൂർത്തീകരണത്തെ തുടർന്ന് കശ്മീരിൽ വെച്ച് പ്രകൃതി സഹജമായ നിലയിലുള്ള അദ്ദേഹത്തിന്റെ മരണവും. കുരിശു വിശ്വാസത്തിന്റെ അടിത്തറയിളക്കുന്ന ഈ വെളിപ്പെടുത്തൽ, പ്രമാണപരവും ചരിത്രപരവുമായ അഖണ്ഡിത രേഖകളാൽ അദ്ദേഹം സ്ഥാപിക്കുകയുണ്ടായി. അതിൽ പിന്നെ ഒട്ടേറെ ചർച്ചകൾക്കും ഗവേഷണങ്ങൾക്കും അത് വഴി തെളിക്കുകയും കിഴക്കൻ പ്രദേശങ്ങളിലേക്ക് യേശു സഞ്ചരിച്ചിരുന്നതായ ചരിത്ര യാഥാർഥ്യം അംഗീകരിക്കാൻ ധൈഷണിക ലോകം സന്നദ്ധമാവുകയുമുണ്ടായി. വിദൂര ദിക്കുകളിൽ അഭയാർഥികളായി കഴിഞ്ഞിരുന്ന ഭൂരിഭാഗം വരുന്ന ജൂത ഗോത്രങ്ങളെ കണ്ടെത്തുകയും അവർക്ക് ദിവ്യ സന്ദേശങ്ങളെത്തിക്കുകയും ചെയ്യേണ്ട അതി പ്രധാനമായ ദൗത്യം യേശുവിന് നിർവഹിക്കേണ്ടതുണ്ടായിരുന്നു. കിഴക്കൻ പ്രദേശങ്ങളിൽ പ്രവാസ ജീവിതം നയിച്ചിരുന്ന പത്ത് ഇസ്റാ യീൽ ഗോത്രങ്ങളെ തേടി സിറിയ, ഇറാൻ, അഫ്ഗാനിസ്ഥാൻ വഴി യേശു ഇന്ത്യയിലെത്തുകയും തന്റെ ദൗത്യം പൂർത്തിയാക്കിയ ശേഷം കശ്മീരിൽ വെച്ച് കാലഗതി പ്രാപിക്കുകയുമുണ്ടായി. ചരിത്രജിജ്ഞാസുക്കളുടെ അന്വേഷണത്വരയെ ശമിപ്പിക്കുന്ന വാദഗതികളായിരുന്നു വാഗ്ദത്ത മസീഹ് മുന്നോട്ട് വെച്ചത്.

### വിശുദ്ധ ഖുർആന്റെ സാക്ഷ്യം

പൗരാണിക കണ്ടെത്തലുകളും ചരിത്ര സാക്ഷ്യങ്ങളും മാത്രമല്ല വേദ പ്രോക്തങ്ങളായ രേഖകളും യേശുവിന്റെ കശ്മീർ പ്രവാസത്തെ സാധൂകരിക്കുന്നുണ്ട്. ഇതിലേക്ക് സൂചനകൾ നൽകി കൊണ്ട് വി. ഖുർആൻ പറയുകയാണ്. **"നാം ഈസബ്നു മർയമിനെയും അദ്ദേഹത്തിന്റെ മാതാവിനെയും ഒരു അടയാളമാക്കിയിരിക്കുന്നു, നാം അവർക്ക് രണ്ട് പേർക്കും നിവാസ യോഗ്യവും ഒഴുകുന്ന വെള്ളമുള്ളതുമായ ഒരു ഉയർന്ന പ്രദേശത്ത് അഭയം നൽകി."** (23: 51)

ഈ സൂക്തത്തിൽ ഗവേഷണത്തി

നുള്ള വാതായനങ്ങൾ തുറന്നിടപ്പെട്ടിരിക്കയാണ്. ഉയർന്നതും ജലാശയ നിർഭരവുമായ ഒരു പ്രദേശത്ത് ഈസാ നബിക്കും അദ്ദേഹത്തിന്റെ മാതാവിനും അഭയം നൽകി എന്നതിലേക്ക് ഈ വചനം വെളിച്ചം വീശുന്നു. വ്യക്തമായ പ്രമാണങ്ങളുടെ പിൻബലത്താൽ വിശുദ്ധ ഖുർആൻ വിരൽ ചൂണ്ടിയ പ്രദേശം കശ്മീരാണെന്ന് വാഗ്ദത്ത മഹ്ദി മസീഹ് "മസീഹ് ഹിന്ദുസ്ഥാൻ മെ"(യേശുഇന്ത്യയിൽ) എന്ന ഗ്രന്ഥത്തിൽ തെളിയിക്കുകയുണ്ടായി.

**മകനും മാതാവിനും നൽകിയ അഭയം**

വാഗ്ദത്ത മഹ്ദി സമർപ്പിച്ച ശക്തമായ തെളിവുകൾക്ക് നേരെ കണ്ണടക്കാനുള്ള വിഫല ശ്രമം നടത്തുകയാണ് ചിലരിപ്പോഴും. അവരുന്നയിക്കുന്ന ന്യായങ്ങൾ കാണുക: 'ഈസാ നബി(അ) കശ്മീരിലേക്ക് പോയി എന്നതിന് ഖുർആനിൽ തെളിവുണ്ടെന്നാണ് ഖാദിയാനികൾ പറയുന്നത്. അവരുടെ തെളിവ് ഈ സൂക്തമാണ് . "മർയമിന്റെ പുത്രനെയും അവന്റെ മാതാവിനെയും നാം ഒരു ദൃഷ്ടാന്തമാക്കിയിരിക്കുന്നു. നിവാസ യോഗ്യമായതും നീരുറവുള്ളതുമായ ഒരു ഉയർന്ന പ്രദേശത്ത് അവർ ഇരുവർക്കും നാം അഭയം നൽകുകയും ചെയ്തു. '' (23:50) ഈ ഉയർന്ന പ്രദേശം കശ്മീരാണെന്നാണ് അഹ്മദികൾ പറയാറ്. മർയം ബീവി ഗർഭിണിയായപ്പോൾ അവർ താമസിക്കുവാൻ പോയ മലയെക്കുറിച്ചാണ് ഇതിൽ പറഞ്ഞത്.' (ഖാദിയാനികളും ഖുർആനും - മുജാഹിദ് പ്രസിദ്ധീകരണം)

**'നാം ഇബ്നു മർയമിനും (മർയമിന്റെ പുത്രൻ) അദ്ദേഹത്തിന്റെ മാതാവിനും അഭയം നൽകി'** എന്ന് രണ്ടു പേരെയും ചേർത്ത് പറഞ്ഞിരിക്കുന്ന ഖുർആനിക പരാമർശത്തെ പറ്റി, അത് ഗർഭിണിയായപ്പോൾ മർയം താമസിക്കാൻ പോയ മലയെക്കുറിക്കുന്നതാണെന്ന വാദം കേവലം വിതണ്ഡവാദമാകുന്നു. ഒരാൾ മറ്റൊരു സ്ഥലത്തേക്ക് പോയ കാര്യം പരാമർശിക്കുമ്പോൾ അത് ഏക വചനത്തിലാണ് പ്രയോഗിക്കാറ്. എന്നാലിവിടെ ദ്വിവചനത്തിലാണ് പ്രയുക്തമായിരിക്കുന്നത്. മാത്രമല്ല മകനെ (ഇബ്നു) ആദ്യം എടുത്തു പറഞ്ഞതിന് ശേഷമാണ് അദ്ദേഹത്തിന്റെ മാതാവിനെ പറ്റി പറയുന്നത്. ഗർഭിണിയായ ഹദ്റത്ത് മർയം മറ്റൊരു സ്ഥലത്തേക്ക് പോയതിനെ സംബന്ധിച്ച് വിശുദ്ധ ഖുർആനിലെ 19-ാം അദ്ധ്യായത്തിലുള്ള 23,24 വചനങ്ങളിൽ ഏകവചനത്തിലുള്ള പരാമർശമാണ് വന്നിരിക്കുന്നതെന്നത് ശ്രദ്ധേയമാണ്. എന്നാൽ മേലുദ്ധരിച്ച സൂക്തത്തിൽ മകനെയും മാതാവിനെയും പരാമർശിച്ചുകൊണ്ട് 'വ ആവയ്നാഹുമാ' നാം അവർക്ക് രണ്ടു പേർക്കും അഭയം നൽകി' എന്നു ഊന്നി പറഞ്ഞിട്ടുള്ളതിനാൽ അത് ഗർഭിണിയായപ്പോൾ ഹദ്റത്ത് മർയം താമസിക്കാൻ പോയ മലയെ സംബന്ധിച്ച് പറഞ്ഞതാണെന്ന നിരീക്ഷണം യുക്തിശൂന്യമാണ്. മാത്രമല്ല പ്രസ്തുത വചനത്തിൽ വന്നിട്ടുള്ള് 'ആവാ' (അഭയ സ്ഥാനം) 'റബ്വത്ത്'(ഉയർന്ന പ്രദേശം) 'ഖരാറിൻ' (വാസ യോഗ്യമായ) 'മഈൻ'(ജലാശയ സമൃദ്ധമായത്)തുടങ്ങിയ പ്രയോഗങ്ങൾ സന്ദേഹങ്ങളെയെല്ലാം ദൂരീകരിക്കാൻ പര്യാപ്തമാണ്. അറബി ശബ്ദകോശ പ്രകാരം 'ആവാ ഇലാ മൻസിലിഹീ' എന്നു പറയുകയാണെങ്കിൽ 'ഒരാൾ അസ്വസ്ഥജനകമായ സ്ഥലത്തുനിന്നും സമാധാന പൂർണമായ സ്ഥലത്തേക്ക് വന്നു' എന്നാണ്. അങ്ങേയറ്റം ദുരിതങ്ങളും കഷ്ടപ്പാടുകളും നേരിടുന്ന സാഹചര്യത്തിൽ അതിൽ നിന്ന് മുക്തിലഭിക്കുന്ന അവസ്ഥക്കാണ് 'ആവാ'എന്ന പദം പ്രയുക്തമാകുന്നത്. വിപൽ ഘട്ടങ്ങളിൽ മോചനം നൽകിയ കാര്യമാണ് മേൽ വചനത്തിൽ പരാമർശിക്കുന്നത്. അല്ലാതെ പ്രസവത്തിന്ന് പോയ സ്ഥലത്തെപറ്റിയല്ല. സുവാർത്തനൽകപ്പെട്ട ഒരു പുത്രന്റെ താൽക്കാലിക നോവുകൾക്ക് ശേഷം മഹത്തായ ഒരനുഗ്രഹമാണെന്നിരിക്കെ അതൊരു വിപൽ ഘട്ടമാണെന്ന് പറയാൻ നിർവാഹമില്ല.

സങ്കീർണമായ സാഹചര്യ ങ്ങളിൽ നിന്നും സുരക്ഷയുടെയും സമാധാനത്തിന്റെയും അവസ്ഥയിലെത്തിയ കാര്യങ്ങൾ പരാമർശിക്കുമ്പോഴാണ് 'ആവാ' എന്ന പ്രയോഗം വിശുദ്ധ ഖുർആനിൽ വന്നിട്ടുള്ളതെന്ന് കാണാം. ഉദാഹരണത്തിന്, നബി(സ) തിരുമേനിയെ സംബന്ധിച്ച് വിശുദ്ധ ഖുർആൻ പറയുകയാണ് 'അലം യജിദ്ക്ക യത്തീമൻ ഫ ആവാ' 'അവൻ നിന്നെ അനാഥയായി കണ്ടില്ലയോ ? അപ്പോൾ അവൻ നിനക്ക് അഭയം നൽകിയില്ലയോ' (93:7)

നബി (സ) യുടെ ജനനം അങ്ങേയറ്റം വിഷമകരവും പ്രയാസ പൂർണവുമായ ഒരവസ്ഥയിലാണുണ്ടായത്. അദ്ദേഹം ജനിക്കുന്നതിന് മുമ്പ് തന്നെ പിതാവും ശിശു പ്രായത്തിൽ തന്നെ മാതാവും പിന്നീട് പിതാമഹനും ഇഹലോക വാസം വെടിഞ്ഞു. കുരുന്നിലെ തന്നെയുള്ള അനാഥത്വം അദ്ദേഹത്തെ നൊമ്പരപ്പെടുത്തിയെങ്കിലും പിന്നീട് അല്ലാഹുവിന്റെ പ്രത്യേകമായ സംരക്ഷണവും സഹായവും ജീവിതത്തിലെ ഓരോ ഘട്ടത്തിലും അദ്ദേഹത്തിന്ന് ലഭിച്ചു കൊണ്ടിരുന്നു. ജനങ്ങളിൽ നിന്ന് ഞാൻ നിന്നെ രക്ഷിക്കുന്നതാണെന്ന ദിവ്യ സുവിശേഷത്തിനിടെ അദ്ദേഹ ത്തിന് സാന്ത്വനം നൽകപ്പെട്ടു. ഇപ്ര കാരം അല്ലാഹുവിന്റെ സവിശേഷമായ അഭയത്തിൻ കീഴിലാണ് അദ്ദേഹം ജീവിതം കഴിച്ചുകൂട്ടിയത്. അതുപോലെ മുന്നറിയിപ്പ് നൽകപ്പെട്ട മഹാപ്രളയം വന്നെത്തുന്നതിന് മുമ്പ് അതിൽപ്പെട്ടു പോകാതിരിക്കാൻ ഹദ്റത്ത് നൂഹ് നബി (അ) തന്റെ മകനെ വിളിച്ച് തങ്ങളോടൊപ്പം കപ്പലിൽ കയറാൻ ഉപദേശിക്കുന്ന രംഗം വിശുദ്ധ ഖുർആൻ അനാവരണം ചെയ്യുന്നുണ്ട്. പ്രളയത്തിൽ നിന്ന് രക്ഷപ്പെടുന്നതിന് താൻ പർവതത്തിൽ കയറി അഭയം പ്രാപിച്ചു കൊള്ളാമെന്നാണ് തദവസരത്തിൽ മകൻ പ്രതികരിച്ചത് (വി. ഖുർആൻ 11:43,44) അഥവാ പ്രളയത്തിന് സമീപിക്കാനാകാത്ത വിധം പർവതം തനിക്ക ഭയമായി തീരുന്നതാണ്. ഈ സംഭവം പരാമർശിച്ചപ്പോഴും ആവാ എന്ന പദമാണ് വിശുദ്ധ ഖുർആനിൽ വന്നിട്ടുള്ളത്. വിശുദ്ധ ഖുർആനിൽ 'ആവാ' എന്ന പദം പ്രയുക്തമായ സൂറാ: അൻഫാ ലിലെ 27-ാം വചനത്തിന്റെ അർഥം ഇപ്രകാരമാണ്. 'നിങ്ങൾ കുറഞ്ഞവരും നാട്ടിൽ ബലഹീനരുമായി ഗണിക്കപ്പെട്ടവരുമായിരുന്ന സന്ദർഭം (ഓർക്കുക) ജനങ്ങൾ നിങ്ങളെ റാഞ്ചിക്കൊണ്ടു പോകുന്നതിനെ നിങ്ങൾ ഭയപ്പെടുകയായിരുന്നു. അപ്പോൾ അല്ലാഹു നിങ്ങൾക്ക് അഭയം നൽകുകയും തന്റെ സഹായം കൊണ്ട് അവൻ നിങ്ങളെ ബലപ്പെടുത്തുകയും നല്ല വിഭവങ്ങളിൽ നിന്ന് നിങ്ങൾക്ക് ആഹാരം നൽകുകയും ചെയ്തു. നിങ്ങൾ നന്ദി കാണിക്കു വാൻ വേണ്ടി'. ഈ വചനത്തിലും ആവാ എന്ന പദം വലുതായ ആപത്തും ദുരിതവുമുണ്ടാകുകയും അനന്തരം അതിൽ നിന്ന് മോചനം ലഭിക്കുകയും ചെയ്ത സന്ദർഭത്തിലാണ് ഉപയോഗിച്ചിരിക്കുന്നത്. അഥവാ ഭയാനകമായ ക്ലേശങ്ങൾക്കും പരീക്ഷണങ്ങൾക്കും ശേഷം മുസ്‌ലിംകൾ സമാധാനാവസ്ഥയിൽ മദീനയിൽ എത്തിയ കാര്യമാണ് മേൽ

▶ശേഷം പേജ് 33 ൽ



# അറബ് വസന്തം

ജലാലുദ്ദീൻ കൽപ്പേനി

ദൈവ ഭക്തിയില ധിഷ്ഠിതമായ സാമൂഹിക മാറ്റങ്ങൾക്കേ സുസ്ഥിരമായ ശാന്തിയും സമാധാനവും വികസനവും കൊണ്ടു വരാൻ സാധ്യമാവുകയുള്ളൂ.

അറബ് വസന്തം സാക്ഷാൽക്കരിച്ച യുവവിപ്ലവകാരികളേ, ലോകത്തെങ്ങുമുള്ള സ്വതന്ത്രരായ മനുഷ്യ സമൂഹമേ, നിങ്ങൾ സർവരിലും സമാധാനവും ദിവ്യകാരുണ്യവും വർഷിക്കുമാറാകട്ടെ..... ' ഈ വർഷം സമാധാനത്തിനുള്ള നോബൽ സമ്മാനം സ്വീകരിച്ചു കൊണ്ട് യമനിലെ ജനാധിപത്യ പ്രക്ഷോഭങ്ങളുടെ അമര ക്കാരിയായ തവക്കുൽ കർമാന്റെ പ്രസംഗം ആരംഭിച്ചത് ഈ പ്രാർഥന യോടു കൂടിയാണ് തുണീഷ്യ, ഈജിപ്ത്, ലിബിയ, യമൻ, സിറിയ എന്നീ രാജ്യങ്ങളിൽ ഭരണകൂടങ്ങൾ ക്കെതിരെ നടക്കുന്ന ബഹുജന പ്രക്ഷോഭങ്ങളെ 'അറബ് വസന്തം' എന്ന ഓമനപ്പേരിലാണല്ലോ അച്ചടി-ദൃശ്യ മാധ്യമങ്ങൾ വളരെ പ്രാധാന്യം നൽകി കൊണ്ട് പുറം ലോകത്തെ അറിയിച്ചത്.

നോബൽ സമ്മാന വേദിയിൽ നിന്നു കൊണ്ട് തന്റെ പ്രസംഗത്തിന്റെ ആരംഭത്തിൽ നടത്തിയ ഈ പ്രാർഥനാ വാചകം തവക്കുൽ കർമാന്റെ ഉള്ളിൽ നിന്നും ആത്മാർഥമായി ഉയർന്ന് വന്നതാകാം. അവരുടെ ഉദ്ദേശ്യ ശുദ്ധിയെ ആർക്കും ചോദ്യം ചെയ്യേണ്ട ആവശ്യമില്ല. പക്ഷേ അവർ തുടർന്നു നടത്തിയ ഹ്രസ്വഭാഷണത്തിലെ ഏതാനും ഭാഗങ്ങൾ ഒരു പോസ്റ്റ് മോർട്ടത്തിന് വിധേയമാക്കിയാൽ അതിൽ എത്ര മാത്രം പ്രായോഗിക തയുണ്ട്, ഇതുമായി എത്രത്തോളം മുന്നോട്ട് പോകാൻ തവക്കുൽ കർമാനെ പോലു ള്ളവർക്ക് സാധിക്കും എന്നതിന് ഭൂതകാല മുസ്‌ലിം രാഷ്ട്രീയ ചരിത്രം വ്യക്തമായ ചിത്രം നമ്മുടെ മുമ്പിൽ വെക്കുന്നുണ്ട്. ആ പ്രഭാഷണ ത്തിലെ പ്രസക്തമായ ഭാഗങ്ങൾ ഞാനി വിടെ ഉദ്ധരിക്കട്ടെ.

നിങ്ങൾ ആരേയും വധിക്കരുതെന്ന് തൗറാത്ത് ഉദ്ബോധിപ്പിക്കുന്നു. സമാധാനത്തിന് വേണ്ടി നില കൊള്ളുന്നവർ ഭാഗ്യവാന്മാർ എന്നാണ് ബൈബിൾ നൽകുന്ന വിശേഷണം. അന്യായമായി ഒരാളെ വധിക്കുന്നത് മുഴുവൻ മാനവരാശിയെയും വധിക്കു ന്നതിന് തുല്യമായ പാതകമായി ഖുർആൻ പഠിപ്പിക്കുന്നു. അടിച്ചമർ ത്തപ്പെട്ടവർക്കും മർദിതർക്കുമൊപ്പം നിലയുറപ്പിക്കണമെന്നസന്ദേശമാണ്

സർവ പ്രത്യയശാസ്ത്രങ്ങളെയും വിശ്വസനീയ സംഹിതകളും മതങ്ങളും ചാർട്ടറുകളും മാനവരാശിയോടാവശ്യപ്പെടുന്നത്. അടിച്ചമർത്തലും ഭീതിയും മനുഷ്യക്കുരുതികളും ദുരന്തങ്ങളും മർദനങ്ങളും നിറഞ്ഞ ഇരുണ്ട ചരിത്രത്തിൽ നിന്ന് വിമുക്തമായ സ്നേഹവും സാഹോദര്യവും പുലരുന്ന ഭാസുരമായ പുതിയൊരു ഭാവിയുടെ അരുരോണദയത്തിന്റെ കിരണങ്ങൾ എനിക്ക് ചക്രവാള സീമയിൽ ദർശിക്കാൻ കഴിയുന്നുണ്ട്. യുദ്ധങ്ങളുടെ അന്ത്യം എന്നതല്ല സമാധാനം. അത് അനീതിയുടെയും അടിച്ചമർത്തലിന്റെയും കൂടി അന്ത്യമാണ്. സ്വാതന്ത്ര്യം, നീതി, സമാധാനം, സഹവർത്തിത്വം, സഹകരണം എന്നിവ ഉറപ്പ് നൽകുന്ന ഒരു ആഗോളീകൃത ലോകത്തേക്കായിരിക്കണം ഈ മുന്നേറ്റം. മനുഷ്യനെ മനുഷ്യൻ അടികമകളാക്കാത്ത മനുഷ്യാന്തസ്സിൽ ഊന്നുന്ന നിയമങ്ങൾ നടപ്പാക്കുന്നതിൽ പുതിയ ഒരു ലോകമായിരിക്കണം അത്.. കണക്കിൽക്കവിഞ്ഞ സ്വപ്നം കാണുകയാണോ ഞാൻ..?

സ്വപ്നം ആർക്കും എത്രയും കാണാം. ലോകസമാധാനത്തിന് നോബൽ സമ്മാന ജേതാവായ തവക്കുൽ കർമാൻ ഇങ്ങനെയൊക്കെ സ്വപ്നം കാണേണ്ടത് തന്നെയാണ്. പക്ഷേ ഇതിലൊക്കെ എത്രത്തോളം പ്രായോഗികതയുണ്ട്. മുസ്‌ലിം രാഷ്ട്രങ്ങൾ ഇന്ന് വരെ നമുക്ക് നൽകുന്ന പ്രായോഗിക പാഠമെന്താണ്? ഹിന്ദുക്കൾക്കും മുസ്‌ലിംകൾക്കും സിഖുകാർക്കും തുല്യ സ്വാതന്ത്ര്യവും തുല്യാവകാശവും പ്രഘോഷിച്ച പാകിസ്താൻ ഭരണഘടനക്ക് പിന്നെയെന്തു സംഭവിച്ചു? തിരുത്തലുകളും കൂട്ടിചേർക്കലുകളും ഇന്നും തുടരുകയല്ലേ! ആർക്കാണ് അവിടെ സ്വാതന്ത്ര്യം? ഒരേ വേദത്തിലും ഒരേ പ്രവാചകനിലും വിശ്വസിക്കുന്നവരിൽ തന്നെ വിവേചനത്തിന്റെ വാൾമുന എത്ര മൂർച്ചയേറിയതാണ്. മുല്ലാക്കളുടെ താടി കാണുമ്പോൾ പേടിച്ച് വിറക്കുന്ന ഭരണാധികാരികളുള്ള ഒരു ബഹുസ്വര രാഷ്ട്രത്തിൽ സമാധാനവും സഹവർത്തിത്വവും നിലനിർത്താനെങ്ങനെ കഴിയും? ഭൂതകാല ചരിത്രം നമുക്ക് നൽകിയ പാഠവും വർത്തമാനവും നമ്മുടെ മുമ്പിൽ സമർപ്പിക്കുന്ന സംഭവവികാസങ്ങളും തിരുത്തിക്കുറിച്ച് തവക്കുൽ കർമാന്റെ സ്വപ്നങ്ങൾ പൂവണിയിപ്പിക്കാമെന്ന് കരുതുന്നുണ്ടെങ്കിൽ അതെങ്ങനെയെന്നു കൂടി വ്യക്തമാക്കേണ്ടിയിരിക്കുന്നു. അവർ അതിനായി മുന്നോട്ട് വെക്കുന്ന പ്രത്യയ ശാസ്ത്രമെന്താണ്? തീർച്ചയായും വിശുദ്ധ ഖുർആനും തിരുചര്യയുമല്ല. 1947 ആഗസ്റ്റ് 15ന് സ്വാതന്ത്ര്യം നേടിയ രണ്ട് രാഷ്ട്രങ്ങളാണ് ഇന്ത്യയും പാകിസ്താനും. ഇരു രാജ്യങ്ങളുടേയും സ്ഥാപകനേതാക്കന്മാർ ഉയർത്തിപ്പിടിച്ച രാഷ്ട്ര സങ്കൽപ്പവും ഒന്ന് തന്നെയായിരുന്നു. പിന്നീട് മുല്ലായിസത്തിന്റെ അതി പ്രസരവും രാഷ്ട്രീയത്തിലേക്കുള്ള കൈകടത്തലുകളും പാകിസ്താനെ എവിടെ കൊണ്ടെത്തിച്ചു എന്നതിന് ചരിത്രം സാക്ഷിയാണ്. തവക്കുൽ കർമാൻ സ്വപ്നം കാണുന്ന പോലെയും ചില മാദ്ധ്യമങ്ങൾ കൊട്ടിഘോഷിക്കുന്ന പോലെയുമുള്ള ഒരു അറബ് വസന്തത്തിന്റെ വർണ പ്രപഞ്ചം ഇവിടങ്ങളിലൊന്നും പുലരാനുള്ള വിദൂര സാധ്യത പോലുമില്ല. എന്ന് നിരീക്ഷിക്കുവാനുള്ള ശക്തമായ സൂചനകളാണ് നമുക്ക് ചുറ്റുമുള്ളത്.

മുസ്‌ലിം ബ്രദർഹുഡ്, അന്നൂർ, അന്നദ്‌വ തുടങ്ങി ഇസ്‌ലാമിസ്റ്റ് ജിഹാദിസ്റ്റ് ഫാസിസ്റ്റുകളുടെ സാന്നിധ്യം ഈ അറബ് വസന്തത്തോടെ അരക്കിട്ടുറപ്പിച്ചതായാണ് അനുദിനമുള്ള റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്. രാഷ്ട്രീയ ഇസ്‌ലാമിന്റെ പ്രായോഗിക വക്താക്കളായ മൗലാനാ മൗദൂദിയുടെയും സയ്യിദ് ഖുത്ബിന്റെയും ആശയാദർശങ്ങൾക്ക് മേൽകയ്യുള്ള ഒരു രാഷ്ട്ര സങ്കൽപ്പം എങ്ങനെ ബഹുസ്വര രാഷ്ട്രത്തിൽ വസന്തം സൃഷ്ടിക്കും? മുല്ലായിസ ത്തിന് രാഷ്ട്ര സങ്കൽപ്പത്തിൽ ലഭിച്ചിട്ടുള്ള മേൽ കോയ്മ കാരണമായി ഏകീകൃത ഇസ്‌ലാം സഊദി ഇസ്‌ലാമും തുർക്കി ഇസ്‌ലാമും താലിബാൻ ഇസ്‌ലാമും ജിഹാദിസ്റ്റ് ഇസ്‌ലാമും ഇറാനി ഇസ്‌ലാമും പാകിസ്താനി ഇസ്‌ലാമും ഒക്കെയായി ഭിന്നമുഖങ്ങളാണ് വെളിപ്പെടുത്തുന്നത്. ദൈവത്തോടുള്ള കടമയും ദൈവത്തിന്റെ സൃഷ്ടികളോടുള്ള കടമയും നിറ വേറ്റാത്തിടത്തോളം ഭിന്നമുഖങ്ങളും ഭിന്നസ്വരങ്ങളുമാണ് ദർശിക്കാനാവുക.

ഇതെഴുതിക്കൊണ്ടിരിക്കുമ്പോൾ സിറിയയിൽ നൂറുകണക്കിന് ആളുകളുടെ മരണത്തിനിടയാക്കിയ ചാവേർ സ്ഫോടനം നടന്നിരിക്കുന്നു. ഈജിപ്തിന്റെ ഭരണ ചക്രം വൻ ഭൂരിപക്ഷത്തോടെ കയ്യടക്കിയിരിക്കുന്ന മുസ്‌ലിം ബ്രദർഹുഡ് ആണത്രെ സിറിയയിലെ ഈ ചാവേർ ആക്രമണത്തിന് പിന്നിൽ. നൈജീരിയയിൽ മുസ്‌ലിം പോരാളികളെന്ന് വിശേഷിപ്പിക്കുന്ന ബുക്കുഹാം ഗ്രൂപ്പിന്റെ ആക്രമണത്തിൽ 61 പേർ മരിച്ചിരിക്കുന്നു.

'ലാ ഇക്റാഹ ഫി ദ്ദീൻ'– മതത്തിൽ ഒരു തരത്തിലുള്ള ബലാൽക്കാരവുമില്ല എന്നിങ്ങനെയുള്ള വിശുദ്ധ ഖുർആന്റെ സമ്മോഹനമായ അദ്ധ്യാപനങ്ങളെ വളച്ചൊടിച്ച് വ്യാഖ്യാനിച്ച് സാധാരണ ജനങ്ങളെ അസഹിഷ്ണുതയുടെ വിപ്ലവപ്പോരാട്ടങ്ങളിലൂടെ ലോകത്തെ നിണമണിയിക്കുന്ന മൗലാനമാർക്ക് എങ്ങനെ അറബ് വസന്തത്തിന് അസ്തിവാരമിടാനാകും? ലോകത്തിന്റെ ആധിപത്യം ഇസ്‌ലാമിൽ വന്ന് ചേർന്നതിന് ശേഷം മാത്രമേ മേലുദ്ധരിച്ച ഖുർആൻ വാക്യത്തിന് പ്രസക്തിയുള്ളൂ, ബഹുസ്വര മതേതരത്വത്തിന് ഇസ്‌ലാമിന് കീഴിൽ പ്രസക്തിയില്ല എന്നുമാണ് അറബ് വസന്തത്തിന് ചുക്കാൻ പിടിക്കുന്ന മുസ്‌ലിം ബ്രദർ ഹുഡിന്റെ സ്ഥാപക നേതാക്കന്മാരായ ഹസ്നുൽ ബന്നയെയും സയ്യിദ് ഖുതുബും മൗദൂദിയുമൊക്കെ തങ്ങളുടെ അനുയായികളെ പഠിപ്പിച്ചിരിക്കുന്നത്. എന്നാൽ തങ്ങളുടെ ഭരണത്തിന് കീഴിൽ എല്ലാവർക്കും തുല്യാവകാശമായിരിക്കുമെന്നും തേനും പാലും ഒഴുക്കപ്പെടുമെന്നും സ്നേഹവും ശാന്തിയും കളിയാടുമെന്നുമൊക്കെയുള്ള മുസ്‌ലിം ബ്രദർ ഹുഡിന്റെയും അന്നഹ്ദയുടെയും ജമാഅത്തെ ഇസ്‌ലാമിയുടെയുമൊക്കെ പ്രഖ്യാപനത്തിനു പിന്നിൽ പതിയിരിക്കുന്നത് കാപട്യത്തിന്റെ ചതിക്കുഴികളാണെന്ന് ഭൂതകാല ചരിത്രം പ്രഘോഷിക്കുന്നു.

ഇതൊക്കെ പറയാൻ കാരണം ലോകത്തിൽ ശാശ്വത സമാധാനവും ശാന്തിയും ക്ഷേമവും കൈവരിക്കാനുള്ള ഏക മാർഗം റസൂൽ തിരുമേനി (സ) ഉണർത്തിയിട്ടും അത് കേട്ടില്ല എന്ന് നടിക്കുകയാണ് മുസ്‌ലിം ലോകം. ഈ ദൈവിക മാർഗത്തിന് പകരം അവരുടെ വീക്ഷണ കോണുകളിലൂടെയോ ആശയ ദർശനങ്ങളിലൂടെയോ പ്രശ്നസങ്കീർണതകളെ വ്യാഖ്യാനിക്കുകയും നോക്കിക്കാണുകയും ചെയ്യുകയാണവർ. സുന്നി ഇസ്‌ലാമും ശിയാ ഇസ്‌ലാമും മുകളിലുദ്ധരിച്ച ഇതര ഇസ്‌ലാമുകളും മുന്നോട്ട് വെക്കുന്ന തത്ത്വ ശാസ്ത്രങ്ങളും ദർശനങ്ങളും വ്യത്യസ്തമാണ്. ഈ വൈജാത്യങ്ങൾ

തമ്മിൽ ഒരിക്കലും ഒന്നിക്കുകയില്ല എന്നുള്ളതിലാണ് പല പ്രശ്നങ്ങളുടെയും കാതൽ. ആര് ആരുടെ ഫത്വകൾ സ്വീകരിക്കും? ആരുടെ വ്യാഖ്യാനങ്ങൾ ശിരസാ വഹിക്കും? ഒരു രാജ്യത്തിന്റെ വസന്തവിപ്ലവത്തിന് നേതൃത്വം കൊടുത്ത വ്യക്തി എന്ന നിലയിൽ തവക്കുൽ കർമാന് ക്യൂബയിലെ പ്രസിഡന്റ് റൗൾ കാസ്ട്രോയുടെ മാനുഷിക മാനസിക അവസ്ഥ പോലും ഉണ്ടാകാതെ പോയതെന്ത് കൊണ്ട്? മദീനയിൽ നിന്ന് വിജയശ്രീലാളി തനായി മക്കയിലെത്തിയപ്പോൾ തന്റെ കഠിന ശത്രുവിന് പോലും പൊതു മാപ്പ് പ്രഖ്യാപിച്ച പ്രവാചക പ്രഭു(സ)വിന്റെ മാതൃക അറിഞ്ഞോ അറിയാതെയോ സ്വീകരിക്കാൻ ക്യൂബൻ പ്രസിഡന്റ് തയ്യാറായി. ഹവാന രാഷ്ടീയ തടവുകാരുൾപ്പെടെ 2900 പേർക്കാണ് അദ്ദേഹം പൊതു മാപ്പ് നൽകിയത്. എന്നാൽ തന്റെ പ്രതിയോഗികളുടെ സ്വത്തുക്കൾ കണ്ട് കെട്ടാനും അന്താരാഷ്ട്ര ക്രിമിനൽക്കോടതിയിൽ ഹാജരാക്കി വിസ്തരിക്കാനുമാണ് സമാധാനത്തിന് വേണ്ടിയുള്ള ലോകത്തിലെ ഏറ്റവും വലിയ ബഹുമതി സ്വീകരിച്ചുകൊണ്ടു കർമാൻ പറഞ്ഞത്: ഇത് തെറ്റാണെന്നല്ല. മറിച്ച് പൊതു മാപ്പിലൂടെ അവരുടെ ഹൃദയം പിടിച്ചടക്കാൻ കഴിഞ്ഞിരുന്നെങ്കിൽ സമാധാന പുനസ്ഥാപനത്തിനുള്ള ജാലകമായിരുന്നു അവർ തുറന്നിടുന്നത്.

ചില മാധ്യമങ്ങൾ പ്രചരിപ്പിക്കുന്നത് പോലെ ടുണീഷ്യയിലെ വഴിയോര പച്ചക്കറിക്കച്ചവടക്കാരൻ മുഹമ്മദ് ബുവസീസി ദേഹത്ത് തീ കൊളുത്തി ജീവനൊടുക്കിയതാണ് അറബ് വസന്ത പ്രക്ഷോഭത്തിന് നിമിത്തമായത് എന്ന് വിശ്വസിക്കാനാവില്ല. ഭരണാധിപന്മാരുടെയും രാഷ്ട്രീയ നേതാക്കന്മാരുടെയും സുഖലോലുപതയും ആഢംബര ജീവിതവും പട്ടിണി പാവങ്ങളായ സാധാരണക്കാരുടെ മനസ്സിൽ വർഷങ്ങളായി രൂപം കൊണ്ട രോഷാഗ്നിയാണ് ഒരു സുപ്രഭാതത്തിൽ അഗ്നി പർവതമായി പൊട്ടിത്തെറിച്ചത്. മർദകന്റെമേൽ മർദിതൻ വിജയിക്കുമ്പോൾ, മർദിതൻ പിന്നീട് മർദകനായി മാറുന്നു. തഖ്‌വയിലധിഷ്ഠിതമായ ജീവിത ശൈലി സ്വീകരിക്കുക എന്നത് മാത്രമാണ് ഇതിനുള്ള ഒരേ ഒരു പോംവഴി. പുറം ശക്തികൾ ഈ അറേബ്യൻ സമ്പന്ന രാജ്യങ്ങളിലേക്ക് കഴുകൻകണ്ണ് നട്ടിരിക്കുകയാണ്. രാഷ്ട്രം ദുർബലമാവുമ്പോൾ ഈ വൻ ശക്തികൾ പിടിമുറുക്കുകയും അവിടത്തെ സമ്പത്ത് കൊള്ളയടിച്ച് ഈ രാജ്യങ്ങൾ ശവപ്പറമ്പാക്കി മാറ്റി സ്ഥലം വിടുകയും ചെയ്യും


വിശുദ്ധ ഖുർആൻ *'വ ആഖരീന മിൻഹും ലമ്മാ യൽഹഖൂ ബിഹിം'* (62:4)എന്ന് പറഞ്ഞു കൊണ്ടു വാഗ്ദത്ത മഹ്ദിയുടെ ആഗമനത്തെ പറ്റി പറയുന്നു. ജനങ്ങൾ ദുഷിച്ച് കരയിലും കടലിലും ഒരുപോലെ ഫസാദ് പ്രത്യക്ഷപ്പെടുന്ന അവസ്ഥ യിൽ മഹ്ദി ഇമാം നിങ്ങളെ വിളിക്കു മ്പോൾ അദ്ദേഹത്തിന് തന്റെ സലാം എത്തിച്ചു കൊണ്ട് സ്വീകരിക്കുക എന്ന് പ്രവാചകൻ (സ) പഠിപ്പിക്കുന്നു. കാലാകാലങ്ങളായി ദൈവ പ്രേക്ഷിതരായ ദിവ്യാത്മാക്കളുടെ ആത്മീയ സമൂഹങ്ങളാണ് സമാധാനവും ശാന്തിയും കൊണ്ടുവരിക എന്ന തത്ത്വം ഓർമിപ്പിക്കുകയാണ് റസൂൽ തിരുമേനി (സ) ചെയ്തത്.

അഞ്ചാം ഖലീഫ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു.. ) 2011 ഫെബ്രുവരി 25-ാം തീയതി നടത്തിയ ജുമുഅ ഖുത്ബയിൽ ഇങ്ങനെ പറയുന്നു: 'ഖിലാഫത്തിന്റെ പുനസ്ഥാപനത്തിനായി അല്ലാഹുവിന്റെ കാരുണ്യമാണ് അലതല്ലേണ്ടത്. അതല്ലാതെ ഗവൺമെന്റുകൾക്കെതിരെയുള്ള മുസ്‌ലിംകളുടെ ശക്തമായ പ്രതിഷേധങ്ങൾ മുഖേന ഖിലാഫത്ത് സ്ഥാപിക്കപ്പെടുകയില്ല. ഇവർ ഓരോ സ്ഥലത്തും ഖിലാഫത്ത് സ്ഥാപിക്കുമോ? ഒരു സ്ഥലത്ത് സ്ഥാപിച്ചാൽ ഏത് കക്ഷിയുടെ കയ്യിലാണ് മുസ്‌ലിംകൾ ഒന്നിക്കുക. നമസ്കാരത്തിന്റെ ഇമാമത്ത് പോലും ഒരു കക്ഷി മറ്റേ കക്ഷിയുടെത് അംഗീകരിക്കില്ല. ഇതിനുള്ള ഒരേയൊരു പരിഹാരം ആദ്യം വാഗ്ദത്ത മസീഹിനെ അംഗീകരിക്കുക എന്നുള്ളതാണ്. അതിന് ശേഷം അദ്ദേഹത്തെ തുടർന്നുള്ള ഖിലാഫത്തിനെ അംഗീകരിക്കുക. ഈ ഖിലാഫത്ത് ഭീകര പ്രവർത്തനങ്ങൾ നടത്തിക്കൊണ്ട് ഉണ്ടായതല്ല. മുസ്‌ലിം കക്ഷികളുടെ ഇരുവിഭാഗങ്ങൾക്കിടയിൽ വെടിവെപ്പ് നടത്തിയും കൊലയും കൊള്ളയും നടത്തിയും സ്ഥാപിക്കപ്പെട്ടതല്ല. ഇത് അല്ലാഹുവിന്റെ കാരുണ്യം അലതല്ലിയതിലൂടെ സ്ഥാപിതമായ ഖിലാഫത്താണ്. അല്ലാഹുവിന്റെ കാരുണ്യത്താലും അവന്റെ ഔദാര്യത്താലും ലഭിക്കപ്പെട്ട ഖിലാഫത്ത് മുസ്‌ലിം ഉമ്മത്തിന് സ്നേഹത്തിന്റെയും സൗഹാർദത്തിന്റെയും സന്ദേശം നൽകുക മാത്രമല്ല അത് ലോകത്തിനൊന്നാകെ ശാന്തിക്ക് കാരണമായി തീരുന്നതാണ്. ഭരണകർത്താക്കളെ നീതി നടപ്പിൽ വരുത്തുന്നതിലേക്കും അവരുടെ കടമ നിറവേറ്റുന്നതിലേക്കും ശ്രദ്ധ ക്ഷണിക്കുന്നതായിരിക്കും. പൊതു ജനങ്ങളെ വിശ്വസ്തതയിലേക്കും കഠിനാദ്ധ്വാനത്തിലേക്കും പ്രേരിപ്പിക്കുന്നതായിരിക്കും. ജമാഅത്തെ അഹ്മദിയ്യ മുമ്പത്തെ പോലെ ഇന്നും ലോകത്ത് വ്യാപിപ്പിക്കുന്ന സകലകുഴപ്പങ്ങൾക്കുമുള്ള പരിഹാരം സമർപ്പിക്കുന്നത്, ഉത്തമ സമുദായമായി തീരാൻ ഒരു കൈയിൽ ഒരുമിച്ച് ചേരുക എന്നതാണ്. .......ഇതെല്ലാം തന്നെ കാലത്തിന്റെ ഇമാമുമായി ബന്ധപ്പെട്ടതായാൽ മാത്രമെ സാധ്യമാവുകയുള്ളൂ. മുസ്‌ലിംകളുടെ അവസ്ഥ ശരിയാക്കാനുള്ള ഒരേയൊരു മാർഗം ഇത് മാത്രമാണ്. ഈ ദൈവിക സംവിധാനത്തിന്റെ ഭാഗമായി മാറി മുസ്‌ലിം സമൂഹത്തിന്റെ സുദൃഢതക്ക് കാരണമായി ത്തീരുക. അല്ലാഹു മുസ്‌ലിംകൾക്ക് ഈ അടിസ്ഥാന തത്ത്വം മനസ്സിലാക്കിക്കൊടുക്കട്ടെ. അങ്ങുമിങ്ങും കൈകാലിട്ടടിക്കുന്നതിന് പകരം അല്ലാഹു പറഞ്ഞ മാർഗം അവലംബിക്കുവാൻ അവർക്ക് കഴിയുമാറാകട്ടെ.'

കാലത്തിന്റെ ഇമാമിന്റെ വാക്കുകൾക്ക് ചെവി കൊടുക്കുവാൻ തയ്യാറാകുന്നില്ലെങ്കിൽ പൊള്ളയായ ഈ അറബ് വസന്തം എത്ര കാലത്തേക്ക് എന്ന് നമുക്ക് കാത്തിരുന്ന് കാണാം.

## വഴിത്തർക്കം

അബൂഹുറൈറ(റ)യിൽ നിന്നും നിവേദനം: ഒരു പൊതു വഴിയുടെ കാര്യത്തിൽ ജനങ്ങൾക്കിടയിൽ തർക്കമുണ്ടായാൽ ഏഴ് മുഴം വഴിക്കു വേണ്ടി നീക്കി വെക്കണമെന്ന് നബി(സ)കൽപ്പിരിക്കുന്നു. (ബുഹാരി)



# ഭീതിജനകമായ ചില ജലചിന്തകൾ

എ. ക്യു. മഹ്ദി

പറയുക: നിങ്ങൾ ചിന്തിച്ചിട്ടുണ്ടോ? നിങ്ങളുടെ വെള്ളം വറ്റി പോയാൽ ഒഴുകുന്ന ശുദ്ധ ജലം ആരാണ് നിങ്ങൾക്ക് കൊണ്ട് വന്ന് തരിക (വിശുദ്ധ ഖുർആൻ. 68:31).
ജലം ഭൂമിയുടെ വരദാനമാണ്. ജീവൻ അങ്കുരിച്ചത് ജലത്തിൽ നിന്നാണ്. അത് പരിപോഷിപ്പിക്കപ്പെടുന്നതും നിലനിർത്തുന്നതും ജലം കൊണ്ടാണ്. ജീവനാധാരമായ ദൈവത്തിന്റെ അമൂല്യമായ ഈ അനുഗ്രഹത്തെ അതീവ ശ്രദ്ധയോടെ കൈകാര്യം ചെയ്യണമെന്ന സന്ദേശമാണ് ലേഖകൻ നൽകുന്നത്.

എറണാകുളം ബൈപാസ് റോഡിലൂടെ തെക്കുനിന്നും വടക്കോട്ട് പോകുമ്പോൾ അരൂർ പാലവും ടോൾ ഗേറ്റും പിന്നിട്ടാൽ കാണുന്ന ചെറിയ ഒരു സ്ഥലമാണ് കുമ്പളം. പനങ്ങാട് പോലീസ് സ്റ്റേഷൻ പിന്നിട്ടാൽ സ്റ്റേഷൻ അതിർത്തിയിലാണ് ഈ പ്രദേശം. പാലം പിന്നിട്ടാൽ ഈ ദേശീയ പാതക്ക് കിഴക്ക് ഭാഗത്ത് ഒരു കായലുണ്ട്. ആ തടാകത്തിന്റെ പടിഞ്ഞറേ തീരത്തുള്ള വാട്ടർ ഫ്രണ്ട് ഏരിയായിൽ എന്റെ ഏറ്റവും അടുത്ത ബന്ധുവിന്ന് സ്വന്തമായി ഒരു ഭൂമിയുണ്ട്. വിശാലമായ ഒരു പ്ളോട്ട്. നാല് ഏക്കർ വിസ്തീർണമുണ്ട് ഈ കരഭൂമിക്ക്. പേരു വെളിപ്പെടുത്താൻ ഇഷ്ടമില്ലത്ത എന്റെ ബന്ധു, ഒരു ഡോക്ടറും, ഗൾഫിലെ ഒരു വ്യവസായ പ്രമുഖ നുമാണ്. തന്റെയാ സ്ഥലം അദ്ദേഹം ഒരു ഏദൻ തോട്ടമാക്കി മാറ്റിയിരിക്കുന്നു.

തൊട്ടരികെ കൈതപ്പുഴക്കായലിന്റെ സാന്നിധ്യമുണ്ടായിട്ടും പൊതുവെ ജലക്ഷാമമുള്ള ഒരു പ്രദേശമാണത്. താൻ വാങ്ങിയ ആ ചതുപ്പു ഭൂമി മണ്ണിട്ടുയർത്തി ഉപയോഗ്യയോഗ്യമാക്കുക എന്നതായിരുന്നു ഡോക്ടർ

ആദ്യം ചെയ്തത്. ആയിരക്കണക്കിന് ലോഡ് മണ്ണ് വേണ്ടി വന്നു അതു നിരപ്പാക്കാൻ. ആ ഭൂമിയിൽ കൃഷി ചെയ്യാൻ പ്രകൃതി സ്നേഹിയായ ആ മനുഷ്യൻ ആഗ്രഹിച്ചത് സ്വാഭാവികം.

എന്തു കൃഷി ..? എങ്ങനെ ചെയ്യും? കുഴിച്ചാൽ കഠിനജലം മാത്രം കിട്ടുന്ന ഉപ്പു വെള്ളം നിറഞ്ഞു നിൽക്കുന്ന കായലിനരികെയുള്ള ഈ ഭൂമിയിൽ കൃഷി ചെയ്യുക അസാധ്യമായിരുന്നു. കോടികൾ വിലമതിക്കുന്ന ഈ മണ്ണിൽ കൃഷിയോ? പലരും അദ്ഭുതത്തോടെ ഡോക്ടറോട് ചോദിക്കുകയും ചെയ്തിരുന്നു. എന്നാൽ പരിശ്രമശാലിയായ ഡോക്ടർ ആദ്യം ആത്മവിശ്വാസത്തോടെ തികഞ്ഞ ഇച്ഛാശക്തിയോടെ തന്റെ ആശയവുമായി മുന്നോട്ടുപോകുകയാണുണ്ടായത്. തന്റെ ആഗ്രഹം നിറവേറ്റാൻ സാമ്പത്തികം അദ്ദേഹത്തിന് തടസ്സമായില്ല. കൊച്ചിൻ കോർപറേഷനിൽ നിന്ന് രണ്ടു ദിവസത്തിലൊരിക്കൽ ഓരോ ലോറി വീതം ശുദ്ധജലം വിലക്കുവാങ്ങി ശേഖരിച്ച് തന്റ സ്വപ്ന ഭൂമിയിൽ അദ്ദേഹം വ്യാപകമായി വൃക്ഷതൈകൾ നടാനാരംഭിച്ചു. മാസത്തിലൊരിക്കൽ മാത്രം വിദേശത്തുനിന്ന് നാട്ടിലെത്താറുള്ള ഡോക്ടർ കൃഷിക്കാര്യങ്ങൾക്കായി സ്ഥിരമായ ഒരു ടീമിനെ തന്നെ ആ പ്ളോട്ടിൽ ഒരുക്കി നിർത്തുകയും വൃക്ഷങ്ങൾ നട്ടു വളർത്താനുള്ള ചുമതല പ്രഫഷണൽ കാർഷികസ്ഥാപനത്തെ ഏൽപ്പിക്കുകയും ചെയ്തു.

പൊന്നും വിലക്ക് ശുദ്ധ ജലം വാങ്ങി നനച്ചു നട്ടു വളർത്തിയ വൃക്ഷത്തൈകളെല്ലാം മാവും, പ്ലാവും പേരയും മാതളവും സപ്പോട്ടയുമൊക്കെ ഇന്ന് വളർന്നു പന്തലിച്ച് പുഷ്ടിയോടെ നിൽക്കുകയാണവിടെ. ഇനിയിപ്പോൾ തീർത്തും പരസഹായമില്ലാതെ പ്രകൃതി നൽകുന്ന മഴവെള്ളത്തിലൂടെ തന്നെ ആ മരങ്ങൾ ജീവൻ നിലനിർത്തിക്കൊണ്ട് വളർന്നു വലുതാവുകയും ചെയ്യും. വൃക്ഷങ്ങൾക്കിടയിൽ പച്ചക്കറിയും അദ്ദേഹം കൃഷി ചെയ്യുന്നുണ്ട്. നാലു വർഷം മുമ്പ് താൻ നട്ടുവളർത്തി സമ്പന്നമാക്കിയ വൃക്ഷക്കൂട്ടങ്ങൾക്കിടയിൽ കൈതപ്പുഴക്കായലിനോട് ചേർന്ന് അദ്ദേഹം മനോഹരമായ ഒരു സൗധം നിർമിച്ചിട്ടുണ്ട്. കേരളത്തിലെ ഏറ്റവും പ്രശസ്തമായ ഒരു ടിവി ചാനൽ നാട്ടിലെ 50 ആധുനിക വീടുകളെ പങ്കെടുപ്പിച്ചുകൊണ്ട് നടത്തിയ ഒരു മത്സരത്തിൽ ഏറ്റവും നല്ല വീടായി തെരെഞ്ഞെടുത്തത് ഈ വീടു തന്നെയായിരുന്നു.

ഒരിക്കൽ ഡോക്ടർ നാട്ടിലുള്ള സമയത്ത് ഞാൻ അദ്ദേഹത്തോടൊപ്പം വീട്ടിനടുത്തുള്ള കൈതപ്പുഴക്കായലിലൂടെ ഒരു ബോട്ട് സവാരി നടത്തുകയുണ്ടായി. ആ ജലവാഹനത്തിൽ സഞ്ചരിച്ചു കൊണ്ടിരിക്കെ പരസ്പരം ഞങ്ങൾ സംസാരിച്ചത് മുഴുവൻ പ്രകൃതിയെപറ്റിയും ഭൂമിയിലെ ശുദ്ധജലദൗർബല്യത്തെ പറ്റിയുമായിരുന്നു. ആധുനിക മനുഷ്യൻ പ്രകൃതിയുടെ താളം തന്നെ തെറ്റിക്കും വിധത്തിമുള്ള പ്രവർത്തികളിലാണ് ഏർപ്പെട്ടിരിക്കുന്നതെന്ന് വേദനയോടെ അദ്ദേഹം പറഞ്ഞു. പെട്ടെന്ന് എന്തോ ഓർത്തെടുത്തത് പോലെ അദ്ദേഹം തനിക്ക് ഒരു സ്നേഹിതൻ ഒരിക്കൽ അയച്ചു തന്ന ഒരു ഇമെയിൽ കുറിപ്പുകളെപ്പറ്റി സൂചിപ്പിച്ചു.

21 പേജുകളുള്ള ആ ഇമെയിൽ കുറിപ്പുകളാണ് ഈ ലേഖനത്തിനാധാരം. മുഖക്കുറിപ്പിന്റെ മുകളിൽ മദ്ധ്യഭാഗത്ത 'letter Written In The Year 2070' എന്ന് മുഴുത്ത അക്ഷരത്തിൽ പ്രിന്റ് ചെയ്തിരിക്കുന്നു. തൊട്ടു താഴെ ഒരു കത്തിന്റെ മട്ടിൽ'www www www wwww w' എന്നിങ്ങനെ തുടങ്ങുന്ന തികച്ചും ദുരൂഹതയുണർത്തുന്ന കമ്പ്യൂട്ടർ ഭാഷയിൽ തയ്യാറാക്കിയതാവാം. 18 വരികളും ഈ ഡിജിറ്റൽ വരികളും സിമ്പോളിക്കായ എതോ സൂചനകൾ നൽകുന്നതു പോലെയാണ് തോന്നിയത്.

അതിന് തഴെയായി Article Published In The Magazine 'eronieas De Los Tiempose In Aprile' 2002 എന്നും എഴുതിക്കണ്ടു അതൊരു സ്പാനിഷ് മാസികയായിരുന്നു.

വായിച്ച് വായിച്ച് അവസാനത്തെ 21-ാം പേജിലെത്തിയിരുന്നു. ഡോക്ടർ



ഡൗൺ ലോഡ് ചെയ്തിരുന്ന കടലാസുകളിൽ രേഖപ്പെടുത്തിയിരുന്ന വിലപ്പെട്ട സന്ദേശങ്ങളൂടെ ഉപജ്ഞാതാവിനെ പറ്റിയുള്ള സൂചന കണ്ടത് ശരിക്കും വിസ്മയപ്പിച്ചു കളഞ്ഞു. This Show Was Made By A Most Talented Person Named A.P.J. Abdul Kalam.. Thank You.

ഇതായിരുന്നു ആ മുഖക്കുറിപ്പ് നമ്മുടെ മുൻ പ്രസിഡന്റും അതുല്യ ശാസ്ത്ര പ്രതിഭയുമയ ശ്രീ എ. പി. ജെ. അബ്ദുൽ കലാം തയ്യാറാക്കിയ ഏതോ വിദേശ രാജ്യത്ത് അവതരിപ്പിക്കപ്പെട്ട സ്ലൈഡ് ഷോയുടെ ഇംഗ്ലീഷ് ഭാഷാന്തരമാണ് മേൽ സൂചിപ്പിക്കപ്പെട്ട വിദേശ മാഗസിനുകളിലൂടെ വെളിച്ചം കണ്ടിരിക്കുന്നത്,

ആദ്യ പേജിലെ മാത്രം ഇംഗ്ലീഷ് ഭാഗം മൂല പാഠത്തോടെയും ബാക്കി ഭാഗത്തിന്റെ വിവർത്തനവും ഇവിടെ കൊടുക്കാം I Remember When I Was Child Of 5, Everything Was Very Different Then. There Were Lot Of Trees In Parks, Houses With Beautiful Gardens, And I Could Enjoy Having A Shower For Half An Hour. Nowadays We Use Towels With Mineral Oil To Clean Our Skin. (*ഇത് ഇന്നേക്ക് 60 വർഷങ്ങൾക്ക് ശേഷം അന്ന് 2070-ൽ ജീവിച്ചിരിക്കുന്ന ഒരു മനുഷ്യന്റെ വാക്കുകളാണ് എന്ന സങ്കൽപ്പം മനസ്സിൽ സൂക്ഷിക്കുക.*) മേൽ വചനം ഇങ്ങനെ വിവർത്തനം ചെയ്യാം. ഞാനോർക്കുന്നു, എന്റെ ബാല്യകാലത്തെ പറ്റി അന്നെനിക്കു 5 വയസ്സ് പ്രായമായിരുന്നു. എല്ലാമെല്ലാം വളരെ വ്യത്യസ്തമായിരുന്നു. അന്ന് വൃക്ഷങ്ങൾ പടർന്നു പന്തലിച്ചു നിൽക്കുന്ന ഉദ്യാനങ്ങളുടെ കാഴ്ച സർവ സാധാരണം. മനോഹരമായ പുഷ്പവാടികൾ അതിരിട്ട വാസഗൃഹങ്ങൾ അന്നുണ്ടായിരുന്നു, ശുദ്ധ ജലത്തിൽ കുളിക്കാൻ അന്നെനിക്ക് കഴിയുമായിരുന്നു. അര മണിക്കൂറിലേറെ നീണ്ട നീരാട്ട് ഞാനാസ്വദിച്ചിരുന്നു. ഇന്നാകട്ടെ കുളിക്കുക എന്നത് തന്നെ ഒരു പഴയ കഥയാണ്. പകരം, ടവൽ കൊണ്ട് മിനറൽ ഓയിൽ ഉപയോഗിച്ച് ശരീരം തുടച്ച് വൃത്തിയാക്കുകയാണ് ഞങ്ങളിപ്പോൾ ചെയ്യുന്നത്.

ഇനി ആ ഇമെയിൽ മാറ്ററിന്റെ ബാക്കി ഭാഗം ഇങ്ങനെ

മുമ്പ് സ്ത്രീകൾക്ക് മനോഹരമായ തലമുടിയുണ്ടായിരുന്നു. ഇപ്പോൾ




ഞങ്ങളുടെ സ്ത്രീകൾ തല മുടി പൂർണമായും വടിച്ചു കളയുകയാണ് ചെയ്യാറ്. തലയും മുടിയും വൃത്തിയാക്കുവാൻ വെള്ളം ലഭ്യമല്ല. എന്നതു തന്നെ മുഖ്യ കാരണം. അന്ന് എന്റെ പിതാവ് സ്വന്തം കാർ ഒരു ഹോസ് പൈപ്പിലൂടെ ഒഴുകിയെത്തുന്ന വെള്ളമുപയോഗിച്ച് കഴുകി വൃത്തിയാക്കുമായിരുന്നു. ഇന്ന് എന്റെ മകന് അതൊരദ്ഭുത വാർത്തയാണ്. അങ്ങനെയൊന്ന് ഒരിക്കൽ സംഭവിച്ചുവെന്ന് വിശ്വസിക്കാൻ കൂടി അവനാവുന്നില്ല. ഒരു നിയന്ത്രണവുമില്ലാതെ ഇങ്ങനെ പാഴാക്കികളയാൻ മാത്രം ജലമുണ്ടായിരുന്നോ എന്നാണ് അവൻ ആശ്ചര്യപൂർവ്വം ചോദിക്കുന്നത്.

ഇത് 2070. ഞാൻ ജനിച്ചത് 2020 ലാണ് എനിക്കിപ്പോൾ കഷ്ടിച്ച് 50 വയസ്സേ പ്രായമുള്ളു. പക്ഷേ എന്റെ രൂപം ഏകദേശം 85 വയസ്സുകാരന്റേതിന് സമമാണ്. ഞാൻ അത്യന്തം ഗുരുതരമായ വൃക്ക രോഗങ്ങൾക്ക് അടിമയുമാണ്. എന്തെന്നാൽ ആവശ്യത്തിന് കുടിക്കാൻ ശുദ്ധ ജലം ഇന്നെനിക്കു കിട്ടുന്നില്ല. അധിക കാലം എനിക്കിനി ജീവിച്ചിരിക്കാൻ പറ്റുമോ എന്ന് സംശയമുണ്ട്. ആ ആശങ്കയും ഭയവും അനുനിമിഷം എന്നെ വേട്ടയാടിക്കൊണ്ടിരിക്കുകയും ചെയ്യുന്നു. ഒരു ജാർ വെള്ളത്തിന്നു വേണ്ടി തോക്കുമായി തെരുവിൽ പോരടിക്കുന്ന ജനങ്ങൾ ഇന്നു സർവസാധാരണം. ഭക്ഷ്യ വസ്തുക്കളാവട്ടെ 80 ശതമാനവും കൃത്രിമമായി തീർന്നിരിക്കുന്നു.

ജലശോഷണത്താൽ തൊലിപ്പുറം അമിതമായി വരണ്ടുണങ്ങിയപ്പോൾ, 20 വയസ്സുകാരന് 40 തോന്നിക്കുന്ന അവസ്ഥ. പ്രാണവായു പോലും മലിനപ്പെട്ട് അപ്രത്യക്ഷമായിരിക്കുന്നു. വൃക്ഷങ്ങളുടെയും സസ്യശാമളതയുടെയും അഭാവം തന്നെയാണ് ഇതിനു കാരണം. പുതിയ ജനസമൂഹത്തിന്റെ ക്രിയാത്മക ശേഷി ഇന്ന് ശോഷിക്കുയോ, പാടെ നഷ്ടപ്പെടുകയോ ചെയ്തിരിക്കുന്നു.

മുമ്പ് ഒരു മനുഷ്യന് കുടിക്കാൻ ശുപാർശചെയ്യപ്പെട്ടിരുന്ന കുടിവെള്ളത്തിന്റെ അളവ്, പ്രായപൂർത്തിയായ ഒരാൾക്ക് ദിവസവും എട്ടു ഗ്ലാസ്സായിരുന്നുവെങ്കിൽ ഇന്നത് അര ഗ്ലാസ്സായി ചുരുക്കേണ്ടി വന്നിരിക്കുന്നു.

ശുദ്ധിയാക്കാൻ വെള്ളമില്ലാത്തതിനാൽ ഇപ്പോൾ ഞങ്ങൾ ഒരോ ഉപയോഗശേഷവും വലിച്ചെറിയേണ്ട തരം വസ്ത്രങ്ങളാണ് ധരിക്കുന്നത്. അങ്ങനെ ഉപേക്ഷിക്കപ്പെടുന്ന, ഒരിക്കലും ജീർണതയുടെ നാശമില്ലാത്ത ആ വസ്ത്രങ്ങൾ ഭൂമിയിലിന്ന് മാലിന്യ കൂമ്പാരങ്ങളാണ് സൃഷ്ടിച്ചു കൊണ്ടിരിക്കുന്നത്.

ശൗചാലയങ്ങൾക്ക് ഞങ്ങളിപ്പോൾ സെപ്റ്റിക്ക് ടാങ്ക് മാത്രമാണ് നിർമിക്കുന്നത്. വെള്ളത്തിന്റെ അഭാവത്താൽ മാലിന്യം ഒഴുക്കിക്കളയാൻ സംവിധാനമില്ലാത്തതിനാലാണിത്.

ജനങ്ങളിൽ അധികം പേരുടെയും ബാഹ്യരൂപം ഭയാനകമാം വിധം മെലിഞ്ഞുണങ്ങി,തൊലിപ്പുറമാകെ ചുളിഞ്ഞ അവസ്ഥയിലാണ്. ജലത്തിന്റെ അഭാവവും അൾട്രാവയലറ്റ് റേഡിയേഷനും മൂലം ശരീരമാസകലം വേദനയൂറുന്ന വ്രണങ്ങൾപേറുന്ന ജനങ്ങൾ ഇന്നു സർവ സാധാരണ. ഓസോൺ പാളിയുടെ സംരക്ഷണ പാളി തകർന്ന് ശക്തമായ റേഡിയേഷൻ ഭൂമിയാകെ ഗ്രസിച്ചിരിക്കുന്നു. ഇത് കാരണം അർബുദബാധ കുടലിനെയും മൂത്രനാളിയേയും ബാധിക്കുന്ന ഗുരുതരമായ പ്രശ്നങ്ങൾക്ക് ഹേതുവായി തീരുന്നു.

മുമ്പ് 'ജലംസംരക്ഷിക്കൂ' എന്ന സന്ദേശത്തിന്റെ മുന്നറിയിപ്പുകളും പോസ്റ്ററുകളും റേഡിയോ വഴിയും ടി.വി യിലൂടെയും നൽകിയിരുന്നതിനെപ്പറ്റി ഞാനിപ്പോൾ ഓർത്തുപോകുന്നു. പക്ഷേ നിർഭാഗ്യകരമെന്നു പറയട്ടെ, അന്ന് ആരുമത് ശ്രദ്ധിച്ചില്ല. ജലമെന്ന സമ്പത്ത് ഒരിക്കലും നശിക്കില്ല എന്നും ഇതേ നിലയിൽ തന്നെ തുടരുമെന്നും നാം കരുതി. എന്നാൽ നദികളെല്ലാം തടാകങ്ങളും തടയണകളുമടക്കം ഇന്നു വറ്റി വരണ്ടു പോയിരിക്കുന്നു. ഭൂഗർഭജലത്തിന്റെ അളവു

പോലും തുച്ഛമായ നിലയിലായിരിക്കുന്നു ഒപ്പം ഭയാനകമാം വിധം മലീമസവും

വ്യവസായങ്ങൾ പലതും നശിച്ചുപോയി അതിനിടെ തൊഴിയില്ലില്ലായ്മ ഇന്ന് അതിന്റെ പാരമ്യതയിൽ എത്തിനിൽക്കുന്നു. ജലശുദ്ധീകരണശാലകളും അനുബന്ധസ്ഥാപനങ്ങളും മാത്രമാണ് ഇപ്പോൾ തൊഴിലവസരങ്ങൾ നൽകുന്നത്. ആ മേഖലയിൽ ജോലി ചെയ്യുന്നവർ തന്നെ ശമ്പളത്തിന്റെ ഒരു ഭാഗമായി നൽകപ്പെടുന്നത് പരിമിതമായ അളവ് കുടിവെള്ളമാണ്.

സമൂഹത്തിലെ നല്ലൊരു ശതമാനം ആൾക്കാരിലും ഗുരുതരമായ ജനിതക പ്രത്യുൽപ്പാദന വൈകല്യങ്ങൾ ഉണ്ടായിക്കഴിഞ്ഞിരിക്കുന്നു. അതിനാൽ ഇന്ന് ജനിക്കുന്നതിൽ അധികവും മാനസിക/അംഗവൈകല്യങ്ങളുള്ള കുട്ടികളാണ്.

ശ്വസിക്കുവാൻ വേണ്ട പ്രാണവായുവിനു പോലും വില നൽകേണ്ടി വരുന്ന അവസ്ഥയാണ് ഗവൺമെന്റ് ഏർപ്പെടുത്തിയിരിക്കുന്നത്.പ്രായപൂർത്തിയായ ഒരാൾക്ക് ഒരു ദിവസം വേണ്ട ശ്വാസവായുവിന്റെ അളവു പോലും നിജപ്പെടുത്തിക്കഴിഞ്ഞിട്ടുണ്ട്. അത് ഒരാൾക്ക് ഒരു ദിവസം വേണ്ട വായു വിന്റെ 137$m^3$ ആണ്. പ്രാണവായുവിന് വിലനൽകാൻ കഴിയാത്തവർ, നിർഭാഗ്യവശാൽ പട്ടികയിൽ നിന്നും പുറംന്തള്ളപ്പെടുന്നു. അവർ വെന്റിലേഷൻ മേഖലക്ക് പുറത്താണ്. സൗരോർജം കൊണ്ടു പ്രവർത്തിക്കുന്ന ശ്വസനയന്ത്ര സംവിധാനം വ്യാപകമായി പ്രചാരത്തിലായിക്കഴിഞ്ഞിരിക്കുന്നു. യന്ത്ര സഹായത്താൽ ലഭ്യമാകുന്ന പ്രാണവായു വേണ്ടത്ര ശുദ്ധമല്ലെങ്കിൽ പോലും അതിലൂടെ ജനങ്ങൾക്ക് ജീവൻ നിലനിർത്താനാവുമല്ലോ എന്ന ആശ്വാസകരമായ അവസ്ഥ നിലവിലുണ്ട്.

ഇക്കാലത്തെ മനുഷ്യന്റെ ശരാശരി ആയുസ്സ് കേവലം 35 വയസ്സ് മാത്രമാണ്.

ചില രാജ്യങ്ങളിൽ എവിടെയെങ്കിലും നദികളാൽ സൃഷ്ടിക്കപ്പെടുന്ന Green Zone അഥവാ ഹരിത മേഖല ഉണ്ടോ അവിടെയൊക്കെ അവയുടെ സംരക്ഷണത്തിനായി ആയുധങ്ങളുമായി പട്ടാളം കാവൽ നിൽക്കുകയാണ്. ഇന്ന് ശുദ്ധജലമെന്നത് ആരെയും കൊതിപ്പിക്കുന്ന ഒരു നിധിയായി തീർന്നിരിക്കുന്നു. സ്വർണത്തെക്കാളും രത്നത്തെക്കാളും മൂല്യമുള്ള ഒരു വസ്തു.

ഞാൻ താമസിക്കുന്ന സ്ഥലത്ത് വൃക്ഷങ്ങളൊന്നും തന്നെയില്ല. എന്തെന്നാൽ ഇവിടെ അത്യപൂർവമായി മാത്രമേ മഴപെയാറുള്ളൂ. പെയ്യുന്ന തോ കേവലം ചാറ്റൽ മഴയും. അത് അമ്ലാംശമുള്ളതാണ്. അണുപരീക്ഷണങ്ങളും ഇരുപതാം നൂറ്റാണ്ടിന്റെ വ്യവസായങ്ങൾ പുറംന്തള്ളിയ മാലിന്യങ്ങളും കാലവസ്ഥയിൽ തന്നെ കാര്യമായ വ്യതിയാനങ്ങൾ വരുത്തി വച്ചിരിക്കയാണ്. പരിസ്ഥിതി സംരക്ഷിക്കാൻ മുമ്പ് മുന്നറിയിപ്പുകൾ നൽകപ്പെട്ടിരുന്നതാണ്. പക്ഷേ നിർഭാഗ്യവശാൽ അന്നതാരും ചെവിക്കൊണ്ടില്ല.

എന്റെ മകൻ പഴയ കാലത്തെപ്പറ്റി എന്റെ യൗവന സമയത്തെപ്പറ്റി ചോദിച്ചപ്പോൾ അന്നത്തെ പച്ച പാടങ്ങളെയും ഭംഗിയുള്ള പുൽമേടുകളെക്കുറിച്ചും പുഷ്പങ്ങളെപ്പറ്റിയും ഞാനവനോട് സംസാരിക്കും. ഒരു കാലത്ത് സമൃദ്ധിയായി ജലം നിറഞ്ഞു കിടക്കുന്ന തടയണകൾ, ഡാമുകൾ എന്ന സംവിധാനത്തെ അന്ന് പരിചയപ്പെടുത്തും. ശുദ്ധജലം ആവശ്യത്തിന് കുടിച്ച് ആരോഗ്യവാന്മാരായിക്കഴിഞ്ഞിരുന്ന പഴയ തലമുറയെക്കുറിച്ചുള്ള കഥകൾ അവനെ ഓർമപ്പെടുത്തും. അപ്പോൾ അവൻ നിഷ്ക്കളങ്കതയോടെ എന്നോടു ചോദിക്കും, അച്ഛാ, എന്തേ ഇപ്പോൾ വെള്ളമില്ലാത്തത്...? അവന്റെ ചോദ്യത്തിനുത്തരം നൽകാനാകാതെ ഞാൻ മൂകനായിപ്പോകും.

ഞാനും എന്റെ തലമുറയും പ്രകൃതിയുടെ പരിസ്ഥിതിയേയും സംന്തുലനാവസ്ഥയേയും ഒരു തരത്തിലും പരിഗണിക്കാതെ കാലാ കാലം നൽകപ്പെട്ട മുന്നറിയിപ്പുകളൊന്നും വകവെക്കാതെ ഒക്കെയും നശിപ്പിച്ചു കളഞ്ഞതിലുള്ള കുറ്റബോധം അപ്പോഴെന്നെ വേട്ടയാടും.

ഇന്ന് ഇതാ ഇപ്പോഴത്തെ നമ്മുടെ കുട്ടികൾക്ക് അന്നത്തെ പ്രവർത്തികൾക്കൊക്കെ കനത്ത വില നൽകേണ്ടി വന്നിരിക്കുന്നു ഞാൻ പൂർണമായും വിശ്വസിക്കുന്നു. വളരെ ചുരുങ്ങിയ കാലത്തിനുള്ളിൽ ഈ ഭൂമിയിൽ മനുഷ്യ ജീവിതത്തിനുള്ള എല്ലാ സാദ്ധ്യതകളും അടഞ്ഞു പോവുമെന്ന്. കാരണം പ്രകൃതിക്കെതിരെയുള്ള അതിക്രൂരമായ ചൂഷണത്തിനെതിരെ ഒരിക്കലും തിരിച്ചു വരാനാവാത്ത അവസ്ഥയിൽ നാമെത്തിയിരിക്കുന്നു. നമുക്കെങ്ങനെയിനിയൊരു മടങ്ങിപ്പോക്കിനു സാധ്യമാകും?.

എങ്ങനെ ഈ ജനതയെ ബോധവാന്മാരാക്കാൻ കഴിയും? ഈ മാനവ സമൂഹത്തെ എങ്ങനെ ബോധവൽക്കരിക്കുവാൻ കഴിയും നമ്മുടെയീപ്ളാനറ്റിനെ-ഭൂമിയെ രക്ഷിക്കാനുള്ള ഒരു മടങ്ങിപ്പോക്കിന് ഞാനെത്രയോ തീവ്രമായി ആഗ്രഹിക്കുന്നു. ഒരിക്കൽ, അന്ന് അതിന് സമയമുണ്ടായിരുന്നു. ഇവിടെയെന്തു ചെയ്യാനാകും? ഇവക്ക് ഉത്തരം കണ്ടെത്തേണ്ടതായിട്ടാണിരിക്കേണ്ടത്. ഇനിനമുക്കെന്ത് ചെയ്യാനാവും? ഈ ചോദ്യത്തിനുത്തരം കണ്ടെത്തേണ്ടിയിരിക്കുന്നു.

എ.പി.ജെ. അബ്ദുൾക്കലാമിന്റെ വിലപ്പെട്ടവാക്കുകൾക്കും മുന്നറിയിപ്പുകൾക്കും ഇവിടെ തിരശ്ശീല വീഴുന്നു.

## അടിക്കുറിപ്പ്

ഇനി നമുക്കെന്തു ചെയ്യാനാകും എന്ന ചോദ്യം കാതുകളിൽ മുഴങ്ങി നിൽക്കേ '**വെള്ളം വെള്ളം സർവത്ര തുള്ളി കുടിക്കാനില്ലത്രേ**' എന്ന പഴയ വരികൾ നമുക്കോർക്കാം.

പ്രകൃത്യാ ഭൂമിയുടെ ഉപരിതല വിസ്തീർണത്തിൽ 80 ശതമാനം ഭാഗത്തും ജലമാണ്. ബാക്കിയുള്ള 20 ശതമാനം വരുന്ന ഇടത്താണ് പ്രകൃതി കനിഞ്ഞു നൽകിയ എല്ലാ വരദാനങ്ങളും ആവോളം സ്വീകരിച്ച്, ആസ്വദിച്ച് സമൃദ്ധിയോടെ നാം ജീവിക്കുന്നത്.

ഭൂമിയിലെ ഈ ജല സമ്പത്തിന്റെ കേവലം രണ്ടു ശതമാനം മാത്രമേ മനുഷ്യന്റെ ജീവസന്ധാരണത്തിനുതകുന്ന ജീവജലമുള്ളൂ. ഇന്ന് അത് അനുനിമിഷം ശോഷിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു. ഭൂമിയിലെ മുഴുവൻ ജല സമ്പത്തുമായി താരതമ്യം ചെയ്യുമ്പോൾ ജീവസ്സുറ്റ ജലമുള്ള ഈ രണ്ടു ശതമാനം എത്രയോ തുച്ഛമാണ്. ചെറിയ ശേഖരം പോലും ഭീതിദത്തമായ നിലയിൽ ഇന്ന് അന്ത്യത്തെ സമീപിച്ചു കൊണ്ടിരിക്കുകയാണ്. ചേതന നഷ്ടപ്പെടാനൊരുങ്ങുന്ന ജീവജലത്തിന്റെ ഈ മരണാവസ്ഥമനുഷ്യജീവിതത്തിന്റെ ചരമക്കുറിപ്പായി മാറുന്ന കാലം, വേദനയോടെ ഉത്കണ്ഠയോടെ മാത്രം നമുക്ക് കാണാം. ചന്ദ്രനിൽ ജലാംശമുണ്ട് എന്നാണ് ഏറ്റവും ഒടുവിൽ ഉണ്ടായ കണ്ടുപിടുത്തം. പക്ഷേ ഭൂമിയിൽ ജലം ഇല്ലാതാവുന്നു എന്നത് നാമൊട്ട് അറിയുന്നുമില്ല.

ജലസമ്പന്നമായ ഭൂതകാലത്തെ നമുക്ക് സൗകര്യപൂർവം വിസ്മരിക്കാം, എന്നാൽ ഭയാനകമായ ഭാവികാലമുള്ള ദിവസങ്ങളും വർഷങ്ങളുമാണ് നമ്മുടെ അടുത്ത തലമുറയെ കാത്തിരിക്കുന്നത്.

# വിശുദ്ധഖുർആനിലെ 'ഖതമ' പ്രയോഗങ്ങൾ

യാസർ അറഫാത്ത്, തിരുത്തിയാട്

ഖാത്തമുന്നബിയ്യീൻ എന്നതിന് പ്രവാചക ശ്രേഷ്ഠൻ എന്നാണ് അർഥം. ഇതിലെ ഖതമ എന്ന പദത്തിന് അവസാനപ്പിച്ചു എന്നാണ് അർഥം നല്കുന്നതെങ്കിൽ ഉണ്ടാകുന്ന യുക്തി ഭംഗങ്ങളും അർഥ വൈചിത്ര്യങ്ങളും ലേഖകൻ വിവരിക്കുന്നു.

**വി**ശുദ്ധഖുർആനിൽ മുഹമ്മദ് നബി (സ)യുടെ വിശേഷണമായി പ്രസ്താവിക്കപ്പെട്ട 'ഖാത്തമുന്നബിയ്യീൻ' എന്ന പദത്തിന്റെ അർഥം അഹ്മദികൾക്കും അനഹ്മദികൾക്കുമിടയിലെ ചർച്ചകളിൽ പ്രധാനവിഷയമാകാറുണ്ട്. പ്രവാചകൻമാരുടെ മുദ്ര എന്നാണ് അതിന്റെ അർഥമെന്നും ആ പ്രയോഗത്തിന്റെ ഉദ്ദേശ്യം സർവപ്രവാചകന്മാരിലും ശ്രേഷ്ഠൻ എന്നാണെന്നും അഹ്മദികൾ വാദിക്കുന്നു. അനഹ്മദികളിൽ ചിലർ പ്രവാചകമുദ്ര എന്ന് അർഥമാണെന്നു സമ്മതിക്കുമെങ്കിലും അതിന്റെ ഉദ്ദേശ്യം പ്രവാചകന്മാരെ അവസാനിപ്പിച്ചവൻ എന്നാണെന്നു പറഞ്ഞു സമർഥിക്കാൻ ശ്രമിക്കുന്നു. മറ്റുചിലർ കുറേക്കൂടികടന്ന് അവസാനത്തെ പ്രവാചകൻ അഥവാ പ്രവാചകൻമാരെ അവസാനിപ്പിക്കുന്നവൻ എന്നാണ് ഖാത്തമുന്നബിയ്യീന്റെ നേരിട്ടുള്ള അർഥമെന്ന് അവകാശപ്പെടുന്നു.

മുഹമ്മദ് മുസ്തഫാ(സ)തിരുമേനിയുടെ അതിപ്രബലമായ ഹദീസുകളാൽ സ്ഥാപിതമായിട്ടുള്ളതു പ്രകാരം മസീഹ് മൗഊദ്(അ) ആഗതരാവുമെന്നും അദ്ദേഹം നബിയായിരിക്കുമെന്നുമുള്ള വിശ്വാസം അനഹ്മദികളുടെ അന്ത്യപ്രവാചകത്വവാദത്തെ എപ്രകാരം ബാധിക്കുന്നുഎന്ന വിഷയം ഇവിടെ ചർച്ച ചെയ്യുന്നില്ല.

'യുഫസ്സിറു ബഅ്ളുഹു ബഅ്ളൻ' വിശുദ്ധഖുർആന്റെ ഒരുഭാഗം മറ്റൊരു ഭാഗത്തെ വ്യാഖ്യാനിക്കുന്നു എന്ന തത്ത്വമനുസരിച്ച് ഖതമയുടെ പലവിധ രൂപങ്ങൾ വിശുദ്ധഖുർആനിൽ വന്നതിന് എന്തർഥമാണ് അനുയോജ്യമായത് എന്നാണിവിടെ പരിശോധിക്കുന്നത്.

ഖാത്തമുന്നബിയ്യീൻ എന്ന പദത്തിൽ പ്രയോഗിച്ചതുപോലെ ഒരു സമൂഹനാമത്തോടു കൂട്ടിച്ചേർത്ത് വിശുദ്ധഖുർആനിൽ മറ്റെവിടെയും ഈ പദം പ്രയോഗിച്ചിട്ടില്ല. സൂറ: അഹ്സാബിലെ ഈ പ്രയോഗത്തിനു പുറമെ പലവിധ ക്രിയാരൂപങ്ങളിലും മറ്റുമായി ഏഴു സ്ഥലങ്ങളിലാണ് വിശുദ്ധഖുർആനിൽ ഖതമ വന്നിട്ടുള്ളത്. അനഹ്മദികളിൽ ചിലർ കല്പിക്കുന്നതുപോലെ ഖതമ എന്നാൽ അവസാനിപ്പിച്ചു എന്ന അർഥം ഉപയോഗിച്ചുകൊണ്ട് ഈ ഏഴു സ്ഥലങ്ങളും നമുക്ക് പരിശോധിക്കാം.

ഖതമല്ലാഹു അലാ ഖുലൂബിഹിം വഅലാ സംഇഹിം...അല്ലാഹു അവരുടെ ഹൃദയങ്ങൾക്കും ചെവികൾക്കും മേൽ *അവസാനിപ്പിച്ചിരിക്കുന്നു.* (2:8) നോക്കുക ഇത് തികച്ചും അർഥശൂന്യമായ ഒരു വചനമായി തീർന്നിരിക്കുന്നു. ഹൃദയങ്ങൾക്കും ചെവികൾക്കും മേൽ മുദ്രവെച്ചിരിക്കുന്നു എന്ന യഥാർഥ അർഥമേ യോജിക്കുകയുള്ളൂ.

അല്ലാഹു നിങ്ങളുടെ കേൾവിയും കാഴ്ചകളും പിടിച്ചെടുക്കുകയും ഹൃദയങ്ങളിന്മേൽ *അവസാനിപ്പി ക്കുകയും* ചെയ്യുന്നപക്ഷം ....(6:47)

ഇവിടേയും മുദ്രവെക്കുകയും എന്ന അർഥം മാത്രമേ യോജിക്കുകയുള്ളൂ.

അന്ന് അവരുടെ വായകളിന്മേൽ നാം *അവസാനിപ്പിക്കുന്നതും*....(36:66)

വായകളിന്മേൽ നാം മുദ്രവെക്കുന്നതും... എന്നു വരുമ്പോഴാണ് വചനം അർഥപൂർണമാവുന്നത്.

അല്ലാഹു ഉദ്ദേശിച്ചിരുന്നെങ്കിൽ നിന്റെ ഹൃദയത്തിന്മേൽ അവൻ *അവസാനിപ്പിക്കുമായിരുന്നു.* (42:25)

മുദ്രവെക്കുന്നു എന്നു മാത്രമേ ഇവിടെ പ്രയോഗിക്കാൻ സാധിക്കൂ.

45:24 അവന്റെ കാതിനും ഹൃദയത്തിനും മേൽ അല്ലാഹു *അവസാനിപ്പിക്കുകയും*.........സൂറ: ബഖറയിൽ പ്രസ്താവിച്ച പോലെ ചെവികൾക്കും ഹൃദയത്തിനും മേൽ മുദ്രവെക്കുന്നതിനെക്കുറിച്ചാണ് ഇവിടെയും ഉണർത്തുന്നത്. അവസാനിപ്പിക്കുക എന്ന അർഥം ഇവിടെയും അനുയോജ്യമല്ല.

83:26 *അവസാനിപ്പിക്കപ്പെട്ട* ശുദ്ധമായ പാനീയത്തിൽ നിന്ന് അവർക്ക് കുടിക്കാൻ നല്കപ്പെടും.

സ്വർഗവാസികൾക്ക് നല്കപ്പെടുന്ന ആത്മീയോന്നതിക്ക് ആവശ്യമായ ഉന്നതഗുണനിലവാരത്തിലുള്ള പാനീയത്തിന്റെ മഹത്വത്തിന്റെ സാക്ഷ്യമായ മുദ്രയാണിവിടെ പ്രസ്താവിക്കുന്നത്. അതിനു പകരം അവസാനിപ്പിക്കപ്പെട്ട എന്ന അർഥം പ്രയോഗിക്കുന്നതോടെ

ശ്രേഷ്ഠമായ സ്വർഗീയ പാനീയത്തിന്റെ മഹത്വമെല്ലാം അവസാനിക്കുന്നു.

മുദ്രവെക്കുക എന്നതിന് ഒരിക്കലും തുറക്കാനാവാത്തവിധം അടച്ചുപൂട്ടുക എന്നു ചിലർ അർഥകല്പന ചെയ്യാറുണ്ട്. (മുഹമ്മദ് നബി (സ) പ്രവാചകത്വം അടച്ചുപൂട്ടി, ഇനി അത് ഒരിക്കലും തുറക്കില്ല എന്നപ്രസ്താവനയിലൂടെ അഹ്മദ് (അ) ഒരു നബിയല്ല എന്നു വരുത്താനാണ് ഈ അർഥവും പ്രയോഗിച്ചു നോക്കുന്നത്!)

83:26 ൽ ഈ അർഥം പ്രയോഗിക്കുമ്പോൾ, അടച്ചുഭദ്രമാക്കിയ, ഒരിക്കലും തുറക്കാൻ പാടില്ലാത്ത പാനീയമാണ് അല്ലാഹു സ്വർഗവാസികൾക്കുനല്കുന്നത് എന്നു പറയേണ്ടിവരും. തുറക്കാൻ പാടില്ലാത്ത പാനീയം കണ്ട് വെള്ളമിറക്കി കഴിയേണ്ട അവസ്ഥയാണ് (നഊദുബില്ലാഹ്) സ്വർഗവാസികൾക്ക് ഈ അർഥപ്രകാരം വന്നു പെട്ടിരിക്കുന്നത്. മുദ്രവെച്ചതുകൊണ്ട് ഒരിക്കലും തുറക്കാനോ ഉപയോഗിക്കാനോ പാടില്ല എന്നാണെങ്കിൽ നമ്മുടെ വീടുകളിലും ഓഫീസുകളിലും ഒരുപാടു സാധനങ്ങൾ ഉപയോഗശൂന്യമായിത്തീരും!!!. മറിച്ച് മുദ്ര എന്നത് സാക്ഷ്യം എന്ന അർഥത്തിലെടുക്കുകയാണെങ്കിൽ മേൽപറഞ്ഞ യാതൊരു പ്രശ്നവുമില്ല.

83:27 അതിന്റെ *അവസാനം* കസ്തൂരിയായിരിക്കും........

83:26 വചനത്തിൽ പറയപ്പെട്ട സ്വർഗവാസികൾക്ക് നല്കപ്പെടുന്ന ശ്രേഷ്ഠ പാനീയത്തിന്റെ മുദ്ര കസ്തൂരിയായിരിക്കുമെന്നാണ് തുടർന്നുള്ള വചനത്തിൽ വിശദീകരിക്കുന്നത്. പാനീയത്തിന്റെ മഹത്വത്തെ സാക്ഷ്യപ്പെടുത്തുന്ന മുദ്ര കസ്തൂരിയാണെന്ന ഖുർആന്റെ പ്രസ്താവന പാനീയത്തിന്റെ അവസാനം കസ്തൂരിയാണെന്ന അർഥകല്പനയിലൂടെ അർഹിക്കുന്ന ഗൗരവം നഷ്ടപ്പെട്ടതായിമാറുന്നു.

'ഖതമ'ക്ക് അവസാനിപ്പിച്ചു എന്ന അർഥം ഒരിക്കലും യോജിക്കുകയില്ലെന്ന് വിശുദ്ധഖുർആനിലെ മുഴുവൻ ഉദാഹരണത്തിലൂടെ നാം മനസ്സിലാക്കി. യഥാർഥ അർഥമായ മുദ്രവെച്ചു എന്നു മാത്രമേ മേൽ പറഞ്ഞ ഏഴു ഉദാഹരണങ്ങളിലും അനുയോജ്യമാവുകയുള്ളൂ. അതേ അർഥം തന്നെ ഖാത്തമുന്നബിയ്യീന് നൽകുന്നതാണ് വിശുദ്ധ ഖുർആന്റെ മഹത്വത്തോട് നീതി പുലർത്തുന്ന പ്രവൃത്തി.

ഖാത്തമുന്നബിയ്യീന് 'പ്രവാചക ശ്രേഷ്ഠൻ' എന്ന അർഥം അഹ്മദികൾ സ്വീകരിക്കുന്നതുകൊണ്ട് ഖുർആനിലെ 'ഖതമ' പ്രയോഗങ്ങൾക്കെല്ലാം 'ശ്രേഷ്ഠമാക്കി' എന്ന അർഥം പ്രയോഗിച്ചുകൊണ്ട് അഹ്മദികളുടെ അർഥം അനുയോജ്യമല്ല എന്നു ചിലർ വാദിക്കാറുണ്ട്. ഇവിടെ ശ്രദ്ധിക്കേണ്ട വസ്തുത ഖതമ എന്നതിന് നേർക്കുനേരെ ശ്രേഷ്ഠമാക്കി എന്നുപ്രയോഗിക്കാൻ സാധ്യമല്ല. ഒരു സമൂഹനാമത്തോടു കൂടിചേരുമ്പോൾ ആ പ്രയോഗത്തിനു ലഭിക്കുന്ന അർഥമാണ് ആ സമൂഹത്തിലെ എല്ലാഗുണങ്ങളും ഉൾകൊണ്ട് അവരിലെ ശ്രേഷ്ഠനായ വ്യക്തി എന്നുള്ളത്. ഖാതം എന്ന പദം ഒരു സമൂഹനാമത്തോട് കൂട്ടിച്ചേർത്ത് സ്തുതി വചനമായി പ്രയുക്തമായാൽ ആ സമൂഹത്തിലെ ശ്രേഷ്ഠൻ എന്നല്ലാതെ അന്ത്യൻ എന്ന അർഥം ഒരിക്കലും ലഭിക്കുകയില്ല. ശ്രേഷ്ഠൻ എന്ന അർഥത്തിൽ പ്രയോഗിച്ചതിന് ധാരാളം ഉദാഹരണങ്ങൾ അറബീസാഹിത്യങ്ങളിൽ നിറഞ്ഞുകിടക്കുന്നു. എന്നാൽ അന്ത്യൻ എന്ന അർഥത്തിൽ ഉപയോഗിച്ചതിന് ഒരൊറ്റ ഉദാഹരണമെങ്കിലും ഹാജരാക്കാൻ ഇന്നോളം ആർക്കും സാധിച്ചിട്ടില്ല.

ഒരു സമൂഹത്തിലെ ഏറ്റവും ശ്രേഷ്ഠനായ വ്യക്തിയെ ആലങ്കാരികമായി 'അവസാനത്തെയാൾ' എന്നുവിളിക്കാറുണ്ട്. അവസാനത്തെ ആളായതുകൊണ്ട് അദ്ദേഹത്തിന്റെ മരണശേഷം മറ്റാരും ആ സമൂഹത്തിന്റെ പദവിയിൽ ഉണ്ടാകുകയില്ല എന്ന് പറയുന്നത് ബുദ്ധി ശൂന്യതയാണ്. ചുരുക്കത്തിൽ ഖാതമിന് അവസാനത്തെ ആൾ എന്ന അർഥം കൽപ്പിക്കുകയാണെങ്കിൽ അത് സ്ഥാനം കൊണ്ടാണ് വേണ്ടത്, കാലം കൊണ്ടല്ല എന്ന് സാരം. അതാണ് ഹദ്റത്ത് അഹ്മദ് (അ) തന്റെ ഖസീദയിൽ, വൽ ഫദ്ലു ബിൽ ഖൈറാത്തി ലാ ബി സമാനീ എന്ന് പറഞ്ഞത്. മനുഷ്യന് ലഭ്യമാകുന്ന ആത്മീയ പദവികൾ പലതാണ്. വലിയ്യ്, സ്വാലിഹ്, ശഹീദ്,സിദ്ദീഖ്, നബി എന്നിങ്ങനെ ഉദാഹരണങ്ങൾ. അവയിൽ ഏറ്റവും ഉന്നതമായ, അവസാനത്തെ പദവിയാണ് നബി എന്നുള്ളത്. നബിമാർ ശ്രേഷ്ഠതയിൽ പല സ്ഥാനത്തിലുള്ളവരാണെന്ന് വിശുദ്ധ ഖുർആൻ പറയുന്നു. അങ്ങനെ നബിമാരിൽ അവസാനത്തെ പദവിയാണ് ഖാത്തമുന്നബിയ്യീൻ (പ്രവാചകന്മാരുടെ മുദ്ര) എന്ന അതിവിശിഷ്ഠമായ സ്ഥാനം. ലോകാനുഗ്രഹിയായ മുഹമ്മദ് മുസ്തഫാ (സ) തിരുമേനിക്ക് മുമ്പോ ശേഷമോ മറ്റൊരാൾക്കും അതു നൽകപ്പെട്ടിട്ടില്ല. ഇനി നൽകപ്പെടുകയുമില്ല. മനുഷ്യരിൽ അവസാനത്തെ ആളുകളായ നബിമാരിൽ അവസാനത്തെ ആളാണ് മുഹമ്മദ് നബി (സ). ആ അതുല്യ പദവി പ്രാപിച്ച പ്രവാചകനായതുകൊണ്ടാണ് അദ്ദേഹത്തിന്റെ അനുയായികളിൽ നബി എന്ന പദവി ലഭിച്ചവർ പോലും ഉണ്ടായിത്തീരുന്നത്. ഒരിക്കലും മറ്റാർക്കും പ്രാപ്യമല്ലാത്ത ഈ അതുല്യ ശ്രേഷ്ഠ പദവിയെ സൂചിപ്പിക്കാനാണ് അനഹ്മദികൾ വാസ്തവത്തിൽ റസൂൽ തിരുമേനിയെ അവസാനത്തെ പ്രവാചകൻ എന്ന് വളിക്കുന്നത്.

## ആരും സ്വയം നല്ലവരായി ചമയേണ്ട

ചെറിയ തെറ്റുകളൊഴിച്ച് വലിയ പാപങ്ങളെയും നീചകൃത്യങ്ങളെയും വിട്ടകന്ന് നിൽക്കുന്നവരാ ണവർ . നിന്റെ നാഥൻ പൊറുത്തു കൊടുക്കുന്നതിൽ തീർച്ചയായും വിശാലതയുള്ളവനാണ് . അവൻ നിങ്ങളെ ഭൂമിയിൽ സൃഷ്ടിച്ചപ്പോഴും നിങ്ങൾ നിങ്ങളുടെ മാതാക്കളുടെ വയറ്റിൽ ഭ്രൂണങ്ങളായിരുന്നപ്പോഴും നിങ്ങളെക്കുറിച്ച് നല്ലത് പോലെ അറിവുള്ളവനാണവൻ. അതിനാൽ നിങ്ങൾ നിങ്ങളെ പരിശുദ്ധരായി ചിത്രകരിക്കേണ്ട. സൂക്ഷ്മത പാലിക്കുന്നവനെക്കുറിച്ച് അവൻ നന്നായി അറിയുന്നു. (വി. ഖുർആൻ 53:33)

# അഹ്മദികൾ മുസ്‌ലിംകൾ തന്നെ

അഹ്മദി ആയതിന്റെ പേരിൽ മതമുപേക്ഷിച്ചവനായി പ്രഖ്യാപിച്ച് ഏകപക്ഷീയമായി വിവാഹ മോചനം നടപ്പാക്കിയ ഖാസിയുടെ വിധിക്കെതിരരെ 1971 ൽ കേരളാ ഹൈക്കോടതി ജഡ്ജിയായിരുന്ന ബഹുമാനപ്പെട്ട ജസ്റ്റിസ് കൃഷ്ണയ്യരുടെ കോടതി വിധി. കഴിഞ്ഞലക്കത്തിൽ നിന്നും തുടർച്ച

ജസ്റ്റീസ്. വി ആർ കൃഷ്ണയ്യർ





6.ശാസ്ത്രത്തിൽ കണ്ടുപിടുത്ത ങ്ങളൊന്നും തന്നെ അവസാന വാക്കല്ല. ഐൻസ്റ്റീൻ ന്യൂട്ടന്റെ സിദ്ധാന്തങ്ങൾ അപര്യാപ്തമാണെന്ന് തെളിയിച്ചു. ഐൻസ്റ്റീനെ സുദർശൻ തിരുത്തി. അനന്തമായ സത്യത്തെ ഭാഗികമായി മാത്രമേ മനുഷ്യ മനസ്സിന് ഗ്രഹിക്കാൻ സാധ്യമാകുകയുള്ളു. മുമ്പുണ്ടായിരുന്ന അപൂർണമായ വെളിപാടുകളെ പൂർണമായ വെളിപാടുകൾ പകരം വെക്കുന്നു. മുഖ്യ മതങ്ങൾ അതിന്റെ ആത്മീയ പൂർത്തീകരണ കുത്തകളുടെ അവകാശവാദം അതാത് മതസ്ഥാപ കരുടെ അവകാശ വാദങ്ങളിൽ അവർക്ക് വെളിപ്പെട്ടതും ബോധിച്ചതു മായ സത്യങ്ങളിലൂടെ പലപ്പോഴും പ്രകടിപ്പിക്കപ്പെട്ടിട്ടുള്ളതാണ് . ഇത്തരം അവകാശ വാദങ്ങളിലാണ് വിശ്വാസം കെട്ടിപ്പടുക്കുന്നത്. തീർച്ചയായും ഓരോ മതത്തിലും ദൈവിക പ്രവാചകന്മാർ ദിവ്യജ്ഞാനത്തിന്റെയും പൂർണ ജ്ഞാനത്തിന്റെയും ഉദ്ഘോഷകനാണ്. അദ്ദേഹത്തിന് ശേഷം ആവിർഭവി ക്കുന്ന പ്രവാചകന്മാർ തന്റെ പൂർവഗാമി യുടെ വെളിച്ചം വഹിച്ച് മുന്നോട്ട് കൊണ്ടു പോകുന്നയാളാണെന്ന് വാദി ക്കാവുന്നതാണ്. തീർച്ചയായും ഉപ പ്രവാചകന്മാർ പുനരുജ്ജീവനത്തി നാണ് അവതരിക്കുന്നത്. പഴയതിനെ നിരാകരിക്കാനല്ല. ഹരജിക്കാരന്റെ വക്കീലിന്റെ വാദ പ്രകാരം പ്രവാചകൻ മുഹമ്മദ് അവസാനത്തെ പ്രവാചക നാണ്. മുഹമ്മദ് നബിയുടെ അന്ത്യപ്ര വാചകത്വത്തിന്റെ സ്വീകാര്യതയാണ് അദ്ദേഹത്തിന്റെ മതത്തിൻെറ കേന്ദ്ര തത്ത്വം. കൂടുതലായി അദ്ദേഹം വാദി ക്കുന്നത് അഹ്മദിയ്യാ പ്രസ്ഥാനം ഈ വാദം നിരാകരിക്കുന്നുവെന്നും ഹദ്റ ത്ത് മിർസാ ഗുലാം അഹ്മദ് ഒരു പ്രവാ ചകനാണെന്ന വാദം മുന്നോട്ട് വെക്കു കയും ചെയ്യുന്നു എന്നുമാണ്.. അതി നാൽ അവർ ഇസ്‌ലാം മതത്തിന് പുറത്താണ്.

7. ഹദ്റത്ത് മിർസാഗുലാം അഹ്മദ് 1835 ൽ ഇന്ത്യയിലെ ഖാദിയാനിൽ മുഗൾ രാജ വംശത്തിലാണ് ജനിച്ചത്. ഹദ്റത്ത് അഹ്മദ് കുട്ടിക്കാലത്ത് തന്റെ മിക്ക സമയങ്ങളിലും ഖുർആൻ പഠിക്കാനും അഗാധമായ ചിന്തയി ലുമാണ് കഴിച്ചു കൂട്ടിയതെന്ന് പറയ പ്പെടുന്നു. സന്ദേഹങ്ങളും സംശയങ്ങളും ഇസ്‌ലാമിക ലോകത്ത് പടരുന്നതായി അദ്ദേഹം കണ്ടു. മതവികാരങ്ങൾ കേവലം തൊലിപ്പുറത്തു മാത്രമാണെന്ന് അദ്ദേഹം മനസ്സിലാക്കി. ഹദ്റത്ത് അഹ്മദ് ഇതിൽ അഗാധമായി ദുഃഖിതനാകുകയും ഇസ്‌ലാമിക അധ്യാപനങ്ങളും സിദ്ധാന്തങ്ങളും തുറന്നുകാട്ടാനും തീരുമാനിച്ചു. പിന്നീട് അദ്ദേഹം ബറാഹീനെ അഹ്മദിയ്യാ എന്ന പുസ്തകം എഴുതി. ഈ പുസ്തകത്തിലെ പ്രമേയം ഇസ്‌ലാം ഒരു സജീവ മതമാണെന്നുള്ളതാണ് . ഈ മതം അനുധാവനം ചെയ്താൽ അനുകർത്താവിന് അദ്ദേഹത്തിന്റെ സ്രഷ്ടാവുമായി ബന്ധം സ്ഥാപിക്കാൻ കഴിയും. മനുഷ്യ വംശത്തിന് ധാർമികവും ധൈഷണികവും ആത്മീ യവുമായ പരിപൂർത്തീകരണ ത്തിന് സഹായിക്കാൻ വേണ്ടി അഭികൽപ്പന ചെയ്യപ്പെട്ട അദ്ധ്യാപനങ്ങളും നിയമ ങ്ങളുമാണ് വിശുദ്ധ ഖുർആനിലും ഇസ്‌ലാമിലും ഉള്ളതെന്ന് അദ്ദേഹം പ്രഖ്യാപിച്ചു. തനിക്ക് ദിവ്യവെളി പാടുകൾ ലഭിക്കുന്നതായി അദ്ദേഹം അവകാശപ്പെട്ടു. ഖുർആനിലും ബൈ ബിളിലും പ്രവചിക്കപ്പെട്ട മസീഹാണ് താൻ എന്ന് അദ്ദേഹം അവകാശപ്പെട്ടു. 1889 ൽ അദ്ദേഹം തന്റെ അനുയായി കളെ ചേർത്തുകൊണ്ട് അഹ്മദി യ്യാപ്രസ്ഥാനം രൂപികരിക്കുകയുണ്ടായി. അദ്ദേഹത്തിന്റെ അനുയായികൾ ലോകം മുഴുവൻ വ്യാപിച്ചിട്ടുണ്ടെന്നും അവിടെ മിഷ്യൻ ഹൗസുകൾ കിഴക്കും പടിഞ്ഞാറുമുള്ള നിരവധി രാജ്യങ്ങളിൽ സ്ഥാപിതമായിട്ടുണ്ടെന്നും പറയപ്പെടുന്നു. ഖുർആൻ ദൈവിക വചനം എന്ന നിലക്ക് ഹദ്റത്ത് അഹ്മദ് തന്റെ എല്ലാ വാദങ്ങളും വിശുദ്ധ ഖുർആന്റെ അടിസ്ഥാനത്തിലാണ് ഉന്നയിച്ചത്. ഈയൊരു പശ്ചാത്ത ലത്തിൽ അഹ്മദിയ്യാ പ്രസ്ഥാനം ഇസ്‌ലാമിന് അന്യമാണോ എന്ന് നമുക്ക് പരിശോധിക്കാം. രണ്ടാമതായി അഹ്മ

ദികൾ മുഹമ്മദ് നബിയെ അന്ത്യപ്രവാചകനായി അംഗീകരിക്കുന്നുവോ എന്നും പരിശോധിക്കാം. തീർച്ചയായും ഖുർആൻ 61 ാം അദ്ധ്യായം 7 ാം വചനത്തിൽ പറയുന്നു:

മർയമിന്റെ പുത്രൻ ഈസാ പറഞ്ഞ അവസരം (സ്മരിക്കുക) ഇസ്റായീൽ സന്തതികളേ, എന്റെ മുന്നിലിരിക്കുന്ന തൗറാത്തിനെ സാക്ഷാൽക്കരിക്കുന്നവനായും എനിക്ക് ശേഷം വരുന്ന അഹ്മദ് എന്ന് പേരുള്ള ഒരു ദൂതനെക്കുറിച്ചു സന്തോഷ വാർത്ത അറിയിക്കുന്നവനായും ഞാൻ നിങ്ങളുടെ അടുക്കൽ (നിയുക്തനായ) അല്ലാഹുവിന്റെ ദൂതനാകുന്നു.

അഹ്മദിയ്യാ വാദമനുസരിച്ച് ഹദ്റത്ത് അഹ്മദ് ഈയൊരു പ്രവചനത്തിന്റെ പൂർത്തീകരണമാണ്. ക്രിസ്ത്യാനികൾ ക്രിസ്തുവിന്റെ രണ്ടാം വരവിൽ വിശ്വസിക്കുന്നു. മുസ്ലിംകളും യേശു രണ്ടാമതും വരുമെന്ന് വിശ്വസിക്കുന്നു. പക്ഷേ പ്രവാചകനായിട്ടല്ല. മുഹമ്മദിന്റെ അനുയായി മാത്രമായിട്ടായിരിക്കും വരിക. കാരണം ഇനി പ്രവാചകൻ വരില്ല എന്നത് അചഞ്ചലമായ നിയമമാണ്. ഞാൻ ഇവിടെ പ്രതിപാദിച്ച കാര്യം പരാതിക്കാരന്റെ വക്കീൽ സമർപ്പിച്ച ഹരജിയുടെ സംഗ്രഹമാണ്. എന്തായാലും ചോദ്യമിതാണ്. പ്രവാചകൻ മുഹമ്മദ് അന്ത്യപ്രവാചകനാണെന്ന അടിസ്ഥാനത്തിൽ ദൃഢമായി ഊന്നിക്കൊണ്ട് ഹദ്റത്ത് അഹ്മദ് പ്രവാചകനാണെന്ന് ആരെങ്കിലും വിശ്വസിച്ചാൽ അക്കാരണം കൊണ്ട് ഒരാൾ മതത്തിൽ നിന്നും പുറത്തു പോയവനാകുമോ എന്നതാണ് ചോദ്യം.

8. ഇന്ത്യയിൽ ഫെഡറൽ കോടതിയുടെ ജഡ്ജിയും പ്രശസ്ത നിയമജ്ഞനുമായിരുന്ന സർ സഫറുല്ലാഹ് ഖാൻ സുസമ്മദനായ ഒരഹ്മദിയാണ്. ലോകത്തിന്റെ അത്യുന്നത വേദികളിൽ അദ്ദേഹം തന്റ രാജ്യമായ പാകിസ്താനെ പ്രതിനിധീകരിച്ചിട്ടുണ്ട്. ഇസ്ലാം മതം പാകിസ്താന്റെ മതമാണെന്ന് ഓർക്കണം ഇസ്ലാം മതം രാഷ്ട്ര മതമായി പ്രഖ്യാപിച്ച ഒരു രാജ്യത്തിലെ ഏറ്റവും പരമ പ്രധാനമായ പ്രതിനിധി തന്നെ മതത്തിൽ നിന്നും പുറത്താക്കപ്പെട്ടവനായി കണക്കാക്കുകയെന്നത് അമ്പരപ്പിക്കുന്നതാണ്. വക്കീലിന്റെ അഭിപ്രായം സ്വീകരിച്ചാലുണ്ടാകുന്ന പരിണിതി അതായിരിക്കും. അഹ്മദിയ്യാ പ്രസ്ഥാനത്തിലെ ഒരാളെ ഒരു മുസ്ലിമല്ലെന്ന് വിധിച്ചു കൊണ്ടുള്ള നടപടിയിൽ രണ്ട് കേസുകൾ സർ സഫറുല്ലാഹ് ഖാൻ തന്നെ വാദിക്കുകയുണ്ടായി. സഫറുല്ലയുടെ എതിർ വാദങ്ങളാണ് കോടതി അംഗീകരിച്ചത്. 7D I C.65 ആയി ആ കേസ് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്.

(തുടരും)

▶ പേജ് 4 ൽ നിന്നും തുടർച്ച

നിങ്ങൾ വ്യഭിചാരത്തെ സമീപിക്കരുത്. അതായത് ആ വിചാരം ഉളവാക്കാൻ ഇടയുള്ള സന്ദർഭങ്ങളിൽ നിന്നും ആ പാപം സംഭവിച്ചേക്കുമെന്നു ശങ്കയുള്ള വഴികളിൽ നിന്നും അകന്നിരിക്കുവിൻ, വ്യഭിചാരം ഘോരമായ ഒരപരാധമാകുന്നു. അത് വഷളായ മാർഗമാവുമാകുന്നു. അതായത് അതു ലക്ഷ്യസ്ഥാനത്തെ അകറ്റിക്കളയുമെന്നതും അഭിലഷിതമായ പൂർണതക്ക് ഹാനികരമാകുന്നതുമത്രേ (17:33)

വിവാഹം ചെയ്യാൻ സാധിക്കാത്തവർ വ്രതാനുഷ്ഠാനത്തിലൂടെയോ ഭക്ഷണലഘൂകരണത്തിലൂടെയോ കഠിന പ്രയത്നത്താലോ ചാരിത്ര്യം സംരക്ഷിച്ചു കൊള്ളട്ടെ (24: 34)

വിവാഹരഹിതമായ ജീവിതമോ ഷണ്ഡത്വമോ അവലംബിച്ചു ചിലർ സന്യാസധർമം സ്വീകരിക്കുന്നു. അതിനെ അവർ ഒരു നൂതന മാർഗമായി അവലംബിച്ചതാണ്. നാം അതിനെ അവർക്ക് കർത്തവ്യമായി വിധിച്ചിരുന്നില്ല.... തന്മൂലം ഈ നൂതന സമ്പ്രദായത്തെ അവർക്ക് പൂർണമായും നടപ്പിൽ വരുത്തുവാൻ കഴിയുകയില്ല ( 57: 28)

ജനങ്ങൾ ഷണ്ഡത്വം അവലംബിക്കുകയോ സന്യാസം സ്വീകരിക്കുകയോ ചെയ്യുവാൻ ദൈവം കൽപ്പിച്ചിട്ടില്ലെന്നാണു വിശുദ്ധ ഖുർആൻ ഇവിടെ നിഷേധിച്ചുകൊണ്ട് സുചിപ്പിക്കുന്നത്. അങ്ങനെ അവൻ കൽപ്പിച്ചിരുന്നുവെങ്കിൽ സകല ജനങ്ങളും അതനുസരിച്ചു പ്രവർത്തിക്കാൻ ബാദ്ധ്യസ്ഥരാവുകയും തൽ ഫലമായി മനുഷ്യ വർഗത്തിന്റെ സന്താനോൽപ്പാദന ക്രിയ നിലച്ച് വളരെ മുമ്പ് തന്നെ ലോകം അവസാനിച്ചു പോവുകയും ചെയ്തിരിക്കുമായിരുന്നു, എന്നാണ്. തന്നെയുമല്ല ചാരിത്ര്യത്തെ പാലിക്കുന്നതിന് ജനനേന്ദ്രിയത്തെ നശിപ്പിക്കുക തുടങ്ങിയ മാർഗങ്ങൾ അവലംബിക്കുകയാണെങ്കിൽ അത് ആ അവയവം പ്രദാനം ചെയ്ത സൃഷ്ടികർത്താവിന് നേരേയുള്ള ഒരെതിർപ്പുമായിരിക്കുന്നതാണ്. ശക്തിയുണ്ടായിരിക്കെ തന്നെ ഒരുവൻ ദൈവത്തോടുള്ള ഭയഭക്തി നിമിത്തം ദുഷ്പ്രേരണകളെയും ദുർവിചാരങ്ങളെയും ജയിച്ചടക്കുന്നതിലാണ് പുണ്യമിരിക്കുന്നത്. അങ്ങനെ അവൻ തന്റെ ശക്തിയെ യഥാസ്ഥാനത്തു ഉപയോഗിക്കാതെ തടഞ്ഞു നിറുത്തുകയും ചെയ്യുന്നത് കൊണ്ടു രണ്ടു വിധത്തിലുള്ള പുണ്യത്തിന് അവകാശിയായി തീരുന്നു. തന്റെ ഇന്ദ്രിയശക്തിയെ നശിപ്പിച്ചു കളയുന്നവനാകട്ടെ ഈ രണ്ടു ഗുണങ്ങളും നഷ്ടമായി തീരുന്നതാണ്. ശക്തിയുടെ സാന്നിദ്ധ്യത്തിൽ ഉളവാകുന്ന ദുഷ്പ്രേരണകൾ എതിർത്തു ജയിക്കുന്നത് കൊണ്ടാണ് പുണ്യംലഭിക്കുമാറാകുന്നത്. എന്നാൽ പ്രായപൂർത്തി വരാത്ത ബാലകനെ പോലെ യാതൊരുവനിൽ ഈ ശക്തിയില്ലാതിരിക്കുന്നുവോ അവന് എന്തു പുണ്യം ലഭിക്കുവാനാണ്. അവനാകട്ടെ ദുർവികാരങ്ങളെ ജയിച്ചടക്കുകയോ സ്വശക്തിയെ യഥാസ്ഥാനത്ത് ഉപയോഗപ്പെടുത്തുകയോ ചെയ്യുവാനുള്ള അവസരം ഉണ്ടാകാത്തതിനാൽ തത്സംബന്ധമായ പുണ്യഫലം ലഭിക്കുന്നതല്ല.

മേലുദ്ധരിച്ച ഖുർആൻ വാക്യങ്ങൾ ചാരിത്ര്യം (ഇഹ്സാൻ) എന്ന ധാർമിക ഗുണം സമ്പാദിക്കുന്നതിന് ഉൽകൃഷ്ടമായ ഉപദേശം അടങ്ങുന്നുവെന്നു മാത്രമല്ല ഈ സൽഗുണം മനുഷ്യനിൽ നിർബാധം നിലനിർത്തു മാറാകുന്നതിന്ന് അഞ്ചുപായങ്ങൾ കാണിച്ചു തരികയും ചെയ്തിരിക്കുന്നു. 1. പരപുരുഷന്മാർ പരസ്ത്രീകളെയെന്ന പോലെ സ്ത്രീ, പുരുഷന്മാരെയും ദർശിക്കുന്നതിൽ നിന്നും ദൃഷ്ടികളെ തടയുക. 2. വികാര ജന്യമായ മധുര ശ്രവണങ്ങളിൽ നിന്നും കർണപുടങ്ങൾ നിയന്ത്രിക്കുക. ശൃംഗാര കഥകൾ കേൾക്കാതിരിക്കുക 4. ദുർവൃത്തിക്ക് പ്രേരകമാകുന്ന സാഹചര്യങ്ങളിൽ നിന്നെല്ലാം ഒഴിഞ്ഞു നിൽക്കുക. 5. അവിവാഹിതർ ഉപവാസമനുഷ്ഠിക്കുക.

ചാരിത്ര്യ ഭദ്രതക്കായി മേൽ പ്രസ്താവിക്കപ്പെട്ട ഇച്ഛാ നിരോധന സമ്പ്രദായങ്ങളോടു കൂടിയ ഉൽകൃഷ്ടമായ ഉപദേശം വിശുദ്ധ ഖുർആനിൽ അടങ്ങിയിരിക്കുക്കുന്നുവെന്നതാണ് ഇസ്ലാമിനുള്ള സവിശേഷതയെന്നു നിർവിശങ്കം പറയാം. ഇവിടെ ഒരു

സംഗതി പ്രത്യേകം അനുസ്മരണീയ മാണ്. കാമ വികാരങ്ങളുടെ ഉറവിടമായിരിക്കുന്നതും പരിപൂർണമായ പരിവർത്തനം കൊണ്ടല്ലാതെ വിട്ടൊഴിയാൻ സാദ്ധ്യമല്ലാതിരിക്കുന്നതുമായ മനുഷ്യന്റെ പ്രകൃത്യാലുള്ള ഇച്ഛ, സന്ദർഭവും സൗകര്യവും ലഭിക്കുമ്പോൾ എരിവു കൊള്ളുകയും അവനെ അപകടത്തിൽ ചാടിക്കുകയും ചെയ്യുന്നതാണ്. അതിനാലത്രെ സർവജ്ഞനായ ദൈവം സദുദ്ദേശത്തോടു കൂടിയാണെങ്കിൽ പരസ്ത്രീകളെ നോക്കി കാണാമെന്നോ അവരുടെ സൗന്ദര്യങ്ങളെ ആസ്വദിക്കാമെന്നോ അവരുടെ നൃത്ത നാട്യങ്ങളും മറ്റും കണ്ടു രസിക്കാമെന്നോ അനുവാദം നൽകാതിരുന്നത്. അന്യ സ്ത്രീകളുടെ മധുരഗാനങ്ങളും ശൃംഗാര കഥകളും സദ്വിചാരത്തോടാകയാൽ ശ്രവിക്കാവുന്നതാണെന്നു പഠിപ്പിക്കാതിരുന്നതും അതുകൊണ്ടു തന്നെയാണ്. മറിച്ചു സദ്വിചാരത്തോടു കൂടിയായാലും കേൾക്കരുതെന്നാണ് വിശുദ്ധ ഖുർആൻ ശക്തിയായി ഉപദേശിക്കുന്നത്. അതുകൊണ്ട് നാം കാലിടറി വീഴാതിരിക്കുന്നതിന് അവരുടെ സൗന്ദര്യ ദർശനവും മധുര ശ്രവണവും മനസ്സാ വെറുക്കേണ്ടിയിരിക്കുന്നു. എന്തെന്നാൽ അനിയന്ത്രിതമായ ദൃഷ്ടി പ്രക്ഷേപം സന്മാർഗ ഭ്രംശത്തിന് കാരണമാകുമെന്നത് നിസ്സന്ദേഹമാണ്. നമ്മുടെ അകക്കണ്ണും കരളും സദാ പാവനമായിരിക്കുന്നതിനായിട്ടത്രേ അന്യ സ്ത്രീകളെ നോക്കരുതെന്നുള്ള ഈ മഹത്തായ ഒരുപദേശം നൽകിയിരിക്കുന്നത് . വിശന്ന പട്ടി യുടെ മുന്നിൽ നല്ല അപ്പം വെച്ചു കൊടുത്തിട്ട് അതിനു അപ്പത്തെക്കുറിച്ചുള്ള വിചാരം പോലുമുണ്ടാകരുതെന്ന് നാം കരുതുകയാണെങ്കിൽ അത് വീണ് വിചാരം മാത്ര മായിരിക്കും. അതിനാൽ വിഷയാസക്തിക്ക് ഗൂഢമായ വ്യാപാരത്തിനുള്ള അവസരം കൊടുക്കാ തിരിക്കാനും ദുർവികാരത്തിനും ചലനമുണ്ടാക്കുന്ന യാതൊരു കാര്യവും നേരിടാതിരിക്കാനുമാണ് വിശുദ്ധ ഖുർആൻ ഉദ്ദേശിക്കുന്നത്.

സ്ത്രീകൾക്ക് ഇസ്‌ലാം നിശ്ചയിച്ചിരിക്കുന്ന പർദ അഥവാ മറയുടെ തത്ത്വ രഹസ്യവും മേൽപ്പറഞ്ഞതു തന്നെയാണ്. ദൈവത്തിന്റെ പരിശുദ്ധ ഗ്രന്ഥമായ ഖുർആനിൽ ഈ മറയെ സംബന്ധിച്ചു ചെയ്തുകാണുന്ന വ്യവസ്ഥയുടെ താൽപര്യം സ്ത്രീകളെ തടവുപുള്ളികളെപ്പോലെ വീടുകളിൽ അടച്ചിടണമെന്നതല്ല. അത് ഇസ്‌ലാമികാദ്ധ്യാപനങ്ങളെക്കുറിച്ച് അറിവില്ലാത്ത അജ്ഞന്മാരുടെ അഭിപ്രായമത്രെ. എന്നാൽ ഇസ്‌ലാം നിർദേശിക്കുന്ന പർദാ സമ്പ്രദായത്തിന്റെ ഉദ്ദേശ്യം സ്ത്രീപുരുഷന്മാരുടെ സ്വച്ഛന്ദമായ പരസ്പര വീക്ഷണവും സൗന്ദര്യ പ്രദർശനവും തടയുക എന്നുള്ളതാണ്. ഈ സമ്പ്രദായം ഉഭയ കക്ഷിക്കും ഗുണപ്രദമാകുന്നു. ദർശന യോഗ്യങ്ങളായവ മാത്രം നോക്കിക്കാണുകയും അനുചിതസ്ഥാനങ്ങളിൽ ദൃഷ്ടി പതിപ്പിക്കാതിരിക്കാതെ നിദ്രാണ ദൃഷ്ടിത്വം ശീലിക്കുകയും ചെയ്യുക എന്നതിന് അറബിയിൽ ഗൽളുൽ ബസ്വർ (നോട്ടങ്ങൾ കീഴ്പ്പോട്ടാക്കുക.) എന്നു പറഞ്ഞു വെന്നതും ഇവിടെ അനുസ്മരണീയ മാണ്. ഹൃദയം പരിശുദ്ധമാക്കി വെച്ചു കൊള്ളുന്നതിന് ആഗ്രഹിക്കുന്ന യാതൊരു ഭക്തി മാർഗിയും മൃഗങ്ങളെപോലെ തോന്നുന്ന ദിക്കിലേക്കെല്ലാം ദൃഷ്ടി പായിക്കാതിരിക്കേണ്ടതു അത്യാവശ്യമാണ്. തന്നെയുമല്ല അയാൾ ഈ നാഗരിക ജീവിതത്തിൽ ദൃഷ്ടികൾ കീഴ്പ്പോട്ട് പതിപ്പിക്കുന്ന ശീലം കൈകൊള്ളേണ്ടതുമാണ്. ഈ ശ്ളാഘ്യ ശീലം സാമൂഹിക വ്യവഹാരിക ബന്ധങ്ങൾ പുലർത്തുന്നതിന് ഒരു വിധത്തിലും പ്രതിബന്ധമാകുകയില്ല. മറിച്ച് അതു മൂലം അയാളുടെ ഒരു സഹജ സ്വഭാവം ഉൽകൃഷ്ട ധാർമിക ഗുണമായി പരിണമിക്കുകയാണ് ചെയ്യുക.

(ഇസ്‌ലാംമത തത്വ ജ്ഞാനം)

---

▶ പേജ് 21 ൽ നിന്നും തുടർച്ച

വചനങ്ങളെ പറ്റി പ്രതിപാദ്യം.

**യേശുവിന്റെ ജീവിതത്തിലെ വിപൽ ഘട്ടം**

യേശുവിനും മാതാവിനും ജീവിതത്തിൽ അഭിമുഖീകരിക്കേണ്ടി വന്ന ഭയാനകമായ ഘട്ടം കേവലം ക്രൂശീകരണ സംഭവമാണ്. തൂങ്ങിമരിച്ചവൻ ശാപ ഗ്രസ്തൻ എന്ന പ്രമാണമനുസരിച്ച് യേശുവിനെ ക്രൂശിച്ചു കൊല്ലാൻ ശ്രമിച്ച ജൂദ പരീശന്മാരുടെ നിഗൂഢ പദ്ധതികൾ ദൈവേച്ഛയനുസരിച്ച് പരാജയപ്പെടുകയായിരുന്നു. അഥവാ അദ്ദേഹം ക്രൂശിക്കപ്പെട്ടുവെങ്കിലും കുരിശു മരണത്തിൽ നിന്ന് ദൈവം അദ്ദേഹത്തെ രക്ഷപ്പെടുത്തി. ഇതു സംബന്ധമായി വിശുദ്ധ ഖുർആൻ പറയുന്നു: 'വാസ്തവത്തിൽ അദ്ദേഹത്തെ അവർ വധിച്ചിട്ടില്ല. ക്രൂശിച്ചു കൊന്നിട്ടുമില്ല. നേരേ മറിച്ച് അദ്ദേഹം അവർക്ക് (ക്രൂശിക്കപ്പെവട്ടവനെ പോലെ) സദൃശീകരിക്കപ്പെടുകയാണുണ്ടായത്.' (4: 158) ശപിക്കപ്പെട്ട കുരിശു മരണത്തിൽ നിന്നും രക്ഷപ്പെടുന്നതിന് യേശു മനമുരുകി പ്രാർഥിച്ചതായും ദൈവം അത് സ്വീകരിച്ചതായും ബൈബിൾ സാക്ഷ്യപ്പെടുത്തുന്നുമുണ്ട്. കുരിശു സംഭവാനന്തരം അതീവ രഹസ്യ നിലയിലായിരുന്നു അദ്ദേഹം തുടർ നടപടികളെയെല്ലാം ആസൂത്രണം ചെയ്തിരുന്നത്. കാരണം പിന്നീടവിടെ പ്രത്യക്ഷപ്പെടുകയാണെങ്കിൽ വീണ്ടും അറസ്റ്റ് ചെയ്യപ്പെടുകയും അദ്ദേഹത്തിന്റെ ജീവൻ അപായപ്പെടുത്തുകയും ചെയ്യുന്നതിനുള്ള എല്ലാ സാധ്യതകളുമുണ്ടായിരുന്നിട്ടും ഇത്തരത്തിലുള്ള ഭീതിദത്തമായ ഒരവസ്ഥ അദ്ദേഹത്തിന്റെ ജീവിതത്തിലുണ്ടായിരിക്കെ അതിൽ നിന്നും രക്ഷപ്പെടുത്തുമ്പോഴാണ് അവർക്ക് അഭയം നൽകി എന്ന പരാമർശം സാർഥകമായിത്തീരുന്നത്. മാത്രമല്ല തന്റെ പ്രവചനം പൂർത്തിയാകുന്നതിനും നിയോഗോദ്ദേശ്യം സഫലമാവുന്നതിനും യേശുവിനും അവിടെ നിന്ന് പലായനം ചെയ്യേണ്ടതും ദൈവിക സഹായം ലഭിക്കേണ്ടതും അനിവാര്യമായിരുന്നു. ശത്രുക്കളുടെ ഗൂഢതന്ത്രങ്ങളിൽ നിന്നെല്ലാം ദൈവം അദ്ദേഹത്തെ അദ്ഭുതകരമായി രക്ഷപ്പെടുത്തുകയായിരുന്നു. ചുരുക്കത്തിൽ പരാമർശ വിധേയമായ ഖുർആൻ വചനത്തിൽ ജീവിതയാപനത്തിന് സൗകര്യമുള്ള സ്ഥലം എന്ന കാര്യം വെളിപ്പെടുത്തുന്നതിന് ഒഴുകുന്ന വെള്ളമുള്ളത്, ജലാശയ സമൃദ്ധം എന്ന അർഥം ലഭിക്കുന്ന 'മഈൻ' എന്ന പ്രയോഗം ജീവിക്കാൻ സുഖപ്രദമായത് എന്നു മനസ്സിലാക്കി തരുന്നതിന് വാസ യോഗ്യമായത് എന്നർഥമുള്ള 'ഖരാറിൻ' എന്ന പദവും, ഉയർന്ന പ്രദേശം എന്നർഥമുള്ള 'റബ്‌വത്ത്' എന്ന പദവും പ്രയുക്തമായതിൽ നിന്നുതന്നെ സമാധാന സമ്പൂർണമായ ജീവിതത്തിനുതകുന്ന ഒരു സ്ഥലത്താണ് ഈസാ നബി (അ)ക്ക് അഭയം നൽകപ്പെട്ടതെന്ന കാര്യം സുവിദമാണ്.

# അഹ്മദിയ്യാപ്രസ്ഥാനത്തിന്റെ ദിവ്യമായ ദൗത്യം

സുകുമാർ അഴീക്കോട്

പ്രഗല്ഭ വാഗ്മിയായ സുകുമാർ അഴീക്കോട് 1989 ഏപ്രിൽ 1, 2 തിയതികളിൽ കണ്ണൂരിൽ വെച്ച് നടന്ന അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് സംസ്ഥാന സമ്മേളനത്തിൽ ചെയ്ത പ്രസംഗത്തിന്റെ പൂർണ രൂപം.



**മുഹമ്മദ് നബി എന്ന പരിശുദ്ധപ്രവാചകൻ അറേബ്യൻ മണലാരണ്യത്തെ മനോഹരമായ ഒരുദ്യാനമാക്കി മാറ്റിയ ആ ഒരു ദൈവികമായ ഋതുവിലാസത്തിന്റെ ആദിമശുദ്ധി ഈ ഇന്ത്യയിലും ലോകത്തിലും ഇന്നും അനുസ്യൂതമായി നിലനിർത്തുന്നത് അഹ്മദിയ്യാപ്രസ്ഥാനത്തിന്റെ സാന്നിദ്ധ്യം കൊണ്ടാണെന്നതിനെപ്പറ്റി ഞങ്ങളെപ്പോലുള്ളവർക്ക് യാതൊരു സംശയവും ഇല്ല.**

കഴിഞ്ഞ പത്തുനാല്പതു കൊല്ലങ്ങളായി ഞാൻ പ്രസംഗിക്കാൻ തുടങ്ങിയെങ്കിലും ഇന്നത്തെ പോലുള്ള ഒരു അപൂർവമായ സൗഭാഗ്യം എന്റെ പ്രസംഗജീവിതത്തിൽ മുമ്പുണ്ടായിട്ടില്ലെന്നു അഭിമാനത്തോടെ ആദ്യത്തെ വാക്യത്തിൽ ത്തന്നെ ഞാനിവിടെ പ്രസ്താവിച്ചു കൊള്ളട്ടെ. അഹ്മദിയ്യാ പ്രസ്ഥാനത്തിന്റെ ശതവാർഷികം ആഘോഷിക്കുന്ന ഈ അഖില കേരള സമ്മേളനത്തിന്റെ സമാപനഘട്ടത്തിൽ ഉദ്ഘാടനം ചെയ്യുകയെന്ന പ്രവൃത്തി രാഷ്ട്രത്തിലെ ഏറ്റവും വലിയ വ്യക്തികൾ നിർവഹിക്കേണ്ട ഒരു കൃത്യമാണ് എന്നു ഞാൻ വിചാരിക്കുന്നു. അതു ഞാൻ ഏറ്റെടുക്കുവാനിടയായതു എന്റെ പ്രത്യേക ഭാഗ്യം കൊണ്ടാണെന്നും അഥവാ, ഒരു രാഷ്ട്രനേതാവ് ക്ഷണിക്കപ്പെടാതെ പോയതു അവരുടെ നിർഭാഗ്യം കൊണ്ടാണെന്നും ഞാൻ വിചാരിക്കുന്നു. ക്ഷണിച്ചു കഴിഞ്ഞതിനുശഷം ഈ കർത്തവ്യം ഇവിടെ ഇരിക്കുന്ന അതിശാന്തവും അത്യുജ്ജ്വലവും വിശാലവുമായ സദസ്സിൽ നിർവഹിക്കുന്നതിനു ജാതകത്തിലെ ഭാഗ്യം മാത്രം

മതിയാകുമോ എന്നു ഞാൻ സംശയിക്കുന്നു. ആദ്യത്തെ വാചകം ഞാൻ സന്തോഷത്തോടെയാണ് പറഞ്ഞതെങ്കിലും ഇപ്പോഴത്തെ വാക്യം സംഭ്രമത്തോടുകൂടി പറയുവാനുള്ള കാരണം അതാണെന്നും വ്യക്തമാക്കിക്കൊള്ളട്ടെ.

### സൗഹാർദ്ദത്തിന്റെ പ്രതീകം

നിങ്ങൾ എന്നെ ക്ഷണിച്ചതു ഒരു സൗഹാർദത്തിന്റെ പ്രതീകം എന്ന നിലയ് ക്കാണ് എന്നു എനിയ്ക്കു അറിയാം. സൗഹാർദം കടന്നുവരുമ്പോൾ അതിനു അധികാരവും അവകാശവും യോഗ്യതയും ഒന്നും പ്രശ്നമല്ല. ആ സൗഹാർദം അഹ്മദിയ്യാപ്രസ്ഥാനത്തിലെ വ്യക്തികളുമായി എനിക്കു വളരെ മുമ്പു തന്നെ വളർത്തിയെടുക്കാൻ സാധിച്ചിട്ടുമുണ്ട്. ആ വളർത്തിയെടുത്ത സൗഭാഗ്യത്തിന്റെ പൂർണമായ പരിണതിയാണ് ഇന്നു കിട്ടിയ ഈ ഉന്നതമായ സ്ഥാനാരോഹണം എന്നു ഞാൻ കരുതുന്നു. എന്റെ പരിചയക്കാരും വിദ്യാർഥികളും സുഹൃത്തുക്കളുമായി വടക്കേ മലബാറിലെ അഹ്മദിയ്യാവിഭാഗത്തിൽപെടുന്ന അനേകം വ്യക്തികളുണ്ട്. എനിയ്ക്ക് ഏറ്റവും വലിയ സന്തോഷജനകമായ സ്മരണകൾ ഉണ്ടാക്കുന്ന വ്യക്തികളാണ് അവർ. അതുകൊണ്ടു ഇവിടെ എത്തിച്ചേർന്നതിൽ ഞാൻ അദ്ഭുതപ്പെടുന്നൊന്നുമില്ല. അവരുടെ പെരുമാറ്റം എന്നെ ഈ വിഭാഗത്തിന്റെ ഹൃദയശുദ്ധിയിലേയ്ക്കനയിച്ചതു അവരുമായുള്ള സൗഹാർദപൂർണമായ അടുപ്പമാണ്.

മതം എന്നൊക്കെ പറയുമ്പോൾ നാം സാധാരണയായി അതിനെപറ്റിയുള്ള ധാരണകൾ പുലർത്തുന്നതു ആടോപപൂർണ്ണമായ ആചാരങ്ങളും ശക്തിപ്രകടനകളും എല്ലാം മാനദണ്ഡമാക്കിക്കൊണ്ടാണ്. അതു നാം എന്തോ വഴിപിഴച്ചതിന്റെ ഫലമാണ്. ഞാൻ എപ്പോഴും പറയാറുള്ളതുപോലെ ഇതു നമ്മുടെ രാജ്യത്തിന്റെ ഒരു ശാപമായിത്തീർന്നിരിക്കുന്നു. ഈ രാജ്യത്തിലെ രാഷ്ട്രീയ പ്രവർത്തനത്തിന്റെ ഭാഷ ഇവിടത്തെ സാംസ്കാരികപ്രവർത്തനങ്ങൾ കടമെടുക്കാൻ തുടങ്ങിയതോടു കൂടിയാണ് സ്വാതന്ത്ര്യാനന്തരഘട്ടത്തിൽ ഇന്ത്യയുടെ ധാർമികമായ അവിവേകം ആരംഭിച്ചതെന്ന് എനിയ്ക്ക് തോന്നുന്നു. രാഷ്ട്രീയ പ്രവർത്തനത്തിനു സവിശേഷമായ ഒരു ഭാഷയും ശൈലിയും ഒക്കെയുണ്ട്. അവർ ഇന്നലെ വന്നു രാവിലെ അസ്തമിക്കാൻ പോകുന്ന ഒരു താല്കാലികശക്തിയെന്ന നിലയ്ക്ക് മാത്രമാണ് പ്രവർത്തിക്കുന്നത്. അതു കൊണ്ട് അവരുടെ കയ്യിൽ കിട്ടുന്ന കാലം വളരെ പരിമിതമായ കാലയളവിൽ നിന്നുകൊണ്ട് അവർക്ക് ആകർഷിച്ച അവരെ ശൃംഖലാബന്ധരാക്കിനിർത്താനുള്ള ഒരു അടിയന്തരസ്വഭാവം അവരുടെ പ്രവർത്തനത്തിനുണ്ട്. അതുകൊണ്ട് അവർക്ക് ചെറിയൊരു വാഹനത്തിൽ കയറിയാൽ ഒക്കുകയില്ല. ആനകൾ വലിച്ചു കൊണ്ടു പോകുന്ന സ്വർണ രഥം അവർക്കാവശ്യമാണ്. കാട്ടിൽ നിന്നു ആനകളെ കൊണ്ടുവന്നു ഭൂമിക്കടിയിലൂള്ള സ്വർണം കുഴിച്ചെടുത്തു രഥമുണ്ടാക്കി ആനകളെക്കൊണ്ടു വലിപ്പിക്കും. എന്നിട്ടു കണ്ണഞ്ചിപ്പിക്കുന്ന പ്രകടനം ആക്കുകയും ചെയ്യും.

### വിനീതമായ പ്രസ്ഥാനം

നേരത്തെ സ്വാഗതപ്രസംഗത്തിൽ അദ്ദേഹം ആവിഷ്കരിച്ച ആശയങ്ങളുടെ കൂട്ടത്തിൽ എന്നെ ഏറ്റവും ആകർഷിച്ചത് അദ്ദേഹം ഉപയോഗിച്ച ഒരു വിശേഷണപദമാണ്. അദ്ദേഹം പറയുകയുണ്ടായി, ഇത് വിനീതമായ അഹ്മദിയ്യാപ്രസ്ഥാനമാണെന്ന്. വിനീതമായ എന്ന വിശേഷണം ഈ കാലഘട്ടത്തിൽ നാം റോഡുകളുടെ ഇരുവശങ്ങളിലുമുള്ള കാനകളിലേക്ക് വലിച്ചെറിഞ്ഞിരിക്കുകയാണ്. വിനീതമായ ഒരു വ്യക്തിയെ നമുക്ക് ഇന്നാവശ്യമില്ല. വിനീതമായ ഒരു പ്രസ്ഥാനവുമില്ല. എല്ലാം ഉദ്ധതവും അഹങ്കാരപൂർണമായ വ്യക്തിത്വത്തോടും അതുപോലുള്ള പ്രസ്ഥാനങ്ങളുമായി പ്രവർത്തിക്കുകയാണ്. ഈ വിനീതത്വം എന്റെ സുഹൃത്തുക്കളിൽ നിന്നു എനിക്കു മനസ്സിലാക്കാൻ സാധിച്ചു. അങ്ങനെയാണ് ഞാൻ ഈ ആദ്ധ്യാത്മികപ്രസ്ഥാനത്തിന്റെ ശാലീനതയിലേക്ക് ആകർഷിക്കപ്പെടുന്നത്. ഇതിന്റെ സാഹിത്യങ്ങളെക്കുറിച്ചും ഇതിന്റെ സ്ഥാപകനായ മഹാപുരുഷനെക്കുറിച്ചും ഈ പ്രസ്ഥാനം അനുഭവിക്കുന്നയാതനയുടെ ദുസ്സഹമായ ചരിത്രത്തിന്റെ പീഡനങ്ങളുടെ അദ്ധ്യായങ്ങളെപ്പറ്റിയും ഒക്കെ ഞാൻ മനസ്സിലാക്കിയത് പിന്നീടു വളരെ കഴിഞ്ഞാണ്. പക്ഷേ അവരുടെ സൗഹാർദത്തിൽ നിന്നു എനിയ്ക്ക് സ്വർണം അധികമൊന്നും കാണേണ്ട! അതു മണ്ണിന്റെ ഉള്ളിൽ ഒളിഞ്ഞു കിടന്നു അതു നോക്കുന്നവന്റെ കണ്ണിന് ഒരു മിന്നൽപിണർ ഉണ്ടാക്കിക്കൊണ്ട്, എന്നെ കാണാതെ വങ്കാ നീ പോവുകയാണോ' എന്ന ചോദ്യം ചോദിക്കും. മനുഷ്യസ്വഭാവത്തിന്റെയും ആത്മാവിന്റെയും കനകരേതസ്സ് കാണിച്ചുകൊണ്ട് കേരളത്തിലെയും ഇന്ത്യയിലേയും സമൂഹജീവിതങ്ങളുടെ ഈ മണൽത്തട്ടിൽ ഒളിഞ്ഞുകിടക്കുന്ന ഒരു ലഘുസമൂഹം എന്ന നിലയ്ക്ക് ഇവരുടെ പ്രവർത്തനത്തിന്റെ കണ്ണഞ്ചിപ്പിക്കുന്ന മിന്നലാട്ടം എന്നെപോലുള്ളവരുടെ മനസ്സിലേക്കു കടന്നുവരുന്നത് ഒരിക്കലും മറക്കാൻ കഴിയാത്ത ഒരു സംഭവമാണ്.

ഇതു പ്രവാചകരുടെ ആദ്യസ്വരൂപമാണ്. ഈ വിനീതത്വം, ഈ ലാളിത്യം ഈ ആഘോഷമില്ലാത്ത ഉദ്ധതമല്ലാത്ത പെരുമാറ്റം ഇതൊക്കെ പ്രവാചകന്റെ സ്വഭാവമാണ്. അല്പം മുമ്പ് ഞാൻ മറ്റൊരു ഇസ്ലാമികസമൂഹത്തിൽ സംസാരിച്ചതുപോലെ പ്രവാചകപദത്തിലെ 'പ്ര' എന്ന അക്ഷരം പോയാൽ ഇന്നത്തെ കാലഘട്ടത്തിലേയ്ക്ക് നാം പെട്ടെന്നു വന്നുവീഴുകയാണ്. പ്രവാചകൻ അല്ലെങ്കിൽ പിന്നെ വാചകൻ. ഇന്നു രാഷ്ട്രം ഭരിക്കുന്നത് ഭയങ്കരവാചകന്മാരാണ്. അവർക്ക് സത്യം പറയാനാവില്ല. അവർക്ക് പറയാനുള്ളത് അർഥശൂന്യമായ വാചകങ്ങളാണ്. പ്രവാചകൻ ലഘുവാക്യം പറയുകയും മഹത്തായ അർഥം ഉണ്ടാക്കുകയും ചെയ്യുന്നു. ഈ മുറയ്ക്ക് വാചകൻ മഹത്തായ വലിയ വാക്യം പറഞ്ഞു നിസ്സാരമായ അർഥം ഉളവാക്കുകയും ചെയ്യുന്നു. അതുകൊണ്ട് മുഹമ്മദ് നബി എന്ന പരിശുദ്ധപ്രവാചകൻ അറേബ്യൻ മണലാരണ്യത്തെ മനോഹരമായ ഒരുദ്യാനമാക്കി മാറ്റിയ ആ ഒരു ദൈവികമായ ഋതുവിലാസത്തിന്റെ ആദിമശുദ്ധി ഈ ഇന്ത്യയിലും ലോകത്തിലും ഇന്നും അനുസ്യൂതമായി നിലനിർത്തുന്നത് അഹ്മദിയ്യാപ്രസ്ഥാനത്തിന്റെ സാന്നിദ്ധ്യം കൊണ്ടാണെന്നതിനെപ്പറ്റി ഞങ്ങളെപ്പോലുള്ളവർക്ക് യാതൊരു സംശയവും ഇല്ല. ഈ പ്രവാചകസ്മരണയുടെ സനാതനമായ നിലനിൽപ് എന്ന ദൗത്യം അഹ്മദിയ്യാപ്രസ്ഥാനം എന്തെല്ലാം ആത്മീയശാരീരിക പീഡനങ്ങൾ ചരിത്രവീഥിയിലൂടെ അനുഭവിക്കേണ്ടി വന്നാലും ഒരിക്കലും തങ്ങളുടെ ഹൃദയത്തിൽ നിന്ന് താഴെ മാറ്റിവെക്കുകയില്ല എന്നും കൂട്ടത്തിൽ ഞാൻ പ്രത്യാശിച്ചു കൊള്ളട്ടെ!

### രണ്ടു പാലങ്ങൾ

മതം ലോകത്തിൽ ഉണ്ടായിട്ടുള്ളത് രണ്ടു പാലങ്ങൾ ഉണ്ടാക്കുവാൻവേണ്ടിയാണ്. മനുഷ്യരുടെ പാലം പൊളിഞ്ഞു പോകും എന്നുള്ള ഭയങ്കരമായ ഭീതിയിൽപെട്ടു അവർ മോചനമില്ലാതെ വിഷമിക്കുന്ന സമയത്ത് മതമഹാപുരുഷൻമാർ വന്നു പാലമുണ്ടാക്കി

കൊടുക്കുകയാണ്. ആ പാലം ഒന്നു ദൈവീകത്വത്തിലേക്കുള്ള ഒരു പാലമാണ്. അതു മുറിഞ്ഞു തകർന്നു വീഴുകയാണ്. അതുകൊണ്ടു നമുക്ക് കാണുന്നവരെല്ലാം ശത്രുക്കളാണ്. അടുത്തിരിക്കുന്നവൻ ശത്രുവാണ്. ലോകത്തിലെ ഏറ്റവും വലിയ ദൂരം ഏതാണ്? അതു ഇവിടെ നിന്നു മോസ്കോവിലേക്കും ലോസ് ആഞ്ചലസിലേക്കുള്ളതായ ദൂരം ആയദൂരം ഭൗതികമായ ദൂരമാണ്. പക്ഷേ ആത്മാവിന്റെ ഒരു ദൂരം ഉണ്ട്. ആത്മാവിന്റെ അകൽച്ചയുമുണ്ട്. ആത്മാവിന്റെ അകൽച്ച ഈ അടുത്തിരിക്കുന്നവനെ ഏറ്റവും അകലെയാക്കി മാറ്റുന്നു. അതുകൊണ്ടാണ് ക്രിസ്തുഭഗവാൻ ബൈബിളിൽ അടുത്തിരിക്കുന്നവനെ താനായികാണുക എന്നു പറഞ്ഞത്. എന്തുകൊണ്ടാണെന്നു വച്ചാൽ ഏറ്റവും വലിയ അകലത്തെ ഇല്ലാതാക്കുക എന്നാണ്. അതാണ് 'തത്ത്വമസി' എന്ന വാകൃത്തിന്റെ അർഥവും. 'തത്' എന്നാൽ അടുത്തിരിക്കുന്നു. അതുപോലെ 'ത്വം' എന്നുള്ളതും അടുത്തിരിക്കുന്നു. പക്ഷേ അവൻ അകന്നുകഴിഞ്ഞു. അതുകൊണ്ട് ഗുരുനാഥനും അച്ഛനുമായ ആ വന്ദ്യദേശികൾ മകനും ശിഷ്യനുമായവന് ഉപദേശിച്ചുകൊടുക്കുകയാണ്. 'അല്ലയോ മകനേ, നീ ഈ കാണുന്ന വലിയ പ്രപഞ്ചമില്ലേ? വടക്ക് കാണുന്ന ഈ ഹിമാലപർവതം! അതിലൂടെ ഒഴുകി വരുന്ന നദികൾ അതിന്റെ തീരത്തുള്ള മോഹനങ്ങളായ കാടുകൾ ഇതൊക്കെ പഴയ കഥകളാണ് കേട്ടോ! ഇന്നു ഹിമാലയം തന്നെ പൊട്ടിവീഴുന്നു. അതിന്റെ തീരത്ത് ഇതുപോലെ വലിയ കാടുകളില്ല. ഗംഗാനദി ഏറ്റവും അശുദ്ധമായിത്തീർന്നിരിക്കുകയാണ്. നമ്മൾ വർത്തമാനപത്രം വായിച്ചിട്ട് ഒരു ഏകമാനജീവിയായിത്തീർന്നിരിക്കുന്നു. നമുക്ക് നാലു 'ഡൈമൻഷൻ' ഉണ്ടെന്നുശാസ്ത്രം പറയുന്നു. നീളവും വീതിയും ഉയരവും അതിനപ്പുറം കാലം എന്ന അഖണ്ഡമായ മറ്റൊരു മാനവും. നമ്മളാകട്ടെ, ഈ കാലം എന്നതുപോകട്ടെ, നീളവും വീതിയും ഉയരവും എല്ലാം പോയി ഒരു ചെറിയ നീളം മാത്രമുള്ള ഏകമാന ജീവിയായിട്ടു നമ്മൾ ഇന്നു തീർന്നിരിക്കുകയാണ്. അതുകൊണ്ടു ഈ പഴയകഥ ഞാൻ ഇവിടെ അനുസ്മരിപ്പിക്കുന്നത് നമ്മുടെ ജീവിതത്തിന് ഒരു മാനം വർദ്ധിപ്പിക്കുവാൻ വേണ്ടിയാണ്. അങ്ങനെ പറഞ്ഞുകൊടുക്കുകയാണ് 'നീ ഇവയെയെല്ലാം ഒന്നായി കാണുക. എന്നു മതമഹാപുരുഷന്മാർക്ക് ഇതുമാത്രമെ പറയുവാൻ ഉള്ളൂ.

### നബി വരുത്തിയ മതമഹാവിപ്ലവം

മുഹമ്മദ്നബി അറേബ്യയിൽ വരുത്തിയതു ഈ മതമഹാവിപ്ലവമാണ്. അവിടെ ജാതികളും ഉപജാതികളും പ്രാകൃതവും ക്രൂരവുമായ ഒരു ജീവിതം നയിക്കുകയായിരുന്നു അപ്പോൾ. അക്ഷരമറിയാത്ത, ഡിഗ്രിയില്ലാത്ത, പ്രഫസർ അല്ലാത്ത ഒരു പാവപ്പെട്ട മനുഷ്യൻ സാധാരണമനുഷ്യന്റെ ജീവിതം നയിച്ച അദ്ദേഹത്തിന് അസാധാരണമായ ഒരു ദർശനമുണ്ടാകുകയും ആ മണലാരണ്യത്തെ ലോകത്തിലെ മനോഹരമായ ഉദ്യാനങ്ങളിൽ ഒന്നാക്കി മാറ്റുകയും ചെയ്കയുണ്ടായി. മതത്തിന്റെ അദ്ഭുതം ഇതാണ്. നമ്മുടെ ഒരു മഹാകവിപാടിയതുപോലെ.

നിരുവിക്കുകിൽ നീ ചമയ്ക്കു, ഹാ
മരുഭൂ, മോഹന പുഷ്പവാടിയായ്

ഇതു ദൈവത്തിന്റെ കളിയാണ്. ഈ മരുഭൂവിനെ മോഹനപുഷ്പവാടിയാക്കി മാറ്റുന്നു.

ഈ കാലഘട്ടത്തിൽ എന്തു നടക്കുന്നു! ഈ കാലഘട്ടത്തിൽ മോഹനങ്ങളായ പുഷ്പവാടികൾ മരുഭൂമികളായി മാറ്റപ്പെടുന്നു. ലോകത്തിൽ രണ്ട് കർമങ്ങളേ ഉള്ളൂ. മനുഷ്യൻ അസുരനായി മരുഭൂമികളാക്കി മാറ്റുമ്പോൾ ദൈവത്തിന്റെ ദൂതന്മാർ ഇവിടെ പലപ്പോഴും വന്നു ഈ മരുഭൂമികളെ മോഹനങ്ങളായ പുഷ്പവാടികളായി മാറ്റുന്നു.

ഇവിടെയിപ്പോൾ മോഹന പുഷ്പവാടി മരുഭൂമിയാക്കപ്പെടുകയാണ്. അതുകൊണ്ടു മതത്തിനു ഇവിടെ ഏറ്റവും വലിയ ദിവ്യമായ കർത്തവ്യം നിറവേറ്റുവാനുണ്ട്. ആ കർത്തവ്യം നിർവഹിക്കുവാൻ മതത്തിന്റെ 'റോൾ കോൾ' വിളിയ്ക്കുമ്പോൾ, ഇസ്‌ലാമിനെ വിളിയ്ക്കുന്ന സമയത്ത് അതിലേയ്ക്ക് ഏറ്റവും വിശുദ്ധമായ പ്രസ്ഥാനത്തിലെ ഒരു പുരുഷന് പോകത്തക്ക വിധത്തിൽ ഈ കഴിഞ്ഞ നൂറു കൊലത്തിനുള്ളിൽ അഹ്മദിയ്യാപ്രസ്ഥാനം ഈ മഹത്തായ മതത്തിന്റെ എല്ലാ നല്ല വശങ്ങളെയും ഉൾക്കൊണ്ടിരിക്കുന്നു!

നമുക്കിന്നു കഠിനമായ അവിശ്വാസമാണ്. അടുത്തിരിക്കുന്നവനെ നാം അവിശ്വസിക്കുന്നു. അതുകൊണ്ട് നമുക്ക് സന്തോഷത്തോടും വിശ്വാസത്തോടും കൂടി ഇരിക്കുവാൻ സാദ്ധ്യമല്ല. അവിശ്വാസമാണ് നരകം. നരകത്തിനും വേറെ നിർവചനമില്ല. ഒരു ക്രൈസ്തവ പാതിരിയുടെ കഥ ഞാനിപ്പോൾ ഓർക്കുകയാണ്.

### മതങ്ങൾ യോജിക്കണം!

സമൂഹത്തിലെ പ്രവർത്തനം രാഷ്ട്രീയ കക്ഷികൾ രണ്ടു ഭാഗമായി മാറി അവർ തമ്മിലുള്ള ഒരു കളിയാക്കി മാറ്റിയിരിക്കുന്നു. നമ്മളൊക്കെ അതു കാണുന്നവരായിമാറിയിരിക്കുന്നു. ഈ രാഷ്ട്രത്തിന്റെ അധപതനത്തിനു കാരണം അതാണ്. അതുകൊണ്ട് നമ്മൾ ഈ കളിക്കുന്നതിന്റെ അപ്പുറത്ത് നിന്ന് ഒന്ന് കളിക്കേണ്ടിയിരിക്കുന്നു. ഇസ്‌ലാമും ഹൈന്ദവമതവും ക്രൈസ്തവമതവും യോജിച്ചുകൊണ്ട് ഇവിടെ ഭരണപ്രതിപക്ഷങ്ങളുടെ കളി അവസാനിപ്പിക്കേണ്ടിയിരിക്കുന്നു. ഒരു കക്ഷി പോയാൽ മറ്റേ കക്ഷി വരുന്നു. ആളുകൾ മാറുന്നതേയുള്ളൂ. മറ്റു യാതൊരു വ്യത്യാസവുമില്ല. രവീന്ദ്രനാഥ ടാഗോർ ഇന്ത്യയെപ്പറ്റി ദേശീയഗാനം എഴുതി. മുഹമ്മദ് ഇഖ്ബാലും എഴുതി.

സാരേ ജഹാൻ സെ അച്ഛാ
ഹിന്ദുസ്ഥാൻ ഹമാരാ
.....യഹ് ഗുലിസ്താൻ ഹമാരാ!

ഇതുനമ്മുടെ ആരാമമാണ്! ആരാമമാണോ ഇത്. മർക്കടന്റെ കയ്യിൽ കിട്ടിയ പൂമാലപോലെ ആയില്ലേ ഇന്ത്യ? ഇവിടെ ഒരൊറ്റ ചെടിയിൽ പൂക്കളുണ്ടോ? ഈ പൂക്കളെല്ലാം മർക്കടന്മാർ അടിച്ചുതാഴത്ത് വീഴ്ത്തിയില്ലേ? ഇവിടെ ഒഴുകുന്ന നദികൾ മുഴുവൻ ഈ മർക്കടങ്ങൾ ഛർദിച്ചും കാഷ്ടിച്ചും മനുഷ്യനു ഉപയോഗിക്കാൻ കഴിയാതാക്കിയില്ലേ?പരിശുദ്ധമായ ഗംഗ ഇവരുടെ പ്രവർത്തനംകൊണ്ട് ഏറ്റവും അശുദ്ധമായി മറിയില്ലേ? ഹിമാലയം നാണിച്ചു തല താഴ്ത്താൻ തുടങ്ങിയില്ലേ? ഇതെല്ലാം സംഭവിക്കുന്നതു ഇവിടെ മതങ്ങൾ തമ്മിൽ അസഹിഷ്ണുതയോടെ ജീവിക്കുന്നതു കൊണ്ടാണല്ലോ. ആ അസഹിഷ്ണുതയെ നമുക്ക് മാറ്റാം! അഹ്മദിയ്യാപ്രസ്ഥാനം അതിനു പറ്റുന്ന ഏറ്റവും മഹനീയമായ ഒരു ആത്മീയ കർത്തവ്യം അതിനു നേരത്തെതന്നെ പാരമ്പര്യമായി ലഭിച്ചിട്ടുണ്ട്. കൃഷ്ണനായാലും ക്രിസ്തുവായാലും ബുദ്ധനായാലും ആരായാലും അവരെല്ലാം പ്രവാചകന്മാരുടെ പുനരവതാരം എന്നൊരു സങ്കല്പം അവർ ഖുർആനു തന്നെ വിശുദ്ധമായ ഒരു വ്യാഖ്യാനം കൊടുത്തുകൊണ്ട് അവതരിപ്പിച്ചിട്ടുണ്ട്.

ഖുർആൻ ഏറ്റവും ലളിതമായ സത്യത്തിന്റെ ഇരിപ്പിടമാണ്. നമ്മുടെ ഉപനിഷത്തുകൾ പോലെ. ബൈബിൾ പോലെ, ഏറ്റവും ലളിതമായ സത്യമായി പ്രവാചകൻ ഏതൊരു വിശുദ്ധിയോടു കൂടി തന്നുവോ ആ വിശുദ്ധി നില

നിർത്തേണ്ട കടമ നമുക്കുണ്ട്. പ്രവാചകനുവേണ്ടി സംസാരിക്കുന്നവർ പ്രവാചകന്റെ ശബ്ദത്തിലും അർത്ഥത്തിലും സംസാരിക്കണമെന്നില്ല. ഞാൻ സത്യത്തിൽ വിശേഷിച്ച് ഒരു മതത്തിലും പെട്ടവനല്ല. ആദിയിൽ പരിശുദ്ധമായ വചനങ്ങളെ സ്വീകരിക്കുക എന്നതുമാത്രമെ ഞാൻ എന്റെ ജീവിതത്തിൽ ഒരു തത്ത്വമായി അംഗീകരിച്ചിട്ടുള്ളു. ഇസ്‌ലാമിനെ സംബന്ധിച്ചിടത്തോളം എന്നെ ഏറ്റവും ആകർഷിക്കുന്നതു അരൂപനായ ദൈവത്തെ രൂപങ്ങളിലൂടെ കാണാതിരിക്കുവാനുള്ള അവരുടെ ഏക വിശ്വാസത്തിന്റെ നിഷ്ഠ ആകുന്നു. അതു എന്നെ ചെറുപ്പത്തിലെ ആകർഷിച്ചതാണ്. അരൂപനായ ദൈവത്തെ നാം സമീപിക്കേണ്ടത് രൂപമുള്ള മനുഷ്യരെ നന്നാക്കിക്കൊണ്ടായിരിക്കണം. അല്ലാതെ ദൈവത്തിന്റെ രൂപം നിർമിച്ചു കൊണ്ടാവരുത്.

**വെളിച്ചത്തിലേയ്ക്ക്**

ഈ സംഗതിയിലാണ് ഉപനിഷത്തിന്റെ ആശയങ്ങളുമായി ഇസ്‌ലാം വളരെ അടുത്തു നിൽക്കുന്നത്. ഖുർആൻ വായിച്ചു പോകുമ്പോൾ പ്രവാചകന്മാർ എല്ലാവരും ഏകഭാഷ സംസാരിക്കുന്നുണ്ടെന്നു നമുക്ക് കാണുവാൻ സാധിക്കും. ഇരുട്ടിൽ നിന്നും വെളിച്ചത്തിലേയ്ക്ക് പോകുക എന്ന ഒരു പ്രാർഥന ഉപനിഷത്തിൽ കാണാം. ഖുർആനിൽ കാണാം. ബൈബിളിൽ കാണാം. ബുദ്ധന്റെ ഉപദേശങ്ങളിൽ കാണാം. ഇരുട്ടിൽ നിന്നു വെളിച്ചത്തിലേയ്ക്ക് പോകുക!

അസതോ മാ സദ്ഗമയ:
തമസോ മാ ജോതിർഗമയ:

അതുകൊണ്ട് മതങ്ങൾ തമ്മിൽ കലഹം എന്നുള്ളതു പാടില്ലാത്തതാണ്. ഖുർആൻ അതു വ്യക്തമായി പറഞ്ഞിട്ടുണ്ട്. ഖുർആനിൽ പറയുന്നു പല ദേശങ്ങളുണ്ട്, പല സമുദായങ്ങളുണ്ട്. ഈ പല ദേശങ്ങൾക്കും പല സമുദായങ്ങൾക്കും പല പ്രവാചകന്മാരുമുണ്ട്. ഈ പ്രവാചകൻമാരിൽ ചിലരുടെ പേരുകൾ മാത്രമെ ഞാൻ പറഞ്ഞിട്ടുള്ളൂ. പേരു പറയാത്ത പ്രവാചകന്മാരും പേരു പറയാത്ത സമുദായങ്ങളും വേറെ എത്രയോ ഉണ്ട്. എന്താണിതിന്റെ അർഥം? പ്രവാചകനായ മുഹമ്മദിനറിയാം തന്നെപ്പോലെ ദൈവത്തിന്റെ ഭാഷ സംസാരിക്കുന്നവർ പല കാലങ്ങളിലും പല ദേശങ്ങളിലും ഉണ്ടായിരുന്നു. ഈ പാരമ്പര്യത്തെയാണ് അഹ്മദിയ്യാപ്രസ്ഥാനം നമ്മുടെ ലോകത്തിലേയ്ക്കു അവതരിപ്പിക്കുന്നത്. അതുകൊണ്ടു ആധുനിക ഭാരതത്തിൽ ഏതെങ്കിലും പ്രസ്ഥാനത്തിനു ഇന്നത്തെ കലുഷവും കഷ്ടപ്പെടുത്തുന്നതുമായ ഈ സ്ഥിതിവിശേഷത്തെ മാറ്റുവാനുള്ള ദിവ്യമായ ഒരു ദൗത്യം ഏറ്റെടുത്തു നടത്താമെങ്കിൽ അതു അഹ്മദിയ്യാ പ്രസ്ഥാനത്തിനാണെന്നതിനെപ്പറ്റി യാതൊരു സംശയവും ഇല്ല.

ഇന്നിപ്പോൾ ഇസ്‌ലാം വിശ്വസിക്കുന്ന രാഷ്ട്രങ്ങൾതന്നെ യുദ്ധംചെയ്യുകയാണ്. ഈ യുദ്ധം ചെയ്യുന്ന രാഷ്ട്രത്തിന്റെ നേതാക്കൾ ഇസ്‌ലാമിന്റെ പേരിൽ സംസാരിക്കുകയും ആജ്ഞാപിക്കുകയും ചെയ്യുന്നു. ഇതിനെപ്പറ്റി നാമൊന്നു ആലോചിക്കേണ്ടതാണ്. വിശ്വാസികൾ തമ്മിൽ യുദ്ധം ചെയ്യുവാൻ ഖുർആനിൽ എവിടെയാണ് അനുശാസിച്ചിട്ടുള്ളത്? ഖുർആനിൽ ഒരേ വിശ്വാസമുള്ള സഹോദരൻമാർ തമ്മിലുള്ള യുദ്ധത്തെ ഏതു വാക്യം കൊണ്ടാണ് അനുവദിച്ചിട്ടുള്ളത്! ഈ വാക്യം കൊണ്ട് അനുവദിച്ചിട്ടില്ലെങ്കിൽ ഇറാനും ഇറാഖും തമ്മിലുള്ള യുദ്ധത്തിന് ഇസ്‌ലാമിന്റെ ധാർമികമായ അടിസ്ഥാനം എവിടെ കിടക്കുന്നു? ഇത്തരത്തിലുള്ള അടിസ്ഥാനം അതിനില്ലെങ്കിൽ ഇറാന്റെ ഒരു നേതാവായ ഖുമൈനി, ഒരു പുസ്തകമെഴുതിയതിന്റെ പേരിൽ ഒരു പാവത്തിന്റെ നേരെ വാളെടുക്കുവാൻ അദ്ദേഹത്തിന് ഇസ്‌ലാമിന്റെ നേതൃത്വം എവിടെ നിന്നു കിട്ടുന്നു എന്നു ഇവിടെ ഞാൻ ഒരു വിനീതനായ അന്വേഷകൻ എന്ന നിലയ്ക്ക് നിങ്ങളോടു ചോദിക്കുകയാണ്. അദ്ദേഹത്തിനും എവിടെ നിന്നു അധികാരം കിട്ടുന്നു? ഇസ്‌ലാമിനെ ഖുർആനിലൂടെ മനസ്സിലാക്കിയാൽ അവിശ്വാസികളോടു പോലും സ്നേഹത്തോടും കരുണയോടും സമീപിക്കണം എന്നതിൽ കവിഞ്ഞു പരിശുദ്ധനായ നബിയ്ക്ക് അതിൽ കവിഞ്ഞു ഒരുപദേശമില്ല. അദ്ദേഹം പറയുന്നത് ദൈവത്തിന്റെ പരിശുദ്ധമായ വിശ്വാസങ്ങളിൽ പറയുന്നത്. ഇതാ ദൈവത്തിന്റെ പ്രവാചകൻ വരുന്നു. അവർ പരിഹസിക്കപ്പെടുന്നു. നിന്ദിക്കപ്പെടുകയും ചെയ്യുന്നു പരിഹസിക്കുന്നവരേയും നിന്ദിക്കുന്നവരേയും നിങ്ങൾ വെറുതെ വിടുക! പരിശുദ്ധ നബിയുടെ ഏറ്റവും മഹത്തായ ഉപദേശം ഇതാണ്. അതിൽ കവിഞ്ഞ് അവരുടെ മേൽ വാളോങ്ങാൻ പരിശുദ്ധനായ പ്രവാചകൻ എവിടെയും പറഞ്ഞിട്ടില്ല. 'You leave them alone' യൂസഫ് അലിയുടെയും പിക്താളിന്റെയും തർജമകൾ നിങ്ങൾ വായിച്ചുനോക്കുക. അറബി എനിക്കറിഞ്ഞുകൂടാ. ഇവരോടു നിങ്ങൾ കരുണയോടെ പെരുമാറുക. പ്രവാചകൻ സംസാരിക്കുന്നത് ഏതെങ്കിലും രാഷ്ട്രീയ നേതാവിന്റെ പേരിലല്ല. ഒരു രാഷ്ട്രത്തിന്റെ പ്രസിഡന്റോ പ്രധാനമന്ത്രിയോ ആയിട്ടല്ല. പ്രവാചകൻ സംസാരിക്കുന്നത് പരമകാരുണികനായ അല്ലാഹുവിന്റെ നാമത്തിലാണ്. പണ്ഡിതന്മാർ മറുപടി പറയട്ടെ! ഖുർആനിൽ ഏറ്റവും മുഴങ്ങുന്ന പദം എന്ത്? പരമകാരുണികനായ ദൈവത്തിന്റെ പേരാണ് അത്. മറ്റൊരു പദം മുഴങ്ങുന്നില്ല. ആ മുഴക്കത്തിന്റെ പ്രതിധ്വനി കൽപിക്കാൻ മറ്റൊരു പദത്തിനും അർഹതയില്ല. പരമകാരുണികൻ എന്നു പറഞ്ഞാൽ എനിക്കും നിങ്ങൾക്കും ഉള്ള കരുണയല്ല. പരമമായ കാരുണ്യം ആ കാരുണ്യത്തിന്റെ ദിവ്യമായ ധാരയാണ്. ഈ അനുഭൂതിയാണ് പ്രവാചകൻ കൊണ്ടുവരുന്നത്. മഹാകവി വള്ളത്തോളിന്റെ കഥയില്ലേ. ഭയങ്കരനായ ഖുറൈഷി ശത്രു നബിയുടെ നേരെ ചാടിക്കയറുകയാണ്. നിന്നെ ആർ രക്ഷിക്കും? ദൈവം രക്ഷിക്കും സംശയമൊന്നുമില്ല. ആ ഉത്തരം അവൻ പ്രതീക്ഷിച്ചതല്ല. കയ്യിൽ നിന്നു വാൾ നിലത്തു വീണു. പരമ കാരുണികനും കപടകാരുണികനും! പരമകാരുണികൻ വാളെടുത്തു ചോദിച്ചു. നിനയ്ക്കാരുണ്ട് സഹായി? ആരുമില്ല! നമ്മുടെ രാഷ്ട്രീയക്കാർ തെരഞ്ഞെടുപ്പിൽ തോറ്റപോലെ തോറ്റവന് ആരും സഹായിയില്ല! ജയിച്ചാൽ അവൻ ഇരിക്കുന്നത് സ്വർണത്തിന്റെ കസേരയിലാണ്. ഇവിടെ ജയിച്ചുനിൽക്കുന്ന പ്രവാചകൻ ഇരിക്കുന്നത് പാറപ്പുറത്തും! അദ്ദേഹം കൊല്ലുന്നില്ല.

**ഇസ്‌ലാമിനെ തെറ്റിദ്ധരിക്കുന്നു**

അപ്പോൾ ഇസ്‌ലാമിനെ തെറ്റിദ്ധരിക്കുന്നു. Eastern Religion and Western Thought എന്ന ഗ്രന്ഥത്തിൽ ഡോ. രാധാകൃഷ്ണൻ ഇസ് ലാമിനെപറ്റി 'മിലിറ്റന്റ്'" (യുദ്ധബദ്ധം - സ. പ.) എന്ന വാക്ക് ഉപയോഗിച്ചിട്ടുണ്ട്. ഇതു ചരിത്രഗതിയിൽ സംഭവിച്ചതാണ്. ഖുമൈനിയുടെ ഇറാനും ഇറാക്കും പരസ്പരം യുദ്ധം ചെയ്തു. ലോകത്തിൽ ഇത്രയും ഭീകരമായ രക്തം ചൊരിഞ്ഞ യുദ്ധം ഉണ്ടായിട്ടില്ല. ഇവിടെ ഒഴുകുന്ന രക്തം ആരുടെ രക്തമാണ്? ഇവിടെ ഭരണാധികാരികൾക്ക് ദൈവമോ പ്രവാചകനോ ആരാണ് ഈ അധികാരം കൊടുത്തത്. എനിക്ക് മനസ്സിലാകുന്നില്ല. ഇവിടെ ദൈവത്തിന്റെ വചനം മാറ്റപ്പെട്ടിരിക്കുന്നു. തെറ്റിദ്ധാരണ പരത്തിയതു ഞാനൊന്നു തിരുത്താൻ ആഗ്രഹിക്കു

ന്നു.

മരുഭൂമിയിൽ വേരോടുകയും ചെടികൾ ഫലമില്ലാതെ പൂവില്ലാതെ മരിച്ചു പോകയും ചെയ്യുന്ന മരുഭൂമിയിൽ ഈ പുഷ്പ സമൃദ്ധമായ ഒരു മഹാവൃക്ഷം ഉണ്ടാക്കാൻ കഴിഞ്ഞ ഇസ്ലാമിനു ഈ ലോകത്തിൽ ആരെ ഭയപ്പെടണം? 'ദൈവം ഞങ്ങൾക്ക് കൂടെയുണ്ട്' എന്നു പറഞ്ഞ പ്രവാചകന്റെ അനുയായികൾക്ക് ആരെ ഭയപ്പെടണം എന്നു ഞാൻ ചോദിക്കുന്നു. എന്റെ ശബ്ദം ഇറാനിലെത്തുന്നുണ്ട് എന്നു ഞാൻ വിചാരിക്കുന്നു. എന്റെ തെറ്റിദ്ധാരണയാവാം. ഇതു ഇറാനിൽ പ്രതിധ്വനിക്കട്ടെ എന്നു ഞാൻ വിചാരിക്കുന്നു. ഒരു റുഷ്ദി എന്ന ചെറുപ്പക്കാരൻ ഒരു പുസ്തകം എഴുതിയാൽ ഇസ്ലാമിന്റെ ഒരു രോമത്തിനുപോലും ആപത്തു വരുമോ എന്നു എനിയ്ക്ക് അറിഞ്ഞു കൂടാ...

മുഹമ്മദ് നബി ഇവിടെ പ്രവാചകനായി മരുഭൂമിയിൽ പ്രവർത്തിച്ച കാലത്ത് 'മുഹമ്മദ് നബിയുടെ വാക്കുകൾക്ക് നേരെ സൈന്യത്തെ അയക്കുക. മുഹമ്മദ് നബിയെ വധിക്കുക' എന്നിങ്ങനെയുള്ള വാക്കുകൾ അറേബ്യൻ മണലാരണ്യത്തിൽ മുഴങ്ങിയിരിക്കുന്നു. പക്ഷെ, മുഹമ്മദ് നബി വധിക്കപ്പെട്ടില്ല. അദ്ദേഹം ജീവിതത്തെ നിലനിർത്തുവാൻ ഇസ്ലാമിന്റെ ശാന്തിയുടെ അനുയായികൾക്ക് ഇവിടെ അവകാശമുണ്ട് എന്നു ഞാൻ വിചാരിക്കുന്നു. ഈ രാജ്യത്തിലെ ഒരു പുഴുവിനെ കൊല്ലുവാൻ ഇസ്ലാമിന്റെ അനുയായികളോടു മുഴുവൻ വാളേന്തി പുറപ്പെടുവാൻ പറയുന്നവർക്ക് ഇസ്ലാമിൽ സ്ഥാന മുണ്ട് എന്നു ഞാൻ വിചാരിക്കുന്നില്ല. എന്റെ വിനീതമായ ധാരണയതാണ്. ഞാൻ നിങ്ങളോടു സുഹൃദ്ഭാവത്തിൽ സംസാരിക്കുവാൻ വന്നതാണ്. അതുകൊണ്ട് ഇസ്ലാമിനു ഒരൊറ്റ കടമയേ ഉള്ളു. ഇസ്ലാമിനെ എന്താണ് കടമ എന്നുവച്ചാൽ ലോകത്തിലെ എല്ലാ മതങ്ങൾ ക്കും ഉള്ള കടമയാണ്. മതം സ്ഥാപിക്കുന്ന കാലത്ത് ഇതിന്റെ വിശ്വാസത്തെ നിലനിർത്തുക. സ്ഥാപിച്ചു കഴിഞ്ഞാൽ ഈ മതത്തിൽപെട്ടവർതന്നെയാണ് മതത്തിന്റെ ശത്രുക്കൾ. സംശയമില്ല. ഇസ്ലാമിൽ വിശ്വാസമില്ലാത്തവർ, ഇസ്ലാമിന്റെ തത്ത്വങ്ങൾക്ക് വിപരീതമായി പ്രവർത്തി ക്കുന്നവർ ഇസ്ലാമിൽ ഉണ്ടെങ്കിൽ അവരാണ് ഇസ്ലാമിന്റെ ശത്രുക്കൾ, ഹിന്ദുക്കൾ അല്ല. കൃസ്ത്യാനികൾ അല്ല. അതുപോലെ ക്രിസ്തുമതത്തിന്റെ ശത്രുക്കൾ ആഡംബരത്തോടെ ജീവിക്കുന്ന വൈദികരും പള്ളി പണിയിക്കാൻ പണം കൊടുക്കുന്നവരും ഇല്ലേ. അവർ തന്നെയാണ് ക്രിസ്തുമതത്തിന്റെ ശത്രുക്കൾ എന്നു ഞാൻ വിചാരിക്കുന്നു. ശത്രുക്കളെ നോക്കുവാനായി എതിർ കൂടാരത്തിൽ അന്വേഷിച്ചു പോകേണ്ട! നമ്മുടെ കൂട്ടത്തിലാണ് ശത്രുക്കളുള്ളത്. അതുകൊണ്ട് ഇസ്ലാമിന്റെ കടമ ഈ പരിശുദ്ധ വിശ്വാസത്തെ ഇസ്ലാമിന്റെ പൂങ്കാവനത്തിൽ നിലനിർത്തുക എന്നതാണ്!.....

## സഹിഷ്ണുത അടിസ്ഥാനസദാചാരം

പരിശുദ്ധ നബി മറ്റുമതങ്ങളെ നിന്ദിക്കരുതെന്നു ഉപദേശിച്ചു. മറ്റുള്ളവരെ നിന്ദിക്കരുത്! നിങ്ങൾ മറ്റുള്ളവരോട് എങ്ങനെ പെരുമാറാൻ ആഗ്രഹിക്കുന്നുവോ അതുപോലെ മറ്റുള്ളവരോടും പെരുമാറണം. അതാണ് അടിസ്ഥാന സദാചാരം. അതു ബൈബിളിലും കാണാം. ഖുർആനിലും കാണാം. Do unto others as you would be done by others. മറ്റുള്ളവർ നിങ്ങളോടു എങ്ങനെ പെരുമാറണമെന്നു നിങ്ങൾ ആഗ്രഹിക്കുന്നുവോ അതുപോലെ നിങ്ങൾ മറ്റുള്ളവരോടും പെരുമാറണം.... മറ്റൊരുത്തന്റെ സ്വാതന്ത്ര്യത്തെ നിഷേധിക്കുമ്പോൾ നിങ്ങളുടെ സ്വാതന്ത്ര്യത്തെ മറ്റുള്ളവർക്ക് നിഷേധിക്കാൻ അവസരം കൊടുക്കലാണെന്നു എബ്രഹാംലിങ്കൺ പറഞ്ഞു. ഇതാണ് എന്റെ ഹൃദയത്തിൽ ഇപ്പോഴും മുഴങ്ങിക്കൊണ്ടിരിക്കുന്നത്. അത് ദൈവത്തിന്റെ വചനമാണ്. അതാണ് പാവങ്ങളുടെ നേതാവ് അമേരിക്കക്കാർക്ക് കൊടുത്ത ഉപദേശം. അദ്ദേഹം എന്തു പറഞ്ഞു? ഞാൻ അടിമത്തത്തെ എതിർക്കുന്നു. സ്വാതന്ത്ര്യത്തെ ആഗ്രഹിക്കുന്നു. എന്തെന്നാൽ ഞാൻ മറ്റൊരുത്തന്റെ അടിമയാകാൻ ആഗ്രഹിക്കുന്നില്ല. എന്റെ സ്വാതന്ത്ര്യം മറ്റൊരാൾ നിഷേധിക്കുന്നതു എനിക്കിഷ്ടമല്ലാത്തതുകൊണ്ടു ഞാൻ ഈ ലോകത്തിന്റെ സ്വാതന്ത്ര്യത്തിന്റെ വക്താവായിത്തീർന്നിരിക്കുന്നു. ഇതാണ് അടിസ്ഥാന സദാചാരം. ലോകത്തിലെ ഏറ്റവും വലിയ തത്ത്വചിന്തകനാണ് കാന്റ്. ജർമൻകാരനായ ഇമ്മാനുവൽ കാന്റ് ഈ സദാചാരത്തിന് യൂറോപ്യൻഭാഷയിൽ കൊടുത്ത പേരു 'നിയമങ്ങളുടെ നിയമം' എന്നാണ്. നിങ്ങളോടു മറ്റുള്ളവർ എങ്ങനെ പെരുമാറണമെന്നു നിങ്ങൾ ആഗ്രഹിക്കുന്നുവോ അപ്രകാരം നിങ്ങൾ മറ്റുള്ളവരോടും പെരുമാറണം. തീർന്നു! ഡെമോക്രസി ഇതിൽ അധിഷ്ഠിതമാണ്. ഇവിടെ നാം നമ്മുടെ മതത്തിന്റെ സ്വാതന്ത്ര്യത്തെ അംഗീകരിക്കുന്നു. എല്ലാ മതങ്ങളെയും ഒരു പോലെ കാണുന്നു.

അഹ്മദിയ്യാപ്രസ്ഥാനത്തിന്റെ വേദിയിൽ ഞാൻ സംസാരിക്കുന്നതു ഈ ഒരു കാര്യം മാത്രം ഊന്നിപ്പറയുവാനാണ്. ഞാൻ ഈ സംസാരിക്കുന്ന സമയത്ത് നിങ്ങൾ വീർപ്പടക്കിയിരിക്കുന്നു. നിങ്ങൾക്ക് അഭിപ്രായവ്യത്യാസത്തിന്റെ ഒരു നേരിയ കണികയുണ്ടാകും. എങ്കിലും നിങ്ങൾ ഇതു ശ്രദ്ധിച്ചു കേൾക്കുന്നു. എന്തുകൊണ്ട്? നിങ്ങൾ നിങ്ങളുടെ ചെറുപ്പം മുതൽ ആർജിച്ച മതപരമായ ഒരു സംസ്കാരമില്ലേ. പ്രാർഥിക്കുകയും ദൈവത്തോടു ലോകത്തിലെ എല്ലാ അപരാധങ്ങൾക്കും മാപ്പേറ്റു പറയുകയും ചെയ്യുന്ന ഒരു സംസാരമില്ലേ, ആ സംസാരം ഉള്ളതുകൊണ്ട് നിങ്ങൾ അഭിപ്രായ വ്യത്യാസമുണ്ടായിട്ടും എന്റെ ഈ വാക്കുകൾ കേൾക്കുന്നു. ഇതാണ് ലോകത്ത് മരുഭൂമിയെ മോഹനപുഷ്പവാടിയാക്കി മാറ്റുന്നത്.

## ശ്രീകൃഷ്ണനും മുഹമ്മദ്നബിയും

ഖുർആനിൽ വാളെടുക്കണമെന്നു പറഞ്ഞതു ഗീതയിൽ ശ്രീകൃഷ്ണൻ വാളെടുക്കണമെന്നു പറഞ്ഞ അതേ ഘട്ടത്തിൽ മാത്രമാണ്. ആത്യന്തികമായ നിലയ്ക്കു മറ്റൊന്നു ചെയ്യാൻ സാധിക്കാതെ വരുമ്പോൾ നീ വാളെടുക്കൂ എന്നു മാത്രമെ പറഞ്ഞുള്ളൂ. ഈ വാൾ ഉറയിൽ വയ്ക്കേണ്ടതാണ്. വാളിന് ഏറ്റവും ഭൂഷണം അതു ഉറയിൽതന്നെ കിടക്കുന്നതാണ്. ആത്യന്തികമായി എന്നുവച്ചാൽ സമയം വരുമ്പോൾ വാളെടുക്കണം. പക്ഷേ, റുഷ്ദി അത്തരം ഒരു അത്യന്തികപ്രശ്നം ആണെന്നു എനിയ്ക്ക് തോന്നുന്നില്ല. അദ്ദേഹത്തിന്റെ രണ്ടു കൃതികൾ ഞാൻ വായിച്ചിട്ടുണ്ട്. നിരോധിക്കപ്പെട്ടതു കൊണ്ട് ഇതുവായിക്കാൻ സാധിച്ചിട്ടില്ല.

എന്നെപോലുള്ള ഒരാൾ ഈ കൃതി വായിക്കുന്നതു തടയാൻ ഈ രാജ്യത്തിലെ ഒരാൾക്കും അധികാരമില്ല, ഈ പുസ്തകം വായിക്കണമെന്നു ഉള്ളത് ഗ്രന്ഥകർത്താവ് എഴുതിക്കഴിഞ്ഞാൽ അതുവായിക്കുവാനുള്ള സ്വാതന്ത്ര്യം സഹൃദയനായ എനിയ്ക്കുണ്ട്. ഞാൻ ഖുർആൻ വായിക്കുന്നത് തടയുവാൻ ഈ ലോകത്തിൽ ഒരു ശക്തിയ്ക്കും അധികാരമില്ല. അതുപോലെ ഗീത വായിക്കുവാൻ ഈ രാജ്യത്ത് ഏതൊരാൾക്കും സ്വാതന്ത്ര്യമുണ്ട്. ഇതാണ് മതം. ഇവിടെ പ്രവാചകന്മാർ യോജിച്ചു നിൽക്കുന്നു. ഞാനിതാ ഈ പ്രസംഗിക്കുന്ന വേദിയുടെ മുകളിൽ തൂണിക്കൊ

ണ്ടുള്ള ഒരു പന്തലില്ലേ, ഈ പന്തൽ മാറട്ടെ, ഇതിനു മുകളിൽ ദൈവത്തിന്റെ ആകാശം എന്ന ഒരു പന്തൽ കാണാം. അതും മാറട്ടെ. ജ്ഞാനത്തിന്റെ മുഹൂർത്തത്തിൽ ഈ പന്തലുകളെല്ലാം അസ്തമിക്കുന്ന ഒരു പരമാകാശം നിങ്ങൾക്ക് കാണാൻ സാധിക്കുമല്ലോ. അവിടെയാണല്ലോ ഖുർആന്റെ ദിവ്യവചനങ്ങൾ നക്ഷത്രരൂപത്തിൽ ദിവ്യപ്രകാശമേന്തി ഈ മുഹമ്മദ് നബി എന്ന മഹാപ്രവാചകന്റെ ഹൃദയത്തിൽ അക്ഷരമില്ലാത്ത, ഡിഗ്രിയില്ലാത്ത പി.എച്ച്.ഡി ഇല്ലാത്ത ഈ യുണിവേഴ്സിറ്റിയിൽ, കോഴിക്കോട്ടു സർവകലാശാലയിൽ ഒരു ലക്ചററുടെ ജോലിയ്ക്ക് പോയാൽ പുറത്താക്കപ്പെടുന്ന വിധത്തിലുള്ള വിദ്യാഭ്യാസയോഗ്യതമാത്രമുള്ള ഒരു മനുഷ്യൻ ഈ ലോകത്തിലെ സമസ്ത പണ്ഡിതന്മാർക്കും എത്താൻ കഴിയാത്ത ഒരു ശ്വാശ്വത ദിവ്യഔന്നത്യത്തിൽ എത്തിയില്ലേ? അങ്ങനെ എത്തിയതു ഈ മഹാകാശങ്ങളെ മുഴുവൻ സാധിച്ചത് കൊണ്ടാണ്. അവിടെ നിങ്ങൾ നോക്കുമോ? ഹൃദയത്തിന്റെ അഗാധതയിൽ ഈ വെല്ലുവിളികളും കൊലവിളികളും എല്ലാം വിസ്മരിച്ചുകൊണ്ട് ആകാശത്തിന്റെ ശാന്തിയിൽ നമുക്ക് എത്താമോ? അഹ്മദിയ്യാ പ്രസ്ഥാനത്തിന്റെ സമാപനയോഗം കഴിഞ്ഞു നിങ്ങൾ വീട്ടിലെത്തിയാൽ ഈ ഹൃദയത്തിന്റെ പ്രശാന്തി സാക്ഷാൽക്കരിച്ചു കൊണ്ട് ഇവിടെ ഉണ്ടാക്കേണ്ടതാണ്. അവിടെ നിങ്ങൾക്ക് കാണാൻ സാധിക്കും. മുഹമ്മദ്നബിയും ക്രിസ്തുദേവനും ശങ്കരാചര്യനും ബുദ്ധനും നാനാക്കും എല്ലാവരും ഒന്നിച്ചിരുന്നു തങ്ങളുടെ അനുയായികൾ ഇവിടെ പട്ടികളെപോലെയും കുരങ്ങൻമാരെപോലെയും കലഹിക്കുന്നത് കണ്ടാൽ ദുഃഖിക്കില്ലേ?

നമുക്ക് ഈ പ്രശാന്തതയാണ് ആവശ്യം. ഈ മഹാപുരുഷന്മാർക്ക് ഒരു മനസ്ഥിതിയുണ്ട്. ആ മനസ്ഥിതി നമുക്കാവശ്യമാണ്. ആ മനസ്ഥിതിയാണ് സമസ്തപീഢനങ്ങളും അനുഭവിച്ച അവരെ ഇപ്പോഴും അവശേഷിപ്പിച്ചു നിർത്തുന്നത്. ഈ ലോകത്ത് എത്ര മുസ്ലിം രാഷ്ട്രങ്ങളുണ്ട്. അഹ്മദിയ്യാ പ്രസ്ഥാനത്തിനു സ്വതന്ത്രമായി പ്രവേശിക്കുവാൻ ഉള്ള അന്തരീക്ഷം ഈ മുസ്ലിംരാഷ്ട്രങ്ങൾ കൊടുക്കുന്നുണ്ടോ? പാകിസ്താനിൽ അഹ്മദിയ്യാപ്രസ്ഥാനത്തിന് സ്വാതന്ത്ര്യമുണ്ടോ? ഈ ഇന്ത്യയിൽ കണ്ണൂരിൽ ഇത്തരത്തിൽ ഒരു സമ്മേളനം കൂടുന്നു. എന്നിട്ടു ഒരു മതത്തിലും പെടാത്ത ഒരു മനുഷ്യനെപിടിച്ച് റിട്ടയർ ചെയ്ത ഒരു പിൻബലവുമില്ലാത്ത നിസ്സാരനായ ഒരു മനുഷ്യനെപിടിച്ചു ഈ സമാപനസമ്മേളനം ഉദ്ഘാടനം ചെയ്യാൻ ക്ഷണിക്കുന്നു. ഇത്തരം ഒരവസ്ഥ നിങ്ങൾക്ക് ഏത് രാഷ്ട്രത്തിൽ കാണാൻ സാധിക്കും? ഞാൻ പറയുന്നത് ആരെയും കുറ്റപ്പെടുത്താനല്ല.

ഇവിടെ എല്ലാ പുഷ്പങ്ങളും വിടരുവാൻ ഇന്ത്യ ആഗ്രഹിക്കുന്നു. ഈ അഹ്മദിയ്യാപ്രസ്ഥാനം ലോകത്ത് എവിടെയും തഴച്ചുവളരണമെന്നും ഇന്ത്യ ആഗ്രഹിക്കുന്നു. ഇന്ത്യയുടെ ജനാധിപത്യത്തിന്റെ അടിസ്ഥാനം ഈ വിശ്വാസം മാത്രമാണ്.

എന്റെ പ്രസംഗം ഒരു കൊലവിളിയാകുന്നുണ്ടോ എന്നു ഞാനിപ്പോൾ ശങ്കിക്കുകയാണ്. അതുകൊണ്ട് നേരത്തെ പറഞ്ഞ, പ്രശാന്തിയിലേയ്ക്ക് നമുക്ക് മടങ്ങാം. നമുക്ക് ഇന്നാവശ്യം ഇതാണ്. ടാഗോറിനെപറ്റിയും ഇഖ്ബാലിനെ പറ്റിയും ഞാൻ പറഞ്ഞു. നമുക്ക് നമ്മുടെ ആരാമത്തിലെ വാനമ്പാടിപക്ഷികളാകാനുള്ള പ്രതിജ്ഞയെടുക്കാം. അഹ്മദിയ്യാപ്രസ്ഥാനം ഈ ഇന്ത്യയ്ക്ക് ഏറ്റവും വലിയ ഔന്നത്യമായി മാറേണമേ എന്ന ആഗ്രഹം വിനീതമായി പ്രകടിപ്പിച്ചുകൊണ്ട് നിങ്ങളുടെ സ്നേഹവും ക്ഷമയും നിറഞ്ഞ കേൾവിക്ക് നമോവാകം പറഞ്ഞുകൊണ്ട് ഈ അഖില കേരളാ സമ്മേളനത്തിന്റെ സമാപനഘട്ടം ഉദ്ഘാടനം ചെയ്തതായി പ്രസ്താവിച്ചുകൊള്ളുന്നു.

## ലജ്നാ ഇമായില്ലാഹ് തബ്ലീഗ് ക്യാമ്പ് സംഘടിപ്പിച്ചു

എറണാകുളം: ലജ്നാ ഇമായില്ലാഹ് ജനുവരി 29-ാം തീയതി സംഘടിപ്പിച്ച എറണാകുളം മേഖല തബ്ലീഗ് ക്യാമ്പ് അഖിലേന്ത്യ സദർ ശമീം അക്തർ ഗ്യാനി സാഹിബ ഉദ്ഘാടനം ചെയ്തു. സ്വർഗം മാതാക്കളുടെ കാല്പാദത്തിനടിയിലാണെന്ന നബിവചനം ഒരോ സ്ത്രീയുടേയും ഉത്തരവാദിത്വത്തെക്കുറിച്ച് ഓർമപ്പെടുത്തുന്നതാണെന്ന് അവർ പറഞ്ഞു. പെൺകുട്ടികൾക്ക് നല്ലരീതിയിൽ ശിക്ഷണം നല്കി വളർത്തുന്നവർക്ക് നബി (സ) സ്വർഗത്തെക്കുറിച്ച് സുവാർത്ത നല്കിയിട്ടുണ്ട് ഖലീഫാ തിരുമനസ്സിന്റെ ഓരോ നിർദേശവും അനുസരിക്കാൻ സ്ത്രീകൾ പരിശ്രമിക്കണമെന്നും അവർ പറഞ്ഞു. ഒരു സത്യവി ശ്വാസി അല്ലാഹുവിലേക്ക് ക്ഷണി ക്കുന്നയാൾ ആകണമെങ്കിൽ തന്നിൽ പൂർണമായ മാറ്റം വരുത്തേണ്ടതാണെന്ന് ചടങ്ങിൽ അധ്യക്ഷത വഹിച്ച കേരള സദർ സിദ്ദീഖാ സഊദ് സാഹിബ അഭിപ്രായപ്പെട്ടു. ക്യാമ്പിനോടനു ബന്ധിച്ച് സെമിനാറും സംഘടി പ്പിച്ചു. ജാസ്മിൻ അബൂബക്കർ വിശുദ്ധ ഖുർആൻ പാരായണം ചെയ്തു. മുതാംസ് സഫറുല്ല, ഹിദായത്തുന്നിസ യാസർ,റസിയാ നാസിറുദ്ദീൻ, ശഹീദ, റംല തുടങ്ങി യവർ പ്രസംഗിച്ചു.

-ടി.കെ. സെമിയാ നജീബ്, എറണാകുളം

# ഭഗവദ്ഗീതയും റഷ്യയിലെ കോടതി വിധിയും

മുസാഫിർ

ഹിന്ദു ജനകോടികളുടെ വിശുദ്ധ മതഗ്രന്ഥവും ഭാരതത്തിലെ ആദ്ധ്യാത്മിക ചിന്താസരണിയുടെ മൂലസ്രോതസ്സുമായ ശ്രീമദ് ഭഗവദ് ഗീത നിരോധിക്കണമെന്നാവശ്യപ്പെട്ടുകൊണ്ടു റഷ്യൻ ക്രിസ്ത്യൻ ഓർത്തോഡക്സ് സഭ സൈബീരിയായിലെ ടോംസ് കോടതിയിൽ ഫയൽ ചെയ്ത കേസ് കോടതി തള്ളിക്കളയുകയുണ്ടായി. മതവിശ്വാസികൾക്കെല്ലാം ആശ്വാസകരമാണ് ഈ വിധി.

ഇസ്കോൺ എന്നറിയപ്പെടുന്ന ഹരേകൃഷ്ണ പ്രസ്ഥാനത്തിന്റെ (ISKON - The international society for Krishna concious) സ്ഥാപകനായ ഭക്തി വേദാന്ത പ്രഭുപാദസ്വാമി രചിച്ച 'ഭഗവദ് ഗീതാ ആസ് ഇറ്റീസ്' (Bagavath Geetha As It Is ) എന്ന പുസ്തകത്തിന് 1968 ൽ ഇറങ്ങിയ റഷ്യൻ പരിഭാഷയാണ് നിരോധിക്കാനുള്ള ആവശ്യവുമായി ഹർജിക്കാർ കോടതിയെ സമീപിച്ചത്. തീവ്രവാദ പ്രചാരണ കാര്യങ്ങൾ നിരോധിക്കുന്ന റഷ്യൻ ഫെഡറൽ പട്ടികയിൽ ഈ പുസ്തകം ഉൾപ്പെടുത്തണമെന്നായിരുന്നു ഹർജിക്കാരുടെ വാദം. അഡോൾഫ് ഹിറ്റ്ലറുടെ 'മെയിൻ കാഫും' യഹോവ സാക്ഷികളുടെ പുസ്തകങ്ങളും ഇങ്ങനെ നിരോധിച്ച പുസ്തകങ്ങളുടെ പട്ടികയിലുണ്ട്. ഗീതയുടെ അർഥവും ഭാഷ്യവുമാണ് വേദാന്ത പ്രഭുവിന്റെ ഈ പുസ്തകം ഇത് തീവ്രവാദ സ്വഭാവമുള്ളതാണെന്നും സാമൂഹ്യ സംഘർഷമുണ്ടാക്കുന്നതും മതവിദ്വേഷം ജനിപ്പിക്കുന്നതും, ലിംഗം, ജാതി, ദേശീയത മുതലായ കാര്യങ്ങളിൽ പ്രതിലോമകരമായ നിലപാട് വെച്ച് പുലർത്തുന്നതും സാമൂഹ്യ ഉച്ചനീചത്വങ്ങളെ പ്രോത്സാഹിപ്പിക്കുന്നതും, സ്ത്രീകളെ നിന്ദിക്കുന്നതുമാണെന്നും, മാത്രമല്ല കൃഷ്ണനിൽ വിശ്വസിക്കാത്തവരെ ഹീനമായ ഭാഷയിൽ പ്രസ്തുത പുസ്തകം അധിക്ഷേപിക്കുന്നുവെന്നും റഷ്യൻ ക്രിസ്ത്യൻ ഓർത്തോഡക്സ് സഭ കോടതിയിൽ ഫയൽ ചെയ്ത അന്യായത്തിൽ ആരോപിക്കുന്നു. ടോംസ് സ്റ്റേറ്റ് യൂണിവേഴ്സിറ്റിയിലെ മൂന്ന് പ്രഫസർമാരാണ് ഓർത്തോഡക്സ് സഭയുടെ പരാതിക്കടിസ്ഥാനമായ പ്രഭുപാദ സ്വാമിയുടെ ഗീതാഭാഷ്യം പഠിച്ച് പരാതി സമർപ്പിച്ചത്. ഇസ്കോൺ എന്നറിയപ്പെടുന്ന ഈ കൃഷ്ണ ഭക്തി പ്രസ്ഥാനക്കാർക്ക് റഷ്യയിൽ ഒരു ലക്ഷത്തോളം അനുയായികളും 100 കമ്യൂണിറ്റികളും ഉണ്ടെന്ന് അവർ അവകാശപ്പെടുന്നു. 2003 ൽ ഹരേ കൃഷ്ണ പ്രസ്ഥാനക്കാർ മോസ്ക്കോ നഗരത്തിൽ ഒരു ഭൂമി വാങ്ങി നിർമിക്കാനുദ്ദേശിച്ച ശ്രീകൃഷ്ണ ക്ഷേത്രത്തിന് റഷ്യൻ ഓർത്തോഡക്സ് ചർച്ചിന്റെ വമ്പിച്ച എതിർപ്പിനെ തുടർന്ന് ഇത് വരെ അനുമതി കൊടുത്തിട്ടില്ല. ഇത് സംബന്ധമായി 2005 ൽ മോസ്ക്കോ ആർച് ബിഷപ്പ് ഫാദർ നിക്കൺ മോസ്ക്കോ മേയർക്ക് എഴുതിയ കത്തിൽ ശ്രീകൃഷ്ണനെതിരെ വളരെ ഹീനമായ വിമർശനമുന്നയിച്ചു കൊണ്ടാണ് ക്ഷേത്ര നിർമാണത്തിന്ന് അനുമതി നൽകരുതെന്ന് അഭ്യർഥിച്ചിട്ടുള്ളത്. കമ്മ്യൂണിസ്റ്റാനന്തര റഷ്യയിൽ ഓർത്തോഡക്സ് സഭ എല്ലാ രംഗത്തും സ്വാധീനം നേടിവരികയാണ്. ഹരേ കൃഷ്ണ പ്രസ്ഥാനക്കാരുമായി ശത്രുതയിൽ വർത്തിക്കുന്ന ഓർത്തോഡക്സ് സഭ ഹരേകൃഷ്ണ പ്രസ്ഥാനക്കാർ റഷ്യയിൽ അരാജകത്വം വളർത്തുവെന്നും ക്രിസ്ത്യാനികളിൽ നിന്നും ആളുകളെ മതപരിവർത്തനം ചെയ്യിക്കുന്നുവെന്നും ആരോപിക്കുന്നു.

ഗീത നിരോധിക്കാനുള്ള ഹർജിക്കെതിരെ ഇന്ത്യയിലും ആഗോളതലത്തിലും ഹിന്ദുമതാനുയായികൾക്കിടയിൽ വമ്പിച്ച പ്രതിഷേധവും രൂക്ഷവിമർശനവുമാണ് ഉയർന്ന് വന്നിരുന്നത്. ഇന്ത്യൻ പാർലമെന്റിൽ ഇത് വലിയ കോലാഹങ്ങൾ സൃഷ്ടിക്കുകയും ഗവൺമെന്റ് ഇടപെടണമെന്ന് പറഞ്ഞു കൊണ്ടുള്ള ബഹളം കാരണം പാർലമെന്റ് പല തവണ നിർത്തിവെക്കുകയുമുണ്ടായി. തുടർന്ന് ഇന്ത്യയിലെ റഷ്യൻ സ്ഥാനപതിയെ രണ്ടു തവണ വിളിച്ചു വരുത്തി ഇക്കാര്യത്തിൽ ഇന്ത്യയുടെ ആശങ്ക അറിയിക്കുകയും ഗീത നിരോധിക്കാതിരിക്കാൻ സഹായം തേടുകയും ചെയ്തു. അതിനിടക്കാണ് പ്രധാന മന്ത്രി മൻമോഹൻ സിംഗ് റഷ്യ സന്ദർശിച്ചത്. പ്രധാനമന്ത്രി ഔദ്യോഗികമായി ഇക്കാര്യം ചർച്ച ചെയ്തില്ലെങ്കിലും കൂടെപ്പോയ പത്ര പ്രതിനിധികൾ ഇത് വാർത്തയാക്കുകയാണുണ്ടായത്.

വിശുദ്ധ ഖുർ ആൻ നിരോധിക്കണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് 1984 ൽ കൊൽക്കത്താ ഹൈക്കോടതിയിൽ ഫയൽ ചെയ്യപ്പെട്ട കേസ് ഇതിനോട് സമാനമായതാണ്. ഹിമങ്ങ്ഷു കിഷോർ ചക്രവർത്തി എന്ന ബംഗാളി, പശ്ചിമ ബംഗാൾ ആഭ്യന്തര മന്ത്രിക്ക് ഖുർആൻ നിരോധിക്കണമെന്ന് ആവശ്യപ്പെട്ട് കത്തെഴുതുകയുണ്ടായി. ആഭ്യന്തര മന്ത്രിയിൽ നിന്നും യാതൊരു മറുപടിയുമില്ലാതായതിനെ തുടർന്ന് ചന്തമൽ ചോപ്ര എന്നയാളുമായി ചേർന്ന് കൊൽക്കത്ത ഹൈക്കോടതിയിൽ ഖുർആൻ നിരോധിക്കണമെന്നാവശ്യപ്പെട്ടു കൊണ്ട് ഒരു ഹർജി ഫയൽ ചെയ്തു. ഇന്ത്യൻ പീനൽ കോഡ് 153,295 വകുപ്പും ഇന്ത്യൻ ക്രിമിനൽ പ്രൊസീജിയർകോഡ് 95-ാം വകുപ്പ് പ്രകാരവും പ്രശ്നമുണ്ടാക്കുന്ന പുസ്തകങ്ങളും ലേഖനങ്ങളും കണ്ടുകെട്ടാൻ സ്റ്റേറ്റിന് അധികാരമുണ്ടെന്നും ഈ വകുപ്പ് ഉപയോഗിച്ച് ഖുർആൻ കണ്ടുകെട്ടണമെന്നുമായിരുന്നു കൊൽക്കത്ത ഹർജിയിലെ ആവശ്യം. ജസ്റ്റീസ് പത്മ എന്ന ജഡ്ജിയാണ് ഹർജി ഫയലിൽ സ്വീകരിച്ചത്. കേസ് ഫയലിൽ സ്വീകരിച്ച കോടതിയുടെ നടപടിക്കെതിരെ മുസ്ലിംകൾ വമ്പിച്ച പ്രതിഷേധ മുയർത്തി. ബംഗാൾ സ്റ്റേറ്റ് ഗവൺമെന്റും അവരുടെ ആശങ്ക അറിയിച്ചു. പിന്നീട് മറ്റൊരു ബഞ്ചിലാണ് കേസ് വിചാരണ ചെയ്ത് തള്ളിയത്.

കലാകാലങ്ങളിലായി എഴുതപ്പെടുന്ന പുസ്ത ങ്ങളെ സംബന്ധിച്ചും ആനുകാലികങ്ങളിൽ വരുന്ന ലേഖനങ്ങളെ സംബന്ധിച്ചുമല്ലാതെ നൂറ്റാണ്ടുകളായി നിലനിന്നുവരുന്നതും കോടിക്കണക്കിന് ഭക്തർ ആദ്ധ്യാത്മിക ധാർമിക ജീവിതം നയിക്കുന്നതുമായ ഇത്തരം അടിസ്ഥാന മത ഗ്രന്ഥങ്ങളെ ഈ വകുപ്പു പ്രകാരം നിരോധിക്കാൻ സാധ്യമല്ലെന്നും കോടതി പറഞ്ഞു. നിരവധി വ്യാഖ്യാനങ്ങൾക്ക് വിധേയ




ഹരേ കൃഷ്ണ പ്രസ്ഥാനക്കാർ കൊൽക്കത്തയിൽ റഷ്യൻ കോൺസുലേറ്റിന്നു മുമ്പാകെ പ്രകടനം നടത്തുന്നു.

മാവുന്ന വേദഗ്രന്ഥങ്ങളെ ഒരൊറ്റ വ്യാഖ്യാനത്തെ മാത്രം അടിസ്ഥാനമാക്കി നിരോധിക്കാനാവില്ലെന്നും കോടതി നിരീക്ഷിച്ചു. ഒരു വിഭാഗത്തിന്റെ മത ഗ്രന്ഥം നിരോധിക്കുന്നത് ഭരണഘടനയുടെ സെക്കുലർ സ്പിരിറ്റിന് വിരുദ്ധമാണെന്നും ഭരണ ഘടന വാഗ്ദാനം ചെയ്ത ഏത് മതം വിശ്വസിക്കാനും അത് ആചരിക്കാനും പ്രചരിപ്പിക്കാനുമുള്ള മൗലികാവകാശം മതഗ്രന്ഥം നിരോധിക്കുന്നതോടെ ഒരു വിഭാഗത്തിന്ന് നിഷേധിക്കപ്പെടുകയാണെന്നും കോടതി ചൂണ്ടിക്കാട്ടിക്കൊണ്ട് ഹരജിക്കാരന്റെ ആവശ്യം ഹൈക്കോടതി തള്ളിക്കളയുകയാണുണ്ടായത്.

ഇവിടെ ഭഗവദ് ഗീതനിരോധിക്കണമെന്ന ആവശ്യവും സമാന പശ്ചാത്തലമുള്ളതാണ്. മഹാ ഭാരതത്തിന്റെ ഭീഷ്മ പർവത്തിന്റെ 23 മുതൽ 40 വരെയുള്ള 18 അദ്ധ്യായങ്ങളാണ് ഭഗവദ് ഗീത. 700 ശ്ളോകങ്ങളടങ്ങിയ ഗീതയിൽ 574 എണ്ണം ശ്രീകൃഷ്ണ വചനങ്ങളും 85 ശ്ളോകങ്ങൾ അർജുന വചനങ്ങളും 40 എണ്ണം സഞ്ചയ വചനങ്ങളും ഒരു ശ്ളോകം ധൃതരാഷ്ട്ര വചനവുമാണ്. പാണ്ഡവന്മാർ തങ്ങൾക്കവകാശപ്പെട്ട രാജ്യം നേടിയെടുക്കാൻ വേണ്ടി മറ്റെല്ലാ വഴികളും പരാജയപ്പെട്ടപ്പോൾ കൗരവരുമായി യുദ്ധത്തിനൊരുങ്ങുന്നു. യുദ്ധസന്നദ്ധരായി കുരുക്ഷേത്രത്തിൽ എത്തിച്ചേർന്ന അർജുനന് തന്റെ പക്ഷത്തും ശത്രു പക്ഷത്തുമായി അണിനിരന്നു നിൽക്കുന്ന ബന്ധുക്കളുടേയും ഗുരുപ്രവരന്മാരെയുമെല്ലാം കണ്ടു. ഇവരെല്ലാം കൊല്ലപ്പെടുമല്ലോ എന്ന ചിന്തയാൽ തളർന്നു പോയി. അർജുനൻ യുദ്ധം ചെയ്യുകയില്ലെന്ന് നിശ്ചയിച്ച് അമ്പും വില്ലുമുപേക്ഷിച്ച് ഇതികർത്തവ്യതാമൂഢനായി തേർത്തട്ടിലിരുന്നു. അപ്പോൾ അദ്ദേഹത്തെ യഥാർഥ ധർമത്തിന്റെ പൊരുളെന്താണെന്ന് മനസ്സിലാക്കി കൊടുത്ത് യുദ്ധോത്സുകനും കർമോജ്ജ്വലനുമാക്കാൻ വേണ്ടി സാരഥിയായ ശ്രീകൃഷ്ണൻ ഉപദേശിച്ചു കൊടുത്ത തത്ത്വങ്ങളുടെ സമാഹൃത രൂപമാണ് ഭഗവദ് ഗീത. ദൈവത്തിന്റെ ഗീതങ്ങൾ എന്നാണ് ഭഗവദ് ഗീതയുടെ നിരുക്താർഥം. വാസ്തവത്തിൽ അത്യുഗ്രമായ ധാർമിക ദുർഘടാവസ്ഥയിൽ കഠിനമായ മാനസിക വ്യഥയാൽ കർമവിമുഖനായിപ്പോയ മുമുക്ഷുവിന് ഒരു ദൈവദൂതൻ ഉപദേശിച്ചുകൊടുത്ത ദൂതാണ് ഭഗവദ് ഗീത. ഗീതയുടെ സമഗ്ര സന്ദേശം ആത്മാവിന്റെ മുക്തിയും ആത്മീയ തത്ത്വചിന്തയുമാണ്. യുദ്ധത്തെ പ്രോത്സാഹിപ്പിക്കുന്നതാണ് ഗീതയുടെ സന്ദേശം എന്നത് ബാലിശവും സന്ദർഭത്തിൽ നിന്ന് അടർത്തിയെടുത്തുള്ള വാദവുമാണ്.

കോടിക്കണക്കിന് വിശ്വാസികൾക്ക് ശാന്ത സുന്ദരവും മൂല്യാധിഷ്ഠിതവുമായ ജീവിതം നയിക്കാൻ മാർഗദർശനം ചെയ്യുന്ന മതഗ്രന്ഥങ്ങൾ എല്ലാം തന്നെ മനുഷ്യ വംശത്തിന്റെ അമൂല്യമായ അധ്യാത്മിക സമ്പത്താണ്. യാതൊരു കാരണവശാലും അവ നിരോധിക്കപ്പെടുവാൻ പാടുള്ളതല്ല. മതഗ്രന്ഥങ്ങളിലെ ആശയങ്ങളോട് വിയോജിപ്പുള്ളവർക്ക് അതിനെ വിമർശിക്കാനുള്ള സ്വാതന്ത്ര്യമുണ്ട്. യാതൊരു മതഗ്രന്ഥത്തേയും വിമർശിക്കാൻ പാടില്ല എന്ന വാദം അംഗീകരിക്കാൻ സാധ്യമല്ല. വിമർശനങ്ങൾക്ക് അതായത് മതഗ്രന്ഥങ്ങളുടെ അനുയായികൾ മറുപടി പറയുകയാണ് വേണ്ടത്. അങ്ങനെ മറുപടി പറയുമ്പോൾ അതിലെ വേണ്ടവിധം പ്രകാശിതമാകാതെ കിടക്കുന്ന സത്യങ്ങളുണ്ടെങ്കിൽ കൂടുതൽ ശോഭയോടെ വെളിപ്പെടുത്താനുള്ള ഒരവസരമായി ഇത്തരം വിമർശനങ്ങളെ വിശ്വാസികൾ കാണുകയാണ് വേണ്ടത്. വിമർശനത്തിനെതിരെയുള്ള ഹാലിളക്കം ആ മതാനുയായികളുടെ മതഗ്രന്ഥത്തെ സംശയത്തിന്റെ നിഴലിലാക്കുന്നു. ഇത്തരം വൈകാരിക നിലപാട് നല്ല മതത്തിന് ചേർന്ന ഗുണമല്ല.

മറ്റൊരു പ്രധാനകാര്യം വിശ്വാസികളെ പ്രകോപിപ്പിക്കാനും പക




ഭഗവദ് ഗീത എന്ന പുസ്തകം

പോക്കാനും എളുപ്പത്തിൽ മാദ്ധ്യമശ്രദ്ധ കിട്ടാനും ചില പൈശാചിക പ്രവണതയുള്ള മനോരോഗികൾ കലാരൂപങ്ങളും നോവലുകളും ആവിഷ്ക്കരിക്കാറുണ്ട്. പ്രതിഭാശൂന്യരായ അത്തരം ആളുകൾ വസ്തു നിഷ്ഠവും സത്യസന്ധവുമായ വിമർശനങ്ങൾ നടത്താറില്ല. പകരം പ്രതിരൂപാത്മകമായ ബിംബങ്ങളിലൂടെ വ്യംഗ്യമായി ദിവ്യാത്മാ ളെ വ്യക്തി ഹത്യചെ യ്യുന്നു. പൗരന്റെ അത്മാഭിമാനത്തിന് ക്ഷതമുണ്ടായാൽ കോടതികൾക്കിടപെടാമെങ്കിൽ നിഴൽ യുദ്ധം നടത്തിയും ഒളിയമ്പെയ്തും ദിവ്യാത്മാക്കളുടെ മാനത്തെ അപകീർത്തിപ്പെടുത്തി കോടിക്കണക്കിന് വിശ്വാസികളെ വേദനിപ്പിക്കുന്നവരെ യാതൊരു നിയന്ത്രണവുമില്ലാതെ സ്വതന്ത്രമായി വിടണം എന്ന വാദം യുക്തിസഹമല്ല.

കോടതിയുടെയോ ഭരണകൂടത്തിന്റെയോ പിന്തുണകൊണ്ടാണ് മത വിശ്വാസങ്ങളും മതഗ്രന്ഥങ്ങളും നിലനിൽക്കുന്നതെന്ന ധാരണ മൗഢ്യമാണ്. ശ്രീകൃഷ്ണൻ(അ), ശ്രീ ബുദ്ധൻ(അ), സൊറോസ്റ്റർ (അ), മോസസ് (അ), ജീസസ്സ്(അ), മുഹമ്മദ് (സ)എന്നീ ദിവ്യാത്മാക്കൾ അവരുടെ ജീവിത കാലത്ത് അന്നത്തെ കോടതികളുടെയും ഭരണാധികാരികളുടെയും ഭൂരിപക്ഷ ജനതയുടെയും സാമൂഹിക വ്യവസ്ഥയുടെയും രൂക്ഷമായ എതിർപ്പുകളും കഠിനമായ യാതനകളും അഭിമുഖീകരിച്ചവരാണ്. ദൈവത്തിന്റെ സംരക്ഷണം കൊണ്ടാണ് ഈ പുണ്യാത്മാക്കൾ രക്ഷപ്പെടുകയും അവരുടെ യശസ്സ് നൂറ്റാണ്ടുകൾ കഴിഞ്ഞിട്ടും ജന കോടികൾക്ക് ആദ്ധ്യാത്മിക ധാർമിക ജീവിതം നയിക്കാൻ പ്രചോദനമായി തീരുകയും ചെയ്യുന്നത്. സ്രഷ്ടാവായ ദൈവമാണ് അവരോടും അവരുടെ വചനങ്ങളോടും ജനഹൃദയങ്ങളിൽ അനുരക്തിയുണ്ടാക്കുന്നത്. അത് വിമർശകർക്കോ കോടതികൾക്കോ ഇല്ലാതാക്കാൻ സാധ്യമല്ല.

# മനുഷ്യാവകാശ സംരക്ഷണത്തെക്കുറിച്ച് സെമിനാർ നടത്തി




മനുഷ്യാവകാശസംരക്ഷണവും മതങ്ങളും എന്ന വിഷയത്തെക്കുറിച്ചുള്ള സെമിനാറിൽ എറണാകുളം സോണൽ അമീർ ബി. ബി. അഹ്മദ് കബീർ സാഹിബ് പ്രഭാഷണം നടത്തുന്നു. മൗലവി എം. നാസിർ അഹ്മദ്, ശാഹുൽ ഹമീദ്, ഇ.എച്ച്, നജീബ്, ഇ.എൻ നന്ദകുമാർ, റോസിമാർട്ടിൻ എന്നിവർ സമീപം

എറണാകുളം: മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ സൗത്ത് കേരളയുടെ ആഭിമുഖ്യത്തിൽ 'മനുഷ്യാവകാശ സംരക്ഷണവും മതങ്ങളും' എന്ന വിഷയത്തെക്കുറിച്ച് മസ്ജിദ് ഉമറിൽ വെച്ച് 2012 ജനുവരി 15-ാം തീയതി സെമിനാർ നടത്തി. മനുഷ്യാവകാശങ്ങളെക്കുറിച്ച് മാത്രം സംസാരിക്കുന്ന ഭൗതിക സംഘടനകൾ മനുഷ്യന്റെ കടമകളെക്കുറിച്ച് വിസ്മരിക്കുകയാണെന്ന് സെമിനാറിൽ അദ്ധ്യക്ഷത വഹിച്ച എറണാകുളം സോണൽ അമീർ ബി. ബി. അഹ്മദ് കബീർ സാഹിബ് അഭിപ്രായപ്പെട്ടു. കടമകൾ നിറവേറ്റുമ്പോൾ അവകാശങ്ങളും നമുക്ക് വന്നുചേരും. മതത്തെ ദുരുപയോഗപ്പെടുത്തുന്ന ഈ കാലഘട്ടത്തിൽ അവനവന്റെ മതത്തെക്കുറിച്ച് ആഴത്തിൽ പഠിച്ചാൽ മാത്രമേ പ്രശ്നപരിഹാരം സാധ്യമാകുകയുള്ളുവെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. മറ്റുള്ളവരുടെ അവകാശങ്ങൾ സംരക്ഷിക്കാനാണ് വിശുദ്ധഖുർആനും ഭഗവദ്ഗീതയും ബൈബിളും പഠിപ്പിക്കുന്നതെന്ന് വിഷയാവതരണം നടത്തിയ സൗത്ത് കേരളാ ഖാഇദ് ഇ. എച്ച് നജീബ് സാഹിബ് അഭിപ്രായപ്പെട്ടു. തീവ്രവാദം ഒരു മതമാണെന്നും അല്ലാതെ മതം തീവ്രവാദമല്ലെന്നും ചടങ്ങിൽ സംസാരിച്ച അന്താരാഷ്ട്ര പുസ്തകോത്സവ സമിതി സെക്രട്ടറി ശ്രീ. ഇ. എൻ. നന്ദകുമാർ ഓർമപ്പെടുത്തി. എല്ലാ മനുഷ്യരുടേയും ഉള്ളിൽ നൻമയുണ്ടെന്നും അത് യഥാർഥത്തിൽ പുറത്ത് കൊണ്ടുവരുമ്പോൾ മനുഷ്യാവകാശങ്ങൾ സംരക്ഷിക്കപ്പെടുമെന്നും കൾച്ചറൽ അക്കാഡമി ഫോർ പീസ് സെക്രട്ടറി ശ്രീമതി റോസി മാർട്ടിൻ അഭിപ്രായപ്പെട്ടു. മുഹമ്മദ് സഫ്‌വാൻ സാഹിബ് സ്വാഗതവും മൗലവി എം. നാസിർഅഹ്മദ് സാഹിബ് നന്ദിയും പറഞ്ഞു.

## അനുസ്മരണം

### മുഹമ്മദ് യൂസുഫ് സാഹിബ്



ചേലക്കര ജമാഅത്തിലെ മുഹമ്മദ് യൂസുഫ് സാഹിബ് (76). 24.12.2011 നിര്യതനായി (ഇന്നാലില്ലാഹി...). ചേലക്കര ജമാഅത്തിന്റെ അബ്‌ലീഗ് പ്രവർത്തനങ്ങളുടെ ഫലമായി ചേലക്കരയ്ക്കടുത്ത പത്തുകുടി എന്ന പ്രദേശത്തുനിന്ന് 1995 ലാണ് ചില സുഹൃത്തുക്കളോടൊപ്പം അദ്ദേഹം ബൈഅത്ത് ചെയ്തത്. അവസാനം വരെയും അഹ്മദിയ്യാ സന്ദേശം പ്രചരിപ്പിക്കുന്നതിൽ അദ്ദേഹം ബദ്ധശ്രദ്ധനായിരുന്നു. ആമിന സാഹിബയാണ് ഭാര്യ. അബ്ദുൽ സലിം, അബ്ദുൽ സത്താർ, ആസിയ, ബദറുന്നിസ എന്നിവർ മക്കളാണ്. അല്ലാഹു പരേതന് മഗ്ഫിറത്തും ജന്നത്തും നൽകുകയും കുടുംബാംഗങ്ങൾക്ക് ഹിദായത്ത് പ്രദാനം ചെയ്യുകയും ചെയ്യുമാറാകട്ടെ. ആമീൻ.

-എച്ച്. എസ്. കാവശേരി

### വി. കെ ഹൈദ്രോസ് മാസ്റ്റർ

കൊടുങ്ങലൂർ; കോഴിക്കോട് മേഖല മുബല്ലിഗ് മൗലവി മുഹമ്മദ് സലിം സാഹിബിന്റെ പിതാവ് വി. കെ ഹൈദ്രോസ് മാസ്റ്റർ (85) ഫെബ്രുവരി 9ന് നിര്യാതനായി. ഇന്നാലില്ലാഹി.....മാടവന ഏരിയാട് ജുമാ മസ്ജിദിൽ കബറടക്കി. പരേതന് അല്ലാഹു മഗ്ഫിറത്ത് നൽകുമാറാകട്ടെ.

### സുബൈദാ ബീവി സാഹിബ

കരുനാഗപ്പള്ളി: ആദ്യകാല അഹ്മദികളിൽ പ്രമുഖനും മുസ്‌ലിം സ്കൂൾ സ്ഥാപകനുമായിരുന്ന തണ്ടാന്റകത്ത് വാവാ കുഞ്ഞ് സാഹിബിന്റെ മകളും ചെങ്ങന്നൂരിലെ മുളക്കുഴ തൈപറമ്പിൽ പരേതനായ ടി. എം. അബ്ദുൾ ലത്തീഫ് സാഹിബിന്റെ ഭാര്യയുമായ സുബൈദാ ബീവി സാഹിബ (80) 14. 01. 2012 ന് ശനിയാഴ്ച വഫാത്തായി. (ഇന്നാലില്ലാഹി...) മക്കൾ ലൈലാ ബീവി, സാജിദ ബീവി, നദീറാ ബീവി. മരുമക്കൾ എ. മുഹമദ് കുഞ്ഞ്, എം.ബഷീർ കുട്ടി, മുഹമ്മദ് മുസ്തഫ. അഡ്വക്കറ്റ് വി. അഹ്മദ് കുട്ടി സാഹിബ് സഹോദരനാണ്. പരേതക്ക് അല്ലാഹു ജന്നത്തും മഗ്ഫിറത്തും നൽകി അനുഗ്രഹിക്കട്ടെ.

-ശെഫീക്ക് അഹ്മദ്, കരുനാഗപ്പള്ളി

### സലീമ സാഹിബ

ആദിനാട് അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിലെ കാത്തുങ്ങൾ ഡോ. കെ. എം. മൻസൂർ അഹ്മദ് സാഹിബിന്റെ ഭാര്യയും കരുനാഗപ്പള്ളി അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് സ്ഥാപകാംഗങ്ങളിൽ ഒരാളായ മർഹൂം എ. അബ്ദുറഹ്മാൻ സാഹിബിന്റെ (തട്ടയ്ക്കാട്) പുത്രിയുമായ സലീമാ സാഹിബ (60) 17. 12. 2011 ന് വഫാത്തായി. ഇന്നാലില്ലാഹി....... ആദിനാട് ജമാഅത്തിലെ ലജ്നാ ഇമായില്ലാ സദർ ആയി ദീർഘകാലം സേവനം ചെയ്തിരുന്നു.

മക്കൾ - നിയാസ് മൻസൂർ (മസ്ക്കറ്റ്), വസിം അഹ്മദ് (ബംഗളൂരു). മരുമക്കൾ,മെഹ്ജാന, ശെറിൻ. പരേതക്ക് അല്ലാഹു ജന്നത്തും മഗ്ഫിറത്തും നൽകി അനുഗ്രഹിക്കട്ടെ.

-ശെഫീക്ക് അഹ്മദ്, കരുനാഗപ്പള്ളി

# ഡോ: അബ്ദുസ്സലാം അനുസ്മരണവും ശാസ്ത്ര സെമിനാറും



പ്രൊഫ:പാപ്പൂട്ടി മുഖ്യ പ്രഭാഷണം നടത്തുന്നു. ബി. എം. ഷൗക്കത്ത്. എ.എം. മുഹമ്മദ് സലിം, മൗലവി മുഹമ്മദ് സലിം, കെ. എം. അഹ്മദ് കോയ, പ്രൊഫ: എ. എം. പി. ഹംസ, മൻസൂർ അഹ്മദ് എന്നിവർ വേദിയിൽ .

കോഴിക്കോട്: മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യായുടെ ആഭിമുഖ്യത്തിൽ കോഴിക്കോട് സ്പോർട്സ് കൗൺസിൽ ഹാളിൽ ശാസ്ത്ര രംഗത്തെ ആദ്യ മുസ്‌ലിം നോബൽ സമ്മാനജേതാവും ലോക പ്രശസ്തനായ ഭൗതിക ശാസ്ത്രജ്ഞനുമായിരുന്ന ഡോ: അബ്ദുസ്സലാമിന്റെ അനുസ്മരണവും ശാസ്ത്ര സെമിനാറും നടത്തി. കേരള ശാസ്ത്ര സാഹിത്യപരിഷത്ത് മുൻ പ്രസിഡന്റ് പ്രൊ. പാപ്പൂട്ടി മുഖ്യ പ്രഭാഷകനായിരുന്നു. പ്രകൃതിയിലെ അടിസ്ഥാന ബലങ്ങളുടെ ഏകീകരണ സിദ്ധാന്തവുമായി ബന്ധപ്പെട്ട അബ്ദുസ്സലാമിന്റെ വീക്ക് ന്യൂക്ലിയർ തിയറി, സലാം സാഹിബിന്റെ കർമ രംഗവുമായി ബന്ധപ്പെട്ട റീനോർമലൈസേഷൻ പ്രതിഭാസം, പ്രകൃതിയിൽ കാണുന്ന സിമട്രി ഏകീകരണ സിദ്ധാന്തം മുതലായ വിഷയത്തെക്കുറിച്ച് അദ്ദേഹം ലളിത സുന്ദരമായി വിവരിക്കുകയുണ്ടായി. മൂന്നാം ലോകരാജ്യങ്ങളിൽ ശാസ്ത്രബോധം വളർത്താനും അതു വഴി ആ രാജ്യങ്ങളിൽ ക്ഷേമമുണ്ടാക്കാനും അബ്ദുസ്സലാമിനെ പോലെ പ്രവർത്തിച്ചവരില്ലെന്നും ഇതാണ് അബ്ദുസ്സലാമിനെ അതുല്യനായ ശാസ്ത്രജ്ഞനാക്കി മാറ്റുന്നതെന്നും അദ്ദേഹം പറഞ്ഞു. എത്ര തിരക്ക് പിടിച്ച ജോലികൾക്കിടയിലും നമസ്ക്കാരം നിർവഹിക്കുന്നതിൽ കണിശത പാലിച്ചിരുന്ന സലാം മതങ്ങൾക്ക് അതീതമായി മനുഷ്യനേയും പാവങ്ങളെയും സ്നേഹിച്ച മഹാനായിരുന്നുവെന്ന് അദ്ദേഹം അനുസ്മരിച്ചു. കെ. എം അഹ്മദ് കോയാ സാഹിബ് ആദ്ധ്യക്ഷ്യം വഹിച്ചു. തന്റെ ജമാഅത്തിലുള്ളവർ വിജ്ഞാനങ്ങളിൽ ലോകത്തെ അതിശയിപ്പിക്കും എന്ന വാഗ്ദത്ത മസീഹിനുണ്ടായ അരുളപ്പാടിന്റെ സാക്ഷാൽക്കാരമാണ് പ്രൊഫ. അബ്ദുസ്സലാം. ലഭിച്ച നോബൽ സമ്മാനം ദൈവത്തിൽ നിന്ന് ലഭിച്ച പുരസ്ക്കാരമാണെന്നും അദ്ദേഹം പറഞ്ഞു. തുടർന്ന് 'അടിസ്ഥാന ശാസ്ത്രവും വിദ്യാർഥികളും' എന്ന വിഷയത്തിൽ സംസാരിച്ച വളാഞ്ചേരി എം. ഇ. എസ്. കോളേജ് പ്രൊഫ. എ. എം. പി. ഹംസ സാഹിബ് വിദ്യാർഥികൾ തൊഴിൽ മാത്രം ലക്ഷ്യം വെച്ച് പ്രൊഫഷണൽ കോഴ്സുകളിലേക്ക് പോകുകയാണെന്നും അത് കൊണ്ട് ശാസ്ത്ര ലോകത്തിന് പ്രതിഭാശാലികളെ നഷ്ടപ്പെടുകയാണെന്നും പറഞ്ഞു. 'ഭൗതിക ശാസ്ത്രത്തിലെ നൂതന പ്രവണതകൾ' എന്ന വിഷയത്തെ ആധാരമാക്കി മഞ്ചേരി ഫിസിക്സ് അക്കാഡമി ഡയറക്ടർ മൻസൂർ അഹ്മദ് സാഹിബ് സംസാരിച്ചു. അനുക്ഷണം ശാസ്ത്ര രംഗം വികസ്വരമാവുകയാണെന്നും ഇൻഫർമാറ്റിക്സ്, നാനോ ടെക്നോളജി, സ്പേസ് ടെക്നോളജി എന്നീ രംഗ ങ്ങളിൽ ശാസ്ത്രം കുതിച്ചു കയറുകയാണെന്നും പറഞ്ഞ അദ്ദേഹം ഭൗതിക ശാസ്ത്ര രംഗത്തെ വിവിധ വിഷയങ്ങളെപ്പറ്റി സംസാരിച്ചു. തുടർന്ന് അബ്ദുസ്സലാം: വിശ്വപൗരനായ ശാസ്ത്രജ്ഞൻ. എന്ന വിഷയത്തെ ആധാരമാക്കി സംസാരിച്ച എ. എം മുഹമ്മദ് സലിം സാഹിബ് ദേശത്തെയും കാലത്തെയും അതിവർത്തിച്ച വിശ്വ ശാസ്ത്ര പ്രതിഭയാണ് അബ്ദുസ്സലാം സാഹിബ് എന്ന് പറഞ്ഞു. ഐക്യ രാഷ്ട്ര സഭയുടെ ഏക ശാസ്ത്ര വിദ്യാഭ്യാസ സ്ഥാപനമായ ഇന്റർ നാഷനൽ സെന്റർ ഫോർ തിയററ്റിക്കൽ ഫിസിക്സ്, സമ്പന്നവും ദരിദ്രവുമായ രാജ്യങ്ങളുടെ സഹകരണത്തോടെ സ്ഥാപിച്ചത് അബ്ദുസ്സലാം സാഹിബ് ആണ് . അദ്ദേഹത്തിന്റെ മരണശേഷം ആ സ്ഥാപനം അദ്ദേഹത്തിന്റെ പേര് ചേർത്ത് ഇപ്പോൾ അബ്ദുസ്സലാം ഇന്റർ നാഷനൽ സെന്റർ ഫോർ തിയററ്റിക്കൽ ഫിസിക്സ് എന്ന് പുനർ നാമകരണം ചെയ്യപ്പെട്ടിരിക്കുന്നു. നോബൽ സമ്മാനത്തേക്കാൾ ആയിരം മടങ്ങ് വലിയ പുരസ്ക്കാരമാണിതെന്ന് അദ്ദേഹം പറഞ്ഞു. ശാസ്ത്രം നിഷ്പക്ഷവും നിർവികാരവും വസ്തുനിഷ്ഠാപരവുമാണ്. സത്യം മാത്രം പ്രകാശനം ചെയ്യുന്ന ശാസ്ത്രം സാർവജനീനമാണെന്നും വിവിധ സംസ്കാരങ്ങളിലൂടെയാണ് അത് പരിപോഷിപ്പിക്കപ്പെട്ടതെന്നും ഉദാഹരണ സഹിതം അദ്ദേഹം വിശദീകരിച്ചു. മൗലവി മുഹമ്മദ് സലിം സാഹിബ് ഖുർആൻ പരായണം നടത്തി. ജില്ലാ ഖാഇദ് ബി.എം ഷൗക്കത്ത് സാഹിബ് സ്വാഗതവും മൗലവി ജംഷാദ് നന്ദിയും പറഞ്ഞു.

## സുകുമാർ അഴീക്കോട്



പ്രഗല്ഭ വാഗ്മിയും ചിന്തകനും അദ്ധ്യാപകനും എഴുത്തുകാരനും വിമർശകനുമൊക്കെയായിരുന്ന ശ്രീ. സുകുമാർ അഴീക്കോടിന്റെ നിര്യാണത്തിൽ സത്യദൂതൻ അഗാധമായ ദുഖം രേഖപ്പെടുത്തുന്നു. അഹ്മദിയ്യാ മുസ്‌ലിം ജമാഅ ത്തിന്റെ ഒരു ഉത്തമ സുഹൃത്തായിരുന്നു അഴീക്കോട്. കേരളത്തിലെ പൊതു രംഗത്തുള്ള അഴിമതിക്കും അധാർമികതക്കും വർഗീയതക്കു മെതിരെ ജാഗരൂഗ നായിരുന്ന അഴീക്കോട് കേരളം ആദരിച്ച ഒരു ആക്റ്റി വിസ്റ്റു കൂടിയായിരുന്നു. അഹ്മദിയ്യാ മുസ്‌ലിം ജമാത്തിനെപ്പറ്റി മനസ്സിലാക്കുകയും ജമാഅത്തിന്റെ പല വീക്ഷണങ്ങളോടും അനുഭാവവും ഐക്യ ദാർഢ്യവും പ്രകടിപ്പിച്ച ഒരു മനുഷ്യസ്നേഹി കുടിയിരുന്നു അദ്ദേഹം. ജമാഅത്തിന്റെ നിരവധി വേദികളെ അദ്ദേഹം തന്റെ വാഗ്ധോരണിയാൽ ധന്യമാക്കിയത് ഇവിടെ നന്ദി പൂർവം സ്മരിക്കുന്നു. അദ്ദേഹത്തിന്റെ സ്മരണക്ക് മുമ്പിൽ ആദരാഞ്ജലികൾ അർപ്പിക്കുകയും ആത്മ ശാന്തി നേരുകയും ചെയ്യുന്നു

2012 February

Reg.No. 3332/59, Postal Regn. No.KL/CT/108/2009-11.Estd. 1925
Licensed to post without pre-payment, Licence No: KL/PMG/NR/WPP/16/KKD/09-11

**The Sathyadoothan Monthly**

Vol: 84 Issue.2
Price Rs. **20/-**

**എല്ലാ ദൈവീക മതങ്ങളുടേയും പൂർത്തീകരണമാണ് വന്ദ്യപ്രവാചകർ ഹദ്റത്ത് മുഹമ്മദ് മുസ്തഫ (സ) യിലൂടെ അവതീർണ്ണമായ പരിശുദ്ധ ഇസ്‌ലാം. നൂറ്റാണ്ടുകൾ പിന്നിട്ടപ്പോൾ, ജനങ്ങൾ ദൈവത്തിൽ നിന്നകലുകയും യഥാർഥ ഇസ്‌ലാം ഏറെ തെറ്റിദ്ധരിപ്പിക്കപ്പെടുകയും ചെയ്ത സമയത്ത്, അല്ലാഹു വാഗ്ദാനം ചെയ്ത വാഗ്ദത്ത മഹ്ദിയും മസീഹുമായി നിയോഗിതരായ ഹദ്റത്ത് അഹ്മദ് (അ)നാൽ പുനഃസ്ഥാപിക്കപ്പെട്ട ഇസ്‌ലാമാണ് അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത്. ഈ ദൈവീകപ്രസ്ഥാനത്തെപ്പറ്റി കൂടുതൽ അറിയുവാൻ ബന്ധപ്പെടുക**

# 1800 425 2020

**Toll Free** (9 am to 9 pm)


# ഇസ്‌ലാംമത തത്ത്വജ്ഞാനം

**ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്**

വിശുദ്ധ ഖുർആനിലെ ഇരുന്നൂറോളം വചനങ്ങളുടെ തത്ത്വചിന്താപരവും സൂക്ഷ്മജ്ഞാനപരവുമായ വ്യാഖ്യാനങ്ങൾ വഴി ജീവിത ലക്ഷ്യത്തിന്റെ പരിപൂർണത ആവിഷ്കരിക്കുന്ന മഹനീയ ഗ്രന്ഥം.

മനുഷ്യന്റെ ശാരീരികം, ധാർമികം, ആദ്ധ്യാത്മികം എന്നീ മൂന്നവസ്ഥകൾ, മരണാനന്തര ജീവിതത്തിൽ മനുഷ്യന്റെ അവസ്ഥ, ഐഹീകജീവിതോദ്ദേശ്യവും തൽപ്രാപ്തിക്കുള്ള മാർഗവും, ധർമ്മാനുസരണം മൂലം ഇഹപര ജീവിതത്തിലുള്ള ഫലം, ദൈവജ്ഞാനസിദ്ധിക്കുള്ള മാർഗങ്ങൾ തുടങ്ങി ഭൗതിക, ശാസ്ത്രീയ ഗവേഷണങ്ങൾക്കു നിർവചിക്കാനാകാത്ത വിഷയങ്ങൾക്ക് വിശുദ്ധ ഖുർആൻ സൂക്തങ്ങളും ദൈവീക ജ്ഞാനവും ആധാരമാക്കി ഒരു ദിവ്യ നിയോഗിതൻ നൽകുന്ന വിശദീകരണം

ദൈവാസ്തിത്വം വെളിപ്പെടുത്തുകയും ജീവിത ലക്ഷ്യവും മാർഗവുംവ്യക്തമാക്കുകയും ചെയ്യുന്ന ഉത്തമഗ്രന്ഥം




ഒരു ഇസ്‌ലാം ഇന്റർനാഷണൽ പ്രസിദ്ധീകരണം